# പ്രവാസി രിസാല

PRAVASI RISALA

MAY 2020



**മഹാമാരിക്കാലത്തെ മനുഷ്യാനുഭവങ്ങൾ**

**പ്രജകൾ കാതോർത്ത വാർത്താസമ്മേളനങ്ങൾ**

**ഇസ്‌ലാംപേടിക്ക് വൈറസ്ബാധയില്ല**

**വിരഹത്തിന്റെ മുറിപ്പാടുകൾ**

**സ്റ്റേറ്റ് സംവാദം, ഹല്ലാഖും അസദും**

# കുടിയേറ്റ മലയാളികൾക്ക് തിരിച്ചുപോകാം




LuLu لـولـو

Where the world comes to shop

حـيـث يأتـي العـالـم للـتسـوق

luluhypermarket.com | luluhypermarketsa | luluhypersa | luluhypersa

**Riyadh** Avenue Mall,Murabba | Ibn Sulaiman Commercial Center, Batha | Khurais Exit-30 | Yarmouk , Exit - 9 | Al Kharj-King Abdullah Road | The Roof , Al Yasmin | South Ring Road,Hail
**Dammam** | Al Khobar,King Fahad Street | Al Jubail,King Faisal Street (West) | Dammam,Ash Shati Ash Sharqi | Al Salmaniyah South,Al Hofuf-Al Ahasa | 18th Street,King Fahad Road,Dammam
**Jeddah** | Event Mall, Al Amir Fawaz District | Al Haramain Road, Al Marwah District | Park Tabuk Mall,King Faisal Road, Tabuk

# Contents
## ഉള്ളടക്കം


**06**
**കവർസ്റ്റോറി**
**പ്രവാസത്തിന്റെ തിരിച്ചുപോക്ക്**
അലി അക്ബർ
നിർബന്ധിത തിരിച്ചുപോക്കിന്റെ വക്കിലാണ് പ്രവാസികൾ. പോയ വേഗത്തിൽ വീണ്ടും വരിക ഇനി എളുപ്പമല്ല. തിരിച്ചുപോകാൻ തയാറെടുക്കുകയാണ് വേണ്ടത്.

**22** ലേഖനം
നൗഫൽ പാലക്കാടൻ
**പ്രവാസത്തിന് വൈറസ് ബാധ ഏൽക്കുമോ?**

**27** ലേഖനം
സൽമാൻ വെങ്ങളം, ഫൈസൽ സി എ, സുഹൈൽ കുറ്റ്യാടി
**ശൂന്യമായ വിശുദ്ധ ഹറമുകൾ ഭീതിയിൽ വിശന്ന നഗരങ്ങൾ**

**39** ലേഖനം
ഇ എം എ ആരിഫ് ബുഖാരി
**ജീവിത പ്രതിസന്ധികളെ അതിജയിക്കാം**

**48** കവർസ്റ്റോറി
സബീന എം സാലി
**വിരഹാർത്ത മൗനങ്ങൾ**

**56** മീഡിയ
യാസർ അറഫാത് നൂറാനി
**ഒരു മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനങ്ങൾ**

**71** കർമശാസ്ത്രം
മുഖ്താർ റാസി
**കൊറോണക്കാലത്തെ കർമശാസ്ത്രം**

**77** ലേഖനം
അശ്റഫ് പുന്നത്ത്
**'അഹദത്തിലെ അലിഫലിഫ്ലാം അകമിയം'**

**84** ലേഖനം
ശനൂബ് ഹുസൈൻ പി.എച്ച്
**ഇസ്റായീൽ വിരുദ്ധ ജൂതന്മാർ**

**91** ലേഖനം
പ്രിയ രമണി
**പകർച്ചവ്യാധി തടയാം ഇസ്ലാംഭീതിയോ?**

**97** വായന
ത്വാഹിർ പയ്യനടം
**മതരാഷ്ട്രം: അസാധ്യതകളുടെ ആലോചനകൾ**

# Contents
## ഉള്ളടക്കം


120 ലേഖനം
മുഹമ്മദ് ഹഖ് അദനി തൃപ്പനച്ചി
സമയം
വേദവാക്യമാണ്

128 ലേഖനം
ഹാറൂൻജർമൻ
നിയ്യത്ത്:
ശക്തമായ ലക്ഷ്യബോധം

141 ലേഖനം
ഹാഫിള് അബൂബക്കർ സിദ്ദീഖ് ടി പി
മഹാമാരികൾ
മനുഷ്യാനുഭവങ്ങൾ

147 ലേഖനം
സഅദ് ഇബ്രാഹീം അഞ്ചരക്കണ്ടി
വെടിപ്പ്:
വിധിയും വിലക്കും

158 ലേഖനം
ഫള്ലുറഹ്മാൻ സുറൈജി തിരുവോട്
ദാഹിക്കുന്ന
ജീവിതങ്ങൾ

05 മുഖവുര
105 റമളാൻ
114 ജൈവകം
121 എഴുത്തുമലയാളം
143 നൊസ്റ്റാൾജിയ
171 വാക്ക്
175 നാഗരികം
179 ചരിത്രം
186 കലാലയം
193 ആർ എസ് സി
198 എഴുത്തുകൾ



132 പ്രവാസി രിസാല
www.pravasirisala.com fb.com/pravasirisala
പുസ്തകം 10 മെയ് 2020 റമളാൻ 1441

printed and published by pk abdul saleem on behalf of risala books llc sharjah media city | printed at al ghurair printing and publishing company dubai | nmc license no. 6027972 | editor: m sulaiman saqaufi | contact: pravasi@risalaonline.com, +971 561133944. distributors: uae-thouseel distributions. saudi-the new national .publishers al khobar.bahrain-al ayam press publishing and distributing
Price AED 4, SAR 4, KWD 0.320, OMR 0.400, BHD 0.400



രചനകൾ mattertopravasi@gmail.com എന്ന ഇ മെയിലിലേക്ക് അയക്കുക.
പ്രസിദ്ധീകരണ യോഗ്യമെങ്കിൽ ഒരു മാസത്തിനകം വിവരം അറിയിക്കും.
രചനകൾ സംബന്ധിച്ച വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതല്ല.

# ലോക്ഡൗൺ

ലോകരാജ്യങ്ങളെഒരുപോലെഭീതിപ്പെടുത്തിയ ഒരു അണു, ഇനിവരുന്നകാലത്തെയും തലമുറയെയും അതിതീവ്രമായി സ്വാധീനിക്കുന്ന വിധം സാമൂഹിക, രാഷ്ട്രീയ, ശാസ്ത്ര, വിശ്വാസ പ്രശ്നമായിരിക്കുന്നു. കോവിഡ് 19 ലോകത്തെ മുമ്പും ശേഷവും എന്ന് രണ്ടായി വിഭജിക്കുകയും പുതിയ ആഗോള രാഷ്ട്രീയ ആശയം ഉയർത്തുകയും ചെയ്യുന്നു. വലുത് എന്നത് എല്ലാ അർഥത്തിലും വലുതായിരിക്കില്ല എന്നും ചെറുത് എപ്പോഴും അത്ര ചെറുതല്ല എന്നും ബോധ്യപ്പെട്ടു. അതിരുകൾ ഭേദിക്കപ്പെട്ടതിന്റെ ആഹ്ലാദത്തിമിർപ്പിൽ ജീവിച്ച മനുഷ്യവംശം അടച്ചിട്ടു പ്രതിഷേധിക്കുന്നു. തൊഴിലും ജീവിതവും തേടി പലായനം ചെയ്തവർ ഒറ്റപ്പെടുത്തപ്പെട്ടു. അതുകൊണ്ടു തന്നെ പ്രവാസി മലയാളികൾ ഇനി തിരിച്ചു പോകുന്നത് ആലോചിക്കണം. ഒരു അണു ഉയർത്തിവിട്ട തദ്ദേശീയ, കുടിയേറ്റ, മനുഷ്യ ആശങ്കകളും ആശയങ്ങളും പങ്കുവെക്കുന്ന ലക്കം ●

**പത്രാധിപർ**

PRAVASI RISALA مجلة براواسي رسالة
www.pravasirisala.com facebook.com/pravasirisala

Publisher
Abdul Salim P.K
Managing Director
Shameem K
Business Manager
Noufal CC
Chief Editor
Sulaiman Saqafi Maliyekkal
Managing Editor
S Sharafudheen
Executive Editor
Ali Akbar
Deputy Editor
Jabirali T
Content Editors
NB Sidheeq Bukhari
Luqman Vilathur
Cover & Layout
Zainudheen PP

# കുടിയേറ്റ മലയാളികൾക്ക് തിരിച്ചുപോകാം

പ്രവാസികളുടെ തിരിച്ചുപോക്ക്,
ഇനിയും സമയമുണ്ടല്ലോ എന്നു സമാധാനിക്കാവുന്ന
അകലെ അല്ല. തയാറെടുക്കാം.

അലി അക്ബർ
taaliakbar@gmail.com



'ഗൾഫിലേക്ക് കൂടെ വന്ന അബൂട്ടിയായിരുന്നില്ല അത്. ചുമലുകൾ ചുരുങ്ങിപ്പോവുകയും മുഖം കരുവാളിക്കുകയും ചെയ്തിരുന്നു. കലങ്ങിയ കണ്ണുകളിൽ പഴയ പ്രസാദവും ഉത്സാഹവുമെല്ലാം വറ്റിപ്പോയിരിക്കുന്നു.

''ല്ലാം നേരെയാകുമെടാ. മ്മള് ജീവിതകാലം മുഴ്വേനും ഈ മരുഭൂമീല് കഴ്യാൻ പോക്ണില്ല. കൊറേ പണംണ്ടാക്കി വേഗം മടങ്ങിപ്പോണം. ന്നിട്ട് ഒരു വീടുവെച്ച് കല്യാണം കഴിച്ച് കുഞ്ഞുങ്ങളും കുടുംബോം ആയി നാട്ടില് കഴ്യാം. പുളിയും മുളകുമിട്ട മത്തി കൂട്ടി ചോറ് തിന്ന് പുഴക്കരേലെ കാറ്റുകൊണ്ട് പെരുന്നാളും ഓണോം ആഘോഷിച്ച് തിറയും ഉത്സവവും കണ്ട് അങ്ങനെ അങ്ങനെ...'' രാമദാസ ത്രയും പറഞ്ഞത് അബൂട്ടിയോടായിരുന്നില്ല, അവനോടു തന്നെയായിരുന്നു.'

*പ്രവാസം-എം മുകുന്ദൻ*

തിരിച്ചുപോകാൻ വെമ്പുന്ന ഓരോ പ്രവാസിയുടെയും മനസാണ് മുകുന്ദൻ തന്റെ നോവലിൽ എഴുതിവെച്ചത്. മുകുന്ദന്റെയും ബെന്യാമിന്റെയും നോവലുകളിൽനിന്ന് മലയാളികളുടെ പ്രവാസാനുഭവങ്ങൾ ഏറെ മുന്നോട്ടു പോയിട്ടുണ്ട്. എങ്കിൽ പോലും ഗൾഫിലേക്കു കുടിയേറുന്നവരിൽ നവപ്രവാസികളിലെ മഹാഭൂരിപക്ഷത്തിന്റെയും മനോഗദങ്ങൾ തന്നെയാണ് മുകുന്ദൻ പകർത്തിയത്. കാത്തുവെച്ചതോരോന്നും അപഹരിക്കപ്പെടുകയോ ഇല്ലാതാവുകയോ ചെയ്യുകയും ചാകാൻ കിടക്കുന്നവർ പോലും കൊണ്ടുവരുന്ന പെട്ടിയുടെ കനം ഉറ്റുനോക്കുകയും പെങ്ങൻമാർക്കും മാതാ

പിതാക്കൾക്കുംവേണ്ടി ഉരുകിത്തീർന്ന് നാടുപിടിക്കാൻനോക്കുമ്പോഴേക്കുംഅബൂട്ടിയെപ്പോലെചുമലുകൾ ചുരുങ്ങുകയും മുഖം കരുവാളിക്കുകയും ചെയ്യുന്ന സൂക്കേടുകളുടെ ഒരുപാട് ഭാണ്ഡങ്ങൾ ശരീരത്തിൽ പേറുകയാണ് പ്രവാസി. ഉരുകുന്ന വെ

| Education level | Male | Female | Total |
|---|---|---|---|
| Less Than Primary | 2.8 | 8.8 | 3.7 |
| Primary To Secondary | 13.6 | 10.7 | 13.1 |
| Secondary to Higher Secondary | 42.8 | 11.2 | 37.8 |
| Degree And Above | 24.6 | 53.1 | 29.1 |
| Others | 14.4 | 7.1 | 13.2 |
| Illiterate | 0.2 | 0.8 | 0.3 |
| Haven't started schooling | 1.7 | 7.8 | 2.7 |
| Total | 100.0 | 100.0 | 100.0 |

യിലിൽ കെട്ടിട നിർമാണപ്പണിയെടുക്കുന്നവരുടെ മുഖം കരുവാളിക്കുകയായിരുന്നുവെങ്കിൽ തണുത്തുവിറക്കുന്ന എ സി മുറിയിൽ ചടഞ്ഞിരുന്ന് ജോലി ചെയ്യുന്നവരുടെ പള്ള വീർക്കുകയും ഷുഗറും കൊളസ്ട്രോളും പെരുകി മരുന്നുകളുടെ തോഴനാവുകയും ചെയ്യുന്നുണ്ട്.

അനുഭവങ്ങളുടെ ആണ്ടുകൾ പിന്നിടുമ്പോഴും നാട്ടിലേക്കു തിരിക്കുന്ന പ്രവാസിയുടെ കരുതൽ ധനം ശൂന്യമാണ്. സമ്പാദ്യം മാത്രമല്ല, നാട്ടിലെത്തിയാൽ ഉപജീവനത്തിന് ആശ്രയിക്കാവുന്ന ഒന്നിനെപ്പറ്റിയും ഒന്നുമറിയാത്തവരാണ്, ആലോചിക്കാത്തവരാണ് നല്ലപങ്കും. നമ്മുടെ നാടല്ലേ എന്തെങ്കിലുമൊക്കെ ചെയ്യാമെന്ന അമിത ആത്മവിശ്വാസത്തിനപ്പുറം നീക്കിവെപ്പുകളില്ലാത്തവർ.

അല്ലെങ്കിൽ എന്ത് ആസൂത്രണം ചെയ്യാൻ. ഗൾഫിൽ വന്നത് ആസൂത്രണത്തോടെയായിരുന്നില്ല. ഒരു സുപ്രഭാതത്തിൽ വന്നു, ഇത്രയുമെത്തി. തിരിച്ചുപോയാലും അങ്ങനെന്തെങ്കിലും സംഭവിക്കും എന്ന ആത്മബോധ്യങ്ങൾ. അവസാനിപ്പിച്ചു മടങ്ങിയവർ അധികം കാലം കഴിയും മുമ്പേ തിരിച്ചു വരുന്നത്, വരേണ്ടി വരുന്നത് അർഥത്തിൽ അധികപേരുടെയും കണ്ണു തുറപ്പിച്ചിട്ടില്ല. **സഊദി അറേബ്യയിലെനിതാഖാത്,ഇതരഗൾഫ്നാടുകളിലെ സ്വദേശിവത്കരണ നയങ്ങൾ, ഗൾഫിനെയാകെ ബാധിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യം, ഇപ്പോഴിതാ കൊറോണ. ഇങ്ങനെ പ്രതിസന്ധിയുടെ ഘട്ടങ്ങൾ ഓരോന്നും കടന്നുപോകുമ്പോഴും ആയിരങ്ങൾക്കാണ് നാട്ടിലേക്കു മടങ്ങേണ്ടി വരുന്നത്.**

ഔദ്യോഗിക സർവേ റിപ്പോർട്ടുകളെല്ലാം ഗൾഫ് പ്രവാസികളുടെ തിരിച്ചുപോക്ക് സ്ഥിരീകരിക്കുന്നുണ്ട്. കൊറോണാനന്തര കാലത്ത് പ്രവാസികളുടെ മടക്കം വലിയ തോതിൽ വർധിക്കുമെന്നുറപ്പ്. നാലോ അഞ്ചോ വർഷം കൊണ്ടാണ് അതിന്റെ ആഘാതം നമുക്ക് അറിയാനാവുക. ഗൾഫ് ഒന്നാകെ അടച്ചുപൂട്ടപ്പെടുമെന്നോ തൊഴിൽ സാഹചര്യം പാടേ ഇല്ലാതാകുമെന്നോ അല്ല. പുതിയ അവസരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. പുതിയ ആളുകൾ വരുകയും ചെയ്യും. പക്ഷേ പോക്കുവരവിന്റെ തോതിൽ തിരിച്ചുപോക്ക് മുന്തിനിൽക്കും. കേരള മൈഗ്രേഷൻ സർവേ പ്രകാരം 2014വരെ ഗൾഫിലേക്കുള്ള ചേക്കേറ്റം ഉയർച്ചയിലായിരുന്നു. എന്നാൽ ഇപ്പോൾ അത് കുത്തനെ താഴോട്ടാണ്. തിരിച്ചുപോകാൻ തയാറായി വന്നവരാണ് മുഴുവൻ

ഗൾഫ് മലയാളികളും. എങ്കിൽപോലും സമയം നിശ്ചയിക്കുകയോ തയാറെടുക്കുകയോ ചെയ്യാതെയിരുന്നവർക്കു മുന്നിലാണ് തൊഴിൽനഷ്ട ഭീഷണി വന്നുനിൽക്കുന്നത്. സ്വയം തിരിച്ചുപോകാൻ തീരുമാനിക്കുന്നവരാകട്ടെ വേണ്ടത്ര ആസൂത്രണങ്ങളോ മുന്നൊരുക്കമോ നടത്തുന്നില്ല. സാഹചര്യങ്ങൾ കുടുസാവുകയും അന്തരീക്ഷം അസുഖകരമാവുകയും ചെയ്യുന്ന ഘട്ടത്തിലെങ്കിലും തിരിച്ചുപോവുക എന്നത് ഒരു ആസൂത്രിത പദ്ധതിയായി പ്രവാസി പരിഗണിക്കേണ്ടതുണ്ട്.

| | 2018 | 2013 | Per cent Increase | PERCENT | |
|---|---|---|---|---|---|
| | | | | 2018 | 2013 |
| Hindus | 11431 | 8745 | 30.7 | 37.2 | 35.9 |
| Christians | 6252 | 5806 | 7.7 | 20.4 | 23.8 |
| Muslims | 13034 | 9823 | 32.7 | 42.4 | 40.3 |
| Total | 30717 | 24374 | 26.0 | 100.0 | 100.0 |

## ഗൾഫിലെ പ്രവാസികൾ

കേരളത്തിൽ നിന്നുള്ള പ്രവാസികളെ സംബന്ധിച്ച് ഏകദേശ ധാരണകൾ തരുന്നത് കേരള മൈഗ്രേഷൻ സർവേയാണ്. സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് (സിഡിഎസ്) ആണ് രണ്ടുവർഷത്തിലൊരിക്കൽ പ്രവാസികളെക്കുറിച്ച് പഠനം നടത്തുന്നത്. പോപ്പുലേഷൻ അടിസ്ഥാനപ്പെടുത്തിയുള്ള സാംപിൾ / റാന്റം സർവേ ആയതിനാൽ വിവരങ്ങൾ സൂക്ഷ്

മമായിരിക്കില്ല. എന്നാൽ പൊതുസ്ഥിതി മനസിലാക്കാൻ സാധിക്കുന്നു. ഒടുവിൽ 2018ലാണ് കേരള മൈഗ്രേഷൻ സർവേ (കെഎംഎസ്) നടന്നത്. ഇതനുസരിച്ച് 21,21,887 പ്രവാസിമലയാളികളാണ് വിദേശ രാജ്യങ്ങളിലുള്ളത്. ഇതിൽ 18,93,752 പേരും ഗൾഫിലാണ്. അഥവാ 89.2 ശതമാനവും. 2016ൽ 20,35,446 പേർ ഗൾഫിലുണ്ടായിരുന്നു. 2018ലെത്തിയപ്പോൾ 141,694 പേരുടെ കുറവുണ്ടായി.

**2014വരെ ഗൾഫിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ഉയർന്നുകൊണ്ടേയിരുന്നപ്പോൾ 2015നു ശേഷം താഴേക്കു വരികയാണ്. രണ്ടു വർഷത്തിനിടെ ഒന്നരലക്ഷം പേരുടെ കുറവ് സർവേ രേഖപ്പെടുത്തുമ്പോൾ ഫലത്തിൽ ജോലി നഷ്ടപ്പെട്ടു തിരിച്ചുപോകേണ്ടി വന്നവർ ഇതിന്റെ ഇരട്ടിയോളം വരും.** ഈ സമയം പുതുതായി ജോലി തേടി അത്രയും പേർ അങ്ങോട്ടു ചേക്കേറുകകൂടി ചെയ്തതു ഉൾപ്പെടുത്തിയാണ് ആകെ എണ്ണം കണക്കാക്കുന്നത്. ഗൾഫ് മലയാളികളിൽ 39.1% യുഎഇയിലും 23% പേർ സഊദിയിലുമാണ്. ഒമാൻ 8.6, കുവൈത്ത് 6.0, ബഹ്റൈൻ 3.8, ഖത്വർ 8.7 ശതമാനം വീതമാണ് സാന്നിധ്യം. സഊദിയിൽ നടപ്പിലാക്കിയ നിതാഖാതാണ് കൂടുതൽ പ്രവാസികൾക്ക് തൊഴിൽ നഷ്ടത്തിനിടയാക്കിയത്. അഥവാ തിരികെ പോയവരിൽ നല്ലപങ്കും സഊദിയിൽനിന്നുള്ളവരാണ്. 2020ലെത്തുമ്പോൾ ജോലി നഷ്ടപ്പെട്ട് മടങ്ങിയവരുടെ എണ്ണം വർധിച്ചിട്ടുണ്ടാകും. ഒപ്പം, പുതുതായി ജോലിതേടി ഗൾഫിലേക്കു ചേക്കേറുന്നവർ ഗണ്യമായി കുറഞ്ഞിട്ടുമുണ്ട്.

ഗൾഫ് പ്രവാസികളുടെ കണക്കിലെ ചില വിവരങ്ങൾകൂടി നമ്മുടെ സാമൂഹിക, സാമ്പത്തിക വിശ

കലനങ്ങളിൽ പ്രധാനമാണ്. 19.1% പ്രവാസികളും മലപ്പുറം ജില്ലിയിൽനിന്നുള്ളവരാണ്. രണ്ടാംസ്ഥാനം കണ്ണൂരിനാണ് 11.8%. തൃശൂർ, കൊല്ലം ജില്ലകൾ 11.4%, 11.3% വീതവും. ബാക്കി ജില്ലകൾ പത്തു ശതമാനത്തിൽ താഴെയാണ്. ഇടുക്കി, എറണാകുളം ജില്ലകളിൽനിന്നാണ് ഏറ്റവും കുറവ്, 1.6%, 2.5%. ഗൾഫിലുള്ള മതസമുദായങ്ങളിൽ 41.7 ശതമാനവും മുസ്‌ലിംകൾ ആണ്. ഹിന്ദു 34.7, ക്രിസ്ത്യൻ 23.6 ശതമാനം വീതവും. അഥവാ ഗൾഫ് പ്രവാസത്തിനു സംഭവിക്കുന്ന ആഘാതങ്ങൾ സാമൂഹിക

**Destination countries and sex**

| Destination | Percentage by Countries | | |
|---|---|---|---|
| | *Male* | *Female* | *Total* |
| Gulf | 92.0 | 74.2 | 89.2 |
| Australia | 0.6 | 2.5 | 0.9 |
| Canada | 0.6 | 1.4 | 0.7 |
| Singapore | 0.5 | 1.2 | 0.6 |
| United Kingdom | 1.2 | 5.1 | 1.8 |
| America | 1.5 | 5.6 | 2.2 |
| others | 3.5 | 10.0 | 4.6 |
| Total | 100.0 | 100.0 | 100.0 |

വിഭാഗങ്ങളെ സ്വാധീനിക്കാൻ പോകുന്നത് ഈ അനുപാതത്തിലായിരിക്കുമെന്നർഥം. മറ്റൊന്ന്, പ്രായവും വിദ്യാഭ്യാസവുമാണ്. ഗൾഫിൽ ജോലി ചെയ്യുന്ന 46.4 ശതമാനവും 31നും 45നും ഇടയിൽ പ്രായമുള്ളവരാണ്. 16-30 പ്രായത്തിലുള്ളവർ 25.3 ശതമാനവും. അഥവാ 71.7 ശതമാനം പ്രവാസിക

ളും 16നും 45നും ഇടയിലുള്ളവരാണ്. 46നും 60നുമിടയിൽ പ്രായത്തിലുള്ളവർ 20.9 ശതമാനം മാത്രമാണ്. നമ്മുടെ നാടിന്റെ യുവത്വമാണ് പ്രവാസികളിൽ സിംഹഭാഗവും. ദുർബലതകൾ നാടിന്റെ നാളെയെത്തന്നെ തൊടും. വ്യക്തിപരമായി ഒരുപാടുകാലം ഇനിയും ജോലി ചെയ്യേണ്ട വിഭാഗംകൂടിയാണിവരെന്നു ചുരുക്കം. ഗൾഫ് മലയാളികളിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം മാത്രമുള്ളവരാണ് കൂടുതൽ, 37.8% ഹൈസ്കൂൾ വിദ്യാഭ്യാസം ഉള്ളവർ 13.1% ഇരു വിഭാഗം കൂടി ചേർന്നാൽ 50% കടക്കും. ബിരുദവും അതിനു മുകളിലും വിദ്യാഭ്യാസമുള്ളവർ 29.1% മാത്രമാണ്. തിരിച്ചെത്തുന്നവരിൽ അടിസ്ഥാനവിദ്യാഭ്യാസം മാത്രമുള്ളവരാണ് കൂടുതൽ എന്ന് തൊഴിൽ രാഹിത്യത്തിന്റെ ആഴം കൂട്ടും.

## തൊഴിൽ നഷ്ടവും മടക്കവും

ഗൾഫ് തൊഴിൽ നഷ്ടത്തിന്റെ സ്ഥിതി വിവരങ്ങൾ ആപേക്ഷികവും അപൂർണവുമാണ്. ഗൾഫിൽനിന്ന് നിരവധി പേർ പല കാരണങ്ങളാൽ മടങ്ങുന്നുണ്ടെന്നത് യാഥാർഥ്യമാണ്. തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്നവർ അടുത്തകാലത്തായി വർധിച്ചിട്ടുമുണ്ട്. സാമ്പത്തിക മാന്ദ്യവും സ്വദേശിവത്കരണവുമാണ് മടക്കത്തിന്റെ ആക്കം കൂട്ടിയത്. അതോടൊപ്പം പുതിയ കുറേ പേർക്ക് ഗൾഫിൽ തൊഴിൽ ലഭിക്കുന്നുമുണ്ട്. സാമ്പത്തിക മാന്ദ്യം നേരിട്ട 2008-2010 കാലയളവിൽ നിരവധി പേർക്ക് തിരിച്ചുപോരേണ്ടി വന്നു. 2008 മുതൽ 2013 വരെയുള്ള കാലയളവിലും മടങ്ങി വരുന്നവരിൽ വർധനയുണ്ടായി. എന്നാൽ 2018ൽ ഇത് മുൻകാലങ്ങളെ

ക്കാൾ അൽപം കുറഞ്ഞു. 2018ൽ അരലക്ഷം പേർ തിരിച്ചുപോയെന്നാണ് സർവേ റിപ്പോർട്ട്. തിരിച്ചു പോകുന്നവരിൽ ഭൂരിഭാഗവും (29.4%) അപ്രതീക്ഷിതമായി തൊഴിൽ നഷ്ടപ്പെട്ടു വരുന്നവരാണ്. അസുഖത്തെത്തുടർന്ന് മടങ്ങുന്നവർ 14.4%വും കുടുംബപ്രശ്നങ്ങളെത്തുടർന്ന് വരുന്നവർ 11.8%വും ഉണ്ട്. ശമ്പളം കുറഞ്ഞതുമൂലം മടങ്ങുന്നവർ 7.6% ആണ്. സ്വമേധയാ വിരമിക്കുന്നവർ 7.2% വും. ഇതിൽ കേരളത്തിൽ ജോലി കണ്ടെത്തി മടങ്ങുന്നവർ 7.3% ശതമാനം മാത്രമാണ്. അഥവാ ശേഷിക്കുന്ന ബഹുഭൂരിഭാഗവും പ്രവാസത്തിൽ നിന്നു മടങ്ങുമ്പോൾ തൊഴിലോ സംരംഭമോ തുടങ്ങാൻ തയാറെടുത്തവരല്ല. അസുഖം വന്ന് മടങ്ങുന്നവരിൽ 19.5%നും ശരീരവേദനയാണ് കാരണം. അപകടങ്ങൾ 12.4%, പ്രമേഹം 7.6%, അലർജി 9.3%, കിഡ്നി തകരാർ 6.9% വീതവും ആണ്. കൊറോണാനന്തരം കൂടുതൽ പേർക്ക് ഗൾഫിൽ ജോലി നഷ്ടപ്പെടുമെന്നുതന്നെയാണ് രാഷ്ട്രീയ, സാമ്പത്തിക വിദഗ്ധരുടെ നിഗമനങ്ങൾ മിക്ക ഗൾഫ് രാജ്യങ്ങളും തൊഴിൽ രംഗത്ത് കടുത്ത നടപടികൾ പ്രഖ്യാപിച്ചു കഴിഞ്ഞു. പുതിയ തൊഴിലവസരങ്ങൾ കുറയുകയും ചെയ്യും. ഇതൊരു സ്ഥിരസ്വഭാവം അല്ലെങ്കിൽക്കൂടി തിരിച്ചുവരാൻ വർഷങ്ങളെടുക്കും.

## പുനരധിവാസം

പ്രവാസജീവിതത്തിൽനിന്ന് നാട്ടിലേക്കു മടങ്ങിയ ശേഷമുള്ള കരിയർ സ്വയം കണ്ടെത്തുകയും ആസൂത്രണം ചെയ്യുകയും ആണ് വേണ്ടത്. ഏതു സമയത്തും മടങ്ങേണ്ടി വരും എന്ന ധാരണ അതി

ശക്തമായി പുലർത്തണം. എങ്കിൽ അപ്രതീക്ഷിത മടക്കം എന്നത് പ്രസക്തമല്ലാതാകും. ഗൾഫിൽ വന്ന് നാലോ അഞ്ചോ വർഷത്തിനകം ഉണ്ടാകുന്ന തൊഴിൽ നഷ്ടത്തെഒക്കെ മാത്രമേ അപ്രതീക്ഷിതം എന്നു വിലയിരുത്താൻപോലും സാധിക്കൂ. അഞ്ചു വർഷത്തിനുശേഷം സംഭവിക്കുന്ന ഏതുമടക്കവും പ്രവാസികൾക്ക് പ്രീപ്ലാൻഡ് ആകണം. അഥവാ ആസൂത്രണം കൈവശമുണ്ടായിരിക്കണമെന്നർഥം. **പ്രവാസി പുനരധിവാസം എന്നത് ഓരോ പ്രവാസിയും സ്വയം നിർവഹിക്കേണ്ടതാണ്. സർക്കാരുകളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റും പുനരധിവാസ പാക്കേജുകളിൽ പ്രതീക്ഷയർപ്പിക്കുന്നത് ഭാവി പ്രതിസന്ധിയിലാക്കും. നമുക്കില്ലാത്ത ജാഗ്രത നമുക്കുവേണ്ടി അപരർ ഉണ്ടാക്കണമെന്നു കരുതുന്നതിൽ യുക്തിരാഹിത്യവുമുണ്ട്.** സർക്കാർ പക്ഷേ അതു നിർവഹിക്കേണ്ടതല്ലേ എന്നു ചിന്തിക്കുന്നവരും വാദിക്കുന്നവരുമുണ്ട്. പ്രവാസികൾ നാട്ടിലേക്കയക്കുന്ന പണവും അത് നാടിന്റെ സമ്പദ് വ്യവസ്ഥക്ക് കരുത്തു പകരുന്നതുമൊക്കെയാണ് അവകാശവാദങ്ങൾക്ക് പിന്തുണയാകുന്ന ഘടകങ്ങൾ. കേന്ദ്ര, കേരള സർക്കാരുകൾ പാടേ അവഗണിക്കുന്നില്ല. സമീപ കാലത്ത് പരിഗണന വർധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തുന്നു. ഓരോ ബജറ്റിലും പ്രവാസി പാക്കേജുകൾക്കായി തുക നീക്കിവെക്കുന്നു. പക്ഷേ അവയെല്ലാം ആശ്വാസ പാക്കേജുകൾ മാത്രമാണ്. പലിശയധിഷ്ഠിതമായ വായ്പാ പദ്ധതികളാണ്.

ലക്ഷക്കണക്കിനു തൊഴിൽ രഹിതരുടെ പുനരധിവാസത്തിന് ഫലപ്രദമായ പദ്ധതികൾ നടപ്പി

ലാക്കാൻ സാധിക്കാത്ത അവസ്ഥയെയാണ് സർക്കാറുകൾ നേരിടുന്നത്. നാട്ടിൽ സർക്കാരിതര മേഖലയിൽ ജോലി ചെയ്യുന്ന ദശലക്ഷക്കണക്കിനു പൗരൻമാർക്ക് ഒരു തരത്തിലുള്ള ആശ്വാസവും നൽകാൻ സർക്കാരുകൾക്ക് സാധിക്കുന്നില്ല. സർക്കാർ ജീവനക്കാർക്ക് പതിറ്റാണ്ടുകളായി നൽകിവന്ന പെൻഷൻ പോലും ഇപ്പോൾ കോൺട്രിബ്യൂട്ടറി സ്വഭാവത്തിലേക്കു മാറ്റി. അപ്പോഴാണ്, കൂടുതൽ വരുമാനം പ്രതീക്ഷിച്ച് (സമ്പാദിച്ചും) പുറംനാട് തിരഞ്ഞെടുത്തവരുടെ പുനരധിവാസ പ്രശ്നം സ്റ്റേറ്റിന്റെ മുന്നിൽ വരുന്നത്. അതുകൊണ്ടു തന്നെ പ്രവാസികൾ ഒരു രാഷ്ട്രീയ പ്രശ്നമായി സർക്കാരുകൾക്കു മുന്നിലുള്ളതിനാൽ ആശ്വാസ പാക്കേജുകളുടെ പ്രഖ്യാപനങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുമെങ്കിലും നാട്ടിലേക്കു തിരിച്ചെത്തിയാൽ ചെയ്യേണ്ട ജോലി, കച്ചവടം, വ്യവസായം എന്നിവയും സാമൂഹിക ജീവിതം സംബന്ധിച്ചും പ്രവാസി തന്നെ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തണം. അതിനു സഹായകുമാകുന്ന ചില ഉപായങ്ങൾ പരിശോധിക്കാം.


## എക്സിറ്റ് പിരീഡ്


ഓരോരുത്തരും തീർപ്പിലെത്തേണ്ടതിൽ ഒന്നാമത്തേത്, തിരിച്ചു പോക്കിന്റെ സമയമാണ്. പ്രവാസികളിൽ ഓരോരുത്തർക്കും വ്യത്യസ്തമായ ജീവിത ലക്ഷ്യങ്ങളായിരിക്കും. മുൻഗണനാക്രമപ്രാകാരം ലക്ഷ്യപൂർത്തീകരണത്തിന്റെ ഘട്ടങ്ങൾ നിശ്ചയിക്കേണ്ടതുണ്ട്. ഈ ഘട്ടങ്ങളത്രയും അതിസൂക്ഷ്മമായ സാമ്പത്തിക വിനിയോഗം പാലിച്ചില്ലെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ താത്പര്യങ്ങൾ നിവർ

ത്തിക്കാൻ സാധിക്കാതെ വരും. അഭിലാഷപൂർത്തീകരണങ്ങളുടെതാണ് പ്രവാസത്തിന്റെ രണ്ടാംപാദം. കുറേക്കൂടി സ്വസ്ഥവും ആശ്വാസകരവുമായ ഈ ഘട്ടത്തിന് കാലാവധി നിശ്ചയിച്ച് തിരിച്ചുപോക്ക് നിർണയിക്കാം. ഒന്നാംപാദവും രണ്ടാംപാദവും പിന്നിട്ടിട്ടും ഇവിടെയും അവിടെയും വലിയ കുഴപ്പങ്ങളൊന്നുമില്ല, ഗൾഫിൽ മോശമല്ലാത്ത ജോലിയും വരുമാനവും ഉണ്ട്. പിന്നെന്തിനു മടങ്ങിപ്പോകണമെന്നു ചിന്തിച്ചു തുടരുന്നവരുണ്ട്.

പ്രയോരിറ്റിപ്പട്ടികയിലെ ഒന്നാംപാദം പിന്നിട്ടു കഴിഞ്ഞാൽ അഥവാ അൽപം ശ്രമകരമായ ബാധ്യതാനിർവഹണകാലത്തിനു ശേഷം നല്ല സമയത്തു തന്നെ പ്രവാസം മതിയെന്നു വെക്കുന്നവരുണ്ട്. നല്ല തീരുമാനമാണിത്. പക്ഷേ മുൻകരുതലുകളില്ലാതെ എടുത്തുചാടുന്നവർക്ക് അതേവേഗതയിൽ തിരികെ വിമാനം പിടിക്കേണ്ടി വരും. രണ്ടാംഘട്ടം പിന്നിട്ടു നാട്ടിൽപോകുന്നവർക്കും ആസൂത്രണമില്ലെങ്കിൽ കനത്ത തിരിച്ചടി നേരിടേണ്ടിവവരും. ഈ വിഭാഗക്കാർക്ക് ഒന്നാംപാദത്തിൽ തിരിച്ചു പോയവരേക്കാൾ ആഘാതം കനത്തതായിരിക്കും. കാരണം അഭിലാഷനിർവഹണങ്ങളുടെ രണ്ടാം ഘട്ടത്തിൽ സ്വാഭാവികമായും വീടും വാഹനവും മറ്റു ആസ്തികളും ബാധ്യതകളും ഉണ്ടാകും. കരുതലില്ലാത്ത മടക്കം അവയുടെ മെയിന്റനൻസിനും നടത്തിപ്പിനും പ്രയാസങ്ങളുണ്ടാക്കും. ക്രമേണ ആസ്തികൾ വിൽപന നടത്തേണ്ട സ്ഥിതിയുണ്ടാക്കും. ചുരുക്കത്തിൽ തിരിച്ചുപോക്ക് എപ്പോഴാകാം എന്നതു സംബന്ധിച്ചുള്ള ദീർഘനിശ്ചയം പ്രവാസം കരുതലോടെയാകാൻ സഹായിക്കും. കരുത

ലില്ലാത്തവർ സ്വാഭാവികമായ പരാജയത്തിലേക്കു വീഴും.




## അതിസൂക്ഷ്മ കരുതൽ

സമയം നിശ്ചയിച്ച് പ്രവാസം നയിക്കുന്ന ഓരോ ഘട്ടത്തിലും ഓരോ മാസവും ദിവസവും കൃത്യമായ വിനിയോഗ ആസൂത്രണം വേണ്ടതുണ്ട്. ഇത് വരുമാനം കൂടുതലുള്ളവരും അരിഷ്ടിച്ച് ജീവിക്കുന്നവരും ഒരുപോലെ ശ്രദ്ധിക്കേണ്ടതാണ്. അടിപതറുമ്പോൾ വലിയ ആഘാതങ്ങളുണ്ടാകുന്നത് വരുമാനവും സമ്പാദ്യവും കൂടുതലുള്ളവർക്കായിരിക്കും എന്ന് പ്രത്യേകം ഓർക്കണം. വളരെ അളന്നു മുറിച്ചുള്ള ജീവിതം വ്യവഹാരം അസാധ്യമാണെങ്കിൽകൂടി അൽപം അയഞ്ഞതെങ്കിലും മിനിമം സുരക്ഷിതത്വം ലക്ഷ്യംവെച്ചുള്ള കരുതലാണ് വേണ്ടത്. സാമ്പത്തിക ബാധ്യതകൾ തീർക്കുക, കുടുംബത്തിലെ അത്യാവശ്യ ചുമതലകൾ

നിർവഹിക്കുക, വീട് ഉൾപ്പെടെയുള്ള അനിവാര്യതകൾ പൂർത്തിയാക്കുക ഈ രീതിയിൽ പ്രവാസികൾ തങ്ങളുടെ പ്രയോരിറ്റികൾ നിശ്ചയിക്കണം. ഏതു അത്യാവശ്യങ്ങൾക്കൊപ്പവും പ്രവാസത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ ചെറിയ സമ്പാദ്യം ശീലമാക്കിയാൽ അത് വലിയ ഫലം ചെയ്യും. വിശ്വാസ്യത ഉറപ്പു വരുത്താവുന്ന ചെറുകിട നിക്ഷേപ പദ്ധതികൾ, കുറിപോലുള്ള പദ്ധതികൾ, മാസത്തിൽ നിശ്ചിത ഗ്രാം വീതം സ്വർണം സ്വന്തമാക്കൽ, ബേങ്ക് ഡെപ്പോസിറ്റ് തുടങ്ങിയ മാർഗങ്ങളിൽ വരുമാനത്തിന്റെ പത്തോ ഇരുപതോ ശതമാനം കരുതിവെക്കാൻ സന്നദ്ധമാകണം.

അവശ്യ നിർവഹണങ്ങൾ കഴിഞ്ഞാൽ പ്രവാസികൾ മോടിപിടിപ്പിക്കലിലേക്കു (വീട്, വാഹനം...) കടക്കുന്നതിനു പകരം ചെറുതെങ്കിലും ഒരു ആസ്തി സ്വന്തമാക്കുന്നതിലാണ് ശ്രദ്ധവെക്കേണ്ടത്. ഭൂമിയോ സ്വർണമോ മറ്റെന്തെങ്കിലും സുരക്ഷിത സമ്പാദ്യം ഉറപ്പുവരുത്താനായാൽ മടക്കം എപ്പോൾ സംഭവിച്ചാലും ധൈര്യമായി നേരിടാൻ സാധിക്കും. കരുതിവെപ്പ് കുറച്ചുകൂടി ആസൂത്രിതമായാൽ ഒറ്റയ്ക്കോ സുഹൃത്തുക്കൾ ചേർന്നോ ചെറുകിട നിക്ഷേപപദ്ധതികൾ, കൃഷി, വ്യവസായങ്ങൾ എന്നീ പദ്ധതികളും മികച്ച പദ്ധതികളിൽ നിക്ഷേപവും ആകാം. എന്നാൽ നാട്ടിൽ തിരിച്ചെത്തിയാൽ ഈ മേഖലകളിൽ ജോലിയും വരുമാനവും പ്രതീക്ഷിക്കാം. ചില പരീക്ഷണങ്ങൾക്കെങ്കിലും അവസരമുണ്ടാകും. മടങ്ങി വരുന്നവരിൽ പലരും ഉള്ള പണം ഉപയോഗിച്ച് ഫാൻസി, ഫൂട്‌വെയർ, മിനി സൂപ്പർമാർക്കറ്റ്, റസ്റ്റോറന്റ് തുടങ്ങിയ

സ്ഥാപനങ്ങൾ തുടങ്ങുന്നു. ആസൂത്രണത്തിന്റെ അഭാവം കാരണം ഭൂരിഭാഗവും രണ്ടോ മൂന്നോ വർഷത്തിനകം അടച്ചുപൂട്ടേണ്ടി വരികയാണ്. ചിലരാകട്ടെ ഒരുതരം സംരംഭങ്ങൾക്കും ശ്രമിക്കാതെ താരതമ്യേന നിക്ഷേപം കുറഞ്ഞ ഓട്ടോറിക്ഷ പോലുള്ള മാർഗങ്ങൾ തിരഞ്ഞെടുക്കുകയോ മറ്റു തൊഴിലെടുക്കുകയോ ചെയ്യുന്നു. **അവസരം കിട്ടിയാൽ ഗൾഫിലേക്കു തന്നെ തിരിച്ചുപോകണം എന്ന മനോഭാവം പുലർത്തുന്നവർ ഇവിടെ സുസ്ഥിരമായ പദ്ധതികളിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നില്ല. മടങ്ങിവന്ന് നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ച് ആലോചിക്കുന്നവർക്കുണ്ടാകേണ്ട ഉറപ്പ്, അവിടെ സ്ഥിരമായി നിൽക്കും എന്നാണ്.**

## ഗൾഫല്ല നാട്

തിരിച്ചു പോകാൻ ആലോചിക്കുന്നവർ സ്വന്തം മനസിനെ പാകപ്പെടുത്തേണ്ടത്, നാട് ഗൾഫല്ല എന്നാണ്. ഗൾഫിനെപ്പോലെ കേരളം വികസിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഷോപിംഗ് മാളുകളും സൂപർമാർക്കറ്റുകളും കൺവെൻഷൻ സെന്ററുകളും ഐ ടി പാർക്കുകളുമെല്ലാം ഉണ്ട്. പക്ഷേ നാട്ടിലെ സാമ്പത്തിക സാഹചര്യവും വേതന വ്യവസ്ഥയും ചെറുതാണ്. ഗൾഫിൽ 2500 ദിർഹം/റിയാൽ ശമ്പളം ശരാശരി മിനിമം ആണ്. ഈ തുക ഇവിടെ ഏകദേശം 50,000 രൂപയായി. 5000 ദിർഹം ശമ്പളം പറ്റുന്നവർക്ക് ഒരു ലക്ഷം രൂപയോടടുത്ത് വേതനം ലഭിക്കുന്നു. എന്നാൽ നാട്ടിലെ വേതനഘടന ഇതിന്റെ പകുതിയോളമേ വരൂ. ഗൾഫിനെ അപേക്ഷിച്ച്

നാട്ടിൽ ചെലവു കുറവുണ്ട്. എങ്കിൽ പോലും ഗൾഫിൽ താരതമ്യേന ചെറിയ ജോലി ചെയ്താൽ കിട്ടുന്ന വേതനം നാട്ടിൽ കിട്ടണമെന്നില്ല. ഈ യാഥാർഥ്യം ഉൾക്കൊള്ളുകയും അതിനോട് കൃത്യം പൊരുത്തപ്പെടാനുള്ള മനസ് രൂപപ്പെടുത്തുകയും ചെയ്താലേ നാട്ടിൽ തുടരാൻ സാധിക്കൂ. അല്ലെങ്കിൽ കനത്ത മാനസിക, സാമ്പത്തിക സമ്മർദം ഉണ്ടാക്കുകയും സ്വസ്ഥത ഇല്ലാതാവുകയും ചെയ്യും. അതേസമയം നാട്ടിൽ ലഭിക്കുന്ന വരുമാനത്തിനനുസരിച്ചുള്ള ജീവിതരീതികളും ചെലവുകളും ക്രമീകരിക്കാൻ സാധിച്ചാൽ മുന്നോട്ടുപോകാനാകും.

## മടങ്ങാം പ്രതീക്ഷയോടെ

തയാറെടുപ്പുകൾപോലെ പ്രതീക്ഷകളും ശുഭാപ്തി വിശ്വാസവും കൊണ്ട് സന്തോഷത്തോടെ നാട്ടിലേക്കു മടങ്ങാനാകും. നാട്ടിൽ അവസരങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നുണ്ട്. കൃഷിയും ചെറുകിട ഉത്പാദന വ്യവസായങ്ങളും സേവന സംരംഭങ്ങളുമായി വഴികൾ തുറന്നുകിടപ്പുണ്ട്. ആസൂത്രണവും അർപ്പണബോധവുമുണ്ടെങ്കിൽ തീർച്ചയായും വിജയിക്കാനാകും. ഇപ്പോഴും അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചു കഴിയുന്ന കേരളത്തിന് സ്വയം പര്യാപ്തതയുമായ ശോഭന ഭാവി നിർണയിക്കേണ്ടതും നിർവഹിക്കേണ്ടതും തിരിച്ചുപോകുന്ന പ്രവാസികളാണ് ●

# പ്രവാസത്തിന് വൈറസ് ബാധ ഏൽക്കുമോ?

**കോവിഡാനന്തരവും വൈറസ്ബാധ ഒഴിയാത്ത ഭാവി പ്രവാസം മുന്നിൽ കണ്ട് ചില വിചാരങ്ങൾ.**

നൗഫൽ പാലക്കാടൻ
little.palakkadan@gmail.com



പ്രവാസം എല്ലാ കാലത്തും പാമ്പും ഏണിയും കളിപോലെയാണ്. ഒന്നിൽ നിന്ന് മുപ്പതിലേക്കും മുപ്പതിൽ നിന്ന് രണ്ടിലേക്കും വീണ്ടും രണ്ടിൽ നിന്ന് എൺപത്തി രണ്ടിലേക്കും തുടർന്ന് തൊണ്ണൂ

റ്റി ഒമ്പതിൽ നിന്ന് ഒമ്പതിലേക്കും പതിക്കും. ഉഗ്രൻ ഉയർച്ചകളും ഉച്ചിയിൽ നിന്ന് താഴേക്ക് പതിക്കലും പ്രവാസത്തിൽ പുതിയ സംഭവങ്ങളല്ല. എന്നാൽ കൊറോണ പ്രവാസിയുടെ സാമ്പത്തിക, പൊതു ജീവിതത്തിന് ഏൽപിച്ച പരിക്ക് അത്ര ചെറുതല്ല. കൊറോണക്ക് ശേഷം കടലാക്രമണം നടന്ന തീരം പോലെ എല്ലാം ചിതറിയ അവസ്ഥയിലായിരിക്കും സാമ്പത്തിക രംഗം. അത് പുനഃക്രമീകരിക്കാൻ എടുക്കുന്ന സമയം ഓരോ പ്രവാസിക്കും നിർണാ യകമാണ്. ഇതിന്റെ ഭാഗമായി തൊഴിലില്ലായ്മയും പദവി നഷ്ടപ്പെടലും ശമ്പളം വെട്ടി ചുരുക്കലും ഉൾപ്പെടെയുള്ള നടപടികളുണ്ടായേക്കാം. ചികി ത്സക്കും മരുന്നിനും മറ്റ് സൗകര്യങ്ങൾ ഒരുക്കു ന്നതിനും കോടിക്കണക്കിന് ഡോളറാണ് ഓരോ രാജ്യവും ചെലവിടുന്നത്. ഇതിന് പുറമെ റവന്യൂ വരുമാനത്തിലുള്ള ഇത്ര വലിയ കുറവ് ചരിത്ര ത്തിലാദ്യമായാണ്. ഇതിനൊക്കെ പുറമെയാണ് ആഗോള വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കൂപ്പ്കുത്തിയത്. ഇതെല്ലാം സഊദി അറേബ്യ ഉൾപ്പെടെയുള്ള അറബ് രാജ്യങ്ങളെ കാര്യമായി ബാധിക്കും. സ്വാഭാവികമായും സർക്കാരും സാമ്പ ത്തിക പ്രതിസന്ധി അഭിമുഖരിക്കേണ്ടി വരും. സർ ക്കാരിന്റെ പ്രസിസന്ധി തൊഴിലിടങ്ങളിലും വാ ണിജ്യ കേന്ദ്രങ്ങളിലും പ്രതിഫലിക്കും. സർക്കാർ, സർക്കാരിതര മേഖലകളിലെ വൻകിട പദ്ധതികൾ ക്കും താത്കാലിക നിശ്ചലാവസ്ഥയുണ്ടാകും. ഗൾഫ് മേഖലകളിലെ തൊഴിൽ വിപണിയിലെ സ്വദേശിവത്കരണം ഉൾപ്പെടെയുള്ള പദ്ധതികൾ നിരവധി പ്രവാസികളെ ബാധിച്ചു എന്നത് സത്യ

മാണ്. അത് പക്ഷേ എല്ലാവരെയും ബാധിച്ചിട്ടില്ല. എന്നാൽ കൊറോണ അങ്ങനെയായില്ല. കുടുംബ ബജറ്റിന് വൈറസ് ബാധയേൽക്കാത്ത ഒരു സ്വദേശിയും വിദേശിയുമുണ്ടാകില്ല.തീവ്രത കൂടിയും കൂടിയും കുറഞ്ഞും എല്ലാവരുടേയും കണക്ക് പുസ്തകം വൈറസ് ആക്രമണത്തിന് ഇരയായിട്ടുണ്ട്.

## കൊറോണാനന്തര ഗൾഫ്

കൊറോണക്കാലത്തിന് ശേഷം സഊദി അറേബ്യ ഉൾപ്പെടെ എല്ലാ ഗൾഫ് രാജ്യങ്ങളിലും തൊഴിൽ പ്രതിസന്ധിയുണ്ടാകും എന്ന കാര്യത്തിൽ തർക്കമില്ല. **പ്രതിസന്ധി കാരണം അടച്ചുപൂട്ടിയ പല സ്ഥാപനങ്ങളും ഇനി തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞെന്നും വരില്ല. ഇതെത്ര കാലം നീളുന്നുവോ അത്രയും കാലം സാമ്പത്തിക തൊഴിൽ മേഖല കുഴിയിലേക്ക് ഇറങ്ങി കൊണ്ടിരിക്കും. അതെ സമയം വൈറസ് പെട്ടെന്ന് രംഗംവിട്ടാൽ അതിവേഗം സാമ്പത്തിക മേഖല ഉയർന്ന് വരാനും സാധ്യത ഏറെയാണ്. അനുകൂലവും പ്രതികൂലവുമായ കാലാവസ്ഥ വളരെ പെട്ടന്ന് പ്രതിഫലിക്കുന്ന ഇടമാണ് അറബ് രാജ്യങ്ങൾ.**

## ഗൾഫ് പ്രവാസത്തിന്റെ ഭാവി

ചെറുതും വലുതുമായ സ്ഥാപനങ്ങളുടെ സംരംഭകർ ഗൾഫിലെ പുതു തലമുറയാണെന്ന യാഥാർഥ്യം പ്രധാനമാണ്. ഏറെ പഴക്കമുള്ള പല കുടുംബ ബിസ്നസ് സ്ഥാപനങ്ങളിലാകാട്ടെ തലപ്പത്ത് സംരംഭകരുടെ മക്കളും ചെറുമക്കളും ബന്ധുക്കളുമെത്തി. ഇതോടെ വാണിജ്യ രംഗം പുതുതലമുറയുടെ കൈയിലാണ്. അമേരിക്കയിൽ നിന്നും യൂറോ

പ്പിൽ നിന്നുമൊക്കെ ബിസ്നസിൽ ബിരുദാനന്തര ബിരുദം നേടി എത്തുന്ന പുതു തലമുറയുടെ ആദ്യ പദ്ധതികളിലൊന്നാണ് 'കോസ്റ്റ് കട്ടിങ്' അഥവാ ചിലവ് ചുരുക്കൽ. ലാഭകരമല്ലാത്ത ഒന്നും വെച്ച് പൊറിപ്പിക്കരുതെന്ന പാഠം പഠിച്ചാണ് അവരെത്തുന്നത്. അത് കൊണ്ട് അവർ ആദ്യം കൈവെക്കുന്നത് തൊഴിലാളികളുടെ മേലായിരിക്കും. പ്രായാധിക്യവും ആധുനിക സാങ്കേതിക വിദ്യയോടൊപ്പം തുഴയാൻ പ്രാപ്തി ഇല്ലായ്മയും കണ്ടെത്തി ആകസേര എന്നന്നേക്കുമായി അവിടെ നിന്ന് മാറ്റും. ഉയർന്ന പദവിയിലിരിക്കുന്നവരും ഉയർന്ന ശമ്പളം വാങ്ങുന്നവരും നിസംശയം ഈ നിഗ്രഹത്തിന് ഇരയാകും. എല്ലാ ഗൾഫ് രാജ്യങ്ങളിലും സ്വദേശിവത്കരണം സജീവമായി നടപ്പാക്കുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ ആയിരക്കണക്കിന് അറബ് വനിതകൾ തൊഴിൽ രംഗത്തേക്ക് എത്തിയിട്ടുണ്ട്. ഇതെല്ലാം വിദേശികൾക്ക് മുമ്പൊന്നും കാണാത്ത വെല്ലുവിളികളാണ് സധാഹിക്കുക. അങ്ങനെയൊക്കെയാണെങ്കിലും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്കും നിർമാണ മേഖലയിൽ ഉൾപ്പെടെ ചെറിയ വേതനത്തിന് അധ്വാനിക്കാൻ തയാറുള്ളവർക്കും ഗൾഫ് ഇനിയും പ്രാപ്യമാണ്. അതെ സമയം ഇടത്തരം കച്ചവടക്കാർക്കും തട്ടി ഒപ്പിച്ചു മുന്നോട്ട് പോകുന്ന വൈറ്റ് കോളർ ജോലിക്കാർക്കും സീനിയോറിറ്റി ആയുധാമാക്കുന്ന കാരണവന്മാർക്കും വരുംകാലം അത്ര ശുഭകരമാകാൻ വഴിയില്ല.

## പതറാതെ പൊരുതാം

സമ്പത്ത് കാലത്ത് തൈ നടാത്തവരാണ് പ്രവാസികളിൽ ബഹുഭൂരിപക്ഷവും. അത് കൊണ്ട് തന്നെ ആപത്ത് കാലത്ത് പറിക്കാൻ കാ കാണില്ല. ഈ അവസ്ഥയിൽ കൊറോണയുൾപ്പെടെയുള്ള പ്രതിസന്ധി ഭയന്ന് നാട് പിടിക്കുന്നത് അത്ര ഗുണകരമാകില്ല എന്നാണ് പൊതുവിലയിരുത്തൽ. പതിറ്റാണ്ടുകൾ ഗൾഫിലെ വിവിധ സാഹചര്യങ്ങളോട് മല്ലടിച്ചിട്ടും സ്വന്തമായി കൂര പണിയാൻ കഴിയാതെ പോയവരുണ്ട്. മക്കളുടെ വിദ്യാഭ്യാസവും ദൈനംദിന ജീവിത ചെലവുകളും മുന്നോട്ട് പോകാൻ ഒന്നും കരുതി വെച്ചിട്ടില്ലാത്തവരാണ് പ്രവാസികളിൽ സിംഹഭാഗവും. മടങ്ങാൻ തീരുമാനിക്കുമ്പോൾ ജീവിത സായാഹ്നത്തിൽ നാട്ടിലെത്തി പുതുതലമുറയോട് മുട്ടി നിന്ന് സ്വദേശത്ത് ഒരു ജോലി തരപ്പെടുത്താൻ കഴിയുമോ എന്ന ആശങ്ക ഇല്ലാത്തവരുണ്ടാകില്ല.വസ്തുത ഇങ്ങനെയൊക്കെ ആയിരിക്കെ ദുഷ്കരമെങ്കിലും പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ പെരുതുകയല്ലാതെ വേറെ വഴിയില്ല.

അധ്വാനിച്ചുണ്ടാക്കിയ തന്റെ ഫാക്ടറി ജീവിതത്തിന്റെ വാർധക്യ കാലത്ത് അഗ്നിക്കിരയായ വാർത്തയറിഞ്ഞെത്തിയ എഡിസൺ തന്റെ ജീവിത സമ്പാദ്യം കത്തിചാമ്പലായി ഉയർന്ന് പൊങ്ങുന്ന കറുത്ത പുകയുണ്ടകൾ നോക്കി ഇങ്ങനെ പറഞ്ഞു, 'ഓരോ ദുരന്തത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്.' അപ്രകാരം ഈ പ്രതിസന്ധിക്കും അതിന്റേതായ പ്രാധാന്യമുണ്ടെന്ന് മനസിലുറപ്പിച്ച് പ്രതീക്ഷയും നിശ്ചയദാർഢ്യവും മനസിലേന്തി കത്തിക്കുക ●

Contents

# ശൂന്യമായി വിശുദ്ധ ഹറമുകൾ ഭീതിയിൽ വിശന്ന നഗരങ്ങൾ

**വിശുദ്ധ ഹറമുകളും ഗൾഫിലെ ദുബൈ ഉൾപ്പെടെയുള്ള നഗരങ്ങളും കോവിഡ് കാലത്ത് ശൂന്യമായി. രോഗഭീതിയിൽ വിശന്നു വലഞ്ഞ മനുഷ്യാനുഭവങ്ങൾ.**

സൽമാൻ വെങ്ങളം, ഫൈസൽ സി എ, സുഹൈൽ കുറ്റ്യാടി



ഭക്തിയുടെ റമളാൻ വിശുദ്ധിയിൽ പ്രാർഥനകളാൽ തിങ്ങിനിറയുന്ന മക്കത്തുൽ മുകർറമ ഇക്കുറി വിജനമാണ്. റമളാനിൽ ഹറമുകളിൽ കഴിയാൻ കരുതിയുറച്ച് ലോകത്തിന്റെ നാനാദിക്കുകളിൽനി

ന്നുമെത്തുന്ന ഹൃദയങ്ങളുടെ തേങ്ങല്‍ ഏറ്റുവാങ്ങി കഅ്ബ കരയുന്നുണ്ടാകണം. റമളാനിലെ ഹറമും പരിസരവും പതിവിലധികം ജനനിബിഡവും ആവേശജനകവുമാകലാണ് പതിവ്. ഹോട്ടലുകളും ലോഡ്ജുകളും നിറഞ്ഞു കവിയും. സ്വദേശികളും വിദേശികളുമായി പതിനായിരങ്ങളെത്തും. വഴിയോരങ്ങള്‍ നിറയെ കച്ചവടങ്ങള്‍, അലങ്കാരങ്ങള്‍.. ഹറമില്‍ നോമ്പു തുറക്കാനെത്തുന്നവര്‍ മസ്ജിദുല്‍ ഹറമിന്റെ ചുറ്റും ഭവ്യതയോടെ ഇരുന്നു തസ്ബീഹ് ചൊല്ലും. ലക്ഷങ്ങള്‍ മഗ്‌രിബ് ബാങ്കിനായി കാതോര്‍ക്കും. വിശ്വാസികളെ നോമ്പു തുറപ്പിക്കാന്‍ മക്കക്കാര്‍ തിരക്കുകൂട്ടും. ഇഫ്താര്‍ സുപ്രകളില്‍ വിശ്വമാനവികതയുടെ പ്രാര്‍ഥനാമന്ത്രങ്ങളുണരും. പക്ഷേ ഇപ്പോള്‍ ഹറം നിശബ്ദമാണ്, നൂറ്റാണ്ട് ഏറ്റുവാങ്ങുന്ന മഹാമാരിയുടെ ഭീതിയില്‍.

കോവിഡ് 19 നുമായി ബന്ധപ്പെട്ടു സഊദി അറേബ്യയിലെ വിവിധ പ്രവിശ്യകളില്‍ ശക്തമായ മുന്‍കരുതലാണ് സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി ലോക്ക്ഡൗണ്‍ പ്രഖ്യാപിച്ചതോടെയാണ് ഹറമുകളില്‍ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഹൃദയം പിളര്‍ക്കുന്ന ശൂന്യത കാണായത്. നിത്യേന കോവിഡ് 19 കേസുകള്‍ ഉയര്‍ന്നു വന്നു. ഹറം പരിസരത്തെ മിസ്ഫല അജ്‌യാദ്, ജബല്‍ കഅ്ബ, ഗസ്സ, തുടങ്ങിയ ഏരിയയില്‍ കര്‍ശനമായ കര്‍ഫ്യൂ പ്രഖ്യാപിക്കുന്നതോടൊപ്പം വിശുദ്ധ ഹറമിലേക്ക് സമീപ പ്രദേശങ്ങളില്‍നിന്നുപോലും പ്രവേശം വിലക്കി. ഹറമിന്റെ ചുറ്റുപാടുമുള്ള ഉപജീവനം നടത്തുന്ന സ്വദേശികളെയും വിദേശികളെയും കോവിഡ് കാ

ലം ദുരിതത്തിലാക്കി. നോമ്പുകാലത്തു യഥേഷ്ടം ഭക്ഷണം ലഭിച്ചിരുന്നവർ ഇപ്പോൾ വിശപ്പടക്കാൻ സന്നദ്ധ പ്രവർത്തകരെ വിളിക്കേണ്ട സ്ഥിതിയായി.

**നിരവധി പ്രവാസികളുടെ ആശ്രയമായിരുന്നു റമളാനിലെ ഡ്യൂട്ടി. ജോലിഭാരവും സമയദൈർഘ്യവും ഉണ്ടെങ്കിലും കൂടുതൽ വേതനം പ്രതീക്ഷയായിരുന്നു. ഒരു വർഷത്തെ ബാധ്യതകൾ തീർത്തിരുന്നത് റമളാൻ ജോലികൊണ്ടായിരുന്നു പലരും. ഹറം മുറ്റത്തെ പ്രാവുകൾ പോലും തീറ്റ കിട്ടാതെ വിഷമിച്ചു. പുറത്ത് രോഗബാധിതരും ക്വാറന്റൈനിൽ കഴിയേണ്ടിവന്നതും നന്നേ വിഷമിച്ചു.** ചീറിപ്പായുന്ന ആംബുലൻസുകൾ, ഓരോ മുക്കുമൂലകളിലും വിന്യസിക്കപ്പെട്ട രക്ഷാസേനകൾക്കും നടുവിൽ അടുത്തെത്തി നിൽക്കുന്ന അണുബാധയെ ഭയന്ന് ചുറ്റുപാടുകളിൽനിന്ന് മരണ വാർത്തകളും അസുഖ വിവരങ്ങളും കേട്ട് ഭയന്നു കഴിയുകയായിരുന്നു മക്കയിലെ മലയാളികളും.

## ദോഹയിലെ വിഭ്രാന്തി

ഗൾഫുനാടുകളിൽ പതിവിനു വിപരീതമായി നാട്ടിലെ ആവശ്യങ്ങൾക്ക് കൈതാങ്ങാവാൻ ഓടിനടക്കുന്നതിലുമധികം തങ്ങൾക്കിടയിൽ തന്നെയുള്ള കൂട്ടുകാരുടെ കഷ്ടതകൾ നേരിട്ടറിയാനും അടിസ്ഥാന അടിയന്തിര ആവശ്യങ്ങളെങ്കിലും നിറവേറ്റിക്കൊടുക്കാനുമായി സന്നദ്ധ പ്രവർത്തകർ രാവും പകലും കഷ്ടപ്പെടുന്ന ദിവസങ്ങളിലൂടെ കൊറോണക്കാലം കൊണ്ടുപോകുന്നത്. ജോലിയും കച്ചവടങ്ങളും മുടങ്ങി ഭക്ഷണത്തിനുപോലും വകയില്ലാതെ കുടുങ്ങിയവരുടെ ദുരിതങ്ങൾ കേട്ട

റിഞ്ഞതിലുമപ്പുറമാണ്. തൊഴിലന്വേഷകരായും മറ്റാവശ്യങ്ങൾക്കുമായി വിസിറ്റ് വിസയിൽ വന്ന് കുടുങ്ങിയവരും ഫാമിലികളും ഇക്കൂട്ടത്തിലുണ്ട്.

സ്വന്തമായി കഫ്തീരിയ നടത്തിക്കൊണ്ടിരുന്ന ഏതാനും പേർ കടപൂട്ടി റൂമിൽ അകപ്പെട്ട് കഷ്ട ത്തിലാണെന്നറിഞ്ഞ് ഭക്ഷണസാധനങ്ങളുമായി ചെല്ലുമ്പോൾ ഞങ്ങളെയും കാത്ത് ഗേറ്റിന് പുറ ത്തുവന്ന് കൂട്ടമായി കാത്തുനിൽക്കുന്നവരുടെ ദൈന്യത എഴുത്തിൽ വിവരിക്കാവുന്നതല്ല. ഖത്വറിൽ പുതുതായി വന്ന ചെറുപ്പക്കാരൻ പ്രയാസപ്പെടുന്ന വിവരം സുഹൃത്ത് വാട്സാപ്പിലാണ് അറിയിച്ചത്. ഭക്ഷണകിറ്റു കൊണ്ടുവരുന്നതു കണ്ടമാത്രയിൽ ഓടിവന്ന് കൈപ്പറ്റി. ഉടൻ ഫോണെടുത്ത് നാട്ടിലേക്ക് വിളിച്ച്, ഉമ്മാ.. ശാപ്പാടിനുള്ള വകയായി എന്ന് ആഹ്ലാദത്തോടെ പറയുന്നത് കണ്ടു. ഉള്ളുവിറച്ചു, ആ കുട്ടി അൽപം ഭക്ഷണത്തിന് എന്തുമാത്രം കാത്തിരുന്നിരിക്കണമെന്നോർത്ത്. നാട്ടുകാരനിലൊരാൾ കോവിഡ് ബാധിച്ച് പ്രയാസത്തിലാണെന്നും ചികിത്സ കിട്ടാൻ ഇടപെടണമെന്നുമുള്ള മറ്റൊരു വിളികിട്ടി. വിളിച്ചപ്പോൾ കൊറോണക്കാലത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ തൊഴിലാളിക്ക് രോഗം സ്ഥിരീകരിച്ച റസ്റ്റോറന്റിലെ ജോലിക്കാരനാണ് ആ 38കാരൻ. നാട്ടുകാരനാണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന് സന്തോഷവും ആശ്വാസവും. രണ്ടു തവണ ആംബുലൻസ് വരുത്തി ഹോസ്പിറ്റലിൽ പോയി ടെസ്റ്റു നടത്തി. നഗറ്റീവായിരുന്നു ഫലമെന്നു മനസിലാക്കി. പക്ഷേ കോവിഡ് പേടിച്ചു മാനസിക വിഭ്രാന്തി കാരണം ഉറക്കം നഷ്ടപ്പെട്ടതായിരുന്നു പ്രശ്നം. ടീമംഗങ്ങൾ ആശ്വസിപ്പിക്കാൻ

ശ്രമിച്ചെങ്കിലും കൊച്ചു കുട്ടിയെപ്പോലെ പലതും പറഞ്ഞു കരയുകയായിരുന്നു. ഒടുവിൽ ഹോസ്പിറ്റലിലെ പരിചയക്കാരന്റെ സ്വാധീനത്തിൽ ഒരിക്കൽ കൂടി കോവിഡ് പരിശോധന നടത്തി നെഗറ്റീവ് റിസൽട്ട് സ്വന്തം ഫോണിലേക്ക് സന്ദേശമായി എത്തിയതോടെയാണ് അദ്ദേഹം സാധാരണ സ്ഥിതിയിലേക്ക് മടങ്ങിയത്.

## ദുബൈ ദേര നായിഫ്

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ദുബൈയിലെ ദേര ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ രോഗഭീതിയുടെ വ്യാപനം വളരെ വലുതായിരുന്നു. രോഗവ്യാപനം തടയാൻ ഗവൺമെന്റ് കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നതോടെ മാളുകളും മസ്ജിദുകളും പൂർണമായും പൂട്ടിയിട്ടു. കടകളും കമ്പനികളും ഭാഗികമായോ പൂർണമായോ അടഞ്ഞുകിടന്നു. പാതിരാവിലും വിജനമാകാത്ത തെരുവുകൾ തരിമ്പുപോലും മനുഷ്യമണമില്ലാതെ നിലച്ചുപോയി. മണിക്കൂറുകളോളം അലഞ്ഞാൽ പോലും കിട്ടാറില്ലാത്ത പാർക്കിംഗ് സ്ലോട്ടുകൾ ആവശ്യക്കാരില്ലാതെ തനിച്ചുകിടന്നു.

രോഗത്തെക്കുറിച്ചും അതിനെ പ്രതിരോധിക്കാനുള്ള മാർഗത്തെക്കുറിച്ചും തുടക്കം മുതലേ ആരോഗ്യ-പ്രതിരോധ മന്ത്രാലയങ്ങൾ ജനങ്ങളെ ബോധവത്കരിച്ചുകൊണ്ടിരുന്നു. മരുന്ന് കണ്ടുപിടിക്കാത്ത ഈ രോഗത്തെ ചെറുക്കാൻ സുരക്ഷിത സ്ഥലത്ത് ശുചിത്വത്തോടെ കഴിയാൻ നിരന്തരം നിർദേശിച്ചുകൊണ്ടിരിക്കുന്നു. പോലീസ് വാഹനങ്ങളിലൂടെ മലയാളം ഉൾപ്പെടെയുള്ള വ്യത്യസ്ത

ഭാഷകളിൽ വീട്ടിൽ ഇരിക്കൂവെന്ന് ഉണർത്തിക്കൊണ്ടിരുന്നു. നായിഫ് പോലെയുള്ള പ്രദേശത്തുനിന്ന് കോവിഡിനെ തുരത്തി ഒരൊറ്റ കേസ് പോലും റിപ്പോർട്ട് ചെയ്യാത്ത സ്ഥിതിയിലേക്ക് കൊണ്ടെത്തിച്ച സമാനതകളില്ലാത്ത നേട്ടത്തിന്റെ നെറുകയിലാണ് യുഎഇയും ദുബൈയും ഇന്നുള്ളത്.

മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്ന അബ്ദുറഹീം പുകയൂർ പറഞ്ഞതിങ്ങനെയാണ്, 'മാർച്ച് പകുതിക്കുശേഷം ക്ലിനിക്കുകളിൽ ജനങ്ങളുടെ അനിയന്ത്രിതമായ തിരക്ക് അനുഭവപ്പെട്ടുതുടങ്ങി. കാലാവസ്ഥാ വ്യതിയാനം മൂലമോ മറ്റോ സാധാരണയായി അനുഭവപ്പെടുന്ന ചുമ, പനി, ജലദോഷം, തലവേദന തുടങ്ങിയ ശാരീരിക അസ്വസ്ഥതകൾ പോലും കോവിഡ് ബാധയുടെ ഭാഗമാണോയെന്ന വിചാരം ജനങ്ങളിൽ കൊടുമ്പിരികൊണ്ടിരുന്നു. ഇതാണ് ക്ലിനിക്കുകളിലേക്കുള്ള തള്ളിക്കയറ്റത്തിനു കാരണമാക്കിയത്.'

പ്രവാസികളിൽ അധികപേരും ഒന്നിച്ചു വസിക്കുന്ന ബാച്ചിലർറൂമുകളിൽ സാമൂഹിക അകലം പാലിക്കുന്നതിനു പരിമിതികളുണ്ട്. **എട്ടും പത്തും അതിലധികവും ആളുകൾ താമസിക്കുന്ന ബാച്ചിലർ റൂമുകളിൽ അനുഭവപ്പെടുന്ന നിസഹായത ഓരോരുത്തരുടെയും മനസിൽ ഉണ്ടാക്കിയ സംഘർഷം ചെറുതല്ല. സാമൂഹിക മാധ്യമങ്ങളിലൂടെ പങ്കുവെക്കപ്പെട്ട രോഗബാധിതരുടെ വേദനകളും വാർത്തകളിലൂടെ അറിഞ്ഞ മരണനിരക്കിന്റെ ഉയർച്ചയും ജനങ്ങളിൽ ഭയത്തിന്റെ ആക്കം കൂട്ടി.**

ബാച്ചിലർറൂമുകളിലും കെട്ടിടങ്ങളിലും പുതിയ ആളുകൾക്ക് താമസം അനുവദിക്കുന്നതുപോയിട്ട്

സന്ദർശകരെ പോലും കയറ്റാതെയായി. എന്നാൽ രോഗം പടരുന്ന ദുബൈയുടെ ചില പ്രദേശങ്ങളിൽ നിന്ന് നേരത്തേതന്നെ ചിലർ മറ്റു എമിറേറ്റുകളിലേക്ക് താമസം മാറിയിരുന്നു. പേടിച്ചു പുറത്തു പോകാതെ റൂമിൽതന്നെ കഴിയേണ്ടിവരുമ്പോഴും കൂടെ താമസിക്കുന്ന ജോലിയുള്ളവരോട് പുറത്തു പോകേണ്ടെന്നു പറയാൻ കഴിയാത്ത നിസഹായ അവസ്ഥയായിരുന്നു. പുറത്തുപോകുന്നവരിൽ തന്നെ കൃത്യമായ സുരക്ഷാസംവിധാനങ്ങൾ ധരിക്കാതെ 'എനിക്കൊന്നും ഇതു പിടിപെടില്ല' എന്ന തരത്തിലുള്ള സമീപനമുള്ളവർ മറ്റുള്ളവരെ ശരിക്കും കുഴക്കി.

## ബാച്ച്‌ലർ റൂമുകൾ

രോഗം സ്ഥിരീകരിച്ചെന്ന വിവരം ഞെട്ടലോടെ അറിഞ്ഞാൽ തന്റെ റൂമിൽ ഇതെങ്ങനെ അവതരിപ്പിക്കുമെന്നറിയാതെ പലരും വിഷമിച്ചു. പലപ്പോഴും രോഗിയെ ആശുപത്രിയിലേക്ക് മാറ്റുന്നതുവരെ റൂമിൽ തന്നെ ദിവസങ്ങളോളം കഴിയേണ്ടി വരുന്ന അവസ്ഥയാണ്. അതുവരെ കിച്ചണും ബാത്ത്റൂമുമൊക്കെ ഷെയർ ചെയ്തുകൊണ്ട് ശ്വാസം അടക്കിപ്പിടിച്ചാണ് രോഗിയും കൂടെയുള്ളവരും കഴിയുന്നത്. രോഗം ബാധിച്ചവരിൽനിന്ന് മറ്റുള്ളവർ സ്വാഭാവികമായി പാലിക്കുന്ന അകലവും അവരോടുള്ള മനോഭാവത്തിലെ വ്യതിയാനവും തെല്ലൊന്നുമല്ല രോഗികളെ മാനസികമായി തളർത്തുന്നത്. കോവിഡ് ബാധിച്ചു ആശുപത്രിയിൽ കഴിയുന്ന ഒരാൾ സങ്കടത്തോടെ പറഞ്ഞുതീർത്തതിങ്ങനെയാണ്. 'രോഗം പിടിപെട്ടുവെന്നറിഞ്ഞു ജീവിത

ത്തിൽ ഇതുവരെ ബന്ധപ്പെടാത്തവർ പോലും വാട്സാപ്പ് വഴിയും മറ്റും അന്വേഷണത്തിനുവന്നു. നാട്ടിലെ കുടുംബം അറിഞ്ഞാൽ ഉണ്ടാകുന്ന വിഷമം പോലും ഓർക്കാതെ ഇത്തരക്കാർ നാട്ടിലെ പൊതുഗ്രൂപ്പുകളിൽപോലും രോഗബാധിതനായ തന്റെ വിവരങ്ങൾ ഷെയർ ചെയ്തു'.

തന്റെ റൂമിൽ രോഗം സ്ഥിരീകരിച്ച ഒരാൾ ഉള്ളതുകൊണ്ട് ബാൽകണിയിൽ ഇരുന്നു കരഞ്ഞുകൊണ്ട് നേരം വെളുപ്പിച്ച തരത്തിലുള്ള സമാനമായ അനുഭവങ്ങൾ സാധാരണയായിരിക്കുന്നു. തൊട്ടുരുമ്മി സഹവസിച്ചിരുന്നവർക്ക് രോഗം പിടിപെട്ടതുകൊണ്ട് തങ്ങൾക്കുകൂടി രോഗം പിടിപെട്ടിട്ടുണ്ടോയെന്ന ഉൾഭയം കോവിഡ് ടെസ്റ്റ് ചെയ്യാൻ എല്ലാവരെയും നിർബന്ധിതരാക്കുന്നു.

## ഫാമിലി/വിസിറ്റ് വിസക്കാർ

ഫാമിലിയായി താമസിക്കുന്നവരിൽ ജോലി നഷ്ടപ്പെട്ടവർക്ക് വാടക നൽകാൻ കഴിയാതെ കഷ്ടപ്പെടുന്നു. അങ്ങനെയുള്ളവർക്ക് അടുപ്പ് പുകക്കാൻ പോലും കഴിയാതെയായിരിക്കുന്നു. ഫീസ് അടക്കാത്തതുമൂലം കുട്ടികൾക്ക് സ്കൂൾ ഇ-വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. ഷെയറിംഗ് താമസത്തിലുള്ള ഫാമിലിയിലെ ഭർത്താവിന് രോഗം സ്ഥിരീകരിച്ചതുകൊണ്ട് റൂമിൽനിന്ന് ഇറക്കിവിട്ട ഭാര്യയും കുഞ്ഞും താമസമന്വേഷിച്ചു അവസാനം ഹോട്ടലിലേക്ക് മാറേണ്ടിവന്ന ദുരവസ്ഥയുണ്ടായി. ഭർത്താവ് ആശുപത്രിയിലായതുമൂലം പല ഭാര്യമാരും കുട്ടികളോടൊപ്പം ആവലാതിയോടെ ഒറ്റപ്പെട്ടു കഴിയുകയാണ്. ഒരു മാസത്തിനും രണ്ടു മാ

സത്തിനും ഫാമിലിയെ കൊണ്ടുവന്നവർ അവരെ നാട്ടിലേക്ക് തിരിച്ചുവിടാൻ കഴിയാനാകാതെ ബഡ്ജറ്റിൽ ഇല്ലാത്ത അധിക വാടക ഓരോ മാസവും നൽകേണ്ടിവരുന്നു. ജോലി ആവശ്യാർഥം വിസിറ്റ് വിസയിൽ വന്നു ജോലി ആകാതെ റൂമുകളിൽ കഴിയുന്ന അനവധി പേർ റൂമിന്റെ വാടകയും മെസ്സിന്റെ ബില്ലും നൽകാനാകാതെ ദുരിതത്തിലാണ്.

## വിശപ്പിന്റെ വിളി

സുരക്ഷാ നടപടിയുടെ ഭാഗമായി പല കെട്ടിടങ്ങളും അധികാരികൾ അടച്ചതോടെ അകത്തേക്കും പുറത്തേക്കുമുള്ള സഞ്ചാരം നിലച്ചു. ഭക്ഷണം പാകം ചെയ്യാൻ സൗകര്യമില്ലാത്ത റൂമുകൾക്ക് ഹോട്ടലുകളെ ആശ്രയിക്കാൻ കഴിയാതെയായി. രോഗം സ്ഥിരീകരിച്ച റൂമുകളിലേക്ക് ഭക്ഷണം ഡെലിവറി ചെയ്യാൻ ഷോപ്പുകൾ വിസമ്മതിച്ചു. ലോക്ക് ഡൗൺ ചെയ്ത പ്രദേശങ്ങളിൽ പൈസ ഉള്ളവനും ഇല്ലാത്തവനും സമമായി. **ഒരോനേരവും ഭക്ഷണത്തിനുവേണ്ടി ജനങ്ങൾ വരിനിൽക്കുന്ന കാഴ്ച വേദനാജനകമായിരുന്നു. ദിനേന നൂറുകണക്കിനു ഭക്ഷണമാണ് മൂന്നുനേരവും എല്ലാവർക്കുമായി ഗവൺമെന്റ് തയാറാക്കിയത്. ദുബൈപോലീസിന്റെ പ്രത്യേക യൂണിഫോം ധരിച്ചുകൊണ്ട് വിവിധ സംഘടനകളുടെ കീഴിലായി ഈ ഭക്ഷണം വിതരണം ചെയ്യാൻ സന്നദ്ധസേവകർ കർമനിരതമായിരുന്നു.**

സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ പ്രയാസമനുഭവിക്കുന്ന ബാച്ചിലർ റൂമുകളിലും ഫാമിലിറൂമുകളിലും ഭക്ഷണവും അവശ്യസാധനങ്ങളുടെ കിറ്റും എത്തിച്ചു കൊ

ണ്ടിരിക്കുന്നു. ഭക്ഷണവും അവശ്യസാധനങ്ങളും എത്തിക്കുമ്പോൾ പ്രതീക്ഷയോടെ കാത്തിരിക്കുന്നവരുടെ കണ്ണിൽ നിന്ന് വായിച്ചെടുക്കാൻ കഴിയുന്ന ദയനീയതയും കണ്ണുനീർ തുള്ളികളോടെ ലഭിക്കുന്ന പ്രാർഥനയുമാണ് സന്നദ്ധസേവകരെ ഈ ഭീതിക്കിടയിലും മുന്നിട്ടിറങ്ങാൻ പ്രേരിപ്പിക്കുന്നത്.

## തൊഴിലും കുടുംബവും

നിശ്ചിത ശതമാനം തൊഴിലാളികളെ വെച്ചുമാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളൂ എന്ന നിയന്ത്രണം ഭൂരിപക്ഷം പ്രവാസികളുടെയും ജോലിയെ സാരമായി ബാധിച്ചു. ശമ്പളം കുറച്ചും പൂർണമായും നിഷേധിച്ചും അറിയിപ്പുകൾ ലഭിച്ചു കൊണ്ടിരിക്കുകയാണ്. ചില കമ്പനികൾ വാർഷിക അവധിയുള്ളവരോട് അതിലേക്ക് പ്രവേശിക്കാൻ അറിയിച്ചു. വിമാന സർവീസുകൾ ആരംഭിച്ചുകഴിഞ്ഞാൽ നാട്ടിലേക്ക് പോകാൻ നിർദേശിക്കപ്പെട്ടവരും കുറവല്ല. ദിവസങ്ങളായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ സംരംഭകർക്ക് വരുത്തിയ നഷ്ടം എണ്ണിത്തിട്ടപ്പെടുത്താവതല്ല.

നാട്ടിലുള്ള കുടുംബക്കാർക്ക് പ്രവാസിയെക്കുറിച്ച് ആശങ്കയാണ്. അനുദിനം ലഭിച്ചുകൊണ്ടിരിക്കുന്ന പ്രവാസവാർത്തകളിൽ മനംനൊന്ത് പ്രിയപ്പെട്ടവരുടെ വിവരങ്ങൾ തുടരെത്തുടരെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. വിമാനം ആരംഭിച്ചാൽ എങ്ങനെയെങ്കിലും നാട്ടിലേക്ക് വരൂ എന്നാണവർക്ക് പറയാനുള്ളത്. പക്ഷേ നാട്ടിലേക്കുപോയാൽ ഇനിയെന്ന് തിരിച്ചുവരാൻ

കഴിയുമെന്ന ചോദ്യവും എന്ത് ചെയ്താണ് ജീവിക്കുകയെന്ന ചോദ്യവും ബാക്കിയാണ്. ജീവൻ ഉണ്ടെങ്കിലല്ലേ ജോലിയുള്ളൂവെന്ന ഉത്തരത്തിൽ പിടിച്ചാണ് പലരും വിമാനം പറക്കുന്നത് കാത്തിരിക്കുന്നത്.

## സന്നദ്ധസേവകർ

കോവിഡ് കാലത്ത് മനുഷ്യൻ നിസഹായതയുടെ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ സാന്ത്വനത്തിന്റെയും കാരുണ്യത്തിന്റെയും തലോടലുമായി നിരവധി സംഘടനകൾ സന്നദ്ധ സേവനത്തിന് മുന്നിട്ടിറങ്ങി. തങ്ങളുടെ ജീവൻ പോലും അപകടത്തിലായേക്കാവുന്ന ഹോട്ട് സ്പോട്ടുകളിൽ പോലും ഇവർ സജീവമായി. മനുഷ്യൻ പ്രയാസത്തിന്റെയും പ്രതിസന്ധിയുടെയും കണ്ണീരിൽ അകപ്പെടുമ്പോൾ മാനുഷികമായിട്ടുള്ള ഇടപെടലുകൾ സാമൂഹികമായ ദൗത്യമാണെന്ന ബോധ്യമാണ് വിവിധ സംഘടനകളെ ഈ മേഖലയിൽ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത്. സേവന പ്രവർത്തകരിൽ ചിലർക്ക് കോവിഡ് ബാധിച്ചപ്പോഴും പതറാതെ ആത്മധൈര്യത്തോടെ കൂടെയുള്ളവർ പ്രവർത്തിച്ചു.

## ഇഫ്താർ

റമളാൻ മാസത്തിൽ സാധാരണയായി ഓരോ പള്ളിയിലും ആയിരത്തിലധികം ഭക്ഷണങ്ങളാണ് വിതരണം ചെയ്തിരുന്നത്. പള്ളികൾ അടച്ചിട്ടിരിക്കുന്നതോടെ ഇത് കൈപറ്റിയിരുന്നവരെല്ലാം അനാഥരായി. റമളാനിലെ ദിവസങ്ങൾ പിന്നിട്ടി

ട്ടും കുബ്ബൂസിന്റെ കഷണം കൊണ്ട് നോമ്പ് നോറ്റുവരുന്ന ഒരാൾക്ക് ഭക്ഷണമെത്തിച്ച ഇസ്മായിൽ കൊടിഞ്ഞിയെന്ന ആർ എസ് സി പ്രവർത്തകന്റെ സോഷ്യൽ മീഡിയയിൽ പ്രചരിച്ച വോയ്സ് ക്ലിപ്പ് കരളുരുകുന്നതാണ്.

ഈയൊരു സാഹചര്യം മുൻകൂട്ടി മനസിലാക്കിയാണ് യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം 10 മില്യൺ ഭക്ഷണം നൽകുന്ന ക്യാംപയിനു തുടക്കം കുറിച്ചത്. ഇഫ്താർ വിഭവങ്ങൾ എല്ലാവർക്കും നേരിട്ടു കൈകളിൽ എത്തിച്ചുകൊണ്ട് റമളാൻ മാസത്തിൽ ഒരാളും വിശപ്പുമൂലം പ്രയാസപ്പെടാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിച്ചുകൊണ്ടിരുന്നു ●



# ജീവിത പ്രതിസന്ധികളെ അതിജയിക്കാം

**പ്രതിസന്ധികളുടെ ആഴികളിൽ നിന്ന് പ്രതീക്ഷകളുടെ കരയിലേക്ക് തുഴഞ്ഞെത്തുന്നത് ഇച്ഛാശക്തിയാണ്.**

**ഇ എം എ ആരിഫ് ബുഖാരി**

‘അല്ലയോ വിശ്വസിച്ചവരേ, ഇസ്‌ലാമിൽ സമ്പൂർണമായി പ്രവേശിക്കുവിൻ. പിശാചിന്റെ കാൽപാടുകളെ പിന്തുടരാതിരിക്കുവിൻ. അവൻ നിങ്ങളുടെ തെളിഞ്ഞ ശത്രുവല്ലോ’ (ഖുർആൻ 2: 208)

മനുഷ്യന്റെ പ്രത്യക്ഷ ശത്രുവായി വിശുദ്ധ ഖുർആനിൽ പരിചയപ്പെടുത്തപ്പെട്ട ചില അഭൗതികശക്തികളുണ്ട്. ഒന്ന് ഇബ്‌ലീസ്, രണ്ടാമതൊരു തരം ശക്തിയുണ്ട്. അവ ശയാത്വീൻ എന്നറിയപ്പെടുന്നു. ഇബ്‌ലീസിന്റെ സന്തതികളാണ് ശയാത്വീൻ എന്നു ചിലർ പറഞ്ഞിട്ടുണ്ട്. ജിന്നുകൾ എന്ന പേരിൽ മറ്റൊരു വർഗമുണ്ടല്ലോ. അവരിൽ നല്ലവരും ചീത്തയുമുണ്ട്. ചീത്ത ജിന്നുകളാണ് ശയാത്വീൻ എന്നു പറഞ്ഞു ചില പണ്ഡിതർ. മനുഷ്യരിലെയും ജിന്നുകളിലെയും ജന്തുക്കളിലെയും ദുഃസ്വഭാവക്കാരെയും ദുഷ്പ്രവണതയുള്ളവരെയും ശയാത്വീൻ എന്ന് വിളിക്കാറുണ്ട്. എന്തായാലും ശയാത്വീനും മനുഷ്യന്റെ ശത്രുതന്നെയാണ്.

ഈ ശത്രുക്കൾ എന്തിന് എന്നു ചിലരെങ്കിലും സംശയിക്കാറുണ്ട്. യഥാർഥത്തിൽ ഈ ലോകത്തെ അല്ലാഹു നിശ്ചയിച്ചത്  പരീക്ഷണത്തിന്റെ ഒരിടമായിട്ടാണല്ലോ.

'മരണവും ജീവിതവുമുണ്ടാക്കിയവൻ-നിങ്ങളിൽ ആരാണ് ഭംഗിയായി പ്രവർത്തിക്കുന്നതെന്ന് പരീക്ഷിക്കാൻ' (ഖുർആൻ 67: 2). മനുഷ്യന്റെ ധാർമികമായ വളർച്ച എത്ര മാത്രമാണെന്നാണ് ഇവിടെ വെച്ച് പരീക്ഷിക്കപ്പെടുന്നത്. അത്തരത്തിൽ ഒരു വളർച്ച പ്രതിസന്ധികളുടെ വെളിച്ചത്തിൽ മാത്രമേ സ്ഥാപിതമാവുകയുള്ളൂ.

പടിഞ്ഞാറ് നിന്ന് കാറ്റടിക്കുന്നു എന്നു വെക്കുക ഒരു തൂവൽ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് പാറും. ഇവിടെ കാറ്റിൽ പാറുന്ന തൂവലിന് മറ്റൊന്നും ചെയ്യാൻ കഴിയില്ലല്ലോ. കിഴക്കോട്ട് കാറ്റടിച്ചപ്പോൾ കിഴക്കോട്ട് പാറിയ തൂവലിനെപ്പറ്റി അത് സ്വന്തമായി എന്തെങ്കിലും ചെയ്തു എന്ന് പറയാവതല്ല. ഇനി ആ തൂവൽ ഇച്ഛാശക്തിയോടെ കിഴക്കോട്ട് കാറ്റടിച്ചപ്പോൾ പടിഞ്ഞാറോട്ട് പാറിയെന്നു വെക്കുക, നിശ്ചയമായും തൂവൽ സ്വന്തമായി പ്രവർത്തിച്ചു എന്ന് പറയാം. അതെ, പ്രതിസന്ധികളുടെയും തടസങ്ങളുടെയും മുമ്പിൽ ഇച്ഛാശക്തിയോടെ അതിജീവിക്കുന്നതിനാണ് വിലയും നിലയുമെന്ന് മനസിലായല്ലോ. അതുപോലെത്തന്നെയാണ് നമ്മുടെ പ്രവർത്തനങ്ങളും തെളിയിക്കപ്പെടേണ്ടത്. പിശാചുക്കളുടെ പ്രലോഭനങ്ങളിൽ വീണുപോകാതെ നാം പ്രവർത്തനനിരതരാകണം. അതാണ് നമ്മൾ ഈ പരീക്ഷണത്തിൽ ജയിക്കുന്നു എന്നതിന്റെ മാനദണ്ഡം. ആകയാൽ പിശാച്, ശരീരേച്ഛകൾ

തുടങ്ങിയ വഴി തടസങ്ങളെ, ജീവിതം അർഥവത്താക്കാനുള്ള സംവിധാനത്തിന്റെ ഭാഗമായിട്ടാണ് നാം കാണേണ്ടത്.

## ഇബ്‌ലീസ് ഒരു പ്രലോഭകനാണ്

മനുഷ്യനെ നാം, വരണ്ടതും ഗന്ധമുള്ളതുമായ കറുത്ത കളിമണ്ണിൽനിന്നു സൃഷ്ടിച്ചു. അതിനുമുമ്പ് ജിന്നുകളെ നാം തീജ്വാലയിൽനിന്നു സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. നിങ്ങളുടെ റബ്ബ് മലക്കുകളോട് ഇപ്രകാരം പറഞ്ഞത് ഓർക്കുവിൻ: 'വരണ്ടതും ഗന്ധമുള്ളതുമായ കറുത്ത കളിമണ്ണിൽനിന്നു ഞാൻ മനുഷ്യനെ സൃഷ്ടിക്കുന്നുണ്ട്. സൃഷ്ടി പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങളെല്ലാം അവന്റെ മുമ്പിൽ പ്രണാമത്തിൽ വീഴണം.' അങ്ങനെ മലക്കുകളൊക്കെയും പ്രണാമം ചെയ്തു, -ഇബ്‌ലീസ് ഒഴിച്ച്. അവൻ പ്രണാമം ചെയ്യുന്നവരുടെ കൂടെ ചേരാൻ വിസമ്മതിച്ചു. റബ്ബ് ചോദിച്ചു: 'ഹേ ഇബ്‌ലീസ്, പ്രണാമം ചെയ്തവരുടെ കൂടെ ചേരാതിരിക്കാൻ നിനക്കെന്തു കാര്യം?' അവൻ പറഞ്ഞു: 'വരണ്ടതും ഗന്ധമുള്ളതുമായ കറുത്ത കളിമണ്ണിൽനിന്നു സൃഷ്ടിച്ച മനുഷ്യനെ പ്രണമിക്കാൻ ഞാനില്ല.' റബ്ബ് കൽപിച്ചു: 'ശരി, എങ്കിൽ നീ ഇവിടെനിന്നു പുറത്തുപോവുക. എന്തുകൊണ്ടെന്നാൽ നീ ആട്ടിയ കറ്റപ്പെട്ടവനാകുന്നു. ഇനി പ്രതിഫലം നൽകുന്ന നാൾവരെ നിന്നിൽ ശാപമുണ്ട്. 'അപ്പോൾ അവൻ അപേക്ഷിച്ചു: 'എന്റെ നാഥാ, അങ്ങനെയാണെങ്കിൽ, ഇനി മനുഷ്യർ പുനരുജ്ജീവിപ്പിക്കപ്പെടുന്ന ദിനം വരെ എനിക്ക് അവസരം നൽകേണമേ!'

അവൻ അരുളി: 'ശരി, നിനക്കവസരമുണ്ട്; കാലം നിർണയിക്കപ്പെട്ട ആ ദിനം വരെ.' അവൻ പറഞ്ഞു: 'നാഥാ, നീ എന്നെ പിഴപ്പിച്ചുവല്ലോ. അതുപോലെ ഇനി, ഭൂമിയിൽ ഞാനവർക്ക് കൗതുകങ്ങൾ കാണിച്ചുകൊടുക്കും. സകലരെയും പിഴപ്പിക്കുകയും ചെയ്യും (ഖുർആൻ15:39). **പിശാച് മനുഷ്യനെ കൗതുകങ്ങൾ കാണിച്ച് പ്രലോഭിപ്പിക്കുമെന്ന് ഈ സൂക്തഭാഗങ്ങളിൽ നിന്ന് വ്യക്തമാണല്ലോ. തെറ്റുകളെയും കുറ്റങ്ങളെയും ന്യായീകരിക്കാൻ ആവശ്യമായ ആശയങ്ങൾ നിർമിച്ചുണ്ടാക്കിയും അവയെ ആകർഷകമാക്കി തോന്നിപ്പിച്ചും പിശാച് പണിയെടുക്കുന്നതാണ്.**

പിശാചിന്റെ പ്രലോഭനത്തിന്റെ രൂപം തുറന്നു കാണിക്കുന്ന ഖുർആൻ പരാമർശം വായിക്കുക:

'പിന്നീട് ചെകുത്താൻ അവരെ വഞ്ചിച്ചു-അവരിൽ പരസ്പരം മറയ്ക്കപ്പെട്ടിരുന്ന നഗ്നതകൾ വെളിപ്പെടുത്താൻ. അവൻ അവരോടു പറഞ്ഞു: 'റബ്ബ് ഈ വൃക്ഷം നിരോധിച്ചിട്ടുള്ളത്, നിങ്ങൾ മലക്കുകളായിത്തീരുകയോ നിത്യജീവിതം കൈവരിക്കുകയോ ചെയ്യാതിരിക്കേണ്ടതിനു മാത്രമാകുന്നു.' 'ഞാൻ നിങ്ങളുടെ ഗുണകാംക്ഷി'യെന്ന് അവൻ അവരോട് ആണയിടുകയും ചെയ്തു. ഇവ്വിധം മോഹിപ്പിച്ച്. അവൻ അവരെ പാട്ടിലാക്കി. അങ്ങനെ ആ വൃക്ഷഫലം രുചിച്ചപ്പോൾ ഇരുവർക്കും അവരുടെ നഗ്നത വെളിപ്പെട്ടു. അവർ ഉദ്യാനത്തിലെ ഇലകൾകൊണ്ട് താന്താങ്ങളുടെ നഗ്നത മറയ്ക്കാൻ തുടങ്ങി. അപ്പോൾ റബ്ബ് അവരോട് വിളിച്ചുചോദിച്ചു: 'ഞാൻ ഈ വൃക്ഷം നിങ്ങൾക്കു വിലക്കിയിരുന്നില്ലേ? ചെകുത്താൻ നിങ്ങളുടെ തെളിഞ്ഞ ശത്രുവാണെന്നു പറയുകയും ചെയ്

തിരുന്നില്ലേ?' ഇരുവരും കേണുതുടങ്ങി: 'നാഥാ! ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തുപോയി. ഇനി നീ ഞങ്ങൾക്കു മാപ്പരുളുകയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നശിച്ചുപോകും.' (ഖുർആൻ 7:20-23)

സാത്താൻ അല്ലാഹുവിനോട് പറഞ്ഞിട്ടുണ്ടായിരുന്നു: 'നിന്റെ ദാസന്മാരിൽനിന്ന് ഒരു നിശ്ചിത വിഭാഗത്തെ തീർച്ചയായും ഞാൻ പിടിച്ചെടുക്കുകതന്നെ ചെയ്യും. ഞാനവരെ വഴിപിഴപ്പിക്കും. തീർച്ചയായും ഞാനവരെ വ്യാമോഹങ്ങളിലകപ്പെടുത്തും. ഞാനവർക്ക് ആജ്ഞനൽകും. എന്റെ ആജ്ഞാനുസാരം അവർ കാലികളുടെ കാതുകൾ കീറും. ഞാനവരോട് ആജ്ഞാപിക്കും. എന്റെ ആജ്ഞയനുസരിച്ച് അവർ അല്ലാഹുവിന്റെ സൃഷ്ടിയെ അലങ്കോലപ്പെടുത്തും. അല്ലാഹുവിനെക്കൂടാതെ, ഈ സാത്താനെ മിത്രവും രക്ഷകനുമാക്കുന്നവൻ സ്പഷ്ടമായ നഷ്ടത്തിലകപ്പെട്ടതുതന്നെ. അവൻ അവരോട് വാഗ്ദാനങ്ങൾ ചെയ്യുന്നു. അവരിൽ വ്യാമോഹങ്ങൾ ജനിപ്പിക്കുന്നു. പക്ഷേ, സാത്താന്റെ വാഗ്ദാനങ്ങളത്രയും വെറും വഞ്ചനയല്ലാതൊന്നുമല്ല.(ഖുർആൻ 4: 119-121). കണ്ടില്ലേ? വ്യാമോഹങ്ങളുണ്ടാക്കിയാണ് ഇത് സാധിക്കുന്നതെന്ന്? തെറ്റും കുറ്റവും നീചവും നികൃഷ്ടവുമായ കാര്യങ്ങളെ അവയുടെ മനുഷ്യ വിരുദ്ധമായ വശങ്ങളെ പുറത്തു കാണാത്ത വിധം പൊടിപ്പും തൊങ്ങലും വെച്ച് ആകർഷിക്കുന്നത് പിശാചിന്റെ സ്ഥിരമായ പ്രവർത്തനശൈലിയത്രെ.

## ദുർബലമായ സ്വാധീനം

പിശാച്, ശൈത്വാൻ എന്നൊക്കെ കേൾക്കുമ്പോഴേക്കും മറികടക്കാനാവാത്ത ശത്രു എന്ന് പേടിച്ചു പോകരുത്. മറിച്ച് അവയെ അതിജയിക്കാനുള്ള ഇഛാശക്തിയും അതിനുള്ള മാർഗവും നമുക്ക് നൽകപ്പെട്ടിട്ടുണ്ട്. നമ്മുടെ വിശ്വാസദാർഢ്യതക്കു മുമ്പിൽ പിശാചിന്റെ കെണിവലകൾ നിഷ്പ്രഭമാണ്. ഖുർആൻ പറയട്ടെ

'അവൻ പറഞ്ഞു: നാഥാ, നീ എന്നെ പിഴപ്പിച്ചുവല്ലോ. അതുപോലെ ഇനി, ഭൂമിയിൽ ഞാനവർക്ക് കൗതുകങ്ങൾ കാണിച്ചുകൊടുക്കും. സകലരെയും പിഴപ്പിക്കുകയും ചെയ്യും അവരിൽ നീ പ്രത്യേകം തിരഞ്ഞെടുത്ത അടിമകളെയൊഴികെ' അവൻ അരുളി: ഇതാണ് നേരെ എന്നിലേക്കെത്തിച്ചേരാനുള്ള മാർഗം. എന്റെ യഥാർഥദാസന്മാരിൽ നിനക്കു സ്വാധീനമുണ്ടാകുന്നതല്ല. നിന്നെ പിന്തുടർന്ന വഴിപിഴച്ചവരിൽ മാത്രമേ നിന്റെ സ്വാധീനം ഫലിക്കുകയുള്ളൂ. നരകമാകുന്നു അവർക്കെല്ലാവർക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ളത് (ഖുർആൻ 15:38-43).

'സത്യവിശ്വാസം കൈക്കൊള്ളുകയും തങ്ങളുടെ റബ്ബിങ്കൽ ഭരമേൽപിക്കുകയും ചെയ്ത ആളുകളിൽ ചെകുത്താന് സ്വാധീനമില്ല. ചെകുത്താനെ രക്ഷാധികാരിയായി വരിക്കുകയും അവന്റെ വഞ്ചനയിൽപ്പെട്ട് അല്ലാഹുവിന് പങ്കാളികളെ കൽപിക്കുകയും ചെയ്ത ജനങ്ങളിൽ മാത്രമേ അവന്റെ സ്വാധീനം ഫലിക്കുകയുള്ളൂ. (ഖുർആൻ 16:99). ചെകുത്താന്റെ വാഗ്ദാനം വഞ്ചനയല്ലാതൊന്നുമല്ല- എന്റെ ദാസന്മാരോ, നിശ്ചയമായും അവരുടെ മേൽ നിനക്ക് ഒരധികാരവും ലഭിക്കുന്നതല്ല. ഭരമേൽപിക്കാൻ നിന്റെ നാഥൻ തന്നെ മതി (ഖുർആൻ 17:65).

'അതിനാൽ, നിങ്ങൾ സാത്താന്റെ മിത്രങ്ങളോടു പോരാടുവിൻ. അറിഞ്ഞിരിക്കുവിൻ, സാത്താന്റെ തന്ത്രം സത്യത്തിൽ അതീവ ദുർബലമാകുന്നു' (ഖുർആൻ 4:76).

## പരലോകത്ത് കയ്യൊഴിയും

എത്ര തന്നെ ഈ ലോകത്ത് വെച്ച് ദുഷ്പ്രവൃത്തികൾക്ക് പ്രേരിപ്പിച്ചാൽ തന്നെയും അത് അല്ലാഹു അനുവദിക്കുന്ന കാലത്ത് മാത്രമേ നടക്കൂ. **പരലോകത്തെത്തിയാൽ പിശാച് എല്ലാറ്റിൽ നിന്നും തലയൂരുമെന്ന് ഖുർആൻ നമുക്ക് മുന്നറിയിപ്പു നൽകുന്നുണ്ട്. 'വിധിപ്രസ്താവം കഴിയുമ്പോൾ ചെകുത്താൻ പറയും: 'യാഥാർഥ്യമിതാകുന്നു: അല്ലാഹു നൽകിയ വാഗ്ദാനങ്ങളൊക്കെയും സത്യമായി. ഞാനും നിങ്ങൾക്ക് വാഗ്ദാനങ്ങൾ നൽകിയിരുന്നു. പക്ഷേ, ഞാനതു ലംഘിച്ചു.** നിങ്ങളിൽ എനിക്ക് ഒരധികാരവുമുണ്ടായിരുന്നില്ല. ഞാൻ എന്റെ വഴിയിലേക്ക് ക്ഷണിച്ചു. നിങ്ങൾ എന്റെ ക്ഷണം സ്വീകരിച്ചു. അതിനാൽ, ഇപ്പോൾ എന്നെ കുറ്റപ്പെടുത്തേണ്ട. നിങ്ങളെത്തന്നെ കുറ്റപ്പെടുത്തിക്കൊള്ളുക. ഇവിടെ എനിക്ക് നിങ്ങളെ രക്ഷിക്കാനാവില്ല. നിങ്ങൾക്ക് എന്നെയും രക്ഷിക്കാനാവില്ല. ഇതിനുമുമ്പ് നിങ്ങൾ എന്നെ ദിവ്യത്വത്തിൽ പങ്കാളിയാക്കിയിരുന്നുവല്ലോ. എനിക്കതിൽ ഒരുത്തരവാദിത്വവുമില്ല.' ഇത്തരം ധിക്കാരികൾക്ക് നോവേറിയ ശിക്ഷ സുനിശ്ചിതമാകുന്നു (ഖുർആൻ 14:22).

## നാം എന്തു ചെയ്യണം

'നീ ഖുർആൻ ഓതുമ്പോൾ, അഭിശപ്തനായ പിശാചിൽനിന്ന് അല്ലാഹുവിൽ ശരണം തേടി

ക്കൊള്ളുക ’ (ഖുർആൻ 16:99).

‘ചെകുത്താൻ നിന്നെ പ്രകോപിപ്പിക്കുന്നുവെങ്കിൽ, അപ്പോൾ അല്ലാഹുവിൽ അഭയംതേടുക. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ. യഥാർഥത്തിൽ ദൈവഭക്തരായ ആളുകളുടെ അവസ്ഥയെന്തെന്നാൽ, എപ്പോഴെങ്കിലുചെകുത്താന്റെ സ്വാധീനത്താൽ ഒരു ദുർവിചാരമുണർന്നാൽ അവർ ഉടനെ ബോധവാന്മാരായിത്തീരുന്നു. അപ്പോൾ തങ്ങൾ സ്വീകരിക്കേണ്ട ശരിയായ നിലപാടെന്തെന്ന് വ്യക്തമായി കാണുകയും ചെയ്യുന്നു.(ഖു 7:200).

## പ്രാർഥിക്കുക: മനുഷ്യരുടെ വിധാതാവിനോട്

ഞാൻ ശരണംതേടുന്നു; മനുഷ്യരുടെ രാജാവിനോട്, മനുഷ്യരുടെ യഥാർഥ ദൈവത്തോട്,ആവർത്തിച്ചാവർത്തിച്ചു വന്നുകൊണ്ടിരിക്കുന്ന ദുർബോധകന്റെ ദ്രോഹത്തിൽനിന്ന്. മനുഷ്യമനസുകളിൽ ദുർബോധനം ചെയ്യുന്നവരുടെ ദ്രോഹത്തിൽനിന്ന് -അവർ ജിന്നുകളിൽ പെട്ടവരാവട്ടെ, മനുഷ്യരിൽ പെട്ടവരാവട്ടെ (ഖു. 114:1-6)

നാം എന്തു ചെയ്യണമെന്ന് ഈ സൂക്തങ്ങളിൽ വ്യക്തമാണല്ലോ. അല്ലാഹുവിൽ അഭയം തേടണം.

ഇമാം ഖുർത്വുബി ഉദ്ധരിക്കുന്ന ഒരു കഥ പറഞ്ഞു നിർത്താം. ഒരു ആത്മജ്ഞാനി തന്റെ ശിഷ്യനാട് ചോദിച്ചു:

‘നിനക്ക് പിശാച് ദുർബോധനങ്ങൾ നൽകിയാൽ നീ എന്താണ് ചെയ്യുക? ’

‘ഞാൻ അവനെ ചെറുത്ത് തോൽപിക്കും’

‘വീണ്ടും ആവർത്തിച്ചാലോ?’

വീണ്ടും ചെറുത്തു തോൽപിക്കും.

വീണ്ടും ആവർത്തിച്ചാലോ?

വീണ്ടും ചെറുത്തു തോൽപിക്കും.

ഇത് കേട്ട ആത്മജ്ഞാനി പറഞ്ഞു: 'ഇതങ്ങനെ നീണ്ടുപോകുന്നതായിരിക്കും.'

നീ ഒരു ആട്ടിൻ കൂട്ടത്തിന്റെ സമീപത്തുകൂടെ പോകുമ്പോൾ അവയുടെ കാവൽ പട്ടി നിന്റെ നേരെ കുരച്ചു ചാടിയാൽ നീ എന്തു ചെയ്യും?

ഞാൻ അതിനെ ഓടിച്ചു കളയും.

ആത്മജ്ഞാനി പറഞ്ഞു

നീ ഈ പറഞ്ഞതും അങ്ങനെ നീണ്ടുപോകുന്നതായിരിക്കും. ആ ആട്ടിൻ കൂട്ടത്തിന്റെ ഉടമസ്ഥനോട് ആ കാവൽ പട്ടിയെ കെട്ടിയിടാൻ ഒന്ന് പറഞ്ഞാലെന്താ?!

അപ്പോൾ അതാണ് കാര്യം. പിശാചിന്റെ ശല്യത്തിൽ നിന്ന് രക്ഷനേടാൻ നമ്മൾ പിശാചിനെക്കൂടി സൃഷ്ടിച്ച് നിയന്ത്രിക്കുന്ന അല്ലാഹുവിനോട് അഭയം ചോദിക്കണം.

അല്ലാഹുവേ, ഞങ്ങളെ പിശാചിന്റെ സർവ്വവിധ ദുർബോധനങ്ങളിൽ നിന്നും ശല്യങ്ങളിൽ നിന്നും രക്ഷിക്കേണമേ... ആമീൻ.

പിൻകുറി: നിങ്ങൾ പിശാചിന്റെ സ്വാധീനം അനുഭവിക്കുന്നില്ലേ? ഒരു കാര്യം പറയട്ടെ നിങ്ങളുടെ ഈമാൻ അപ്പോൾ കൂടുകയാണ് ചെയ്യുന്നത്. അല്ലാഹു ഖുർആനിൽ പിശാച് നമ്മുടെ ശത്രുവാണെന്ന് പറഞ്ഞിട്ടുണ്ടല്ലോ. പിശാച് ദുർബോധനങ്ങളുമായി നിങ്ങളെ സമീപിക്കുമ്പോൾ നിങ്ങൾക്ക് ഖുർആനിൽ പറഞ്ഞത് സത്യമാണെന്ന് ബോധ്യപ്പെടുകയാണ്! ●

Contents

# വിരഹാർത്ത മൗനങ്ങൾ

**ചേർന്നുനിന്ന അടുപ്പങ്ങളിൽ നിന്ന് നമ്മൾ വേർപെടുമ്പോളുണ്ടാകുന്ന വിരഹവേദനകളെ കുറിച്ച്.**

സബീന എം സാലി



മനുഷ്യസഹജമായ ദൗർബല്യങ്ങളിലൊന്നാണ് സ്നേഹം. സ്നേഹിക്കുന്നവർ തമ്മിൽ പരസ്പരം കാണാതാകുമ്പോൾ ഹൃദയതാളങ്ങളെ അത് ആർദ്രമാക്കുകയും, അതുമൂലം വല്ലാത്തൊരു വീർപ്പുമുട്ടലിൽ മനസ് കിടന്നെരിയുകയും ചെയ്യുന്നു. സ്നേഹമെന്നത് സമസ്ത ഇന്ദ്രിയങ്ങൾ കൊണ്ടും അനുഭവിക്കാവുന്ന ഒന്നാണെങ്കിൽ, വിരഹം വാക്കുകൾ കൊണ്ട് നിർവചിക്കാൻ കഴിയാത്ത, ഇന്ദ്രിയാതീതമായ ഒരനുഭവമാണെന്ന് പറയേണ്ടി വരും. പ്രിയപ്പെട്ട ഒന്നിന്റെ അസാന്നിധ്യത്തിൽ ഉള്ളിൽ തിങ്ങുന്ന ഒരു വിങ്ങലിനെ 'അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ' എന്ന ഹൃദയഭാഷ്യത്തോട് ചേർത്തുവയ്ക്കുമ്പോൾ അതാണ് വിരഹമെന്നും, അതിനപ്പുറം ഐ മിസ്സ് യു എന്ന പുതു തലമുറയുടെയുള്ളിലെ അത്യാധുനിക തോന്നലാണ് വിരഹമെന്നും സാഹചര്യങ്ങൾക്കനുസരിച്ച് നമുക്ക് സമർഥിക്കാവുന്നതാണ്. വിയോഗങ്ങളാണ് പൊതുവേ വിരഹത്തിന്റെ മൂലഹേതു. വേർപെടുക എന്ന് വിവക്ഷിക്കുമ്പോൾ അത് പ്രിയജനങ്ങളിൽ നിന്നാവാം, പ്രണയിനികളിൽ നിന്നാവാം, അതുമല്ലെങ്കിൽ, പ്രിയപ്പെട്ട ഇടങ്ങളിൽ നിന്നുമാവാം. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇങ്ങനെയൊരവസ്ഥ മനുഷ്യൻ അഭിമുഖീകരികുന്നുണ്ട്. അമ്മയിൽ നിന്ന് വേർപെട്ട് ജീവിക്കേണ്ടി വരുന്ന പിഞ്ചുകുഞ്ഞുങ്ങൾ മുതൽ, ജീവിത സായാഹ്നത്തിലെത്തിയ നവർവരെ ഒഴിഞ്ഞ തകരപ്പാട്ട പോലെ ഉത്തരാധുനിക തലമുറ എറിഞ്ഞോടിക്കുമ്പോൾ മുതൽ അവരുടെ അതി സ്വാർഥത മൂലം വൃദ്ധസദനങ്ങളിൽപെട്ടുപോയവർ വരെ ഈയൊരവസ്ഥ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അനു

ഭവിക്കുന്നുണ്ട്.അകന്നു നിൽപുകൾ താത്കാലിക വിരഹങ്ങളാണെന്നിരിക്കെ, മരണം മൂലം സംഭവ്യമാകുന്നത് സ്ഥായിയായ വിരഹമാണ്. ജീവിതം വലിയൊരു അനാഥത്വമാണെന്ന തിരിച്ചറിവും അത്തരം വിരഹം മനുഷ്യന് സമ്മാനിക്കുന്നു. ഇരുപുറം മൂർച്ചയുള്ള ഒരായുധം കണക്കെ അത് നെഞ്ചിലെ നിശ്വാസങ്ങളെപ്പോലും സദാ കുത്തിപ്പിളർത്തിക്കൊണ്ടേയിരിക്കും. ആ സത്യത്തെ അംഗീകരിക്കേണ്ടി വരുമ്പോഴും, 'മരണമെത്തുന്ന നേരത്തു നീയെന്റെ അരികത്ത് ഇത്തിരി നേരമിരിക്കൂ..' എന്ന് കരയിക്കുന്ന ഒരു കാത്തിരിപ്പായി മാത്രം വിരഹത്തെ വ്യാഖ്യാനിക്കാൻ കഴിയുന്നു മനുഷ്യന്.

**വിരഹത്തിൽ നിന്നു തന്നെയാണ് എല്ലാത്തരം ഗൃഹാതുരതകളും ഉടലെടുക്കുന്നത്. ബന്ധങ്ങളുടെ പച്ചപ്പിൽ നിന്ന് നാടും വീടും ഉപേക്ഷിച്ച്, നിശ്ശൂന്യതയുടെ ഇടങ്ങളിലേക്ക് ജോലി തേടിപ്പോകുന്ന ചിലരുണ്ട്. പിന്നിലുപേക്ഷിച്ചതിനോടെല്ലാം അടക്കാനാവാത്ത ഒരുതരം ആസക്തി അവരിൽ ജനിക്കുന്നു.** കളകളം പാടുന്ന കാട്ടാറും കനകനെൽപ്പാടങ്ങളും മഴയും മഞ്ഞണിപ്പൂനിലാവും ഓർമകളെ ശബളമാക്കുമ്പോൾ, നാഡികളെ തളർത്തുന്ന ചൂടിൽ വിയർപ്പായിക്കൊണ്ടിരിക്കുന്നവർ, അസ്വസ്ഥനിർഭരമായ തങ്ങളുടെ മനസിന് പ്രലോഭനമെന്നോണം, മുറിയിലെ എ സിയുടെ മുരൾച്ചയിൽപോലും, നെഞ്ചത്തടിച്ച് നിലവിളിക്കുന്ന നാട്ടിലെ മഴയുടെ ശബ്ദത്തിന് കാതോർക്കും. നടുക്കടലിലെ കപ്പിത്താന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന വെളിച്ചം പോലെ നാളെയെപ്പറ്റിയുള്ള ശുഭപ്രതീക്ഷകളാണ്, വിരഹത്തിന്റെ ഇരുളിൽ അവരെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.

പെൺകുഞ്ഞായി ജനിച്ച് സ്ത്രീയായി ജീവിച്ച ഇക്കാലമത്രയും വിരഹം പല രൂപത്തിലും ഭാവത്തിലും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഉമ്മയേയും കൈക്കുഞ്ഞായ എന്നേയും നാട്ടിലാക്കി, കൊച്ചിയിൽ ജോലിക്ക് പോയ വാപ്പയെ ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ മാത്രം കണ്ടുമുട്ടിയിരുന്നപ്പോൾ, അതായിരുന്നു ജീവിതത്തിൽ അടയാളപ്പെട്ട ആദ്യ വിരഹം. മൂന്നു വയസ് പ്രായത്തിലാണ്, കൊച്ചിയിൽ വീട് പണിത് വാപ്പ കുടുംബത്തെ കൂടെ കൂട്ടിയത്. സ്നേഹപാശത്താൽ ബന്ധിതമായ സന്തോഷങ്ങളുടെ കുഞ്ഞുലോകമായി മാറി പിന്നീടത്. കാലം അതിന്റെ ഈയൽച്ചിറകുകൾ കൊഴിച്ചിടുമ്പോൾ, മാതാപിതാക്കളുടെ ചിറകിനടിയിൽ നിന്ന് സ്വയം പറക്കാൻ മക്കൾ പ്രാപ്തി നേടുന്നു. പഠനാർഥം പാലായിൽ ഒരു വീട്ടിൽ പേയിംങ് ഗസ്റ്റായി താമസിക്കേണ്ടി വന്നപ്പോൾ, വീണ്ടും വിരഹം എന്റെയുള്ളിൽ തെയ്യക്കോലം കെട്ടിയാടി. എത്രയെത്ര സങ്കടങ്ങളുടെ കീഴടങ്ങലുകൾ വീട്ടുപനിയായ് പിൻതുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ കോഴ്സ് പൂർത്തിയാക്കി, കലാലയത്തിന്റെ കൽപടവുകളിൽ കാലടിപ്പാടുകൾ പതിപ്പിച്ച് തിരികെ മടങ്ങുമ്പോൾ വിരഹം മറ്റൊരു രൂപത്തിൽ ഉള്ളിലിരുന്ന് ചുരമാന്തിത്തുടങ്ങി. കാൽപനികതയുടെ പഞ്ഞിക്കെട്ടിൽ, പ്രണയത്തോടൊപ്പം ചേർത്തുവെക്കേണ്ട ഒന്നാണ് വിരഹമെന്ന് തിരിച്ചറിഞ്ഞ നാളുകൾ.

"ഓർമിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം..
ഓർമിക്കണം എന്ന വാക്ക് മാത്രം.."

എന്നിങ്ങനെ കാംപസിലെ മൗനാനുരാഗങ്ങൾ,

ഓട്ടോഗ്രാഫിന്റെ താളുകളിൽ വിരഹത്തിന്റെ വരികളായി തിളച്ചു മറിഞ്ഞ കാലം. കാംപസിലെ മരങ്ങൾ പോലും ഇലപൊഴിച്ച്, വിരഹം പ്രകടിപ്പിക്കുന്നു. വിരൽത്തുമ്പ് കൊണ്ട് കറക്കാൻ പാകത്തിൽ ഭൂഗോളം നമുക്ക് മുന്നിൽ ചെറുതാകുന്ന ഇക്കാലത്ത് പുതിയ തലമുറക്ക് അത്തരം വിരഹവും വേർപാടുമൊന്നും അത്രമേൽ പരിചിതമാകണമെന്നില്ല. പരസ്പരം കാണാനും ചിരിക്കാനും തൊട്ടുരുമ്മിയിരിക്കുന്ന പ്രതീതി ജനിപ്പിക്കാനും എത്രയെത്ര ആപ്പുകളാണ് അവരിന്ന് സ്മാർട്ട് ഫോണുകളിൽ സജ്ജീകരിച്ചിരിക്കുന്നത്.

സ്ത്രീജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത അനിവാര്യതയാണ് വിവാഹാനന്തരം വീട്ടുകാരെ പിരിഞ്ഞ് ജീവിക്കുകയെന്നത്. അതുവരെ സ്വന്തമായിരുന്ന വീടും തൊടിയും ഒരു സുപ്രഭാതത്തിൽ പിന്നിലുപേക്ഷിച്ച്, ഭർത്താവിന്റെ മാതാപിതാക്കളേയും ബന്ധുജനങ്ങളേയും ജീവിതപരിസരങ്ങളേയും തന്റേതെന്ന് കരുതി മനസാ വരിക്കുമ്പോൾ, അവളുടെയുള്ളിൽ വിവേചിക്കാനാവാത്ത ഒട്ടനവധി വിരഹങ്ങൾ ഇറവെള്ളത്തിലെ കുമിളകൾ കണക്കെ വിടർന്നു പൊട്ടുന്നു. ഗതകാല ഓർമകൾ ഒരു മൺചെരാതിന്റെ തിരിയായി അവളുടെയുള്ളിൽ പ്രകാശം പരത്തി, തീവ്രവേദനകളാകുന്ന ഇരുട്ടുകളെ എന്നെന്നേക്കുമായി അലിയിച്ചുകൊണ്ടേയിരിക്കും. ജനിച്ച മണ്ണിൽ നിന്ന് പിഴുതെടുത്ത് മറ്റൊരു മണ്ണിൽ വേരാഴ്ത്തുന്ന ഒരു തണൽമരമായി പിന്നീട് ആ ജീവിതത്തൈമരം പടർന്നു പന്തലിക്കുന്നു. എങ്കിലും ഇടയ്ക്കിടക്ക്, അവളറിയാതെ വിരഹം ഒറ്റച്ചിറകുള്ള പക്ഷിയായി, ആ മരച്ചില്ലയിൽ

പക്ഷം വിരിക്കും.

ഒരു പ്രവാസിയുടെ ഭാര്യയായിപ്പോയതിനാൽ വിരഹം ജീവിത്തിന്റെ തുടർക്കഥയാവുകയായിരുന്നു പിന്നീടെല്ലാം. **താലി കെട്ടി കേവലം പതിനൊന്ന് ദിവസത്തെ ദാമ്പത്യത്തിന് ശേഷം നവവരൻ കടൽ കടന്നപ്പോൾ വേർപാടിന്റെ വിനാഴികകളെണ്ണി, സ്വയം വേവുകളുടെ തീക്കാലമായിത്തീരുവാനായിരുന്നു വിധി. പ്രിയപ്പെട്ടവൻ എന്നിനി തിരികെ വരും എന്ന ശൂന്യത വിങ്ങുന്ന കാത്തിരിപ്പുകൾ.** വാട്സാപ്പോ ഫേസ്ബുക്കോ, എന്തിന് ഇന്റർനെറ്റ് പൊലും സാധാരണമാകാതിരുന്ന അക്കാലത്ത്, ഏകാന്തത അലയടിക്കുന്ന അർധരാത്രിയുടെ കുറ്റാക്കൂരിരുട്ടിലും ഉറങ്ങാതിരുന്ന് ഒന്നിച്ചു കിടന്ന കിടക്കയിൽ ഉണർന്നിരുന്ന് ഓർമകളെ താലോലിച്ചിരുന്ന ആ പ്രവാസിയുടെ ഭാര്യക്ക് ആകെയുണ്ടായിരുന്ന ആശ്രയം, തന്റെ പ്രിയപ്പെട്ടവന് വിരല് മുറിയുന്നത് വരെ കത്തെഴുതുക മാത്രമായിരുന്നു. പറയാനും എഴുതാനും എന്തെല്ലാം വിശേഷങ്ങളായിരുന്നു. വിടരുകയും കൊഴിയുകയും ചെയ്യുന്ന വസന്തം, രാപ്പാടിയുടെ സംഗീതം, രണ്ട് രാജ്യങ്ങളിലിരുന്ന് ഒരേ സമയം ഒരേ നക്ഷത്രങ്ങളെ നോക്കിക്കൊണ്ട് നടത്തുന്ന പരസ്പരഭാഷണങ്ങൾ, കാറ്റിന്റെ കൈയിൽ അനന്ത ദൂരത്തേക്ക് പറഞ്ഞയക്കുന്ന പരിദേവനങ്ങൾ, കത്തെഴുത്തിന്റെ കുത്തൊഴുക്ക്. ആരും കാണാതെ വിതുമ്പലടക്കുന്ന ഹൃദയങ്ങളുടെ മൃദുസ്പന്ദനങ്ങളുമായി എത്ര തവണയാണ് വിമാനങ്ങൾ സമുദ്രങ്ങൾ താണ്ടി തലങ്ങും വിലങ്ങും പറന്നത്. വിരഹത്തിന് മധുരം പകരുന്ന് പഴയ തലമുറയുടെ കത്തുപാട്ടുകളിലെ മധുരവേദനകൾ ആത്മാവിൽ ആനന്ദം

പകരുന്ന മധ്യാഹ്നങ്ങളിൽ, തപാൽ ശിപായി കൊണ്ടുവരുന്ന എയർ മെയിൽ കവറുകളെ തന്ത്രിവാദ്യങ്ങൾ മീട്ടും പോലെ എത്ര സൗമ്യമായി ലാളിച്ചിരുന്നു. ഒടുവിൽ രണ്ടു വർഷം നീണ്ടു നിന്ന കൊടും വിരഹത്തിന് ശേഷം കണ്ണിൽ നിറസ്നേഹത്തിന്റെ കനലുകൾ പൂത്ത പുനഃസമാഗമം. മകന്റെ പിറവി. കളിചിരികളുടെ പൂക്കാലം. വിരഹം എന്ന വാക്ക് പോലും മറന്നുപോയ നിറക്കൂട്ടുകളുടെ പരസ്പര മേളനം.

അതിനിടെ ജീവിതം വീണ്ടും ചില സമസ്യകളുടെ പ്രച്ഛന്നവേഷക്കാരനായി മുന്നിൽ വന്നു നിന്നു. സഊദിയിലെ മിനിസ്ട്രി ഹെൽത് ഡിപ്പാർട്ട്മെന്റിൽ ജോലി കിട്ടി. പോണം. പോകാതിരിക്കാനാവില്ല. രണ്ടര വയസുകാരന്റെ തിളങ്ങുന്ന കണ്ണുകളിലേക്ക് ഞാൻ ആശങ്കയോടെ നോക്കി. കണ്ണുകളിൽ സങ്കടങ്ങളുടെ ചുടുജലം ചോർന്നു. ധൈര്യമായിട്ട് പോകൂ.. ഞങ്ങളില്ലേ അവനെ പൊന്നു പോലെ നോക്കാൻ. മാതാപിതാക്കളുടെ സ്ഥൈര്യപ്പെടുത്തൽ. ഒരു കരച്ചിലിന്റെ പിൻവിളിക്ക് കാതോർക്കാതിരിക്കാൻ, അവനെ ഉറക്കിക്കിടത്തിയ ശേഷമായിരുന്നു വിമാനത്താവളത്തിലേക്കുള്ള യാത്ര. എന്നിട്ടും, ഉമ്മാ എന്നുള്ള അവന്റെ പിടക്കുന്ന കൺനോട്ടങ്ങൾ പതിച്ചു വച്ച ഹൃദയത്തിന്റെ അതിദ്രുത താളം, യാത്രയിലുടനീളം എന്നെ അലോസരപ്പെടുത്തിക്കൊണ്ടേയിരുന്നു. കണ്ണീരിനോളം പുളിയില്ല മറ്റൊന്നിനും എന്ന് തിരിച്ചറിഞ്ഞ നാളുകൾ.

കൂട്ടിലെ കുഞ്ഞിനെ ത്യജിച്ച് ഈ ഊഷരഭൂവിൽ പറന്നെത്തിയ വേഴാമ്പലാണ് ഞാൻ. അറിഞ്ഞോ അറിയാതെയോ ആ വിരഹം എന്നെ ഒരു

കവിയായി പരുവപ്പെടുത്തുകയോ പരിണാമപ്പെടുത്തുകയോ ആയിരുന്നു. സിംഹാസനഭ്രഷ്ടയായ രാജ്ഞിയെപ്പോലെ നീറിക്കഴിഞ്ഞ എന്നിലെ ആ വിരഹത്തിന്റെ മണൽത്തരികളെ മൂന്ന് വയസുകാരൻ ഒരുമ്മ കൊണ്ട് കഴുകിക്കളഞ്ഞു. ആറു മാസത്തെ ഇടവേളക്ക് ശേഷം, അവൻ ഞങ്ങളോടൊപ്പം എത്തിച്ചേർന്നു. ഋതുക്കൾ നിർവിഘ്നം ആടുകയും പാടുകയും ചെയ്തു. മകൾ എന്ന സങ്കൽപം യാഥാർഥ്യമായപ്പോൾ എന്റെ ലോകം അവളിലേക്ക് കൂടി നീണ്ടു. ആനന്ദപ്രദാനിയായ കാലത്തിന്റെ ഇന്ദ്രജാലക്കാഴ്ചകൾ. പൂവിതളുകൾ കാറ്റിൽ പറന്നുപോകും പോലെ കാലം കടന്നു പോയി മക്കൾ വലുതായി പഠനാർഥം രണ്ട്പേരും വീണ്ടും നാട്ടിലേക്ക്. വിരഹമെന്ന വാക്ക് എന്റെ നിഘണ്ടുവിലേക്ക് അനുവാദം ചോദിക്കാതെ വീണ്ടും കയറി വന്നു. ഏകാന്തതയുടെ ദ്വീപിലേക്ക് പതിയെപ്പതിയെ ഞാൻ നാട് കടത്തപ്പെട്ടു. ഇഷ്ടപ്പെട്ട ഭക്ഷണമുണ്ടാക്കിക്കൊടുക്കാൻ, ഇടയ്ക്കിടക്ക് വഴക്ക് കൂടാൻ, ഇഷ്ടത്തോടെ ഇറുകെപ്പുണരാൻ അവളോ അവനോ അടുത്തുണ്ടായിരുന്നെങ്കിലെന്നാശിച്ച് കൈവീശി യാത്രയായവർ, കൂട്ടിലേക്ക് മടങ്ങി വരുന്നതും കാത്ത് വിരഹത്തിന്റെ കനത്ത ഇരുട്ടിൽ, ഒരു അമ്മത്തിരിയായി ഞാനിന്നും എരിയുന്നു. എത്ര വളർന്നാലും മാറ്റിവെക്കാൻ കഴിയുന്ന ഈ ത്തപ്പന പോലെയാണ് ഓരോ പ്രവാസിയുടേയും ജീവിതമെന്ന് തോന്നാറുണ്ട്. ആയുസൊടുങ്ങുന്നത് വരെ, താവളം വിട്ട് താവളം തേടിയുള്ള യാത്രയിൽ, ഇടങ്ങൾ മാറിക്കൊണ്ടിരിക്കുന്നവർ ●

Contents

# ഒരു മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനങ്ങൾ

**കോവിഡ് കാലത്ത് കേരളജനത പ്രതീക്ഷയോടെ കേട്ടിരിക്കുന്ന മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനങ്ങളെ നിരീക്ഷിക്കുന്നു.**

**യാസർ അറഫാത് നൂറാനി**
yaazar.in@gmail.com



കേരളം കൊറോണ വൈറസിനെ പ്രതിരോധിക്കുന്ന രീതിയും സന്നദ്ധപ്രവർത്തനങ്ങളും ഇതിനകം ആഗോളശ്രദ്ധ നേടിക്കഴിഞ്ഞു. ചൈനയിലെവുഹാനിൽ ആദ്യമായി കോവിഡ് 19 റിപ്പോർട്ട് ചെയ്ത വാർത്ത വന്നതുമുതൽ കേരള സർക്കാരും ആരോ

ഗ്യവകുപ്പും അതിനെ നേരിടാനുള്ള മുന്നൊരുക്ക ങ്ങൾ ആരംഭിച്ചിരുന്നു. ആരോഗ്യ മന്ത്രി കെ കെ ശൈലജ ടീച്ചറുടെ കാർമികത്വത്തിൽ ആരോഗ്യപ്ര വർത്തകരും ഉദ്യോഗസ്ഥരും പോലീസും മുതൽ സാധാരണജനങ്ങൾ വരെ ഒറ്റക്കെട്ടായി നടത്തിയ ശ്രമകരമായ പ്രതിരോധപ്രവർത്തനങ്ങൾ വാഷിം ങ്ടൺ പോസ്റ്റും ന്യൂയോർക്ക് ടൈംസും ഉൾപ്പെടെ അന്തർദേശീയ മാധ്യമങ്ങൾ ഏറെ പ്രാധാന്യത്തോ ടെ കവർ ചെയ്യുകയുമുണ്ടായി. ഒരു മഹാമാരി പടർന്നുപിടിക്കുന്ന നിർണായക ഘട്ടത്തിൽ ഒരു സർക്കാർ എങ്ങനെയാണ് പൊതുജനങ്ങളെ ചേർ ത്തുപിടിച്ച് പ്രശ്നപരിഹാരങ്ങൾക്കായി ശ്രമം നടത്തുന്നത് എന്നതിന്റെ ഏറ്റവും മികച്ച ഉദാഹര ണമായി കേരള മോഡൽ പ്രതിരോധം.

വൈറസിനെ നേരിടുന്ന വിവിധ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നെടുനായകത്വം വഹിച്ചത് മുഖ്യമന്ത്രി പിണറായി വിജയനായിരുന്നു. ഒരു പക്ഷേ, സമീപകാലത്തൊന്നും ലോകമലയാളി കൾ ഇത്രമേൽ ശക്തനായ ഒരു ഭരണാധികാരിയെ കണ്ടിട്ടുണ്ടാവില്ല. നേതൃപാടവവും ഉത്തരവാദിത്വ വും അദ്ദേഹത്തിന്റെ ഓരോ ചലനത്തിലും നിഴലി ച്ചുനിന്നു. തിരുവനന്തപുരത്തിരുന്ന് സംസ്ഥാന ത്തിന്റെ ഓരോ കോണിലും ഈ മുഖ്യമന്ത്രിയുടെ കരുതലെത്തി. വിദേശ രാഷ്ട്രങ്ങളിലെ മലയാളി കളെയും മുഖ്യമന്ത്രി മറന്നില്ല. കോവിഡ് 19 എന്ന മഹാമാരിയെ നേരിട്ട രീതിയും ഈ പ്രതിസന്ധി യിൽ തകർന്ന സാധാരണ ജീവിതത്തെ കൈപിടി ച്ചുയർത്താൻ വേണ്ടി മുന്നോട്ടുവെച്ച ചുവടുവെപ്പു കളും ശ്രദ്ധേയം. വിവിധ മേഖലകളിലെ, വിവിധ വിഷയങ്ങളിലെ കൃത്യമായ നിലപാടുകളും നടപ

ടികളും ലോകരാഷ്ട്രങ്ങളിലെതന്നെ മലയാളികൾ കൈയടിച്ചാണ് സ്വീകരിച്ചത്.

കോവിഡ് 19നുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ വാർത്താ സമ്മേളനങ്ങൾ പലതുകൊണ്ടും ശ്രദ്ധേയമായിരുന്നു. സമഗ്രത കൊണ്ടും ജനകീയത കൊണ്ടും പ്രസ്തുത വാർത്താ സമ്മേളനങ്ങൾ കേരളത്തിന്റെ മാധ്യമചരിത്രത്തിലിടം നേടി എന്നുപറയാം. ഒരു മുഖ്യമന്ത്രി എന്ന നിലയിൽ പിണറായി ചെയ്യേണ്ട അടിസ്ഥാനപരമായ കർത്തവ്യം എന്നതിൽ നിന്ന് ഒരു ജനതയുടെ നായകന്റെ അസാമാന്യ പാടവം എന്ന നിലയിലേക്ക് വളർന്ന ആ വാർത്താ സമ്മേളനങ്ങൾ മലയാളികളുടെ അഭിമാനമായും ആശ്രയമായും മാറിയത് വളരെ വേഗത്തിലായിരുന്നു. **കോവിഡ് കാലത്ത് കുടുംബിനികളും കുട്ടികളും വരെ ഇമവെട്ടാതെ വീക്ഷിച്ച ടിവി പരിപാടിയും മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനം തന്നെ. അത് കണ്ടുകഴിഞ്ഞാൽ പിന്നെ ടിവി ചാനലുകളും പത്രങ്ങളും വായിക്കേണ്ടതില്ല എന്ന പൊതുജനാഭിപ്രായമുണ്ടാക്കാൻ മാത്രം സമഗ്രമായിരുന്നു ഓരോ ദിവസവും വൈകിട്ട് നടന്ന വാർത്താ സമ്മേളനം.**

## ലളിതമായ വാക്കുകൾ

ഓരോ വാർത്താ സമ്മേളനത്തിലും പിണറായി ഉപയോഗിച്ചത് ലളിതമായ വാക്കുകൾ. എത്രമേൽ ലളിതമായാണ് പലപ്പോഴും സങ്കീർണമായ പല വിഷയങ്ങളും അതരിപ്പിച്ചത്! അതുകൊണ്ടു തന്നെ, ഏതൊരു സാധാരണക്കാരനും എന്താണ് ഈ മഹാമാരിക്കാലത്ത് നടക്കുന്നതെന്ന വ്യക്തമായ ചിത്രം ലഭിച്ചു. പല വികസിത രാജ്യങ്ങളിലും

കോവിഡ് ഭീതി പടർന്നു പന്തലിച്ചത് കൃത്യമായാ വിവരങ്ങൾ കൃത്യസമയത്ത് ലഭിക്കാതെ പോയതു കൊണ്ടായിരുന്നു. ഇന്ത്യയിൽ തന്നെ വലിയൊരു ശതമാനം ഗ്രാമീണരും കോവിഡിനെക്കുറിച്ചും അത് നേരിടേണ്ട ശാസ്ത്രീയ പരിഹാരങ്ങളെക്കുറിച്ചും അജ്ഞരാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പല സർക്കാരുകൾക്കും ആളുകളുടെ ജീവൻ പോകുന്നതും കോവിഡ് 19 പടരുന്നതും വലിയ പ്രശ്നമുള്ള കാര്യമാവാതെ വരികയും തൽഫലമായി താഴേക്കിടയിലുള്ള സാധാരണക്കാരിലേക്ക് കൃത്യമായാ വിവരങ്ങൾ എത്താതിരിക്കുകയും ചെയ്തിട്ടുണ്ട്. നഗരങ്ങളിൽ കുടുങ്ങിപ്പോയ നിത്യവേതനത്തൊഴിലാളികൾ പലപ്പോഴായി കൂട്ടംകൂടുകയും സ്വന്തം നാട്ടിലെത്താൻ പ്രതിഷേധങ്ങളുമായി ഇറങ്ങിയതുമെല്ലാം ഈ വിവരമില്ലായ്മയിൽ നിന്നുണ്ടാകുന്ന ഭീതി മൂലമായിരുന്നു. ഏപ്രിൽ പതിനാലാം തിയതി മുംബൈയിലെ പതിരായിരക്കണക്കിന് തൊഴിലാളികൾ കൂട്ടംകൂട്ടമായി റെയിൽവേ സ്റ്റേഷനിലേക്കൊഴുകിയത് ഒടുവിലെ ഉദാഹരണം. പ്രധാന മന്ത്രി നരേന്ദ്ര മോദി ആദ്യം പ്രഖ്യാപിച്ച ലോക്ക്ഡൗൺ അവസാനിക്കുന്ന ദിവസമായിരുന്നു അത്. പകർച്ചവ്യാധിയുടെ ഭീഷണി ഏറ്റവും കൂടുതൽ ബാധിച്ച മഹാരാഷ്ട്രയിലാണ് ഒരു സുരക്ഷാ മാർഗവും സ്വീകരിക്കാതെ ആളുകൾ കൂട്ടംകൂട്ടമായെത്തിയത്. തീർത്തും അപകടകരമായ രീതിയിൽ ബാന്ദ്ര റെയിൽവേ സ്റ്റേഷൻ പരിസരത്ത് തടിച്ചുകൂടിയ ഓരോ ആളും വിശ്വസിച്ചത് തങ്ങളുടെ നാട്ടിലേക്ക് ട്രെയിൻ കയറിപ്പോകാം എന്നായിരുന്നു. ലോക്ക് ഡൗൺ മെയ് മൂന്ന് വരെ നീട്ടിയതും അതുവരെ ട്രെയിൻ ഓടില്ല എന്നുപോ

ലും ഈ തൊഴിലാളികൾക്ക് കൃത്യമായ വിവരമെത്തിയില്ല. കൊറോണ വൈറസ് പ്രതിരോധവുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി ലഭിക്കാത്ത കാരണംകൊണ്ട് സമാനമായ നിരവധി സംഭവങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ മുഖ്യമന്ത്രി സാധാരണക്കാരുടെ ഭാഷയിൽ ശാന്തവും ലളിതവുമായി മലയാളികൾക്ക് കൃത്യമായ വിവരങ്ങൾ കൃത്യസമയത്ത് നൽകിയത്. ഒരു മഹാമാരിക്കാലത്ത് ആധികാരികമായ വിവരങ്ങൾ കൃത്യസമയത്ത് ലഭിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജനജീവിതം ഇത്രമേൽ ബുദ്ധിമുട്ടിലായ സാഹചര്യത്തിൽ പ്രത്യേകിച്ചും. ബാന്ദ്രയിലേക്ക് ഇത്രയധികം പേരെ കൊണ്ടുവന്നത് വാട്സാപ്പിൽ വിനയ് ദുബേ എന്ന യുവാവ് പങ്കുവെച്ച വ്യാജസന്ദേശത്തിലൂടെയായിരുന്നു. പിന്നീട് ഇയാളെ മുംബൈ പോലീസ് അറസ്റ്റുചെയ്തു. കൊറോണ കാലത്ത് ഇന്ത്യയിൽ വ്യാജവാർത്തകളും സന്ദേശങ്ങളും കൂടുതൽ വഴിതെറ്റിക്കാത്ത കരുത്തുറ്റ ജനത മലയാളികൾ തന്നെ. വ്യാജവാർത്തകൾക്കെതിരെ ശക്തമായ പ്രതിരോധം തീർക്കുന്നതിൽ മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനങ്ങൾ വിജയിച്ചു എന്നുപറയുന്നത് ഒട്ടും അതിശയോക്തിയല്ല.

## ഉറച്ച നിലപാടുകൾ

വൈവിധ്യങ്ങളായ വിഷയങ്ങളിൽ തന്റെ സർക്കാർ സ്വീകരിച്ച നടപടികളും നിലപാടുകളും പ്രവർത്തനപദ്ധതികളും വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി കൃത്യമായി അവതരിപ്പിച്ചു. ആ വാക്കുകളിൽ വൈറസ് പടരുന്നതിനെക്കുറിച്ചുള്ള

ഭയമോ ആശങ്കയോ ഉണ്ടായില്ല. ജനങ്ങൾ പരിഭ്രാന്തരാവാൻ എല്ലാ സാധ്യതകളും ഉള്ള സമയത്താണ് ഈ പ്രതിസന്ധിയുടെ മുന്നിൽനിന്ന് കൊണ്ട് മുഖ്യമന്ത്രി ആളുകൾക്ക് ധൈര്യം പകർന്നത്. പ്രതിസന്ധികളുടെ നടുവിൽ നേതാവ് തന്നെ പാനിക് ആയാൽ പിന്നെ അണികളുടെ കാര്യം പറയേണ്ടതില്ലല്ലോ. താനും തന്റെ സർക്കാരും സ്വീകരിക്കുന്ന കടുത്ത നിലപാടുകൾ എല്ലാവരുടെയും സുരക്ഷക്കുവേണ്ടിയാണെന്നും അത് സ്വീകരിക്കാൻ എല്ലാവരും ബാധ്യസ്ഥരാണെന്നും ഉറപ്പിച്ചു പറഞ്ഞു അദ്ദേഹം. **ഒരുപക്ഷേ, ഇന്ത്യയിൽ തന്നെ ഏറ്റവും ഗുരുതരമായ രീതിയിൽ കോവിഡ് 19 പടരാനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടും കേരളം മാതൃകാപരമായ രൂപത്തിൽ തിരിച്ചുവരാൻ തുടങ്ങിയത് ആളുകളെ സ്വന്തം വീടുകളിൽ തന്നെ തുടരാനുള്ള ഈ പ്രേരണതന്നെയാണ്. അതിൽ മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.** മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടികൾ. വിവാദമായേക്കാവുന്ന, കുഴക്കിയേക്കാവുന്ന ചോദ്യങ്ങൾക്ക് പലപ്പോഴും 'അത് പഠിച്ചുപറയേണ്ട വിഷയമാണ്' എന്ന ചിരിച്ചുകൊണ്ടുള്ള മറുപടി. മാധ്യമ പ്രവർത്തകർ പലപ്പോഴും കോവിഡിൽ രാഷ്ട്രീയം കലർത്തി ചോദ്യങ്ങൾ മുന്നോട്ടുവെച്ചുവെങ്കിലും ഈ പ്രതിസന്ധി നാം ഒറ്റക്കെട്ടായി നേരിടുമെന്നു പറഞ്ഞ് വിഷയം തിരിച്ചുവിട്ടു. അതൊരു വ്യക്തമായ നിലപാടായിരുന്നു. രാഷ്ട്രീയ ഭേദമന്യേ ഈ മഹാമാരിയെ പിടിച്ചുകെട്ടാൻ കേരളജനത ഒറ്റക്കെട്ടായാണ് ഇറങ്ങുന്നതെന്ന സന്ദേശം രാഷ്ട്രീയത്തിലെ എതിരാളികൾ പോലും സ്വീകരിക്കുകയുണ്ടാ

യി. കേരളത്തിന്റെ നിലപാടുകൾ ഉറച്ചതാണെന്നും ഈ പോരാട്ടത്തിൽ നാം തീർച്ചയായും വിജയിക്കുമെന്നും മലയാളികളെ ബോധ്യപ്പെടുത്തുന്ന വാർത്താ സമ്മേളനങ്ങൾ.

## ശരീരഭാഷ

വാർത്താ സമ്മേളനത്തിലിരുന്ന മുഖ്യമന്ത്രിയുടെ ശരീരഭാഷ ശ്രദ്ധേയമായിരുന്നു. ഒരു നേതാവിന് വേണ്ട സർവഗുണങ്ങളും പ്രസരിപ്പിച്ച ആത്മധൈര്യത്തോടെയുള്ള ശരീരഭാഷയെ കേരളജനത സംശയിച്ചില്ല. ഒറ്റക്കെട്ടായി കോവിഡിനെ തുരത്തിയോടിക്കുമെന്ന ഉറപ്പാണ് മലയാളികൾക്ക് അദ്ദേഹത്തിന്റെ ശരീരഭാഷ സമ്മാനിച്ചത്. 1996-2001 കാലഘട്ടത്തിൽ സംസ്ഥാനം ഭരിച്ച ഇകെ നായനാരുടെ ശരീരഭാഷയെക്കുറിച്ച് ധാരാളം എഴുത്തുകൾ വന്നിട്ടുണ്ട്. കുഴപ്പിക്കുന്ന ചോദ്യങ്ങളുമായി മാധ്യമ പ്രവർത്തകർ മുന്നിലെത്തിയാൽ ആരെയും ചിരിപ്പിക്കുന്ന തമാശ പറഞ്ഞായിരുന്നു നായനാർ നേരിട്ടിരുന്നത്. അതോടെ ചോദ്യത്തിന്റെ എല്ലാ ഗൗരവവും അലിഞ്ഞില്ലാതെയാകുമായിരുന്നു. ഇതിൽ നിന്ന് തീർത്തും വ്യത്യസ്തനാണ് പിണറായി. വിഷയത്തിന്റെ ഗൗരവം വിട്ടുള്ള ഒരേർപ്പാടുമില്ല. നന്നായി ഗൃഹപാഠം ചെയ്താണ് ഓരോ ദിവസവും അദ്ദേഹം മാധ്യമങ്ങൾക്ക് മുമ്പിലെത്തിയത്. മുഖ്യമന്ത്രിയുടെ ശരീരഭാഷയിൽ നിഴലിച്ചുനിന്ന ആത്മവിശ്വാസമാണ് ലോകത്തുടനീളമുള്ള മലയാളികളിലേക്ക് പ്രസരിച്ചത്. മുന്നിൽ നിന്ന് നയിക്കാൻ ഒരാളുണ്ട് എന്ന തോന്നലാണ് മുഖ്യമന്ത്രിയുടെ ശരീരഭാഷ ഉദ്പാദിപ്പിച്ച മറ്റൊരു പ്രധാന കാര്യം. കോവിഡ് പ്രതിരോധത്തിൽ നാം

ശരിയായ വഴിയിലാണ് എന്ന് ആളുകളെക്കൊണ്ട് വിശ്വസിപ്പിക്കാനും- യഥാർഥത്തിൽ അത് അങ്ങനെയാണെങ്കിൽ കൂടി- അദ്ദേഹത്തിന് സാധിച്ചു. ലോക്ക് ഡൗൺ കാലത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ അഭിസംബോധന ചെയ്ത അവസരങ്ങളിലെല്ലാം രാജ്യത്തെ വലിയൊരു വിഭാഗം അദ്ദേഹത്തെ വിശ്വാസത്തിലെടുത്തില്ല എന്നതും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്.

## എല്ലാവർക്കും കരുതൽ

കോവിഡ് റിപ്പോർട്ട് ചെയ്ത് പന്ത്രണ്ടാം മണിക്കൂറിൽ തന്നെ സർക്കാർ ഒപ്പമല്ല; മുന്നിലുണ്ട് എന്ന് പിണറായി വിജയൻ പ്രഖ്യാപിച്ചിരുന്നു. ആരെയും അദ്ദേഹം മാറ്റിനിർത്തിയില്ല. യുവാക്കളെയും ടെക്കികളെയും വീട്ടമ്മമാരെയും ഒപ്പം നിർത്തി. ഡോക്ടർമാരും നഴ്സുമാരും ആരോഗ്യപ്രവർത്തകരും പോലീസുകാരും ഉദ്യോഗസ്ഥരും രാവും പകലും കഷ്ടപ്പെട്ടപ്പോൾ നാനാവിഭാഗം ജനങ്ങളും അവരോടൊപ്പം കൂടി. സർക്കാർ നിർദശങ്ങൾ കൃത്യമായി പാലിക്കാൻ എല്ലാവരും തയാറായി. ഓരോ ദിവസവും തന്റെ വാർത്താ സമ്മേളനത്തിൽ സർക്കാർ നിർദേശങ്ങൾ കൃത്യമായി ഫോളോ ചെയ്യാൻ മുഖ്യമന്ത്രി ഓർമപ്പെടുത്തി. കേരളത്തിൽ ആരും പട്ടിണി കിടക്കരുതെന്ന് പിണറായി പറഞ്ഞത് ദേശീയ മാധ്യമങ്ങൾ വരെ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. മൃഗങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കാനും ഉത്തരവിട്ടു.

ആരോഗ്യപ്രവർത്തകർക്ക് അവർ നൽകുന്ന കരുതൽ തിരിച്ചും നൽകാനുള്ള ചുമതല ഓരോരുത്തർക്കുമുണ്ടെന്നും അദ്ദേഹം വാർത്താ സമ്മേള

നത്തിൽ പറയുകയുണ്ടായി. ലോകത്താകെയുള്ള മലയാളിസമൂഹവും മലയാളി സംഘടനകളും അതാതു സ്ഥലങ്ങളിൽ അവർക്ക് ഇടപെടാൻ പറ്റുന്ന എല്ലാ തലത്തിലും ഇടപെട്ടുകൊണ്ട് ആരോഗ്യ പ്രവർത്തകരെ സഹായിക്കണം. **ലോകത്തിന്റെ നാനാഭാഗങ്ങളിലും മലയാളി നഴ്സുമാർ അനുഭവിക്കുന്ന പ്രയാസങ്ങളും ആശങ്കകളും നമ്മെ അസ്വസ്ഥരാക്കുന്നുണ്ട്. നിപ വൈറസിനെതിരായ നമ്മുടെ പോരാട്ടത്തിന്റെ രക്തസാക്ഷിയാണ് ലിനി. എല്ലാ പ്രതികൂല സാഹചര്യങ്ങളെയും നേരിട്ട് മനുഷ്യജീവൻ രക്ഷിക്കാൻ അവർ നടത്തുന്ന ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിൽ നമുക്ക് അഭിമാനമുണ്ട്.** അവരുടെ സുരക്ഷ ഉറപ്പാക്കണം എന്ന് അഭ്യർഥിച്ച് പ്രധാനമന്ത്രിക്കും ഡൽഹി, മഹാരാഷ്ട്ര മുഖ്യമന്ത്രിമാർക്കും കേരളം കത്തയച്ചിരുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പലരും പട്ടിണി കിടക്കാൻ ഇട വരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് തന്നെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് സർക്കാർ ഇടപെടും. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ അതിവിപുലമായ വികേന്ദ്രീകൃത സംവിധാനം ഒരുക്കണമെന്ന് പറഞ്ഞ മുഖ്യമന്ത്രി ഏതെങ്കിലും സംഘടനയുടെ മേന്മ കാണിക്കാനോ നിറം കാണിക്കാനോ ഉള്ള സന്ദർഭമല്ല ഇതെന്നും പ്രത്യേകം ഓർമിപ്പിച്ചു. എല്ലാവർക്കും ഭക്ഷണം ലഭിക്കുക എന്ന ലക്ഷ്യംവച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിച്ചത് ശ്രദ്ധേയമായ ചുവടുവെപ്പായിരുന്നു. ഇക്കാര്യം വാഷിംങ്ടൺ പോസ്റ്റ് തങ്ങളുടെ റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ദുരഭിമാനമുള്ള

ചിലർ നേരിട്ട് പറഞ്ഞെന്നു വരില്ല. സഹായം ആവശ്യപ്പെട്ടില്ല എന്ന കാരണത്താൽ ആരും ഒഴിവാക്കപ്പെടരുത് എന്നും മുഖ്യമന്ത്രി വ്യക്തമാക്കി. തേൻ ശേഖരിക്കുന്ന കർഷകർക്ക് അത് വിറ്റഴിക്കാനുള്ള സാഹചര്യത്തെക്കുറിച്ച് പോലും പിണറായി ചിന്തിച്ചത് ആരെയും വിട്ടുപോകരുതെന്ന ചിന്തകൊണ്ടാണ്.

## പ്രവാസികളുടെ പ്രശ്നങ്ങൾ

പ്രവാസികളുടെ പ്രശ്നം ആവർത്തിച്ച് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും വിശദമായ കത്തയച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ ഉറപ്പുനൽകുകയുണ്ടായി. വിദേശങ്ങളിൽ കുടുങ്ങിപ്പോയവരിൽ, ഹ്യസ്വകാല പരിപാടികൾക്ക് പോയവർ, സന്ദർശക വിസയിൽ പോയവർ എന്നിങ്ങനെ വിവിധ തരത്തിലുള്ള ആളുകളുണ്ട്. ഇവർക്ക് മടങ്ങാൻ സാധിക്കുന്നില്ല. വരുമാനമൊന്നും ഇല്ലാത്തതിനാൽ ഇവരുടെ ജീവിതം അസാധ്യമാകുകയാണ്. ഇവർക്കും, മറ്റ് അടിയന്തര ആവശ്യമുള്ളവരോ പ്രയാസം നേരിടുന്നവരോ ആയ പ്രവാസികൾക്ക് പ്രത്യേക വിമാനം ഏർപ്പെടുത്തണമെന്നാണ് പ്രധാനമന്ത്രിയോടാവശ്യപ്പെട്ടത്. എല്ലാ അന്താരാഷ്ട്ര നിബന്ധനകളും പാലിച്ചുകൊണ്ട് ഇവരെ തിരികെ എത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. പ്രവാസികൾക്ക് സാധ്യമായ എല്ലാ സഹായവും പിന്തുണയും നൽകാൻ ബന്ധപ്പെട്ട എംബസികൾക്ക് നിർദേശം നൽകണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലേബർ ക്യാംപിൽ പ്രത്യേകശ്രദ്ധ വേണം. രോഗത്തെക്കുറിച്ചും പ്രവാസികളുടെ സ്ഥിതിയെപ്പറ്റിയും കൃത്യ

മായ ഇടവേളകളിൽ എംബസി ബുള്ളറ്റിൻ ഇറക്കണം. വിവിധ ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരമാവധി കേട്ട അദ്ദേഹം അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുണ്ടായി. നിലവിൽ പരിഹാരങ്ങൾക്കായുള്ള ശ്രമങ്ങൾ തുടരുകയും ചെയ്യുന്നു. അമേരിക്കയിലും ബ്രിട്ടനിലുമുള്ള പ്രവാസികൾക്കുള്ള പ്രിവിലേജ് എന്തുകൊണ്ടാണ് ഗൾഫ് മലയാളികൾക്കില്ലാത്തതെന്ന വിമർശനവും ഇതിനകം ഉയർന്നുകഴിഞ്ഞു.

## പരിഗണന

എല്ലാ ജനവിഭാഗങ്ങൾക്കും പരിഗണന നൽകിയെന്നതാണ് മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തിന്റെ കരുത്ത്. കൊച്ചു വിദ്യാർഥികളുടെ ധനസഹായം മുതൽ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ സന്നദ്ധപ്രവർത്തനങ്ങൾ വരെ മുഖ്യമന്ത്രിയുടെ വാക്കുകളിൽ വന്നു. ഏതെങ്കിലും ഒരാളെ പരാമർശിക്കാതെ എല്ലാ സാമുദായിക നേതൃത്വത്തെയും അദ്ദേഹം പേരെടുത്തു തന്നെ പറഞ്ഞു. ലോകത്തുടനീളമുള്ള ഓരോ മലയാളിക്കും തോന്നി, എന്നെക്കുറിച്ചും എന്റെ മുഖ്യമന്ത്രി പറഞ്ഞുവെന്ന്. ഇതാണ് ഒരു യഥാർഥ നേതാവിന്റെ ഏറ്റവും വലിയ ഗുണം. അതുകൊണ്ടായിരിക്കണം, കേരളത്തിലെ വീട്ടമ്മമാരുടെ സംസാരരീതി പോലും വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞതുപോലെയായെന്ന് തമാശ നിറഞ്ഞ ട്രോളുകൾ പോലും വന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നത് വിദ്യാർഥികളുടെ പഠനത്തെ ബാധിക്കാൻ പാടില്ലെന്നും അതു മുൻനിർത്തി സർക്കാർ ചില ക്രമീകരണങ്ങൾ വരു

ത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി മാധ്യമപ്രവർത്തകരോട് പ്രഖ്യാപിച്ചു. ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലെ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട മീഡിയം പുസ്തകങ്ങൾ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. കുട്ടികളുടെ സ്കൂൾ ഫീസ് വാങ്ങരുതെന്നും അധ്യാപകരുടെ ശമ്പളം ഉറപ്പുവരുത്തണമെന്നും അദ്ദേഹം ഉണർത്തി. പരിഗണനയുടെ ഈ ലിസ്റ്റ് വളരെ വലുതാണ്.

ഗുജറാത്തിലെ അഹമദാബാദിലുള്ള സർക്കാർ ആശുപത്രിയിൽ ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും പ്രത്യേകം വാർഡുകൾ ആരംഭിച്ച വാർത്ത വന്നത് ഏപ്രിൽ 15നാണ്. 150ലധികം കൊറോണ പോസിറ്റീവ് ആയ രോഗികളെയാണ് ഈ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചിരുന്നത്. അഹമദാബാദ് സിവിൽ ഹോസ്പിറ്റലിൽ ഇത്തരമൊരു വിവേചനം നടപ്പിലാക്കിയത് ഉപമുഖ്യമന്ത്രിയും സംസ്ഥാന ആരോഗ്യമന്ത്രിയുമായ നിധിൻ പട്ടേലിന്റെ നിർദേശത്തെ തുടർന്നായിരുന്നുവെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗുൻവന്ത് രത്തോഡ് ഇന്ത്യൻ എക്സ്പ്രസിനോട് പറയുകയുണ്ടായി. കൊറോണ കാലത്ത് മുസ്ലിംകൾക്ക് ചികിത്സ നിഷേധിച്ച സംഭവങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിവേചനങ്ങൾ തുടരുമ്പോഴാണ് അതിഥി തൊഴിലാളികളെ ഉൾപ്പെടെ എല്ലാവരെയും ചേർത്ത് പിടിച്ച് പിണറായി വിജയൻ മാതൃക കാണിച്ചത്.

## മാധ്യമങ്ങളുടെ സാധ്യതകൾ

മാധ്യമങ്ങളുടെ സാധ്യതകൾ പരമാവധി ഉപ

യോഗപ്പെടുത്തുകയായിരുന്നു മുഖ്യമന്ത്രി. കൃത്യമായ വിവരങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കാനുള്ള പ്രാഥമിക സ്രോതസായിരുന്നു ഓരോ ദിവസവും വൈകിട്ട് തന്റെ മുന്നിലെത്തിയ മാധ്യമങ്ങൾ. നേരത്തേ, കടക്കെടാ പുറത്ത് എന്ന ധാർഷ്ട്യത്തോടെ മാധ്യമങ്ങളെ സമീപിക്കുന്ന ആൾ എന്ന പരാതി പിണറായി വിജയനെതിരെ പരക്കെ ഉയർന്നിരുന്നു. അതിൽ നിന്ന് ഒരു നാടിന്റെ കാവലാൾ എന്ന നിലയിൽ പറയേണ്ട സമയത്ത് പറയേണ്ടതു പോലെ താൻ പറയുമെന്ന തിരുത്തുകൂടി നൽകിയാണ് കോവിഡ് കാലത്തെ ഓരോ വാർത്താ സമ്മേളനവും പര്യവസാനിച്ചത്. നിപ പടർന്നപ്പോഴും രണ്ട് തവണ മഴക്കെടുതിയുണ്ടായപ്പോഴും മാധ്യമങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്താൻ പിണറായി വിജയന് സാധിച്ചിരുന്നു. രാഷ്ട്രീയ പ്രതിസന്ധികളുണ്ടാവുമ്പോൾ മാത്രമല്ല, മാധ്യമങ്ങളെ ഇവ്വിധവും ഉപയോഗപ്പെടുത്താമെന്ന് ഒരിക്കൽ കൂടി മുഖ്യമന്ത്രി തെളിയിച്ചു.

**കാനഡയുടെ മുൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ, അമേരിക്കയുടെ മുൻ പ്രസിഡന്റ് ബരാക് ഒബാമ, അമേരിക്കൻ രാഷ്ട്രീയത്തിലെ പ്രമുഖരായ ന്യൂട്ട് ഗിന്റിച്ച്, റോൺ പോൾ എന്നിവരാണ് ചരിത്രത്തിൽ ഏറ്റവും മികച്ച രീതിയിൽ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയ രാഷ്ട്രീയ നേതാക്കൾ. മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി പൊതുജനങ്ങളെ വിശ്വാസത്തിലെടുത്തു എന്നതാണ് ഇവരിലെ കോമൺ ഫാക്ടർ.** പിണറായി വിജയന്റെ വാർത്താ സമ്മേളനങ്ങളുടെ ഉള്ളടക്കവും നിലവാരവും ഫലവും വിലയിരുത്തുമ്പോൾ ഇതേ പൊതുഘടകം കണ്ടെത്താനാവും. പിണറായി നടത്തിയ

വാർത്താ സമ്മേളനങ്ങൾ ഏറ്റവും ചുരുങ്ങിയത് ആധുനിക മനഃശാസ്ത്ര, നരവംശ ശാസ്ത്രപഠനങ്ങളെങ്കിലും അർഹിക്കുന്നുണ്ട്.

## രാഷ്ട്രീയം

രാഷ്ട്രീയം നോക്കാതെ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്ന് മുഖ്യമന്ത്രി മിക്ക വാർത്താ സമ്മേളനങ്ങളിലും ഓർമപ്പെടുത്തുകയുണ്ടായി. ഒരു മുഖ്യമന്ത്രി എന്ന നിലയിൽ പിണറായി വിജയൻ കൂടുതൽ ജനകീയനാകാൻ വഴിയൊരുക്കിയെന്നതും ഒരുപക്ഷേ ഭരണത്തുടർച്ച ഉറപ്പുവരുത്താൻ സഹായിച്ചേക്കുമെന്നതും കോവിഡ് കാലത്തെ വാർത്താസമ്മേളനങ്ങളുടെ പ്രത്യേകതകളായി വിലയിരുത്താം. ഇത്തരത്തിൽ കേരളം മൊത്തം കൈയിലെടുക്കുന്ന മുഖ്യമന്ത്രിയുടെ മുന്നേറ്റത്തെ കൊച്ചാക്കാനുള്ള രാഷ്ട്രീയ നീക്കങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത് സ്വാഭാവികമാണ്. കേരളത്തെ കോവിഡ് പ്രതിസന്ധിയിൽ സഹായിക്കുന്ന സ്പ്ലിംഗർ എന്ന അമേരിക്കൻ കമ്പനി വിവരങ്ങൾ ചോർത്തുന്നുവെന്നും ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും പ്രതിപക്ഷം ആരോപിച്ചു. ഇക്കാര്യം മാധ്യമപ്രവർത്തകർ മുഖ്യമന്ത്രിയോട് ചോദിച്ചിരുന്നു. കോവിഡ്19 പ്രതിരോധിക്കാൻ ഐക്യരാഷ്ട്രസഭ വരെ ആശ്രയിക്കുന്ന കമ്പനിയാണ് സ്പ്ലിംഗർ എന്നും കേരളം അതിനായി ഒരു പൈസ പോലും ചെലവഴിക്കുന്നില്ല എന്നുമാണ് വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞത്. അതേസമയം, ഇതിനെക്കുറിച്ച് കൂടുതൽ സംസാരിച്ചുമില്ല. പിന്നീട് ഈ കമ്പനിയെക്കുറിച്ചുള്ള വിശദാംശങ്ങൾ പുറത്തുവിടാൻ

സർക്കാർ നിർബന്ധിതരായി. ഈ സംഭവം മുഖ്യ മന്ത്രി കൂടുതൽ സുതാര്യമാവണമെന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്തു. മറ്റുസംശയങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് വ്യക്തമാക്കി സർക്കാർ എല്ലാ രേഖകളും പുറത്തുവിട്ടു. സർക്കാർ വെബ്സൈറ്റി ലൂടെയാണ് കരാർ വിശദാംശങ്ങൾ പുറത്തുവിട്ടി രിക്കുന്നത്. ഏപ്രിൽ രണ്ടിന് ഒപ്പുവെച്ച കരാറിന്റെ കാലാവധി സെപ്റ്റംബർ 24 വരെയാണ്. മാർച്ച് 25 മുതൽ സെപ്റ്റംബർ 24വരെയുള്ള കാലയളവിൽ വിവരങ്ങൾ ശേഖരിക്കാം എന്നാണ് കരാറിൽ പറയുന്നത്. പാനൂരിനടുത്ത പാലത്തായി സ്കൂളി ലെ നാലാംക്ലാസുകാരിയെ പീഡിപ്പിച്ച ബിജെപി/ ആർഎസ്എസ് നേതാവിനെ പൊലീസ് അറസ്റ്റ് ചെ യ്യാൻ വൈകിയതിനെക്കുറിച്ചും വാർത്താ സമ്മേ ളനത്തിൽ ചോദ്യങ്ങളുയർന്നിരുന്നു. ബിജെപി തൃ പ്രങ്ങോട്ടൂർ പഞ്ചായത്ത് പ്രസിഡന്റും എൻടിയു ജില്ലനേതാവുമായ കടവത്തൂർ മുണ്ടത്തോടട്ടെ കു റുങ്ങാട്ട് കുനിയിൽ പത്മരാജനെ പിന്നീട് പൊലീ സ് അറസ്റ്റ് ചെയ്തു. പോക്സോ പ്രകാരം പാനൂർ പൊലീസ് കേസെടുത്തതിന് പിന്നാലെ രക്ഷപ്പെട്ട പ്രതി ഒരുമാസമായി ഒളിവിലായിരുന്നു. വാർത്താ സമ്മേളനത്തിൽ ആരോഗ്യ മന്ത്രിക്ക് വേണ്ടത്രയി ടം നൽകിയില്ല എന്ന വിമർശനവും ഉയർന്നിരുന്നു. അതേസമയം, കോവിഡ് പ്രതിരോധത്തിൽ രാഷ്ട്രീ യാതീതമായ ഐക്യവും ഏകോപനവും സാധ്യമാ ക്കാൻപിണറായിയുടെവാർത്താസമ്മേളനങ്ങൾക്ക് സാധിച്ചു. അതിന്റെ ഗുണഫലങ്ങൾ ലഭിച്ചത്, ലോ ക്ക് ഡൗണിൽ പെട്ടുപോയ ഓരോ മലയാളിക്കും. കോവിഡ് 19നുമായി ബന്ധപ്പെട്ട ഡാറ്റ സ്പ്ലിം ഗറിന് കൈമാറുന്ന കരാർ സർക്കാർ അവസാനിപ്പിച്ചു ●

Contents


www.sajidhagroup.com
SINCE : 1979
ساجدة
SAJIDHA GROUP
مجموعة ساجدة
SAJIDHA GROUP
HYPERMARKETS
SUPERMARKETS
DEPARTMENT STORES
Corporate Office: Sheikh Khalid Road, Khorfakkan, Sharjah - United Arab Emirates 09 2386425 09 2383814
info@sajidhagroup.com

# കൊറോണക്കാലത്തെ കർമശാസ്ത്രം

**ഇസ്‌ലാമിക കർമശാസ്ത്രം വിഭാവനം ചെയ്യുന്ന, വിശ്വാസിസമൂഹം പുലർത്തേണ്ട ആരോഗ്യ-ആതുര-പ്രതിരോധ കാഴ്ചപ്പാടുകൾ.**

**മുഖ്താർ റാസി**
mukhtarrazy786@gmail.com



ആഗോളതലത്തിൽ കോവിഡ് 19 എന്ന മഹാമാരി പിടിമുറുക്കിയിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ അനുദിനം പ്രതിരോധ നടപടികളുമായി രാജ്യങ്ങൾ മുന്നോട്ടുപോവുന്നു. ജനങ്ങൾ കൂടുതൽ ജാഗ്രതയോടെ ജീവിക്കുന്നു. ഈ മഹാമാരിയുടെ വ്യാപനം തടയുവാനായി ആരോഗ്യ വിദഗ്ധരുടെ നിർദേശമനുസരിച്ചാണ് ലോകം നീങ്ങുന്നത്. പ്രതിരോധത്തിലൂന്നിയുള്ള ജീവിതക്രമം സ്വീകരിക്കു

ന്നതിന് കർമശാസ്ത്രം നൽകുന്ന പിന്തുണ ചെറു തൊന്നുമല്ല. ഇസ്‌ലാമിക കർമശാസ്ത്രം വിഭാവനം ചെയ്യുന്ന, വിശ്വാസിസമൂഹം പുലർത്തേണ്ട ആരോഗ്യ-ആതുര- പ്രതിരോധ കാഴ്ചപ്പാടുകൾ പങ്കുവെക്കുകയാണിവിടെ.

ആരോഗ്യവും രോഗവും ദൈവനിശ്ചയമാണ്. ആരോഗ്യം കനിഞ്ഞരുളിയതിൽ അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുകയും അതിനെ പരിപാലിക്കുകയും വേണം. രോഗം പിടിപെട്ടാൽ അതിൽ ക്ഷമിക്കുകയും ചികിത്സ തേടുകയും വേണം. ആരോഗ്യ പരിപാലനം വിശ്വാസിയുടെ ബാധ്യതയാണ്. രോഗം വരാതിരിക്കാനുള്ള സുരക്ഷാനടപടികൾ സ്വീകരിക്കണം. രോഗപ്രതിരോധമാണ് ചികിത്സയെക്കാൾ ഉത്തമമെന്ന ആശയത്തെ മുൻനിർത്തിയാണ് ആരോഗ്യ പരിപാലനത്തിന്നും സുരക്ഷാ ക്രമീകരണങ്ങൾക്കും ഇസ്‌ലാമിക കർമശാസ്ത്രം കൂടുതൽ പ്രാധാന്യം നൽകിയത്. 'രോഗിക്ക് ചികിത്സ തേടൽ സുന്നത്താണ്. ചികിത്സയിലൂടെ രോഗം ഭേദമാവുമെന്നറിയപ്പെട്ടതാണെങ്കിൽ  ചികിത്സ തേടൽ നിർബന്ധമാണ്.' (ഹാശിയത്തു ശർവാനി, തുഹ്ഫ). വൈദ്യശാസ്ത്രം പഠിക്കുക എന്നത് സാമൂഹ്യ ബാധ്യതയാണെന്നാണല്ലോ മതപക്ഷം. അതിനുപുറമേ രോഗങ്ങൾക്കുള്ള പ്രതിവിധികളും മരുന്നുകളും കണ്ടെത്തുന്നതിൽ ഏറ്റവും കൂടുതൽ പ്രോത്സാഹനവും പ്രതീക്ഷയും നൽകുന്നത് തിരുനബി(സ്വ)യുടെ വാക്കുകളാണ്. വൈദ്യശാസ്ത്രത്തിന് കൂടുതൽ പ്രചോദനമേകുന്ന ആ വാക്യം ഇങ്ങനെയാണ്: ചികിത്സിക്കൂ, കാരണം, അല്ലാഹു മരുന്ന് വ്യവസ്ഥപ്പെടുത്തിയിട്ടല്ലാതെ ഒരു രോഗവും നൽകിയിട്ടില്ല. വാർധക്യമൊഴികെ. കൊറോണക്കാലത്തും ഈ വാക്യം, മരുന്നിനായി തല പുകഞ്ഞാലോചിക്കുന്ന

ആരോഗ്യ ശാസ്ത്രജ്ഞർക്ക് പ്രത്യാശയുടെ തിരി നാളമായി വെളിച്ചം പകരുന്നുണ്ട്. ഈ ഹദീസിന്റെ വെളിച്ചത്തിലാണ് ചികിത്സയുടെ പ്രാധാന്യവും ചികിത്സ തേടുന്നത് പുണ്യകരമാണെന്നും കർമശാസ്ത്ര വിശാരദർ നിർധാരണം നടത്തിയത്.

കോവിഡ് 19 പോലുള്ള രോഗങ്ങളുടെ പ്രതിരോധവുമായി ബന്ധപ്പെട്ട് ചില മുൻകരുതലുകൾ കർമശാസ്ത്രം മുന്നോട്ടുവെക്കുന്നുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം: സാംക്രമിക രോഗം ബാധിച്ച പ്രദേശങ്ങളിൽ നിന്ന് ആരും പുറംനാടുകളിലേക്ക് പോകാതിരിക്കുക. സാമൂഹിക അകലം (Social distance) പാലിക്കുക. അനാവശ്യമായി വീടുകളിൽ നിന്നും പുറത്തിറങ്ങാതിരിക്കുക (home quarantine).

**പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ, മുൻകരുതലുകൾ സ്വീകരിക്കാനും ആരോഗ്യ വിചക്ഷണരുടെ നിർദേശങ്ങൾ കൃത്യമായി പാലിക്കാനും ശ്രദ്ധിക്കണം. ഈ കാര്യങ്ങളത്രയും പാലിക്കൽ നിർബന്ധമാണ്. ഇവ ഒഴിവാക്കൽ കർമശാസ്ത്ര പരമായി നിഷിദ്ധമാണ്/ഹറാം (ഫതാവൽ കുബ്റ 4 / 4).** അത്യാവശ്യ ഘട്ടങ്ങളിൽ സംസാരിക്കേണ്ടി വരുമ്പോൾ 'കുഷ്ഠരോഗിയുമായി ഒന്നോ രണ്ടോ 'കോലളവ്' അകലത്തിൽ നിന്ന് സംസാരിക്കുക' (ഇബ്നുഹജർ അസ്ഖലാനി/ ഫത്ഹുൽ ബാരി 10/159) എന്ന ഈ വിവരണത്തെ ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തോട് ചേർത്തിവായിക്കുമ്പോൾ, കോവിഡ് രോഗികളിൽ നിന്നും ഏതാണ്ട് മൂന്നര മീറ്റർ അകലം പാലിക്കണമെന്നാണ് വരിക. അന്നത്തെ അറബികളുടെ രീതിയാണ് 'ഒരു കുന്തത്തിന്റെ/രണ്ട് കുന്തത്തിന്റെ' അളവൊക്കെ. ഒരു കുന്തം ഏഴുമുഴം നീളമുണ്ടാകും. പകർച്ചവ്യാധിക്കാലത്ത് ശ്രദ്ധിക്കേണ്ട പ്രധാന

പ്രതിരോധ മാർഗങ്ങളാണിവ. ഇതിനു പുറമേ പതിവായി പാലിച്ചുവരുന്ന ആരോഗ്യ ശീലങ്ങളത്രയും ശ്രദ്ധിക്കണം. അവയിൽ ചിലത്: മുഴുവൻ സമയവും വുളൂഅ് ഉണ്ടായിരിക്കുക. വുളൂഅ് പതിവുശീലമാക്കൽ സുന്നത്താണെന്ന് ഇമാം നവവി(റ) ശറഹുറൗളിൽ ഉദ്ധരിക്കുന്നുണ്ട്. കുളി, ദന്ത ശുചീകരണം, വസ്ത്ര ശുചീകരണം, സുഗന്ധമുപയോഗം, വീടും പരിസരവും ശുചീകരിക്കുക, പാത്രങ്ങളും ആഹാരങ്ങളും അടച്ചു വെക്കുക, ഭക്ഷണത്തിന് മുമ്പും ശേഷവും കൈകൾ കഴുകുക, തുമ്മുമ്പോഴും ചുമക്കുമ്പോഴും കോട്ടുവായിടുമ്പോഴും തൂവാല കൊണ്ടോ കൈ കൊണ്ടോ വാപൊത്തുക, കെട്ടിനിൽക്കുന്ന വെള്ളത്തിൽ മലമൂത്ര വിസർജനം ചെയ്യാതിരിക്കുക തുടങ്ങിയവയാണവ.

കോവിഡ് 19ന്റെ ഭാഗമായി എടുക്കുന്ന മുൻകരുതലുകളെ തുടർന്ന് ആരാധനാ സംബന്ധിയായും അല്ലാതെയുമുള്ള കർമങ്ങളിൽ ചില മാറ്റങ്ങൾ ഉണ്ടാകും. സാമൂഹ്യ അകലം (Social distance) പാലിക്കേണ്ടതിനാൽ ജമാഅത്ത്, ജുമുഅ നിസ്കാരങ്ങൾ നിർവഹിക്കൽ നിർബന്ധമാവുകയില്ല. ഭക്തിക്ക് (ഖുശൂഅ്) ഭംഗം വരുന്ന രൂപത്തിൽ പ്രയാസം സൃഷ്ടിക്കുന്ന രോഗം ജുമുഅ, ജമാഅത്ത് നിസ്കാരങ്ങളിൽ നിന്ന് വിട്ടുനിൽക്കാനുള്ള കാരണങ്ങളാണ് (ഇആനത്തു ത്ത്വാലിബീൻ). പകർച്ചവ്യാധികൾ ഭയാനകമായ രോഗമാണ് (മറളുൻമഖൂഫ്). ഇത് പിടിപെട്ട പ്രദേശത്തെ ജനങ്ങളാകെയും മതവിധികളിൽ രോഗികളെപ്പോലെ തന്നെയാണ് (ഫതാവൽ കുബ്റ). ജുമുഅ നിർവഹണത്തിലൂടെ സ്വശരീരത്തിലോ സമ്പത്തിലോ നാശം സംഭവിക്കുമെന്ന് പേടിക്കുന്നയാൾക്ക് ജുമുഅ നിർബന്ധമില്ല(ശറഹുൽ മുഹദ്ദബ്). ഈ പ്രതികൂല സാഹചര്യത്തിൽ ജുമുഅ

ജമാഅത്തുകൾ നിർബന്ധമില്ല എന്നതാണ് ഉപരി സൂചിത കർമശാസത്ര വിവരണങ്ങൾ വ്യക്തമാക്കുന്നത്. പകരം ളുഹ്ർ നിസ്കരിക്കുകയാണ് വേണ്ടത്. അതിനു പുറമേ നിസ്കാരങ്ങൾക്കു വേണ്ടിയുള്ള ബാങ്കിൽ ഹയ്യഅലസ്വലാ എന്നതിന് ശേഷമോ അല്ലെങ്കിൽ ബാങ്കിനു ശേഷമോ 'അലാ സ്വല്ലൂ ഫീ രിഹാലികും' / ബുയൂത്തിക്കും (നിങ്ങൾ വീടുകളിൽ വെച്ച് നിസ്കരിക്കുവീൻ) എന്ന് വിളിച്ചു പറയൽ സുന്നത്തുണ്ട്.(ഇആനത്തു ത്ത്വാലിബീൻ 1/273). ഇത്തരം പകർച്ചവ്യാധികൾ ഉള്ള സമയത്ത് ഹസ്ത ദാനം ഒഴിവാക്കേണ്ടതാണ്. വിപത്ത് ബാധിച്ചവരുമായി ഹസ്തദാനം ചെയ്യൽ കറാഹത്താണ് (ഫത്ഹുൽ മുഈൻ). കൈകൾ മുഖം എന്നിവ കഴുകാൻ വേണ്ടി ഉപയോഗിക്കുന്ന ഹാൻഡ് വാഷുകളിൽ ആൽക്കഹോളുണ്ടെങ്കിലും ഉപയോഗിക്കുന്നതിന് വിരോധമില്ല. സ്പ്രേ, ഡിറ്റർജന്റ്, ഹാൻഡ് വാഷ് തുടങ്ങിയവയിൽ ഉപയോഗിക്കുന്ന ആൽക്കഹോളിൽ ലഹരിയില്ല എന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട് (ലുബാബുന്നുഖൂൽ ഫീ ത്വഹാറത്തിൽ ഉത്വൂർ അൽ മംസൂജത്തി ബിആൽക്കഹോൾ). സാംക്രമിക രോഗങ്ങൾ ബാധിച്ചവരെ സന്ദർശിക്കൽ ഒഴിവാക്കേണ്ടതാണ്. എന്നാൽ 'അവരെ പരിചരിക്കാനാരുമില്ലാത്ത ഘട്ടത്തിൽ അവരെ പരിചരിക്കൽ സാമൂഹ്യ ബാധ്യതയാണ്' (അൽ ഇഫാദത്തുലിമാ ജാഅ ഫിൽ മറളി വൽ ഇയാദ). സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചു കൊണ്ടാവണം സന്ദർശിക്കേണ്ടതും പരിചരിക്കേണ്ടതും. അതിനു പുറമേ അവർ വുളൂഅ് (അംഗസ്നാനം) ചെയ്യൽ സുന്നത്താണെന്ന് കർമശാസ്ത്ര പണ്ഡിതരിൽ ചിലർ വ്യക്തമാക്കിയിട്ടുണ്ട്.

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരെ കുളിപ്പിക്കലും തയമ്മുംചെയ്യലും പ്രയാസം സൃഷ്ടിക്കുന്നത്

കാരണത്താൽ ആ ബാധ്യതയും ഒഴിവാകുന്നതാണ്. 'മയ്യിത്തിന് ശുദ്ധിയില്ലാത്തതു കാരണത്താൽ നിസ്കാരം നിർബന്ധമുണ്ടാവില്ല.നിസ്കരിക്കാതെ മറവു ചെയ്യുകയാണു വേണ്ടത്. എന്നാൽ ഒരു പക്ഷം പണ്ഡിതർ നിസ്കാരം നിർബന്ധമാണ് എന്ന ഭിപ്രായപ്പെട്ടിട്ടുണ്ട്'(മുഗ്നി അൽമുഹ്താജ്).

ഒരു പ്രദേശത്തു ബാധിച്ച വിപത്തുകൾ നീങ്ങാൻ വേണ്ടി നിസ്കാരത്തിൽ ഖുനൂത് നിർവഹിക്കൽ സുന്നത്താണ്. രണ്ടു കൈകളുടെയും പുറം ഭാഗം മേൽപോട്ടുയർത്തിയാണ് ഇത് ചെയ്യേണ്ടത് (ബിഗ്യ). വിപത്തുകൾ ബാധിക്കാത്ത നാടുകളിൽ താമസിക്കുന്നവർ ബാധിച്ചവർക്ക് വേണ്ടി ഖുനൂത്ത് നിർവഹിക്കലും സുന്നത്തുണ്ട്' (ഹാശിയതു ശബറാമുല്ലസി). ഇതിനു പുറമേ ഇമാം ശാഫിഈ(റ) തസ്ബീഹ് മഹാമാരികൾക്ക് ശമനം നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഹിൽയത്തുൽ ഔലിയാ). ഈ സാഹചര്യത്തിലും ഖുനൂത്ത് അഭികാമ്യമാണെന്നാണ് ഉദ്ധൃതവരികൾ സൂചിപ്പിക്കുന്നത്. രോഗപ്രതിരോധമാണ് ചികിത്സയെക്കാൾ ഉത്തമം, സ്വയം പ്രയാസമുണ്ടാക്കാനോ മറ്റുള്ളവരെ പ്രയാസപ്പെടുത്താനോ പാടില്ല. വൈ യക്തികനേട്ടങ്ങളെക്കാൾ സാമൂഹ്യ നേട്ടങ്ങൾക്ക് മുൻഗണന നൽകുക തുടങ്ങിയ കർമശാസത്രത്തിന്റെ അടിസ്ഥാനനിയമങ്ങൾ മുഖവിലക്കെടുത്താവണം കൊറോണക്കാലത്തെ വിശ്വാസി ജീവിതം. പ്രതിരോധ പ്രവർത്തനങ്ങൾ കേവലം പ്രവർത്തനങ്ങൾ മാത്രമല്ല. അതിലുപരി വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതും മതം നിഷ്കർഷിക്കുന്ന ആരാധനകൾ തന്നെയാണ്. അത്തരത്തിലാണ് ഇസ്ലാമിക കർമശാസ്ത്രം പ്രതിരോധ പ്രവർത്തനങ്ങളെ വിവരിക്കുന്നതും ●

Contents

# 'അഹദത്തിലെ അലിഫലിഫ്ലാം അകമിയം'

**ബദ്ർ യുദ്ധ ചരിത്രം ഇതിവൃത്തമായി അറബി മലയാളത്തിൽ എഴുതപ്പെട്ട മോയിൻ കുട്ടി വൈദ്യരുടെ ബദ്ർ പടപ്പാട്ട് സംബന്ധിച്ച്.**

**അശ്റഫ് പുന്നത്ത്**
ashrafpunnath350@gmail.com



ബദ്ർ എന്ന നാമം കോൾക്കാത്തവരായി ആരുമുണ്ടാവില്ല. ഹിജ്റ 2-ാം വർഷം റമളാൻ പതിനേഴിന് (ക്രി. 624-മാർച്ച് 13)ന് ബദ്ർ എന്ന സ്ഥലത്ത് വെച്ച് നബി(സ്വ)യുംസ്വഹാബികളും അബൂജഹലും സംഘവുമായി നടന്ന യുദ്ധമാണ് ബദ്ർ യുദ്ധം. മക്കയുടെയും മദീനയുടെയും ഇടയിലുള്ള സ്ഥലമാണ് ബദ്ർ താഴ്വാര. ഈ നാടിന് ബദ്ർ എന്ന പേര് വരാൻ ധാരാളം കാരണങ്ങൾ പണ്ഡി

തന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട അഭിപ്രായം ബദ്ർ എന്ന് പേരുള്ള ഗിഫാർ ഗോത്രക്കാരൻ അവിടെ ഒരു കിണർ കുഴിച്ചിരുന്നുവത്രെ. അതിനെ ബിഅ്റു ബദ്ർ (ബദ്റിന്റെ കിണർ) എന്ന് വിളിക്കപ്പെടുകയും ചെയ്തു. കാലാന്തരേണ ഈ പ്രദേശത്തിന് ബദ്ർ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ബദ്ർ യുദ്ധ ചരിത്രവും ബദ്ർ ശുഹദാക്കളുടെ നാമവും ഇതിവൃത്തമായി അറബി മലയാളത്തിൽ ധാരാളം കൃതികൾ ഇറങ്ങിയിട്ടുണ്ട്. മോയിൻ കുട്ടി വൈദ്യരുടെ ബദ്ർ പടപ്പാട്ട്, താനൂർ മച്ചിങ്ങലകത്ത് മൊയ്തീൻ കുട്ടി മൊല്ലയുടെ ബദ്ർ ഒപ്പന, കാഞ്ഞിരാല കുഞ്ഞിരായീൻ എഴുതിയ ബദ്ർ മാല, മഞ്ചാൻ പിറഅകത്ത് അബ്ദുൽ അസീസ് എഴുതിയ ബദ്റുൽ ഉളമ, മൗരത്തൊടിക മുഹമ്മദ് മൗലവിയുടെ ബദ്ർ ചിന്ത്, കിഴക്കിനിയകത്ത് കമ്മുകുട്ടി മരക്കാരുടെ ബദ്ർ തിരിപ്പുകൾ, കോടഞ്ചേരി മരക്കാർ മുസ്‌ലിയാരുടെ ബദ്ർ മാല, വാഴപ്പുളിയിൽ അബ്ദുല്ല കുട്ടിയുടെ ബദ്ർ ഒപ്പനപ്പാട്ട്, ചാക്കീരി മെയാതീൻ കുട്ടിയുടെ ചാക്കീരി ബദ്ർ, നല്ലളം ബീരാൻ സാഹിബിന്റെ ബദ്ർ ഒപ്പന, കെ സി മുഹമ്മദ് കുട്ടി മൊല്ലയുടെ ബദ്ർ കെസ്സ്, മഞ്ചാൻപിറഅകത്ത് ഇമ്പിച്ചിയും പടിഞ്ഞാറകത്ത് മൊയ്തീൻ കുട്ടിയും കൂടി എഴുതിയ ബദ്റുൽ കുബ്റാ എന്ന ചരിത്ര ശിരോമണി കെസ്സ് മാല, പൊന്നാനി ഉത്തുവാങ്ങാനകത്ത് ഹൈദർ രചിച്ച മുനീലുൽ മഖാസിദ് എന്ന പുതിയ പാട്ട്, രചിയിതാവിന്റെ പേര് അറിയപ്പെടാത്ത ബദ്റുദ്ദീൻ മാല, ഇവയിൽ ഏറ്റവും പ്രചുര പ്രചാരം നേടിയത് ഇശൽ ചക്രവർത്തി മോയിൻ കുട്ടി വൈദ്യ

രുടെ ബദ്ർപടപ്പാട്ടാണ്. അതിന്റെ ഭാഷയും രചനാസൗകുമാര്യതയും വർണനാതീതമാണ്.

**നൂറ്റി ആറ് ഇശലുകളുള്ള ബദർ കിസ്സപ്പാട്ട് വൈദ്യർ ക്രി: 1876 ൽ തന്റെ ഇരുപത്തി നാലാമത്തെ വയസിലാണ് രചിക്കുന്നത്. ഹിജ്റ 1204 ക്രി: 1788 ൽ ജനിച്ച കൈപറ്റ എ പി ഏനികുട്ടി മുസ്‌ലിയാരുടെ മകൻ അമ്പലവൻ മൊയ്തീൻ കുട്ടി മുസ്‌ലിയാർ രചിച്ച 'അൻവാറുൽ ബസ്വർ ബി അഖ്ബാരിൽ ബദ്ർ' എന്ന ബദ്ർ യുദ്ധ ചരിത്രം വിവരിക്കുന്ന അറബികാവ്യത്തെ ഉപജീവിച്ചാണ് വൈദ്യർ ബദ്ർ പാട്ട് കെട്ടിയിട്ടുള്ളത്.** രണ്ടായിരത്തി ഇരുപത്തി ഒന്ന് ബൈത്തുകളിലായി കോർവ ചെയ്യപ്പെട്ട അൻവാറുൽ ബസ്വറിന്റെ അതേ ചരിത്ര ഘടന തന്നെയാണ് വൈദ്യരുടെ പടപ്പാട്ടിനുമുള്ളത്. വൈദ്യരുടെ രചനയുടെ അമ്പത്തി മൂന്ന് വർഷം മുമ്പാണ് മൊയ്തീൻ കുട്ടി മുസ്‌ലിയാർ അൻവാറുൽ ബസ്വർ എഴുതിയിട്ടുള്ളത്.

ബദ്ർപടപ്പാട്ടിന്റെ പുറംചട്ടയിൽ ഇങ്ങനെ എഴുതിയതായിക്കാണാം. 'ഫഅ്ലമൂ അയ്യുഹൽ ഇഖ്വാൻ ഇതാകുന്നത് കൊണ്ടോട്ടി മേലങ്ങാടിയിൽ ആലുങ്ങൽകണ്ടിയിൽ പാർക്കും ഓട്ടു പാറക്കൽ മോയീൻ കുട്ടി വൈദ്യരാൽ ഉണ്ടാക്കപ്പെട്ട ബദ്റുൽ കുബ്റാ എന്നും ബദ്റുൽ ഫുർഖാൻ എന്നും ഗസ്വത്തുൽ അഅ്ളം എന്നും അക്ബറുൽ ഗസ്വാത്ത് എന്നും മറ്റും പേര് പറയപ്പെടുന്ന അത്യപമായ ബദ്ർ പടപ്പാട്ടാകുന്നു.'

ബദ്ർ പടപ്പാട്ടിലെ എൺപത്തി ഒമ്പതാമത്തെ ഇശലായ 'അൽഹംദുൽ മൗലാനാ' എന്ന ഇശലിൽ വൈദ്യർ ബദ്ർ ശുഹദാക്കളുടെ പേരുകൾ പാടുന്നവർക്ക് എളുപ്പത്തിൽ പാടാൻ കഴിയുന്ന രൂപത്തിൽ

ഹിജാഇയ്യായ ഇരുപത്തി ഒൻപത് അക്ഷരത്തിൽ കോർത്തിണക്കി, ഓരോ വരിയുടെയും അവസാനത്തിൽ തർളിയത്തും ചേർത്തിട്ടാണ് കോർവ്വ ചെയ്തിട്ടുള്ളത്. ഈ എൺപത്തി ഒമ്പതാമത്തെ ഇശലിന് വൈദ്യർ 'നവ രത്ന മാല' എന്നാണ് പേര് വെച്ചിട്ടുള്ളത്. അതിങ്ങനെ പാടാം.

'അരിമപെരിമ പെരിയോനെ പുരാൻ
അഹദും സ്വമദും ഫറ്ദാനെ ഉണെ
അസ്മാഉൽ അളീമുകൾ ഹഖ്ഖുകളാലെ
ഇലയ്ക്ക തവസ്സൽ നാ അല്ലാഹ് ...
ഇരക്കുന്നു അടിയൻ വബിജാഹി ഹബീബിക്ക
സയ്യിദിനാ അവർ ശംസിൽ ഹുദാ
ഇസ്മാകും മുഹമ്മദ് സ്വല്ലി വസല്ലിം
അലൈഹി വബാരിക് യാ അല്ലാഹ്
അരുള് ദാത്ത് നബി ഉലൂമിൻ ഫദിയ്യിൻ
തറ ഭിത്തിയും മച്ചോട് ബാശലും നാല്
അരശർ ഖുലഫാഅ് അബൂബക്കർ ഉമർ
ഉസ്മാൻ അലി അൻ ഹുമു റളിയല്ലാഹ്..'

ആദ്യ ഇശലിൽ തന്നെ ആദ്യ ഏഴു വരിയും വൈദ്യർ അവസാനിപ്പിക്കുന്നത് ബിസ്മി കൊണ്ടാണ്. ഒന്നാമത്തെ ഇശലിൽ വൈദ്യർ ബസ്മി ചൊല്ലി രചനയുടെ ഉദ്ഘാടന കർമമാണ് നിർവഹിച്ചിട്ടുള്ളത്.

'അഹദത്തിലെ അലിഫലിഫ്ലാം അകമിയം
അലിഫ് അക്ഷര പെരുൾ ബിസ്മില്ലാഹ്
അരിമക്കലയ് കുത്തുബനുദിനം ഖുർആനിൻ
അളകുറ്റല കുറി ബിസ്മല്ലാഹ്'

ബിസ്മികൊണ്ട് തുടങ്ങിയാലുള്ള ശ്രേഷ്ഠതയും ഗുണഫലങ്ങളും പണ്ഡിതന്മാർ രേഖപെടുത്തി വെച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചാണ് വൈദ്യർ ബിസ്മി കൊണ്ട് തുടങ്ങിയത്. മാത്രവുമല്ല,

‘ബഹ്റ ഖുർആനിൽ പൊരുൾ മുളു തടകിനെ
ബരിഷക്കടൽ പതി ബിസ്മില്ലാഹ്
ബദ്റപ്പട കൊടു കവി നുവൽ വദിൻ മുതൽ
ബരിബൈത്തബ് തദി ബിസിമില്ലാഹ്..’

വിജ്ഞാന സമുദ്രമായ ഖുർആനിന്റെ അർഥം മഴുവൻ അടങ്ങിയ വിജ്ഞാനം അലതല്ലുന്ന വർഷക്കടലായ ബിസ്മില്ലാഹ് കൊണ്ട് ഞാൻ തുടങ്ങുന്നു. കൊടുമ പെട്ട ബദർപ്പടയുടെ ഗാനം രചിക്കുന്ന ആരംഭത്തിൽ വരിവെച്ച് ഞാൻ ആരംഭിക്കുന്നു. ബിസ്മില്ലാഹ്... ബിസ്മി കൊണ്ട് ഈ ഗ്രന്ഥരചനക്ക് തുടക്കം കുറിച്ച ശേഷം വൈദ്യർ രണ്ടാമത്തെ ഇശലിൽ ആരംഭ പ്രാർഥനയിലേക്കാണ് കടന്നിട്ടുള്ളത്. അതിന് ശേഷം മൂന്നാമത്തെ ഇശലിൽ നബിയുടെ(സ്വ) ഒളിവിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഖാളി മുഹമ്മദ് (റ) മുഹയുദ്ദീൻ മാലയുടെ മുനാജാത്തിന്റെ ആദ്യവരി ഇങ്ങനെയാണ് എഴുതിയിട്ടുള്ളത്.

‘മുത്താൽ പടച്ച ദുനിയാവിൽ നിക്കും നാൾ
മൂപ്പർ മുഹിയിദ്ദീൻ കാവലിൽ ഏകല്ലാഹ്’

നബിനൂറിനെ മുത്ത് രൂപത്തിൽ ആയിരുന്നു അല്ലാഹു സൃഷ്ടിച്ചത്, ആ മുത്തിൽ നിന്നാണ് ദുനായാവിനെ അല്ലാഹു പടച്ചത് എന്നാണ് ഖാളി മുഹമ്മദ്(റ) വരിയിൽ പറയുന്നത്. അതെ ആശയമാണ് പ്രാചീന ഗ്രന്ഥമായ ആകാശം ഭൂമി എന്ന പാട്ടിൽ പറഞ്ഞിട്ടുള്ളത്.

‘ആകാശം ഭൂമി പടച്ചോൻ അല്ലാഹ് ഒരു മുത്താൽ
ആദി ഉമ്മത്തിൽ ഉദിത്തെ ബേദാംബർ മൂലത്താൽ’

ആകാശവും ഭൂമിയും അല്ലാഹു പടച്ചത് നബിയുടെ നൂറാകുന്ന മുത്തിനാലാണ് എന്നാണ് കവി മുകളിൽ പറഞ്ഞ വരിയിൽ പറയുന്നത്. ഇത് തന്നെ

യാണ് വൈദ്യർ പടപ്പാട്ടിലെ തൊങ്കൽ ഇശലിൽ വിവരിക്കുന്നത്.

പെരിപ്പം പടപ്പെല്ലാം ഒരു മുത്താലെ
പെരിയോൻ അമൈത്ത് തൻ ഖുദ്റത്താലെ
അരിപ്പം മികും ആലം അർ വാഹാക്കാക്കി
ആലം മിസാൽ ആലം അജ്സാമാക്കി

അല്ലാഹു ആദ്യം സൃഷ്ടിച്ചത് നബിയുടെ (സ്വ) നൂറിനെയാണ് എന്ന് ഹദീസിൽ വന്നിട്ടുണ്ട്. ഈ പ്രഭ ഒരു വെളുത്ത മുത്തിന്റെ ആകൃതിയിൽ ധാരാളം കാലം തസ്ബീഹ്, തഹ്‌ലീൽ, തംജീദ്, തഖ്ദീസ് എന്നീ സ്തുതികളിൽ മുഴുകി ഇരിക്കുമ്പോൾ അല്ലാഹു അതിലേക്ക് ജലാലിയ്യത്തിന്റെ നോട്ടം നോക്കി. അത് ഭയപ്പെട്ടുരുകി അതിൽ നിന്ന് ധാരാളം പ്രഭാ തുള്ളികൾ തെറിച്ചു. അതിൽ നിന്ന് ആദം നബിയെയും മറ്റു നബിമാരെയും പടച്ചു. ബാക്കി ജനങ്ങളെല്ലാം ആദം നബിയിൽ നിന്ന് ജനിച്ചു. മാത്രമല്ല സർവ വസ്തുക്കളെയും നബിനൂറിനാൽ സൃഷ്ടിച്ചു എന്ന് തന്നെ വന്നിട്ടുണ്ട്.

അതിന് ശേഷം വൈദ്യർ ബദർപ്പടപ്പാട്ടിൽ പറഞ്ഞ ചരിത്രങ്ങളെല്ലാം സ്വഹീഹാണെന്ന് പറയുന്നുണ്ട്. ശേഷം ബദർ യുദ്ധത്തിൽ പങ്കെടുത്ത ബദ്‌രീങ്ങളുടെ ശ്രേഷ്ഠതയും അവരെ തവസ്സുൽ ആക്കി ദുആ ചെയ്താൽ ഉടനെ ഉത്തരം കിട്ടുമെന്നും അവരുടെ പേരുകൾ ഒരു കടലാസിൽ എഴുതി ഉറുക്ക് (ഏലസ്സ്) ആക്കി കെട്ടിയാൽ ഉടനെ തന്നെ ഇജാബത്ത് ലഭിക്കുന്നതാണ്. ഇത് അനുഭവിച്ചതിന്റെ വെളിച്ചത്തിലാണ് പറയുന്നത് എന്നാണ് വൈദ്യർ പറയുന്നത്.

തുടർന്ന് ബദ്ർ യുദ്ധ ചരിത്രത്തിലേക്ക് പ്രവേശി

ക്കുകയാണ്. **നബിയുടെ(സ്വ) ഹിജ്റ മുതൽ തുടങ്ങി ഓരോ സംഭവങ്ങളും വൈദ്യർ വളരെ ഭംഗിയായി പാട്ടിൽ ആക്കിയിട്ടുണ്ട്. സങ്കടകരമായ കാര്യം വരുമ്പോൾ അതിന് അനുസരിച്ചുള്ള ഇശലും പടയോ മറ്റോ എഴുതുകയാണെങ്കിൽ അതിന് അനുസരിച്ചുള്ള ഇശലുമാണ് വൈദ്യർ നൽകിയിരിക്കുന്നത്.**

പ്രവാചകാനുചരൻ സവാദിന്(റ) തങ്ങളോടുള്ള അനുരാഗം വളരെ ഭംഗിയായിട്ടാണ് വൈദ്യർ വിവരിചിട്ടിള്ളത്. ഉക്കാശുബ്നു മുഹ്സി(റ)ന്റെ വാൾ യുദ്ധത്തിൽ വെച്ച് മുറിയുകയും ഉടനെതന്നെ നബിയുടെ അടുത്ത് ചെന്ന് കാര്യം ബോധിപ്പിക്കുകയും ചെയ്തു. നബി(സ്വ) ഒരു മരക്കൊമ്പിന്റെ കഷണം എടുത്ത് അവിടത്തെ പുണ്യ കരം കൊണ്ട് ഉക്കാശ്ബ്നു മുഹ്സിന്(റ) നൽകുകയും ആ മരക്കഷണം ഊട്ടി എടുത്ത വാളിനേക്കാൾ മൂർച്ചയുള്ളതായി മാറുകയും യുദ്ധം അവസാനിക്കുന്നത് വരെ നബിയുടെ ആജ്ഞ പ്രകാരം ആ വാളുമായി അദ്ദേഹം പൊരുതുകയും ചെയ്തു എന്ന് അറുപത്തി ഒമ്പതാമത്തെ ഇശലിൽ പാട്ടാകിയത് ഇങ്ങനെയാണ്.

'അന്ദെചേനയിൽ ഉക്കാശത്തിബ്നു മുഹ്സിനെണ്ടവർ

അങ്കമിൽ സ്വഫീൽ മുറിന്ത് ബന്ത് ചേതി ചൊന്നതാൽ

പൊൻ തിരു കരത്തിനാൽ കൊടുത്തതാരു ശാകമിൻ

പൊളികടൈന്തെ ബാളിലും വിശേഷ യോഗസൈഫുമായ്'●

Contents

# ഇസ്റായീൽ
# വിരുദ്ധ ജൂതന്മാർ

**ഇസ്റായീൽ രാഷ്ട്ര രൂപീകരണം പാപമാണെന്നും തോറക്കെതിരാണെന്നും വിശ്വസിക്കുന്ന ജൂത വിഭാഗമായ ഹരേദികളെ കുറിച്ച്.**

**ശനൂബ് ഹുസൈൻ പി.എച്ച്**
shanoobhussainph@gmail.com

ലോകത്തിലെ ഏക ജൂത രാഷ്ട്രമാണ് ഇസ്റായീൽ. ചതിയും കുതന്ത്രങ്ങളും സമം ചേർത്താണ് സയണിസ്റ്റുകൾ ഇസ്റായീൽ രാഷ്ട്രം നിർമിച്ചെടുക്കുന്നത്. ജൂത രാഷ്ട്ര സംസ്ഥാപനത്തിലൂടെ തലമുറകളായി തങ്ങളനുഭവിക്കുന്ന അപരവത്കരണത്തിന് പരിഹാരമായെന്നും ജൂത വിമോചനമാണിതെന്നും അവർ പ്രചരിപ്പിക്കുന്നു. എന്നാൽ ഇസ്റായീൽ രാഷ്ട്ര രൂപീകരണവും സയണിസ്റ്റ് ചെയ്തികളും തങ്ങളുടെ വിശുദ്ധ ഗ്രന്ഥമായ തോറ ക്കെതിരാണെന്നും പാപമാണെന്നും വിശ്വാസിക്കുന്ന ജൂത വിഭാഗത്തെ കുറിച്ച് കേട്ടിട്ടുണ്ടോ? ജൂതരിലെ അതിയാഥാസ്ഥികരായി (Ultra orthodox) അറിയപ്പെടുന്ന ഹരേദികളാണവർ (haredi). തോറയോട് ശക്തമായ വിധേയത്വം പുലർത്തുന്ന ഇവരുടെ ജീവിതരീതിയും ആചാരങ്ങളും കൗതുകമുണർത്തുന്നതാണ്.

## ഹരേദിസത്തിന്റെ തുടക്കം

പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യൻ ജ്ഞാനോദയവും തുടർന്നുണ്ടായ വ്യവസായവത്കരണവും നഗരവത്കരണവുമാണ് ഹരേദിസത്തിന്റെ ഉത്ഭവത്തിന് നിമിത്തമായിത്തീർന്നത്. വ്യവസായവത്കരണം ജൂതരുടെ സ്വത്വം തകർത്തു എന്നതായിരുന്നു പ്രധാന ആക്ഷേപം. ജൂതർ ഇതര മത സമൂഹങ്ങളുമായി വെച്ച് പുലർത്തിയിരുന്ന അകലം വ്യവസായവത്കരണത്തിന്റെ ഉപോത്പന്നമായി കടന്നുവന്ന ഉദാരവത്കരണത്തിന്റെ ഫലമായി ഇല്ലാതെയായെന്നും അകൽച്ചയുടെ ഈ 'സുരക്ഷിത ഭിത്തി' തകരുന്നതിലൂടെ പൊതു സമൂഹത്തിന്റെ മൂല്യങ്ങളും സ്വഭാവങ്ങളും ജൂതരിലേക്ക് പകർന്ന് തുടങ്ങിയെന്നും ഇവർ ആവലാതിപ്പെട്ടു. തോറ വിഭാവനം ചെയ്യുന്ന ജൂത സമൂഹത്തിന്റെ പുനഃ സൃഷ്ടിപ്പിന് ഇതര വിഭാഗങ്ങളിൽ നിന്നും അകന്ന് ഏകാന്ത ജീവിതം നയിക്കണമെന്ന് ആഹ്വാനം ചെയ്തു. വ്യവസായവത്കരണത്തിലൂടെ മതത്തിലുണ്ടായ ബാഹ്യസ്വാധീനം എന്ത് വില കൊടുത്തും പ്രതിരോധിച്ച് ജൂത മതത്തെ സംരക്ഷിക്കലാണ് തങ്ങളുടെ ദൗത്യമെന്നവർ അവകാശപ്പെട്ടു.

**1912ൽ പോളണ്ടിൽ സ്ഥാപിതമായ അഗുഡാസ് ഇസ്രായേൽ (Agudas yisroel) എന്ന ജൂത സംഘടന ഹരേദികളുടെ വളർച്ചക്ക് ഇന്ധനം പകർന്നു. ലോകമാസകലമുള്ള ജൂതരിൽ സംഭവിക്കുന്ന മതേതരവത്കരണം (Secularisation) തടയലായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം. ഇന്ന് ഇസ്റായീൽ പാർലമെന്ററി രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഹരേദികളുടെ രാഷ്ട്രീയ പാർട്ടിയാണ് അഗുഡാസ് ഇസ്റായീൽ.**

## ഹരേദികളുടെ രാഷ്ട്രീയം

വിമോചനവും വിശുദ്ധ ഭൂമികയിലേക്കുള്ള മടക്കവും ജൂത വിശ്വാസത്തിലെ പ്രധാന ഭാഗങ്ങളാണ്. വിശ്വാസികളുടെ ഈ വിഷയത്തിലുള്ള വൈകാരികതയെ മുതലെടുത്ത് കൊണ്ടാണ് സയണിസ്റ്റുകൾ ഫലസ്തീൻ ഭൂമികയിൽ ഇസ്റായീൽ എന്ന രാഷ്ട്രം സ്ഥാപിക്കുന്നത്. എന്നാൽ ഇസ്റായീൽ രാഷ്ട്രത്തെ തോറയിൽ പറയുന്ന 'വാഗ്ദത്ത ഭൂമിയിലേക്കുള്ള മടക്ക'ത്തിന്റെ സഫലീകരണമായി കാണുന്നതിനെ ഹരേദികൾ അതിശക്തമായി എതിർക്കുന്നു. ഇസ്റായീൽ രൂപീകരണത്തിന്റെ തുടക്കം മുതൽ തന്നെ തങ്ങളുടെ എതിർപ്പ് ഇവർ പ്രകടിപ്പിച്ചിരുന്നു. ഫലസ്തീൻ വിഭജിച്ച് ജൂതരാഷ്ട്രം സ്ഥാപിക്കാനുള്ള പ്രമേയം ഐക്യരാഷ്ട്ര സഭയുടെ പൊതുസഭയിൽ വോട്ടിനിട്ടപ്പോൾ ഇസ്റായീലിനെതിരായി വോട്ട് ചെയ്യാൻ അഗ്യുഡോസ് ഇസ്റായീൽ അംഗരാജ്യങ്ങളെ പ്രേരിപ്പിച്ചു.

ഇസ്റായീൽ രാഷ്ട്ര സംസ്ഥാപനവും സയണിസവും തിന്മയിൽ വളർന്ന് പന്തലിച്ച് തീർത്തും മതവിരുദ്ധമായ ആശയങ്ങളാണെന്ന തങ്ങളുടെ വാദത്തിന് തോറയിൽ നിന്ന് തന്നെ ഇവർ തെളിവുദ്ധരിക്കുന്നു. ബലപ്രയോഗത്തിലൂടെയും മനുഷ്യാധ്വാനത്തിലൂടെയും കൂട്ടംകൂട്ടമായുമുള്ള വിശുദ്ധഭൂമിയിലേക്കുള്ള മടക്കം തോറ നിരാകരിക്കുന്നുവെന്നും തീർത്തും ദൈവികമായ, അഭൗതികമായ രീതിയിലൂടെയാണ് ഈ ആശയം പ്രയോഗവത്കരിക്കപ്പെടുക എന്നും ഹരേദി റബ്ബിമാർ വിശദീകരിക്കുന്നു. ഇത്തരമൊരു മടക്കത്തിനായുള്ള സഹസ്രാബ്ദങ്ങളായുള്ള കാത്തിരിപ്പ് ദൈവ

ത്തിലുംപ്രവാചകരിലുമുള്ളതങ്ങളുടെഅദമ്യമായ വിശ്വാസത്തിന്റെ നിദർശനമാണെന്നും അതിനെതിരായി മാനുഷിക കൈകടത്തലുകളോടെയുള്ള ജൂതരാഷ്ട്ര നിർമാണം ദൈവവിധിയിലുള്ള അതൃപ്തിയുടെ പ്രകടനമാണെന്നും ആക്ഷേപിക്കുന്ന ഹരേദികൾ ചരിത്രത്തിലുടനീളം കാണപ്പെടുന്ന ജൂത അപരവത്കരണത്തെയും രാജ്യഭ്രഷ്ടിനെയും വിമോചന വിശ്വാസത്തെയും ചൂഷണം ചെയ്യുക വഴി രൂപീകൃതമായ ഇസ്റായീൽ രാഷ്ട്രം ദൈവവിശ്വാസത്തിനെതിരാണെന്ന് പ്രഖ്യാപിക്കുന്നു. വിധിയോടുള്ള വഞ്ചനയായാണ് സയണിസ്റ്റ് രാഷ്ട്രീയ നീക്കത്തെ അവർ വിശേഷിപ്പിക്കാറുള്ളത്. ഇസ്റായീൽ രാഷ്ട്രത്തെ കുറിച്ചുള്ള മുൻ ഹരേദി സാറ്റ്മാൻ റബ്ബി യോൽ ടെറ്റെൽബാമിന്റെ (Yoel Tetelbaum) വാക്കുകളിതാണ്. 'നെസെറ്റി (Knesset ഇസ്റായീൽ പാർലമെന്റ്)ലെ അംഗങ്ങൾ എത്ര വിശുദ്ധരായാലും യഥാർഥ സമയം സമാഗതമാവുന്നതിനുമുമ്പ് വിമോചനം നേടുകയും ഭരണം നടത്തുകയും ചെയ്യുന്നത് കുറ്റകരവും വലിയ അധർമവുമാണ്.'

ഇസ്റായീൽ രാഷ്ട്രത്തെ തോറ വിരുദ്ധമായി കാണുന്നുണ്ടെങ്കിലും തിരഞ്ഞെടുപ്പുകളിലും രാഷ്ട്രീയത്തിലും ഹരേദി രാഷ്ട്രീയപാർട്ടികൾ ഇടപെടാറുണ്ട്. രാഷ്ട്രത്തെ തോറയുമായി ബന്ധിപ്പിക്കലാണ് ഇതിലൂടെ അവർ ലക്ഷ്യമാക്കുന്നത്. സയണിസ്റ്റ് ഇസ്റായീലും തോറ കേന്ദ്രീകൃത ഇസ്റായീലും പരസ്പര വിരുദ്ധമായ ആശയങ്ങളാണെങ്കിലും വിശ്വാസികൾ സായുധ പ്രക്ഷോഭത്തിലൂടെ ഇസ്റായീലിൽ മാറ്റങ്ങൾ കൊണ്ട് വരേണ്ടതില്ലെന്നാണ് റബ്ബിമാരുടെ പക്ഷം.

ഹരേദി രാഷ്ട്രീയ പാർട്ടികൾ  തിരഞ്ഞെടുപ്പിൽ മത്സരിച്ചു ക്യാബിനറ്റ് അംഗത്വം നേടിയാലും മന്ത്രിസ്ഥാനം സ്വീകരിക്കില്ല. 18 വയസ് തികയുന്ന ഏതൊരു വ്യക്തിയും നിർബന്ധിത സൈനിക സേവനം നിർവഹിക്കണം എന്നതാണ് ഇസ്റായീലിലെ നിയമം, എന്നാൽ ഹരേദികൾ സൈനികസേവനം നിർവഹിക്കാൻ തയാറാവാറില്ല.

## കുടുംബം, ജീവിതരീതി

ഹരേദിം (Haredim) എന്ന പേരിലറിയപ്പെടുന്ന ചെറിയ സമൂഹങ്ങളായാണ് ഹരേദികൾ താമസിക്കാറുള്ളത്. ഓരോ സമൂഹത്തിനും പ്രത്യേകം സിനഗോഗുകളും യെഷിവോട്ടുകളും (Yeshivott ജൂത മത പഠന കേന്ദ്രം) മറ്റ് അനുബന്ധ സ്ഥാപനങ്ങളുമുണ്ടായിരിക്കും. മതേതര വത്കരണത്തിന്റെ സാധ്യതകളെ പൂർണമായും ഒഴിവാക്കുന്നത് കൊണ്ട് അക്കാദമിക് വിദ്യാഭ്യാസ മേഖലകളിൽ പൊതുവേ ഇവർ കടന്നുവരാറില്ല. സയണിസ്റ്റ് സ്കൂളുകളിൽ മക്കളെ പറഞ്ഞയക്കാറില്ല. സ്വന്തമായി പ്രത്യേക സിലബസുള്ള വിദ്യാഭ്യാസ രീതിയാണ് നിലവിലുള്ളത്. ഭൗതിക വിദ്യാഭ്യാസത്തിൽ ബിരുദം നേടുന്നവർ ഹരേദികളിൽ വളരെ കുറവാണ്. ഹരേദി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ വലിയ തോതിൽ ഫണ്ട് നൽകാറുണ്ട്.

സന്താനോത്പാദനം കൂടുതലായതുകൊണ്ട് തന്നെ കുടുംബങ്ങളിലെ അംഗസംഖ്യ വളരെ കൂടുതലാണ്. അതിവേഗം വളരുന്നതാണ് ഇവരുടെ ജനസംഖ്യ നിരക്ക്.  ആധുനിക ഇസ്രായേലിൽ ഇവർ ന്യൂനപക്ഷമാണെങ്കിലും അടുത്ത പതിറ്റാണ്ടിൽ

തന്നെ അംഗസംഖ്യ ഇരട്ടിയായി മറ്റ് ജൂത വിഭാഗങ്ങളെ ഹരേദികൾ മറികടക്കുമെന്നാണ് ജറുസലേം പോസ്റ്റ് പുറത്തുവിട്ട കണക്കുകൾ പറയുന്നത്. മിക്ക പുരുഷന്മാരും മുഴുസമയ തോറ പഠനത്തിലേർപ്പെടുന്നതുകൊണ്ട് സ്ത്രീകൾ കുടുംബ ഭാരം ചുമക്കാൻ നിർബന്ധിതരാകുന്നു. സ്ത്രീകൾ തൊഴിലെടുത്താണ് ഭക്ഷണത്തിന് വക കണ്ടെത്തുന്നത്. വലിയ കുടുംബത്തിന്റെ വിശപ്പടക്കാനായി ഒരംഗം മാത്രമേ തൊഴിലെടുക്കാറുള്ളൂ. ഹരേദികൾ പരമ ദരിദ്രരായി കാണപ്പെടുന്നതിനുള്ള കാരണവും ഇത് തന്നെ. സർക്കാരിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളാണ് ഇവർക്ക് അഭയമാവാറുള്ളത്. ഹരേദികളുടെ കീഴിലുള്ള സ്കൂളുകൾക്കും സർക്കാർ വലിയ തോതിൽ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

ഈയടുത്തകാലത്തായി വജ്ര വ്യാപാരം പോലോത്ത ഇടപാടുകൾ ചെയ്ത് ഹരേദികളിൽ ചിലർ സമ്പന്നരായിത്തീർന്നിട്ടുണ്ട്. സാമ്പത്തികമായി അഭിവൃദ്ധി നേടിയിട്ടുണ്ടെങ്കിലും മറ്റ് ഹരേദികൾ ചെയ്യുന്നത് പോലെ തങ്ങളുടെ മക്കളെയും യെശിദോവിലയക്കാൻ ഇവർ മടി കാണിക്കാറില്ല. സമ്പത്തിന്റെ വലിയൊരു ഭാഗം സാമുദായിക സേവനത്തിനായും റബ്ബിമാർ ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കായും ഇവർ നീക്കിവെക്കുന്നു.

## സെക്കുലർ ജൂതരുടെ ഹരേദികളോടുള്ള സമീപനം

ഹരേദികൾ തങ്ങൾക്ക് വലിയ സാമ്പത്തിക

ബാധ്യതയാണ് വരുത്തിവെക്കുന്നതെന്നാണ് ഇസ്രായേലികൾ കരുതുന്നത്. **തൊഴിലെടുക്കാതെ തോറയിലായി കഴിഞ്ഞ് കൂടുന്ന പുരുഷന്മാർ തുച്ഛമായ വേതനത്തിന് സ്ത്രീകളെ തൊഴിലെടുക്കാനയക്കുന്നത് കൊണ്ട് സർക്കാർ സാമ്പത്തിക സഹായം നൽകാൻ നിർബന്ധിതരാവുന്നു. രാജ്യത്തിന്റെ ജിഡിപി യിലേക്ക് കാര്യമായ സംഭാവനകളൊന്നും ചെയ്യാത്ത ഹരേദികളുടെ ഉന്നമനത്തിനായി ബജറ്റിലെ വലിയൊരു വിഹിതം മാറ്റിവെക്കുന്നത് ഇസ്റായീലികളെ പ്രകോപിപ്പിക്കുന്നു.**

പതിനെട്ട് വയസ് പൂർത്തിയാകുന്നതോടെ യെശിദോവുകളിൽ മതരംഗത്തെ ഉന്നത പഠനത്തിലേർപ്പെടുന്ന ഹരേദികൾക്ക് രാജ്യത്തെ നിർബന്ധിത സൈനിക സേവന നിയമത്തിൽ നിന്നും ഇളവ് അനുവദിച്ചിരുന്നു. 2014ൽ ഈ ഇളവ് റദ്ദാക്കി ഹരേദികൾക്കും സൈനിക സേവനം നിർബന്ധമാക്കുന്ന ഡ്രാഫ്റ്റ് ഇസ്രായേൽ പാർലമെന്റ് നെസറ്റ് പാസാക്കുകയുണ്ടായി. ഡ്രാഫ്റ്റിനെതിരെ ഹരേദികളുടെ പ്രതിഷേധമിരമ്പി. പലയിടത്തും സംഘർഷമുണ്ടായി. ചരിത്രത്തിലാദ്യമായി പതിനായിരങ്ങൾ അണിനിരന്ന പ്രക്ഷോഭത്തിന് ഇസ്റായീൽ സാക്ഷിയായി. യെശിദോവ വിദ്യാർഥികൾ സമരം നയിച്ചു.

വിനോദ സഞ്ചാരികളുടെ ഇഷ്ട മേഖലയാണ് ഹരേദികൾ. തങ്ങളുടെ ആശയധാരയിൽ ഉറച്ച് നിന്ന് ബാഹ്യലോകത്തെ അകറ്റി നിർത്തുന്ന ഈ ജൂത വിഭാഗത്തിന്റെ ജീവിത രീതികളിലെ നിഗൂഢതകൾ കൗതുകകരമായി തുടരുന്നു ●

Contents

# പകർച്ചവ്യാധി തടയാം ഇസ്‌ലാംഭീതിയോ?

**പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ തികഞ്ഞ ഇസ്‌ലാംപേടി ഉത്പാദിപ്പിക്കുന്ന ഇന്ത്യനവസ്ഥകൾ പങ്കുവെക്കുന്നു.**

പ്രിയ രമണി
വിവർത്തനം: മുജ്തബ സിടി കുമരംപുത്തൂർ



ഉത്തർപ്രദേശിലെ ഷാംലിയിലെ ആക്ടിവിസ്റ്റായ അക്റം അലിയുടെ വീട്. സമയം രാത്രി 9 മണി. നിശബ്ദതക്കു പ്രഹരമേൽപിച്ച് പ്രധാനമന്ത്രിയുടെ 9 മിനിറ്റ് ലൈറ്റ് ഓഫ് ആകാനുള്ള ആഹ്വാനവുമായി ബന്ധപ്പെട്ട ബഹളങ്ങൾ ചുറ്റും കേട്ടുതുടങ്ങി. പൊടുന്നനേ ഷാംലി ശബ്ദമുഖരിതമായിരിക്കുന്നു. ചിലർ ജയ്ശ്രീറാം വിളിച്ച് ആക്രോശിക്കുന്നു. ചി

ലർ ഉഗ്രശബ്ദത്തിൽ പടക്കങ്ങൾ പൊട്ടിക്കുന്നു. മറ്റു ചിലർ തോക്കുകളുയർത്തി ഒച്ച വെക്കുന്നു. ഭക്തി ഗീതങ്ങളും ദൈവകീർത്തനങ്ങളും മുഴങ്ങിക്കേട്ടിരുന്ന ക്ഷേത്രങ്ങളിൽനിന്ന് പ്രാർഥന മണികളും മറ്റും എനിക്ക് കേൾക്കാനായി. ഇത് ഏകദേശം 45 മിനിറ്റോളം തുടർന്നു. അക്തർ പറഞ്ഞു.

പൗരത്വ ബില്ലിനെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ പോലീസ് ശക്തമായ ആക്രമണം അഴിച്ചുവിട്ട സാഹചര്യമായതിനാൽ അന്നുരാത്രി ശാന്തവും ഇരുണ്ടതുമായിരുന്നു. കൂടുതൽ സാമുദായിക സംഘർഷങ്ങൾക്ക് ഇടവരുമെന്നു ഭയന്ന് അക്തർ മോട്ടോർസൈക്കിളിൽ അടുത്തുള്ള മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്തേക്ക് നീങ്ങി.

പ്രധാനമന്ത്രിയുടെ ആഹ്വാനമനുസരിച്ച് രാജ്യത്തിന്റെ പലഭാഗത്തും ദിയ കത്തിച്ചും ടോർച്ചടിച്ചും ജനങ്ങൾ നിരത്തിലിറങ്ങി. 'കൊറോണക്ക് എതിരെയുള്ള തങ്ങളുടെ പോരാട്ട അടയാളപ്പെടുത്താനുള്ള' ഈ ആഹ്വാനം പല ഹിന്ദുക്കളും തങ്ങളുടെ ഭൂരിപക്ഷ ശക്തി പ്രകടിപ്പിക്കാനുള്ള അവസരമായിട്ടാണ് കണ്ടത്.

മതാടിസ്ഥാനത്തിലുള്ള പുതിയ പൗരത്വ നിയമങ്ങൾക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ ഡിസംബർ മുതൽ രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിലും പോലീസ് മുസ്‌ലിംകളെ ലക്ഷ്യമാക്കി അക്രമം അഴിച്ചുവിട്ടിരുന്നു. പലയിടത്തും ആയിരങ്ങളെ തടവിലാക്കുകയും വീടുകൾ റെയ്ഡ് ചെയ്യുകയും തീവെക്കുകയും ചെയ്തു.

'ഇന്ത്യയിൽ മുസ്‌ലിം ആയി ജീവിക്കുന്നത് ഇപ്പോൾ അപകടകരമായിരിക്കുന്നു, അപ്പോഴാണ്

കൊറോണ വൈറസ് വന്നത്' സമീപകാല ഇന്ത്യയുടെ അവസ്ഥാ വിശേഷങ്ങളിലേക്ക് കണ്ണാടിപതിപ്പിക്കുന്ന ഈ തലക്കെട്ട് ടൈം മാഗസിൻ പ്രസിദ്ധീകരിച്ചതാണ്. ഡൽഹിയിലെ തബ്ലീഗ് ജമാഅത്ത് സമ്മേളനത്തിൽ പങ്കെടുത്തവരിൽ കൊറോണ സ്ഥിരീകരിച്ചപ്പോൾ വലിയ രീതിയിലുള്ള വർഗീയ പ്രചരണങ്ങളിലേക്കാണ് അത്നയിച്ചത്. മുസ്‌ലിംകൾ മനപൂർവം വൈറസ് ബാധ പരത്തുന്നുവെന്ന വ്യാജവാർത്തകൾക്ക് രാജ്യത്ത് വൻപ്രചാരം ലഭിച്ചു. ഇന്ത്യയിൽ നടന്ന

'കൊറോണ ജിഹാദ്' പോലെയുള്ള ഹാഷ് ടാഗുകൾ ഇസ്‌ലാം ഭീതിക്ക് വഴിമരുന്നിട്ട് കൊടുക്കുകയായിരുന്നു.

വിദ്വേഷപരമായ അപവാദങ്ങൾ എത്രത്തോളം വേഗത്തിലാണ് പരന്നതെന്നതിന്റെ സൂ ചനയാണ് യുപി പോലീസിനുപോലും ഫാക്ട് ചെക്കർ സംവിധാനത്തിലേക്ക് നീങ്ങേണ്ടിവന്നത്.

**റാംപൂരിൽ കോറോറൈന്റനിൽ കഴിയുന്ന തബ്ലീഗ് ജമാഅത്ത്കാർതങ്ങൾക്ക്നോൺവെജിറ്റേറിയൻ ഭക്ഷണം ലഭിച്ചില്ലെന്നു പറഞ്ഞു കോലാഹലമുണ്ടാക്കിയെന്നും പൊതുസ്ഥലങ്ങളിൽ വിസർജനം നടത്തിയെന്നും ആരോപിച്ചുള്ള വാർത്തകൾ പ്രചരിക്കപ്പെട്ടിരുന്നു. എന്നാൽ ഈ വാർത്തകളെ നിരാകരിച്ചു കൊണ്ട് സഹ്റാൻപൂരിലെ പോലീസ് ഉത്തരവിറക്കുകയുണ്ടായി.**
'വാർത്താ റിപ്പോർട്ടുകളും ചാനലുകളും സാമൂഹികമാധ്യമങ്ങളും പരിശോധന നടത്തിയപ്പോൾ ഈ വാർത്ത പൂർണമായും വ്യാജവും അസത്യവുമാണെന്ന് മനസിലായി. സഹ്റാൻപൂർ പോലീസ് ഇതിനെ പൂർണമായും നിരാകരിക്കുന്നു.' പോലീ

സിന്റെ ഔദ്യോഗിക വിഭാഗം ട്വീറ്റ് ചെയ്തു.

ഇതിനുശേഷം മുസ്‌ലിംകൾക്കെതിരെ ആക്രമണങ്ങളും വ്യാജവാർത്തകളും പ്രചരിപ്പിച്ചതിന് യുപി പോലീസ് നിരവധി ആളുകളെയും മീഡിയ സംഘടനകളെയും തിരുത്തുകയും മുന്നറിയിപ്പു നൽകുകയും അറസ്റ്റ് ചെയ്യുകയും ചെയ്ത നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഏപ്രിൽ ആറിന് ഹിന്ദുസ്ഥാൻ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഒരു മൗലാന ഒരു കടയുടമയെ തുപ്പുകയും കടിക്കുകയും ചെയ്തു എന്ന റിപ്പോർട്ട് വ്യാജമാണെന്ന് ഈയിടെ മീററ്റ് പോലീസ് കണ്ടെത്തിയിരുന്നു. പിന്നീട് അന്വേഷണത്തിൽ പണത്തെ ചൊല്ലിയുള്ള വാക്കേറ്റത്തിൽ കടയുടമക്ക് ദേഷ്യം വരികയും നാണയം ഉപയോഗിച്ച് കടിച്ച് അടയാളങ്ങൾ ഉണ്ടാക്കുകയാണ് ചെയ്തതെന്ന് കണ്ടെത്താനായി.

വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നത് തടയാനും വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്ന മാധ്യമങ്ങൾക്കെതിരെ നടപടിയെടുക്കാനും മതസംഘടനയായ ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് സുപ്രീം കോടതിയെ സമീപിച്ചിരുന്നു. തബ് ലീഗ് സമ്മേളനത്തെ തുടർന്നുള്ള സംഭവങ്ങൾ മുസ്‌ലിം സമുദായത്തെ മുഴുവൻ പൈശാചികവത്കരിക്കാനുള്ള ശ്രമമാണെന്നും അവർ കൂട്ടിച്ചേർത്തു.

2018ലും 19ലും രാജ്യത്തെ മുഖ്യധാരാ മാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും മണിക്കൂറുകൾ നീണ്ട സംവാദത്തിൽ ഏർപ്പെട്ടത് പ്രായപൂർത്തിയാകാത്ത സ്ത്രീകൾക്കെതിരെയുള്ള ബലാത്സംഗ ക്കേസുകളിൽ ഇരയുടെയും പ്രതിയുടെയും മതം

നോക്കി വർഗീയ വത്കരിക്കാനായിരുന്നുവെങ്കിൽ 2020 ഒരു ആഗോള പകർച്ച വ്യാധിയെ മുസ്‌ലിം ഹിന്ദു ലെൻസിലൂടെ നോക്കുന്ന രീതിയിലേക്ക് ഈ രാജ്യം മാറിയിട്ടുണ്ട്.

എല്ലായിടത്തും വ്യാജവാർത്തകളാണ്. 'മലയാളിയായ ഒരു മുസ്‌ലിമിന്റെ കടയിൽ നിന്നാണ് എന്റെ അച്ഛൻ വർഷങ്ങളായി സാമഗ്രികൾ വാങ്ങാറുള്ളത്. കടയുടമക്ക് കൊറോണ ബാധിച്ചുവെന്നും കടയിലെ ചരക്കുകളും അത് ബാധിച്ചിട്ടുണ്ടെന്നും അതിനാൽ കടയിൽ ഇനി പോകരുതെന്നും പറഞ്ഞു ഇന്നലെ എന്റെ പിതാവിന് ഒരു വാട്സ്ആപ്പ് സന്ദേശം ലഭിച്ചിരുന്നു.' ഒരാൾ ഫേസ്ബുക്ൽ പോസ്റ്റ് ചെയ്തു.

ഇന്ത്യൻ മതേതരത്വത്തിന്റെയും ബഹുസ്വരതയുടെയും ആശയങ്ങൾ

രണ്ടായിരത്തി ഇരുപതിൽ വിദൂരവും ദുസ്വപ്നവും ആയിട്ടാണ് അനുഭവപ്പെടുന്നത്.

വിദ്വേഷകരമായ വർഗീയതയുടെ ഏറ്റവും പുതിയ വിസ്ഫോടനം നടന്നത് ഡൽഹി കലാപത്തിന്റെ തുടക്കത്തിലാണ്. വടക്കുകിഴക്കൻ നഗരങ്ങളിലെ തൊഴിലാളിവർഗ പ്രദേശങ്ങളിൽ 48 മണിക്കൂറോളം നീണ്ടുനിന്ന ആസൂത്രിത ആക്രമണത്തിൽ 19 മുസ്‌ലിംപള്ളികൾ ആണ് തകർക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്തത്.

ഈ പള്ളികൾക്ക് പുരാതന ഭൂതകാലമോ വാസ്തുവിദ്യാ വിസ്മയങ്ങളോ ഒന്നുമില്ല. എന്നിട്ടും ജനക്കൂട്ടത്തെ ഇതിനു പ്രകോപിപ്പിച്ചത് താലിബാൻ എസ്ക്യു ആയിരുന്നു. തങ്ങളുടേതല്ലാത്ത പവിത്ര സ്ഥാനങ്ങളോട് അവർ കടുത്ത അവഹേള

നം കാണിച്ചു. മറ്റുള്ളവരുടെ ആരാധനാലയങ്ങൾ അശ്ലീലങ്ങളുടെ കേന്ദ്രമാണെന്ന് അവർ ശക്തമായി വിശ്വസിച്ചു. ജേർണലിസ്റ്റ് അജാസ് അഷ്റഫ് വിലപിക്കുന്നു.

ഇന്ത്യയിലെ ഹിന്ദു മുസ്‌ലിംവിശ്വാസികളെ മതഭേദമന്യേ എല്ലായിപ്പോഴും ആകർഷിച്ച പുണ്യകേന്ദ്രങ്ങൾപോലും അസ്ഥിരമായ ഒരു ഭാവിയെ അഭിമുഖീകരിക്കുന്നുണ്ട്. പുലിറ്റ്സർ സെന്ററിലെ റിപ്പോർട്ടിംഗ് ഫെല്ലോയായ നിഖിൽ മണ്ഡലപാർത്ഥി, സൂഫിദർഗകളുടെ ഭാവിയെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ അജ്മീറിലെയും ഡൽഹിയിലെയും പ്രമുഖ ദർഗകൾ ഹിന്ദു അനുഭാവികളും പാരമ്പര്യ മുസ്ലിംകളും കൂടുതൽ സന്ദർശിച്ചിരുന്നുവെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ **സൂഫി ദർഗകൾ സന്ദർശിക്കുന്ന ഹിന്ദുക്കൾ നാസികളെ ആരാധിക്കുന്ന ജൂതന്മാർക്ക് സമാനമാണെന്ന് തുടങ്ങിയ ഇസ്‌ലാംഭീതിയുടെ നിരന്തരമായ സന്ദേശങ്ങൾ രാജ്യത്തിലെ പലഭാഗങ്ങളിലും ഹിന്ദുക്കളുടെ സന്ദർശനങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്** എന്നും അദ്ദേഹം കണ്ടെത്തി. രാജസ്ഥാനിലെ ഭരത്പൂരിൽ ഒരു ഗർഭിണി മുസ്‌ലിമായതിന്റെ പേരിൽ

ഡോക്ടർ ചികിത്സ നിഷേധിക്കുകയും കുട്ടി മരണപ്പെടുകയും ചെയ്തത് സമീപകാലത്താണ്. പുതിയ കാല ഇന്ത്യയിൽ മിക്കയിടങ്ങളിലും ഇസ്‌ലാംഭീതി പ്രചരിപ്പിക്കപ്പെടുന്നുവെങ്കിലും അടുത്തിടയായി അതിന്റെ ആഘാതം ശക്തമായിട്ടുണ്ട് ●

(ബംഗളുരുവിലെ പത്രപ്രവർത്തകയാണ് ലേഖിക)

Contents

# മതരാഷ്ട്രം; അസാധ്യതകളുടെ ആലോചനകൾ

**ഇസ്‌ലാമിക് സ്റ്റേറ്റ് സാധ്യമല്ലെന്ന് സമർഥിക്കുന്ന വാഇൽ ഹല്ലാഖിന്റെ 'ദി ഇൻപൊസിബ്ൾ സ്റ്റേറ്റ്' എന്ന കൃതിയെ വായിക്കുന്നു.**

ത്വാഹിർ പയ്യനടം
abuthwahir.mkd@gmail.com



ഇസ്‌ലാമിക് സ്റ്റേറ്റ്/ ഖിലാഫത് സ്ഥാപിക്കാനുള്ള അതിവൈകാരിക നീക്കങ്ങൾ നടക്കുകയും അത്തരം നീക്കങ്ങളെ മിക്കപ്പോഴും ഉപരിതല സ്പർശിയായി മാത്രം ചെറുക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് പതിവ് ക്രമം. എന്നാൽ ഇതിൽ നിന്ന് മാറി വിഷയത്തിന്റെ അടിസ്ഥാനപരമായ അസാധ്യതകളെ (impossibility) വിശകലനം ചെയ്യുകയാണ് കൊളംബിയ യൂണിവേഴ്സിറ്റി പ്രൊഫസറും ചിന്തകനുമായ വാഇൽ ബി ഹല്ലാഖ്. അദ്ദേഹത്തിന്റെ The impossible State; Islam, politics and modernity's moral predicament എന്ന പുസ്തകം ആധുനിക ദേശരാഷ്ട്ര മാതൃകയിൽ ഒരു ഇസ്‌ലാമിക രാഷ്ട്ര നിർമാണം എന്ന തീമിനെ വിമർശനാത്മകമായി ചർച്ചക്കെടുക്കുന്നുണ്ട്. ഇസ്‌ലാമിക് സ്റ്റേറ്റ് സാധ്യമാണോ എന്ന ചോദ്യത്തിന് അല്ല എന്ന ഉത്തരം ആദ്യമേ പറഞ്ഞുകൊണ്ടാണ് പുസ്തകം മുന്നോട്ട് പോകുന്നത്.

**'ഈ പുസ്തകം മുന്നോട്ടുവെക്കുന്ന വാദം വളരെ ലളിതമാണ്. ആധുനിക ദേശരാഷ്ട്രത്തിന്റെ ലഭ്യമായ ഏത് നിർവചനം വെച്ചുനോക്കിയാലും ഇസ്‌ലാമിക് സ്റ്റേറ്റ് എന്നത് അസാധ്യവും വൈരുധ്യാത്മകവുമാണ് (contradictory).' പുസ്തകത്തിന്റെ ആമുഖത്തിൽ ഈ വാചകങ്ങൾ കൊണ്ടാണ് പ്രൊഫെസർ വാഇൽ സംസാരിച്ചുതുടങ്ങുന്നത്.** കാൾ ഷ്മിറ്റ്, മിഷേൽ ഫൂക്കോ, ജോർജിയോ അഗമ്പൻ, നീഷേ, ജോൻ ഗ്രേ തുടങ്ങി തത്വചിന്തയിലെയും രാഷ്ട്രീയ ചിന്തയിലെയും ഒട്ടേറെ ചിന്തകരുടെ വാക്കുകൾ തലക്കുറിയാക്കിയാണ് ഓരോ പുസ്തകത്തിലെ ഓരോ അധ്യായവും ആരംഭിക്കു

ന്നത്. കൂടാതെ ഖുർആൻ, ഹദീസ് വചനങ്ങളും കർമശാസ്ത്ര പദാവലികളുമെല്ലാം (terminology/ ഇസ്ത്വിലാഹ്) പുസ്തകത്തിന്റെ ഘടനയെ സമ്പുഷ്ടമാക്കുന്നുണ്ട്.

ഇത്തരം ഘടനാപരമായ സവിശേഷതകളെക്കാൾ പുസ്തകം ചർച്ചക്കെടുക്കുന്ന ആശയലോകത്തെക്കുറിച്ച് കൂടുതൽ ഊന്നൽ നൽകാനാണ് ഈ ലേഖനം താത്പര്യപ്പെടുന്നത്.

'Can sharia be restored?' എന്ന ഹല്ലാഖിന്റെ പഠനത്തിന്റെ തുടർച്ചയായാണ് അദ്ദേഹം ഈ പുസ്തകം രചിക്കുന്നത്. അവിടെനിന്നും വായിച്ചുതുടങ്ങിയാലേ വായനക്ക് പൂർണത കിട്ടൂ എന്ന് തോന്നിയിട്ടുണ്ട്. ഇസ്‌ലാമിക ഭരണ ക്രമങ്ങൾ എങ്ങനെയാണ് പരിവർത്തന ശ്രമങ്ങൾക്കിടെ ആത്മാവ് നഷ്ടപ്പെട്ടതായി മാറിയത് എന്നും അതിന്റെ കാരണങ്ങളിൽ മുഖ്യപങ്ക് പാശ്ചാത്യ രീതികളെ അനുകരിക്കാനുള്ള ശ്രമങ്ങൾക്കുണ്ടെന്ന് സമർഥിക്കുകയും കർമശാസ്ത്ര വിധികളുടെ വ്യത്യസ്ത വിതാനങ്ങൾ, (അസ്വഹ് /correct, സ്വഹീഹ്/more correct, മശ്ഹൂർ/widespread തുടങ്ങിയവ) എങ്ങനെ അവ ആധുനിക നിയമ വ്യവസ്ഥിതികൾക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത വിധം ശരീഅത്തിനെ അതുല്യമാക്കുന്നു എന്നിവയൊക്കെയാണ് ആ പഠനത്തിന്റെ പ്രതിപാദ്യം.

ഇസ്‌ലാമിക് സ്റ്റേറ്റും ആധുനിക സ്റ്റേറ്റും തമ്മിലുള്ള അടിസ്ഥാന വ്യത്യാസമായി ഹല്ലാഖ് എണ്ണുന്നത് രണ്ടും പരസ്പര വിരുദ്ധങ്ങളായ സ്രോതസുകളിൽ നിന്നാണ് ഉരുത്തിരിഞ്ഞുവരുന്നത് എന്നതാണ്. ആധുനിക ദേശരാഷ്ട്രം പാശ്ചാത്യ

ചിന്തയിൽ നിന്ന് വരുമ്പോൾ ഇസ്‌ലാമിക ഭരണ ക്രമം ശരീഅ: എന്ന നിയമ വ്യവസ്ഥയിൽ നിന്നാണ് ആശയോർജ്ജം സ്വീകരിക്കുന്നത്. മോഡേൺ സ്റ്റേറ്റിന്റെ അകക്കാമ്പായ യൂറോപ്യൻ ചിന്തയുടെ കേന്ദ്ര മണ്ഡലം (central domain) സാങ്കേതിക വിദ്യയാണെന്നും(technology) ഇസ്‌ലാമിന്റേത് ധാർമിക ചിന്ത(morality) ആണ് എന്നതും രണ്ടും തമ്മിൽ വൈരുധ്യം നിലനിൽക്കുന്നു എന്നതിന് പ്രത്യക്ഷ തെളിവായിഹല്ലാഖ്എണ്ണുന്നുണ്ട്.മറ്റൊന്ന് പാശ്ചാത്യ രാഷ്ട്ര വ്യവസ്ഥകൾ ജ്ഞാനോദയ ചിന്തയിൽ നിന്ന് ഉയിർക്കൊണ്ടതാകയാൽ തന്നെ അതിന്റെ ലക്ഷ്യം ആധുനികരാവുക എന്നതാണ്. മാർഗം വികസന സിദ്ധാന്തവുമാണ് (theory of progress). നൈതികതയുടെ മേൽ അല്ല ആധുനിക ദേശരാഷ്ട്രം സ്ഥാപിക്കപ്പെടുന്നത് എന്നും അത് അതിന്റെ ലക്ഷ്യമേയല്ലെന്നും സാരം. എന്നാൽ ശരീഅത്ത് മുന്നോട്ടുവെക്കുന്നത് ധാർമികമായി ജനങ്ങളെ സമുദ്ധരിക്കുക എന്ന ലക്ഷ്യം കൂടിയാണ്.

ഈ പാശ്ചാത്യ വ്യവസ്ഥയിൽ സ്റ്റേറ്റുകൾക്ക് പൂർണപരമാധികാരം (sovereignty) ഉണ്ട്. അതിനാൽ തന്നെ സ്റ്റേറ്റിന് പൂർണമായും വഴിപ്പെടുന്ന സ്റ്റേറ്റ് പ്രൊഡക്ടുകളെ നിർമിക്കുക എന്നതാണ് പൗരൻമാരെ കൊണ്ട് ആധുനിക ദേശരാഷ്ട്രങ്ങൾ ലക്ഷ്യമാക്കുന്നതും. എന്നാൽ ഇസ്‌ലാമിക ഭരണക്രമം അങ്ങനെയല്ല, ദൗല: എന്ന പേര് തന്നെ സൂചിപ്പിക്കുന്നത് താത്കാലിക അധികാരം എന്നതിനെയാണ്. അല്ലാഹുവാണ് അതിൽ പരമാധികാരി. ദൈവനിർമിതമായ ശരീഅ കൊണ്ട് വിധിക്കുന്നതാകട്ടെ, ദൈവിക വചനങ്ങൾ വ്യാഖ്യാനിക്കാൻ

കഴിവുള്ള പണ്ഡിതരുമാണ്.

പൂർവകൊളോണിയൽകാലഘട്ടത്തിൽ നിന്നും തന്റെ വാദങ്ങൾക്ക് ചരിത്രപരമായ പിന്തുണയും ഹല്ലാഖ് തേടുന്നുണ്ട്. ഇസ്‌ലാമിക രാഷ്ട്രങ്ങൾ അന്ന് വ്യക്തിയെ രൂപപ്പെടുത്തിയത് ഇസ്‌ലാമിന്റെ ധാർമിക മൂല്യങ്ങൾക്കനുസൃതമായാണ് എന്നും ഇതിനു വേണ്ടി പ്രവർത്തിച്ചത് പണ്ഡിതരും വിദ്യാഭ്യാസ സംവിധാനങ്ങളുമാണ് എന്നതും വസ്തുതാപരമായി ഗ്രന്ഥകാരൻ സമർഥിക്കുന്നുണ്ട്. എന്നാൽ ഈ സിസ്റ്റത്തെ കൊളോണിയലിസം നശിപ്പിക്കുകയും തദ്സ്ഥാനത്ത് ഇന്ന് കാണുന്ന വിധത്തിലുള്ള രാഷ്ട്ര സങ്കല്പം സ്ഥാപിക്കുകയും ചെയ്തതോടെയാണ് അത്തരം ഇസ്‌ലാമിക രാഷ്ട്ര വ്യവസ്ഥകൾക്ക് അന്ത്യംകുറിക്കുന്നത്. **കൊളോണിയലിസത്തിന്റെ വരവിനു ശേഷം ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ശരീഅത്ത് ഭരണം പോയെന്നും ശരീഅതും ശറഈ പണ്ഡിതരും സ്റ്റേറ്റിന് നിയമങ്ങളും ഫത് വകളും നിർമിക്കാനുള്ള അസംസ്കൃത വസ്തുക്കൾ (raw materials) മാത്രമായി മാറിയെന്നും അദ്ദേഹം പറയുന്നുണ്ട്.**

ഇസ്‌ലാമിക രാഷ്ട്രനിർമാണത്തിനായി ഉയർത്തിപ്പിടിക്കുന്ന വാദമുഖങ്ങൾ അഥവാ primeses/ ഖളിയകൾ തന്നെ തെറ്റാണെന്നും അതിനാൽ ഒരു ശരിയായ conclusioി/നതീജയിലേക്ക് എത്താൻ സാധിക്കുകയില്ലെന്നും ലോജിക്കൽ ആയി പറഞ്ഞുവെക്കുകയാണ് പുസ്തകത്തിലെ ഒന്നാം അധ്യായം. മോഡേൺ സ്റ്റേറ്റ് എന്ന രണ്ടാം അധ്യായം ചർച്ച ചെയ്യുന്നത് ആധുനിക ദേശരാഷ്ട്രത്തിന്റെ നിർവചനങ്ങളും മറ്റുമൊക്കെയാണ്. മാർക്സിനെ സംബ

സ്ഥിച്ചിടത്തോളം സ്റ്റേറ്റ് എന്നാൽ സമൂഹത്തിലെ ചിലർക്ക് ചിലരെക്കാൾ സാമ്പത്തികമായി അധീശത്വം വകവെച്ചുകൊടുക്കുന്ന ഒന്നാണ്. പ്രാഥമികമായി ഒരു നിയമ പ്രതിഭാസം (legal phenomenon) എന്നതാണ് സ്റ്റേറ്റിന്റെ ഉദ്ദേശ്യമെന്ന് കെൽസനും രാഷ്ട്രീയത്തിന്റെ മൂർത്തഭാവമാണതെന്ന് കാൾ ഷ്മിറ്റും നിരീക്ഷിക്കുന്നു. കേവലം ഒരു ആധിപത്യ വ്യവസ്ഥയായാണ് ഗ്രാംഷി സ്റ്റേറ്റിനെ നോക്കിക്കാണുന്നത്. ഇത്തരത്തിൽ വിവിധങ്ങളായ കാഴ്ചപ്പാടുകൾ പങ്കുവച്ചശേഷം ഇവയിലോരോന്നും കേവലം നിശ്ചിത സാഹചര്യങ്ങളിൽ രൂപപ്പെട്ടവയാണെന്നും സ്റ്റേറ്റ് എന്താണെന്ന ചോദ്യത്തിന് ഇവയൊന്നും കൃത്യമായ മറുപടി നൽകുന്നില്ലെന്നും ഈ ഭാഗത്തിന്റെ തുടക്കത്തിൽ പറയുന്നുണ്ട്. പുസ്തകത്തിന്റെ പ്രധാന ആശയങ്ങളിലൊന്നായ ആധുനിക രാഷ്ട്ര വ്യവസ്ഥയുടെ അഞ്ചു വ്യതിരിക്തതകൾ വിവരിക്കുന്നത് ഈ അധ്യായത്തിലാണ്. സ്റ്റേറ്റ് ഒരു സവിശേഷ ചരിത്രബന്ധിതമായ സംഗതിയാണ് എന്നതും സ്റ്റേറ്റിന്റെ പരമാധികാര വ്യവസ്ഥയും അതിന് ജീവൻ നൽകിയ മെറ്റാഫിസിക്സും തീർത്തും വിഭിന്നമാണ്, അതിലെ നിയമങ്ങളും നിയമപരമായ അധികാരങ്ങളും, ഉദ്യോഗസ്ഥ സംവിധാനം, പൗരർക്കു മേലുള്ള സ്റ്റേറ്റിന്റെ സാംസ്കാരിക അധീശത്വം എന്നിവയെയുമാണ് ആ അഞ്ചു വ്യത്യാസങ്ങളായി എണ്ണപ്പെടുന്നത്.

മൂന്നാം അധ്യായം അധികാര വികേന്ദ്രീകരണത്തെക്കുറിച്ചാണ്. ആധുനിക രാഷ്ട്രത്തിലെ അധികാര വിഭജനരീതി, ഇസ്‌ലാമിക ഭരണ വ്യവസ്ഥയിലെ മാതൃക, രണ്ടിനുമിടയിലെ താരതമ്യങ്ങൾ

എന്നിവയും ഇവക്കൊരു ഉപസംഹാരവുമാണ് ഈ അധ്യായത്തിൽ ഉള്ളത്.

നാലാം അധ്യായം ധാർമികത, രാഷ്ട്രീയം, നിയമ വ്യവസ്ഥ എന്നിവയെക്കുറിച്ചാണ്. ഇസ്‌ലാമിക കർമശാസ്ത്രത്തിലെ ചില സാങ്കേതിക പദാവലികൾ, എന്താണ് ധാർമികതയുടെ അളവുകോൽ എന്നിവ കൂടി ഇവിടെ ചർച്ചയാകുന്നുണ്ട്. രാഷ്ട്രീയ കർതൃത്വം, സ്വത്വം എന്നിവ അഞ്ചാം അധ്യായത്തിലും ആഗോളീകരണം, ധാർമിക സമ്പദ് വ്യവസ്ഥ എന്നീ വിഷയങ്ങൾ പുസ്തകത്തിന്റെ ആറാം ഭാഗത്തും ധാർമികതയുടെ കേന്ദ്ര മണ്ഡലം (Central domain) എന്നത് അവസാന ശീർഷകത്തിന് കീഴിലും വിവരിക്കപ്പെടുന്നു.

ഇസിൽ (islamic state of iraq and levant) സംഘടന ഇറാഖിന്റെ ചില ഭാഗങ്ങളിൽ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിച്ചതാണ് ഈ പുസ്തകത്തിന്റെ രചനാ പശ്ചാത്തലമെങ്കിലും ഇസ്‌ലാമിക ഭരണ വ്യവസ്ഥ, ആധുനിക ദേശ രാഷ്ട്രം എന്നിവയെ സംബന്ധിച്ചുള്ള മിക്ക സഹചര്യങ്ങളിലേക്കും വെച്ചു കൊടുക്കാൻ പറ്റിയ വാദമുഖങ്ങളാണ് പുസ്തകം മുന്നോട്ട് വെക്കുന്നത്.

**ഹല്ലാഖിന്റെ പുസ്തകത്തിന് ഒരുപാട് വിമർശനങ്ങളും ഇതിനിടെ വന്നിട്ടുണ്ട്. ശരീഅത്ത് പുനഃസ്ഥാപിക്കാൻ പറ്റാത്ത വിധം അതിന് മരണം സംഭവിച്ചു എന്ന് പറഞ്ഞാൽ നമ്മൾ മുസ്‌ലിമായി ജീവിക്കുന്നു എന്നു പറയുന്നതിൽ എന്തർഥമാണുള്ളത് എന്നാണ് നരവംശ ശാസ്ത്രജ്ഞനായ തലാൽ അസദ് ചോദിക്കുന്നത്.** ആധുനികതയുമായി എൻഗേജ് ചെയ്തു കൊണ്ട് തന്നെ ഇസ്‌ലാം

പ്രാക്ടീസ് ചെയ്യാം എന്നതാണല്ലോ അദ്ദേഹത്തിന്റെ രീതി ശാസ്ത്രം. അമേരിക്കൻ ഇസ്‌ലാമിക് പണ്ഡിതനായ ഒവൈമിർ അഞ്ചും ഹല്ലാഖ് ആധുനികതയെ മനസിലാക്കിയിട്ടില്ലെന്നാണ് പറയുന്നു. അതുപോലെ ഓട്ടോമൻ ഖിലാഫതിനെക്കുറിച്ച് ശരിക്ക് പഠിക്കാതെയാണ് ഹല്ലാഖ് പുസ്തകത്തിൽ വ്യാപകമായി ഓട്ടോമൻ പരാജയ ചരിത്രങ്ങൾ ഉദ്ധരിച്ചിട്ടുള്ളത് എന്നും വിമർശനമുണ്ട്.

ഒരു ഭാഗത്ത് വിമർശനങ്ങൾ നിലനിൽക്കെ തന്നെ ഹല്ലാഖ് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന സമർഥനരീതിക്കും രീതിശാസ്ത്രത്തിനും മതരാഷ്ട്ര വാദത്തെ പ്രതിരോധിക്കുന്നതിൽ നല്ല പ്രാധാന്യമുണ്ട് എന്നത് വാസ്തവമാണ്. ഉദാഹരണത്തിന് ഇങ്ങനെ നിർമിക്കപ്പെടുന്ന ഇസ്‌ലാമിക രാഷ്ട്രത്തിൽ സ്റ്റേറ്റിന് കൂടി നിയമനിർമാണത്തിന് അധികാരം നല്കുന്നതോടെ ശരീഅത്തിന്റെ പരമാധികാരത്തിൽ കൈകടത്തപ്പെടുകയല്ലേ സംഭവിക്കുന്നത് എന്നവിധത്തിലുള്ള കൃത്യമായ ചോദ്യങ്ങൾ ഇസ്‌ലാമിസത്തോട് ഉന്നയിക്കാൻ ഇമ്പോസ്സിബ്ൾ സ്റ്റേറ്റ് നമ്മെ പ്രാപ്തരാക്കുന്നു. ചരിത്രവും ലോജികും രാഷ്ട്രീയ ചിന്തയുമെല്ലാം ഉൾപ്പെടുത്തി രചിക്കപ്പെട്ട പുസ്തകം ഈ മേഖലയിലെ അക്കാദമിക വ്യവഹാരങ്ങളിൽ മാസ്റ്റർ പീസ് ആണെന്ന് തന്നെ പറയാം. Shari'a: Theory, Practice, Transformations; An Introduction to Islamic Law, Authority, continuity, and Change in Islamic Law എന്നിവയാണ് ഹല്ലാഖിന്റെ മറ്റു പ്രധാന പുസ്തകങ്ങൾ ●

Contents

# റമളാൻ സാക്ഷി!

**വിശുദ്ധി വിരുന്നുവന്ന പോലെയായിരുന്നു മഹാന്മാർക്ക് നോമ്പുകാലം. അതുകൊണ്ട് അവർക്കത് അനുകൂലസാക്ഷിയായി.**

സയ്യിദ് സൽമാനുൽ ഫാരിസ്
sayyidsalman314@gmail.com

പ്രവാചകരുടെ അനന്തരാവകാശികളാണ് പണ്ഡിതർ. മുഹമ്മദ് നബി(സ്വ) ക്കു ശേഷം ലോകത്ത് ഇസ്‌ലാമിന്റെ പ്രഭ പരത്തിയത് മഹാരഥരായ പണ്ഡിതരാണ്. പൂർവികരായ ഈ മഹത്തുക്കൾ റമളാനിനെ എങ്ങനെയൊക്കെ ഉപയോഗപ്പെടുത്തിയെന്ന് വിശകലനം ചെയ്യുന്നത് പുതുതലമുറക്ക് ആത്മീയോന്നതി വർധിപ്പിക്കും. സ്വഹീഹുൽ ബുഖാരിയുടെ രചയിതാവ് ഇമാം ബുഖാരി (റ) റമളാൻ മാസമായാൽ തന്റെ സുഹൃത്തുക്കളെ മുഴുവൻ ഒരുമിച്ച് കൂട്ടി നിസ്കരിക്കുമായിരുന്നത്രെ. ഓരോ റക്അത്തിലും ഇരുപത് ആയത്തുകൾ വീതം ഓതും. അത് ഖുർആൻ ഖത്മ് തീർക്കുന്നതു വരെ തുടരുമായിരുന്നു. (അൽ ഫവാഇദു ദ്ദറാറീ/ ഇമാം അജലൂനി). തറാവീഹ് നമസ്കാര ശേഷവും അവിടുന്ന് ഖുർആൻ പാരായണത്തിൽ മുഴുകുമായിരുന്നു. ഓരോ മൂന്ന് ദിവസത്തിലും ഖത്മ് പൂർത്തിയാക്കും. അതിന് പുറമെ അത്താഴ സമയത്ത്

പതിമൂന്ന് റക്അത്ത് നമസ്കരിക്കും. ഇതിൽ മാത്രം ഖുർആനിന്റെ മൂന്നിലൊന്ന് ഓതി തീർക്കുമായിരുന്നു. (ത്വബഖാത്തു സുബ്കി).

ഇമാം ശാഫിഈ (റ), ഇമാം നവവി (റ) തുടങ്ങിയവരുടെ ചരിത്രത്തിലും ഇത് കാണാം. റമളാനാല്ലാത്തപ്പോൾ ഒന്നോ രണ്ടോ ഖത്മ് ദിനംപ്രതി ഓതിയിരുന്ന മഹത്തുക്കൾ റമളാനിൽ ഓരോ ദിവസവും ധാരാളം ഖത്മുകൾ തീർത്തിരുന്നു.

ഇമാം ഇബ്നു അബ്ദുൽ ഹകീം (റ) പറയുന്നു 'റമളാൻ ആഗതമായാൽ മാലിക് (റ) ഹദീസ് പണ്ഡിത ദർസുകൾ നിർത്തിവെക്കും. തുടർന്ന് ഖുർആൻ പാരായണത്തിൽ മുഴുകും. പാഠ്യപ്രവർത്തനത്തെക്കാൾ ആരാധനകൾ വർധിപ്പിക്കേണ്ട മാസമായതിനാലാണ് പൂർവികർ ഇത്തരത്തിൽ ദർസുകൾക്ക് അവധി നല്കിയിരുന്നത്. കേരളത്തിലും മതപഠന സംവിധാനങ്ങൾക്ക് അവധി നൽകുക പതിവാണ്.

പൂർവകാല കേരളത്തിൽ വ്യാപകമായുണ്ടായിരുന്ന വഅളുകളും മുൻകാലക്കാർക്കിടയിലുണ്ടായിരുന്നു. ഇമാം ഇബ്നുൽ ജൗസിക്ക്(റ) സമാന അനുഭവമുണ്ട്. രചനാ രംഗത്ത് വലിയ കഴിവ് തെളിയിച്ച മഹാനായിരുന്നു അദ്ദേഹം. ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കൂടാതെ പ്രശസ്ത വാഗ്മിയായിരുന്ന അദ്ദേഹം റമളാനിൽ പ്രഭാഷണങ്ങൾ നടത്തിയതായി ചരിത്രം രേഖപ്പെടുത്തുന്നു. പതിനായിരക്കണക്കിന് ജനങ്ങൾക്ക് സത്യമാർഗത്തിലേക്ക് വഴിനടത്താൻ അദ്ദേഹത്തിന്റെ വഅളുകൾക്ക് കഴിഞ്ഞിരുന്നുവെന്ന് പേരമകൻ രേഖപ്പെടുത്തുന്നുണ്ട്. നിസ്കാരങ്ങൾക്ക് ശേഷമുള്ള കർമശാസ്ത്ര ക്ലാസ്സുകളും ഖുർആൻ, ചരിത്ര പഠനവേദികളും നമ്മുടെ നാടുകളിൽ ധാരാളമുണ്ട്.

ഇവ പൊതുജെനങ്ങൾക്ക് ഇസ്‌ലാമിക വിഷയങ്ങളിൽ വലിയ പാണ്ഡിത്യമുണ്ടാകാൻ സാഹചര്യങ്ങളൊരുക്കുന്നു. ശ്രേഷ്ഠതയുള്ള പ്രവർത്തനമായ നോമ്പ് തുറപ്പിക്കൽ. ലോക മുസ്‌ലിംകൾക്കിടയിൽ വ്യാപക പ്രചാരണമുള്ളതാണിത്. **ഇമാം ഹമ്മാദ് ബ്നു സലമ (റ) റമളാനിൽ അഞ്ഞൂറ് ആളുകൾക്ക് നോമ്പ് തുറ ഒരുക്കിയിരുന്നു. മാത്രമല്ല, പെരുന്നാളിനുള്ള വസ്ത്രവും ഓരോരുത്തർക്കും നൂറ് ദിർഹമും നൽകുമായിരുന്നു. ഈ മാതൃക ഇന്ന് മുസ്‌ലിം സമൂഹത്തിനിടയിൽ വ്യാപകമാകുന്നുവെന്നത് സന്തോഷകരമാണ്.**

റമളാനിൽ അധികരിപ്പിക്കേണ്ട മറ്റൊരു പ്രവർത്തനമാണ് ഇഅ്തികാഫ്. നബി(സ്വ) അരുളി, 'ആരെങ്കിലും റമളാനിലെ പത്തു ദിവസം ഇഅ്തികാഫ് ഇരുന്നാൽ അവൻ രണ്ട് ഹജ്ജും ഉംറയും ചെയ്തവനെപ്പോലെയാണ്.' നബി ഇഅ്തികാഫിനെ ധാരാളം മഹത്വവത്കരിച്ചതായി കാണാം. അവിടുന്ന് അവസാന പത്ത് മുഴുവനും ഇഅ്തികാഫിനായി മാറ്റിവെക്കുമായിരുന്നു. പൂർവികരും അതിന് വലിയ പ്രാധാന്യം നൽകിയിരുന്നു. ഇമാം ശംസുദ്ദീൻ മുഹമ്മദ് അശ്ശാഫിഈ (റ), ഇമാം ഇബ്നു ഖാളീ ശുഹ്ബാ (റ) തുടങ്ങിയവർ റമളാൻ മുഴുവനും പള്ളിയിൽ ഇഅ്തികാഫിരിക്കുമായിരുന്നു. (അൽ ബിദായ, ശദറാത്തുദ്ദഹബ്)

ഇത്തരത്തിലുള്ള റമളാനിലെ ശ്രേഷ്ഠതയേറിയ കർമങ്ങൾക്ക് മുൻകാമികൾ വലിയ പ്രാധാന്യം നൽകിയിരുന്നു. അതേ മാതൃകയിൽ റമളാനെ ഉപയോഗപ്പെടുത്താൻനമുക്കുമാവണം. എന്നാൽ അത് അനുകൂലമായി സാക്ഷിനിൽക്കും ●

Contents

# തിരഞ്ഞെടുപ്പിലെ കരുതൽ

**ധനം മാത്രമല്ല, കുറേ നല്ല ശീലങ്ങൾ കൂടി അനന്തരമായി കൈമാറാനാകണം. അതിന് തിരഞ്ഞെടുപ്പിലേ കരുതൽ വേണം.**

ഇ.വി അബ്ദുറഹ്മാൻ
evrahman@gmail.com

മാനവരാശിയുടെസുസ്ഥിരമായജീവിതത്തിന്റെ മാനദണ്ഡമായ സമാധാനം, സന്തോഷം തുടങ്ങിയവ വിവാഹത്തിന്റെ പ്രാഥമികമായ ലക്ഷ്യങ്ങളിൽ പെട്ടതാണ്. വിവാഹത്തിന്റെ ലക്ഷ്യങ്ങളിൽ അതിവിശിഷ്ടമായ മറ്റൊന്നാണ് പാരമ്പര്യവും അനന്തരവും നിലനിർത്തുക എന്നത്. അനന്തരാവകാശം സ്വത്തിൽ മാത്രം ഒതുങ്ങുന്നതല്ല. മുൻതലമുറകൾ ആർജിച്ചതും സ്വരൂപിച്ചതുമായ ജീവന്റെ തുടർച്ചയിലേക്കുള്ള വിശ്വാസത്തിന്റെ ശക്തമായ ഒരു കൈമാറ്റം കൂടിയാണ് അനന്തരം. കഴിഞ്ഞ തലമുറകളിൽ നിന്ന് നാം നേടിയ അറിവുകളും സംസ്കാരവും മാനുഷിക മൂല്യങ്ങളുമെല്ലാമാണ് പാരമ്പര്യം. അത് പിൻതലമുറക്ക് പകർന്നുകൊടുക്കുന്ന മഹനീയമായ ഒരു കർമത്തെയാണ് അനന്തരം എന്നതുകൊണ്ട് പരിശുദ്ധ ഖുർആനിൽ പരാമർശിക്കുന്നത്. മിക്ക പ്രവാചകരും അവരുടെ

മരണവേളയിൽ മക്കളെയും കുടുംബങ്ങളെയും വിളിച്ച് അല്ലാഹുവിലുള്ള വിശ്വാസം അനന്തര മെടുക്കണമെന്നും ഒരിക്കലും അതിൽ നിന്ന് പിറകോട്ട് പോകരുതെന്നും ഉപദേശിച്ചതായി കാണാം. ഇബ്റാഹീം നബിയുടെയും യഅ്കൂബ് നബിയുടെയുമെല്ലാം സംഭവബഹുലമായ ജീവിത ചരിത്രം പറഞ്ഞുകൊണ്ട് ഖുർആൻ ഇത് നമ്മെ ഉണർത്തുന്നുണ്ട്.

**ഭൗതികമായ സ്വത്തുക്കൾ വിഭജിച്ചെടുക്കുക എന്നതിലപ്പുറം നാം ആർജിച്ച, മുൻതലമുറയിലൂടെ അല്ലാഹു നമുക്ക് നൽകുന്ന അനേകം ഗുണങ്ങളെ പിൻഗാമികൾക്ക് കൈമാറുക എന്ന മഹത്തായ ഒരു ചടങ്ങുകൂടി അതിനു പിന്നിലുണ്ട്. വിവാഹത്തെ ഇസ്‌ലാം ഗൗരവമായിസമീപിക്കാനുള്ളകാരണവുംഅതുതന്നെയാണ്.** ഭാര്യഭർതൃസംഗമംവ്യക്തിയുടെയും സമൂഹത്തിന്റെയും സമാധനം ഉറപ്പുവരുത്തുന്നു. അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ മനുഷ്യർക്ക് പകർന്നു കൊടുക്കുന്നതിനും അതുവഴി മനുഷ്യരാശിയുടെ സുസ്ഥിരമായ നിലനില്പ് സാധ്യമാക്കുന്നതിനും വേണ്ടി അവൻ തിരഞ്ഞെടുത്തിരിക്കുന്ന ഉപാധി അനന്തരമാണ്. തന്നോട് ധിക്കാരം കാണിച്ച ഒരു നാട്ടിൽ ഇടിഞ്ഞു പൊളിഞ്ഞ മതിലിനെ ഖളിർ(അ) നവീകരിച്ച് ഉപകാരം ചെയ്തപ്പോൾ അതിനെ ചോദ്യം ചെയ്ത മൂസാനബി(അ)യോട് ഖളിർ(അ) വിശദീകരിച്ചു പറഞ്ഞു: 'അവരുടെ പരമ്പരയിലെ ഒരു പിതാവ് നല്ല മനുഷ്യരായിരുന്നു. അതുകൊണ്ട് ആ കുഞ്ഞിന് മതിലിനു താഴെയുള്ള ആ സ്വത്ത് സുരക്ഷിതമായി

ഏൽപിക്കാൻ ഞാൻ ബാധ്യസ്തനാണ്.' ഖിളർ നബിയിൽ നിന്ന് ഈ സംഭവത്തിലൂടെ മൂസ (അ) വലിയ പാഠം പഠിച്ചു.

പിതാമഹൻ തന്റെ ജീനുകളിലൂടെ തുടർന്നു വരുന്നവർക്ക് കൈമാറുന്ന അനന്തരം നാം കാണുന്ന ഭൗതിക സമ്പാദ്യങ്ങൾ മത്രമല്ല എന്ന് വിവരിക്കുന്ന നിരവധി പാഠങ്ങൾ ഖുർആനിലുണ്ട്. അനന്തര സൃഷ്ടിപ്പിന്റെ തയാറെടുപ്പിനുള്ള ഘടകങ്ങൾ കൂടിയാണ് ഭാര്യഭർത്താക്കൾ എന്നത് വിവാഹംകൂടുതൽഗൗരവത്തോടെസമീപിക്കേണ്ട ഒന്നാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

അല്ലാഹു മനുഷ്യനാവശ്യമായ ഒരുപാട് നന്മകൾ ഈ പാരമ്പര്യ കൈമാറ്റത്തിലൂടെ നൽകാൻ തീരുമാനിച്ചിരിക്കുന്നു എന്നത് വളരെ പ്രധാനമാണ്. ഗർഭപാത്രത്തിന് അനുഗ്രഹമെന്നും അതിനോട് ചേർന്ന് നിൽക്കുന്നവർക്ക് ദുൽ-അർഹാം എന്നും കുടുംബ ബന്ധങ്ങൾക്ക് സ്വിലത്തു റഹിം എന്നും വിളിക്കുന്നുവെന്നും അതിനെ പരിപാലിക്കുന്നതിന് വലിയ പുണ്യമുണ്ടെന്നുമെല്ലാം നാം മുമ്പ് പറഞ്ഞിട്ടുണ്ട്. അതിന്റെയെല്ലാം ആദിമബന്ധമാണ് വിവാഹം. അത് പുഷ്പിച്ച് തളിർത്ത് നിൽക്കണമെങ്കിൽ അടിസ്ഥാനപരമായി ഈ രണ്ടു വ്യക്തികളുടെ മേളനം പ്രധാനമാണ് എന്ന് മനസിലാകും.

വിവാഹത്തിന്റെ പേരിൽ അല്ലാഹു നേരിട്ട് ഇടപെടുന്ന ഖുർആൻ വാക്യങ്ങൾ കാണാം. വിവാഹം കഴിക്കാൻ നിരവധിയിടങ്ങളിൽ പറയുകയും അത് ഏറെക്കുറെ സമൂഹത്തിൽ നടപ്പിലാവുകയും ചെയ്യുന്നു. വിവാഹം

കഴിക്കരുതെന്ന് ഖുർആനിൽ പറയുന്നത് സൂറത്തുൽ ബഖറയിലാണ്. നിങ്ങളുടെ വിശ്വാസമില്ലാത്തവരെ (അവിശ്വാസികളെ) നിങ്ങൾ വിവാഹം കഴിക്കരുത്. തിരുനബി(സ്വ) പഠിപ്പിച്ചതല്ലാത്ത വിശ്വാസസംഹിതകൾ ഉള്ളവരെ നിങ്ങൾ വിവാഹം കഴിക്കരുത് എന്നർഥം. അത് നിങ്ങളെ ഭ്രമിപ്പിച്ചാലും ശരി. ഭ്രമിപ്പിക്കുക എന്ന പ്രയോഗം ഏറെ ശ്രദ്ധേയമാണ്. അഥവാ, വിവാഹത്തിന്റെ പരിഗണനയിൽ എണ്ണിയ സൗന്ദര്യം, തറവാട്, സമ്പത്ത്, ആരോഗ്യം എന്നിവയെല്ലാം ഒത്തിണങ്ങിയിട്ടുണ്ട്. പക്ഷേ, വിശ്വാസമില്ല. അവരെ നിങ്ങൾ വിവാഹം ചെയ്യരുത്. പകരം ഈ വക ഭൗതിക ഗുണങ്ങളൊന്നുമില്ലാത്ത ജീവിതത്തിൽ അന്യരുടെ ഉടമസ്ഥതയിൽപ്പെട്ട സ്ത്രീയാണ് നല്ലത് എന്ന് പുരുഷനോടും സ്ത്രീയോടും ഖുർആൻ പറയുന്നു. അവിശ്വാസികളെ പങ്കാളിയാക്കരുത് എന്നതിലെ യുക്തി അവർ നിങ്ങളെ ക്ഷണിക്കുന്നത് നരകത്തിലേക്കാണ് എന്നതാണ്. ഇരു ലോകത്തെ ഗുണങ്ങളും നിങ്ങൾക്ക് നഷ്ടപ്പെടുമെന്ന സർവലോക സ്രഷ്ടാവിന്റെ താക്കീതാണിത്. വിവാഹത്തിൽ വിശ്വാസത്തിന്റെ പങ്ക് വലുതാണെന്നും വിശ്വാസിയായ സ്ത്രീയുടെയും പുരുഷന്റെയും ഇണയായി അവിശ്വാസിക്ക് കടന്നുവരാൻ ഒരു പഴുതുമില്ലെന്നും രണ്ട് ലോകത്തും വേദനാജനകമായ ജീവിതത്തിലേക്കാണവ നയിക്കുക എന്നതും വിശുദ്ധ ഖുർആൻ അടിവരയിടുന്നു.

കൂടുകൂട്ടാനുള്ള വ്യഗ്രതയോ അടിസ്ഥാനമായ വിത്തോ അല്ലാഹു നമ്മിൽ നിക്ഷേപിച്ചു. സ്ത്രീ പുരുഷ ഇടപെടലുകളുടെയും അതിന്റെ

അതിർത്തിയെയും ഇസ്‌ലാം കൃത്യമായി വരച്ചുകാണിക്കുകയും ചെയ്തു. ഒരു വിശ്വാസി തീരുമാനങ്ങളിൽ പലപ്പോഴായി വഴിതെറ്റുന്നു. എന്നാൽ ഇത് ജീവിതത്തിൽ ഏറ്റവും അപകടം വരുത്തുന്ന അവസ്ഥയാണ് ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന അവസ്ഥ. പിതാവിന്റെ വിശ്വാസ സംരക്ഷണം ശേഷമുള്ള തലമുറയെ ഏൽപ്പിക്കുന്നതു പോലെ തന്നെ അനന്തര കൈമാറ്റവും വിവാഹബന്ധത്തിൽ നാം കാണേണ്ടതുണ്ട്.

സ്നേഹം കാരുണ്യം ക്രോധം, കാമം വിശപ്പ് തുടങ്ങിയ അനേകം വൈകാരിക ജൈവ ഭാവങ്ങളിൽ ഏത് പ്രകടിപ്പിക്കണം എന്നതാണ് മതം വിവരിക്കുന്നത്. ദേഷ്യം അപരനെ വധിക്കുന്ന തരത്തിലെത്തരുത്. **കാരുണ്യത്തിന്റെ അളവെത്രയാണ്? സ്നേഹം ആരോട്? എങ്ങനെ? പിതാവ്, മാതാവ്, അയൽവാസി, അന്യസ്ത്രീ പുരുഷന്മാർ തുടങ്ങിയവർക്കിടയിലെ സ്നേഹ ബന്ധങ്ങളെ മുന്നോട്ട് കൊണ്ടുപോവേണ്ടത് എങ്ങനെയാണ് എന്നെല്ലാം നിർണയിക്കുന്ന അളവുകോലാണ് മതം.** ആരോട് എപ്പോൾ എങ്ങനെ ദേഷ്യപ്പെടണം? സ്നേഹം പ്രകടിപ്പിക്കണം? കാരുണ്യം കാണിക്കണം? ലൈംഗിക ബന്ധത്തിലേർപ്പെടണം? എന്നെല്ലാം കൃത്യമായി നിർണയിക്കുന്ന അതിർവരമ്പാണത്. ഈ പരിധിയും പ്രകടനരീതിയും നമ്മൾ നന്നായി അറിഞ്ഞിരിക്കണം.

ലൈംഗിക ചോദനകൾ പ്രായമാകുമ്പോൾ പ്രകടിപ്പിക്കാനുള്ള മാർഗമാണ് വിവാഹം

എന്ന് മുമ്പ് നാം പറഞ്ഞു. പുതിയ കാലത്ത് സ്നേഹവും പ്രണയവും ചർച്ച ചെയ്യുന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു. എല്ലാ ജൈവ വികാരഭാവങ്ങളും 1 മുതൽ 12 വരെ അക്കങ്ങളുള്ള ഒരു ഘടികാര സംഖ്യാ രൂപത്തിൽ പ്രതീകവത്കരിക്കാം. 1 മുതൽ 6 വരെ ഗ്രീൻ സോൺ, 6 മുതൽ 9 വരെ യെല്ലോ സോൺ 9 മുതൽ 12 വരെ റെഡ് സോൺ എന്ന് നിർണയിക്കാം. സ്നേഹത്തിനും മറ്റു വികാരങ്ങൾക്കുമെല്ലാം ഉള്ള നോർമൽ ഘടനയാണ് 1 മുതൽ 6 വരെ. 6 മുതൽ 9 വരെയുള്ള വികാരങ്ങൾ അപൂർവമായി മാത്രം ജീവിതത്തിൽ കടന്നുവരേണ്ടത്. 9 മുതൽ 12 വരെയുള്ളവ ഒരിക്കലും കടന്നുവരാൻ പാടില്ലാത്തത്. ഉദാഹരണമായി ദേഷ്യം 1 മുതൽ 6 വരെ ആവാം. പക്ഷേ, 9 മുതൽ 12 വരെയായാൽ അത് കൊലപാതകത്തിൽ കലാശിക്കും. അതുപോലെ അപകടകമായ വികാരമാണ് സ്നേഹം, പ്രണയം എന്നിവ. 1 മുതൽ 6 വരെ അവ എല്ലാ ജീവികളോടും വേണം. 6 മുതൽ 9 വരെയുള്ളത് ഏതെങ്കിലും സ്ത്രീയിലോ പുരുഷനിലോ എന്തെങ്കിലും ഒരു പ്രത്യേകത തോന്നുമ്പോൾ വരുന്നതാണ്. നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണത്. അതിന്റെ അപകടകരമായ പ്രകടനമാണ് 9 മുതൽ 12 വരെയെത്തുമ്പോൾ സംഭവിക്കുന്നത്. ഈ ഘട്ടങ്ങളിൽ ഏതു വികാരം കടന്നാലും അപകടകരമായിത്തീരും. മാനസികനില തകരുന്ന അവസ്ഥയാണിത്. ഒരു സ്ത്രീയെ വിവാഹം കഴിച്ച് നമ്മുടെ സ്നേഹം എത്ര നൽകിയാലും അത് ജീവിതത്തിൽ അപകടകരമാവില്ല. കാരണം,

അതിന് സ്ഥായിയായ ഒരു ഭാവമുണ്ട്. നമ്മൾ ഒരു സ്ത്രീയെയോ പുരുഷനെയോ ആഗ്രഹിക്കുകയും പിന്നീട് ലഭിക്കാതെ വരികയും ചെയ്യുമ്പോൾ പ്രണയം 6 മുതൽ12 വരെയുള്ള തീവ്ര ഘട്ടങ്ങളിലേക്ക് പൊടുന്നനേ ഉയരുന്നു. വിവാഹം കഴിച്ചാൽ തന്നെയും മുമ്പ് അവരുടെ മാനസികമായ നില തകർന്നതിനാൽ ദാമ്പത്യം അപകടകരമായി തന്നെ തുടരുമെന്നാണ് ശാസ്ത്രം പറയുന്നത്.

ഖുർആൻ വിവാഹം കഴിക്കാൻ പറയുന്നിടങ്ങളിൽ നിരാശ്രയരായ നല്ലവരായ നിങ്ങളുടെ സ്ത്രീകളിൽ നിന്ന് നിങ്ങൾക്ക് വിവാഹം കഴിക്കാം എന്ന് അല്ലാഹു പറയുന്നു. അതുവഴി നിങ്ങൾ സമ്പന്നരായേക്കാമെന്ന ഓഫറും നൽകുന്നു. നമ്മുടെ നാടുകളിൽ ഇതിന് ഒരുപാട് ഉദാഹരണങ്ങൾ കാണാം. ദീനിനെ പരിഗണിക്കുന്നവർക്ക് അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹവും ഔന്നിത്യവും ലഭിക്കുന്നതായി കാണാം. ആരെ വിവാഹം കഴിക്കണം, ആരെ വിവാഹം കഴിക്കരുത് എന്ന ഈ ഖുർആനികോപദേശം അനുസരിച്ചാൽ സമ്പത്തോ ഭൗതിക താത്പര്യങ്ങളോ വിവാഹ ജീവിതത്തിൽ തടസമായി വരില്ലെന്ന് മേൽ പ്രസ്താവനകളിൽ നിന്ന് നമുക്ക് അനായാസം ഗ്രഹിക്കാം ●

Contents

# ഏകാന്തതയിലെ ആൾക്കൂട്ടം

**എംആർ അനിൽകുമാറിന്റെ 'ഏകാന്തതയുടെ മ്യൂസിയം' എന്ന നോവലിന്റെ പ്രധാനപ്പെട്ട മൂന്ന് ആവിഷ്കാരങ്ങൾ.**

ഡോ. ബിനീഷ് പുതുപ്പണം
puduppanam@gmail.com



മലയാളസാഹിത്യം, പ്രത്യേകിച്ച് നോവൽശാഖ സഞ്ചരിക്കുന്നത് ക്രൈം ത്രില്ലറുകൾ പൂർവാധികം ശക്തിയോടെ എഴുതപ്പെടുന്ന/ പ്രസിദ്ധീകരിക്കപ്പെടുന്ന/ വായിക്കപ്പെടുന്ന ഘട്ടത്തിലൂടെയാണ്. ഒരു അഗതാ ക്രിസ്റ്റിയോ ആർതർ കോനൻ ഡോയലോ, ജെയിംസ് പാറ്റേഴ്സണോ മലയാളത്തിൽ നിന്ന് രൂപപ്പെടുകയും ലോകസാഹിത്യത്തിലിടം പിടിക്കുകയും ചെയ്യുക എന്നത് അത്ര എളുപ്പം സാധ്യമാകുന്ന ഒന്നല്ലെങ്കിലും സമാനമായ (ഒരുപക്ഷേ ഭിന്നമായ) വായനാ പരിസരം സൃഷ്ടിക്കാൻ ക്രൈം ത്രില്ലർ എഴുത്തുകാർക്ക് കഴിയുന്നുണ്ട്. എം.ആർ അനിൽകുമാർ മാഷിന്റെ 'ഏകാന്തതയുടെ മ്യൂസിയം' മലയാളി വായനക്കാർക്ക് ക്രൈംത്രില്ലർ വായനയിലേക്കുള്ള പ്രധാന വഴിയാണ്. പ്രധാനമായും മൂന്ന് കാര്യങ്ങളാണ് നോവലിനെ നയിക്കുന്നതായി തോന്നിയിട്ടുള്ളത്.

## 1. രാഷ്ട്രീയ പരിസരം

സാമൂഹ്യജീവി എന്ന നിലയിൽ മനുഷ്യൻ നിർമിക്കുന്ന (പ്രവർത്തിക്കുന്ന) നേരിന്റെയും നെറികേടിന്റെയും ഇടങ്ങളെ ഒരു കാഴ്ചക്കാരനായി മാറിനിന്നുകൊണ്ട് അവതരിപ്പിക്കുകയാണ് നോവലിസ്റ്റ്. **നിയമം സത്യസന്ധമായി പ്രവർത്തിച്ചില്ലെങ്കിൽ ഒരു വ്യക്തി/നിരപരാധി ഏതു നിമിഷവും അപരാധിയും കുറ്റവാളിയുമായി പരിണമിച്ചേക്കാം എന്ന നടുക്കുന്ന യാഥാർഥ്യത്തിലൂടെയാണ് നോവലിന്റെ ആദ്യഭാഗം മുന്നേറുന്നത്.** ഒരു എഴുത്തുകാരനെ അന്വേഷിച്ചിറങ്ങുന്ന സിദ്ധാർഥൻ എന്ന പത്രപ്രവർത്തകൻ അപ്രതീക്ഷിതമായി തന്റെ കൺമുന്നിൽ സംഭവിച്ച കൊലപാതകത്തിലെ സാക്ഷി

യും പ്രതിയുമായി തീരുന്നു. പോലീസിന്റെ ചോദ്യം ചെയ്യലിലും വക്കീലിന്റെ ഇടപെടലിലും മാനസിക മായി തകർന്നും തളർന്നും പോകുന്ന ആ യുവാവ് ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയസാഹചര്യങ്ങളാൽ തകർക്കപ്പെടുന്ന അനേകം യുവാക്കളിലൊരാളാ ണ്. വക്കീലും വക്കീലിന്റെ വീട്ടിൽ കാണപ്പെടുന്ന ബന്ധുവുമെല്ലാം പണക്കൊഴുപ്പിന്റെയും സുഖജീ വിതത്തിന്റെയും ആസക്തിയുടെയും ഒടുങ്ങാത്ത അടയാളങ്ങളാണ്. വെടിയേറ്റു കിടന്ന തങ്ങളുടെ പ്രധാന പത്രാധിപർക്ക് നീതി ലഭ്യമാക്കുന്നതിനു പകരം അസൂയയും കുശുമ്പും പുത്തൻ വാർത്തക ളും മാത്രമായി മുന്നേറുന്ന മാധ്യമ അപചയത്തെ നോവലിസ്റ്റ് ആവോളം പ്രത്യക്ഷമായിതന്നെ വിമർ ശനവിധേയമാക്കുന്നുണ്ട്. ഇത്തരത്തിൽ അനവധി യായ രാഷ്ട്രീയ പരിസരങ്ങളിലൂടെയാണ് നോവൽ വികാസം പ്രാപിക്കുന്നത്.

## 2. ഭ്രമകല്പനകളുടെ സ്ഥലരാശികൾ

നോവലിലുടനീളം ഭ്രമവിഭ്രമങ്ങളുടെ ലോ കങ്ങൾ സ്ഥൂലവും സൂക്ഷ്മവുമായി ആവിഷ് ക്കരിക്കപ്പെടുന്നുണ്ട്. മാജിക്കാണോ മാജിക്കൽ റിയലിസമാണോ എന്നൊന്നും തീർച്ചപ്പെടുത്താ നാവാത്തവിധം ഇഹലോകവും അതീതലോകവും വായനക്കാരെ നിരന്തരം പിന്തുടരുന്നു. പലപ്പോ ഴും സ്വപ്നസഞ്ചാരിയാണ് സിദ്ധാർഥ്. ഒരുപക്ഷേ ആത്മീയതക്കും ഭൗതികതക്കും ഇടയിൽ സ്തംഭി ച്ചുപോയ ഒരു ജീവിതമാണ് അയാളുടേത്. സിദ്ധാർ ഥന്റെ ഭ്രമകല്പനകൾ വായനക്കാരെയും സ്വപ്ന ത്തിന്റെ ഭ്രമണപഥത്തിൽ സന്നിവേശിപ്പിക്കുന്നു. ഒരു ആഖ്യാനം നോക്കൂ-'അപ്പോളായിരുന്നു അവ

ളുടെ വരവ്. മരങ്ങൾക്കിടയിലൂടെ... ഒരു മാലാഖ യെയോ പുണ്യാളത്തിയെയോ മന്ത്രവാദിനിയെ യോ പോലെ.. മഞ്ഞിനോടൊപ്പം കുഴഞ്ഞുമറിഞ്ഞ നിലയിലുള്ള വിചിത്ര രൂപമായിരുന്നു അവളുടേത്. മഞ്ഞിനുള്ളിലൂടെ ഒഴുകുന്ന ഒരു സ്വർണജലപ്രവാ ഹം പോലെ... മഞ്ഞവെളിച്ചത്തിൽ കുളിച്ച താഴ്‌വ രയിൽ നിന്ന് വലിയൊരു ശബ്ദത്തോടു കൂടിയാണ് അവൾ അന്തരീക്ഷത്തിലേക്ക് പൊങ്ങിവന്നത്.'ബ സ് യാത്ര എന്ന യാഥാർഥ്യത്തിൽ മറ്റൊരു കിനാ യാത്ര നോവലിസ്റ്റ് സാധ്യമാക്കുന്നു. ദിവസങ്ങളോ ളം ഉറങ്ങിപ്പോകുന്ന എഴുത്തുകാരനും, വർധിത സ്നേഹത്താൽ വാതോരാതെ സംസാരിക്കുന്ന വീട്ടുജോലിക്കാരിയും വലിയ ചിറകുകളുമായി പറന്നു വരുന്ന മരണപക്ഷിയുമെല്ലാം മറ്റൊരു 'മക്കൊണ്ടോ'വിലേക്കും'ഖസാക്കി'ലേക്കും വായ നക്കാരെ കൊണ്ടുപോകുന്നു. സ്വപ്നാടകരായി വായനക്കാരും മതിഭ്രമിക്കുന്നു.

## 3. ദാർശനികതയുടെ നിലാവെളിച്ചങ്ങൾ

പ്രകൃതി ബന്ധിതമായ ദാർശനികതയാണ് ഈ നോവലിന്റെ കാതൽ. **ജീവിതത്തെയും മര ണത്തെയും സംബന്ധിക്കുന്ന, പ്രകൃതിയെയും പ്രണയത്തെയും ചേർത്തുകെട്ടുന്ന, ചഞ്ചലത യിൽ നിന്നും അചഞ്ചലതയിലേക്കു സഞ്ചരി ക്കുന്ന കഥകളും കഥാപാത്രങ്ങളുമാണ് നോവ ലിന്റെ പ്രത്യേകത.** വാതോരാതെ സംസാരിച്ച ജോലിക്കാരി മരണമെന്ന യാഥാർഥ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എല്ലാ സൗന്ദര്യവും കെട്ട് മൗനി യായിപ്പോകുന്നുണ്ട്, എഴുത്തുകാരനാവട്ടെ ഏതു നിമിഷവും പ്രകൃതിയോടൊപ്പം ചേർന്നുപുൽകാ

നുള്ള നിമിഷമായി മരണത്തെ കാണുന്നു. കാടും കാടത്തവും സ്നേഹവും ബന്ധനവും ഉല്പത്തിയും വിമോചനവുമെല്ലാം ലളിതമായി പറയുന്ന, ജാഗ്രത-സ്വപ്ന, സുപ്താവസ്ഥകളെ ഉൾക്കൊള്ളുന്ന ദാർശനികതയുടെ നിലാവെളിച്ചം കൂടിയാണ് ഈ നോവൽ. ഒപ്പം ചരിത്രത്തിന്റെ വേരുകൾ ചിലയിടങ്ങളിൽ തളിർക്കുകയും ചെയ്യുന്നുണ്ട്.

2019 നവംബറിലാണ് 'ഏകാന്തതയുടെ മ്യൂസിയം' പ്രസിദ്ധീകരിക്കപ്പെട്ടത്. പ്രൗഢമായ എഴുത്തിന്റെ കരുത്ത് ഈ കൃതിക്കുണ്ടായിട്ടും വലിയ നിരൂപകരും വിമർശകരും വേണ്ടവിധം ഈ നോവലിനെ പരിഗണിച്ചിട്ടുണ്ടോ എന്നത് സംശയമാണ്. (ഒരുപക്ഷേ നോവലിന്റെ ദൈർഘ്യമാവാം ഒരു കാരണം, 741 പേജ്.) തീർച്ചയായും കരുത്തുറ്റ നിരൂപണങ്ങൾ ഈ നോവലിന് ആവശ്യമാണ്. അത് മലയാള നോവൽ സാഹിത്യത്തിന്റെ ഭാവിക്ക് ഏറെ ഗുണം ചെയ്യും.

NB: നോവലിസ്റ്റിന്റെ ഏറെക്കാലത്തെ അസ്വസ്ഥതയുടെയും കണ്ണീരിന്റെയും ഭ്രാന്തിന്റെയും സ്വനഷ്ടങ്ങളുടെയും ഫലമാണ് ഈ നോവൽ എന്ന് ഒറ്റവായനയിൽ നിന്നു തന്നെ മനസിലാക്കാം. 'ശരിക്കും പ്രയാസകരമായ ഒരെഴുത്തായിരുന്നു' എന്ന് നോവലിന്റെ അവസാന ഭാഗത്ത് ഒരു സംഭാഷണമുണ്ട്. അത് മറ്റൊരു തരത്തിൽ ആത്മഭാഷണം കൂടിയാണ്. അതിനാൽ എഴുത്തുകാരന്റെ ഊർജം വൃഥാവിലായിക്കൂടാ. നല്ല വായനകൾ കൃതിക്ക് സാധ്യമാകട്ടെ ●

Contents

# സമയം വേദവാക്യമാണ്

മനുഷ്യനെ നിർണയിക്കുന്ന സമയത്തെ ചൊല്ലിയുള്ള വിവിധ ആപ്തവാക്യങ്ങളെ പരിശോധിക്കുന്നു.

മുഹമ്മദ് ഹഖ് അദനി തൃപ്പനച്ചി



സമയം ബാക്കിയാകുന്ന ആളുകൾ ഇപ്പോഴു മുണ്ടാകില്ലേ? ബാക്കി ലഭിക്കുന്ന സമയത്തെ കുറിച്ചെപ്പോഴെങ്കിലും അവർ ചിന്തിച്ചിട്ടുണ്ടാകില്ലേ? ബാക്കി വരുന്ന സമയത്തെ നമ്മളെങ്ങനെയാണു ചെലവഴിക്കുക? മറുപടി മനസിൽ കുറിച്ചിട്ടു മുന്നോട്ടുപോവാം.

മനുഷ്യന്റെ ക്രയവിക്രയങ്ങൾക്കും ഇടപാടു മേഖലകൾക്കും അനുസരിച്ചാണ് സമയത്തിന്റെ കമ്മിയും മിച്ചവും. ലക്ഷദ്വീപ് സമൂഹത്തിൽ വളരെ ചെറിയ ദ്വീപുകളുണ്ട്. കേവലം പതിനഞ്ചു മിനിറ്റെടുത്ത് മറുകരയിലേക്ക് നടന്നെത്താൻ പറ്റുന്നവ. ഇന്റർനെറ്റോ മൊബൈൽ സംവിധാനങ്ങളോ അവിടെയില്ല. അവർക്ക് എത്ര സമയം ബാക്കിയുണ്ടാകും? മണൽ തിണ്ണയിലിരുന്ന് സംസാരിച്ച് സമയത്തെ അതിജയിക്കുന്ന മനുഷ്യർ തീർഥാടകർക്ക് കൗതുകമാണ്. ദ്വീപുകാർക്ക് നിലനിൽപ്പിന്റെ ഭാഗമാണത്രെ സംസാരം. നമുക്കിടയിലുമുണ്ട് അങ്ങനെ ചിലർ. സംസാരിച്ചും ഡിജിറ്റൽ ഗെയിമുകൾ കളിച്ചും എത്ര സമയമാണവർ തള്ളിനീക്കുന്നത്? ആരോഗ്യവും തെളിഞ്ഞ ബുദ്ധിയുമുള്ളവർ സമയത്തെ കൊല്ലുകയാണോ, അതോ സമയം അവരെ കൊല്ലുകയാണോ? സമയത്തിന്റെ പ്രാധാന്യവും സ്വാധീനവും തിരിച്ചറിയാത്തതാണു ഒരു പ്രശ്നം.

എത്ര ലഭിച്ചാലും മതിവരാത്ത, വിലമതിക്കാനാകാത്ത സമ്പത്താണ് സമയം. കാലം അടയാളപ്പെടുത്തിയ പല മനുഷ്യരെയും നമ്മൾ സ്മരിക്കാറില്ലേ. അവരുടെ സേവനങ്ങളെയും ഇടപാടു മേഖലകളെയും വിലയിരുത്തി അത്ഭുതപ്പെടാറില്ലേ. സമയക്ര

മീകരണത്തിൽ കണിശത പുലർത്തിയവരായിരുന്നു അവർ.

വഴിനടക്കുമ്പോൾ ഒരു തേങ്ങ വന്നുവീഴുന്നു. 'ഒരു നിമിഷം പിഴച്ചിരുന്നെങ്കിൽ!' എന്ന് അറിയാതെ ആശ്ചര്യപ്പെടുന്നു. ഒരു മിനുറ്റ് വൈകിയതിൽ ബസ് മിസാവുന്നു. ഇങ്ങനെ പലപ്പോഴും സെകന്റുകളെയും മിനുറ്റുകളെയും മണിക്കൂറുകളെയും വില മതിക്കാറുണ്ട് നമ്മൾ. സമയം നദിപോലെ, ഒഴുകി കൊണ്ടേയിരിക്കുന്നു. തടയണ കെട്ടുന്നവർക്കു മുന്നിൽ അത് മിച്ചം കാണിക്കുന്നു. ആജന്മം തുടങ്ങുന്നതല്ല സമയത്തോടുള്ള മനുഷ്യ ബന്ധം. മരണത്തിൽ അവസാനിക്കുന്നുമില്ല. പ്രപഞ്ചസൃഷ്ടിപ്പിനെയും മനുഷ്യജീവിതത്തെയും 'സമയബന്ധിതമായി' വായിച്ചാൽ അത്ഭുതങ്ങളുടെ കലവറകൾ തുറക്കപ്പെടും.

## ആത്മാവിന്റെ സമയം

മനുഷ്യർ മൂന്ന് ഘട്ടങ്ങളിലൂടെ സഞ്ചരിക്കുന്നു.

1.ശരീരത്തെ അനുഭവിക്കാത്ത ആത്മാവിന്റെ കാലം. ആലമുൽ അർവാഹ്. ആദം നബിയെ പടച്ചതിനു ശേഷം സകല മനുഷ്യരെയും ഒരുമിപ്പിച്ച് ഞാൻ നിങ്ങളുടെ റബ്ബല്ലയോ എന്ന് ചോദിച്ച സന്ദർഭം ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. (7/172)

2.ആത്മാവിനെ ശരീരത്തിലേക്ക് നിക്ഷേപിക്കുന്ന ഘട്ടം. മാതാവിന്റെ ഗർഭാശയത്തിലായിരിക്കെ നാലു മാസമാകുന്നതോടെയാണ് രണ്ടാം ഘട്ടത്തിന്റെ തുടക്കം. ആലമുൽ അജ്സാദ് എന്നും ആലമുദ്ദുൻയാ എന്നും ഇത് അറിയപ്പെടുന്നു. ശരീരത്തെ അനുഭവിച്ചു നീങ്ങുന്ന ഒരാത്മാവിനെയാ

ണ് ഇവിടെ കാണുന്നത്.

3. ശരീരത്തിൽ നിന്നും ആത്മാവ് വേർപിരിയുന്നതോടെ മൂന്നാം ഘട്ടത്തിലേക്ക്; ആലമുൽആഖിർ. ശരീരത്തെ അനുഭവിച്ച ആത്മാവാണ് ഈ ഘട്ടത്തിലുള്ളത്.

ആത്മാവ് മാത്രമുള്ള രണ്ട് ലോകവും പ്രവിശാലമാണ്. ജനനത്തോടുകൂടെ ഒന്നാം ഘട്ടമവസാനിക്കുന്നു. പക്ഷേ അവസാന ഘട്ടം അനന്തമാണ്.

എവിടെയും ആത്മാവാണ് പ്രധാനം. ആത്മാവിനെ ആലമുൽ അർവാഹിൽ നിന്നും ആലമുൽ ആഖിറിലേക്ക് എത്തിക്കുന്ന വളരെ തുഛമായ സമയത്തേക്കുള്ള വാഹന സംവിധാനം മാത്രമാണ് ശരീരം. വാഹനത്തെ ദൈവേഛക്കനുസൃതമാക്കുകയാണ് പ്രധാനം. അതാണ് വിജയകാരണം.

എങ്ങനെ വിജയിക്കും?

ഇവിടെയാണ് സമയം ചർച്ചയാകുന്നത്.

## സമയത്തിന്റെ ശാസ്ത്രം

സംഭവങ്ങളുടെ ക്രമത്തേയും അവ തമ്മിലുള്ള ഇടവേളകളെയും സൂചിപ്പിക്കുന്ന അളവാണ് കാലം/സമയം. സമയം അളക്കാൻ ദിവസവും മാസവും വർഷവുമുണ്ട്. ക്ലോക്കുകളും കലണ്ടറുമുണ്ട്. സമയം നിർണിതമാകുന്നത് സാഹചര്യങ്ങൾക്കും മാനസിക സമീപനങ്ങൾക്കുമനുസരിച്ചാണ്. സമയം ഒട്ടും മുന്നോട്ടു പോകാതെയും സമയം അതിവേഗം കുതിക്കുന്നതായും അനുഭവപ്പെടുന്നു.

സമയത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ബിഗ് ബാങ് എന്ന മഹാവിസ്ഫോടനത്തോടെയാണ് എന്നാണ് ശാസ്ത്രത്തിന്റെ അറിവ്. ദ്രവ്യം ഇല്ലാ

തെ സമയം ഉണ്ടാവില്ല എന്ന ആശയമാണ് ഇതിന്റെ അടിസ്ഥാനം. പദാർഥലോകത്തിനപ്പുറം സമയമെന്ന സങ്കൽപം തന്നെയില്ല എന്ന് ശാസ്ത്രം വ്യക്തമാക്കുന്നു. ഇതനുസരിച്ച് പ്രപഞ്ചത്തിന് 1400 കോടി വർഷം മാത്രമാണ് പ്രായം കണക്കാക്കപ്പെടുന്നത്.

പുരാതന ഉപനിഷത്തുകളും വേദവാക്യങ്ങും സമയത്തെ ദൈവികമായിട്ടാണ് അവതരിപ്പിക്കുന്നത്.

'സമയത്തെ വിഭജിച്ചു നൽകുന്നവനാണ് ഈശ്വരൻ.'

- ഈശാവാസ്യ ഉപനിഷത്ത്.

'ലോകത്തെ സംഹരിക്കുന്ന കാലമാണ് ഈശ്വരൻ.'

- ഭഗവത് ഗീത.

'പ്രാപഞ്ചിക സൃഷ്ടിപ്പിന്റെ അടിസ്ഥാനവും മർമപ്രധാനവുമായ ഘടകമാണ് സമയം.' എന്നാണ് സമയത്തിന്റെ സങ്കീർണതകളെ പരീക്ഷിച്ചറിഞ്ഞ ആധുനിക ശാസ്ത്രജ്ഞരിൽ പ്രധാനിയായിരുന്ന സ്റ്റീഫൻ ഹോക്കിംഗ് പറയുന്നത്.

സമയത്തെ പ്രതിയുള്ള നിരീക്ഷണങ്ങൾ പ്രപഞ്ചത്തിന്റെ സ്വയംഭൂവിനപ്പുറം ദൈവീക സ്പർശത്തിന്റെ യഥാർഥ്യങ്ങളിലേക്ക് പല ശാസ്ത്രജ്ഞരെയും എത്തിച്ചിട്ടുണ്ട്. പ്രശസ്ത ഭ്രൂണ ഡോക്ടർ റോബർട്ട് ഗിൽഹം (Robert Guilham) മതവിശ്വാസിയായത് സ്ത്രീയുടെ ഇദ്ദ കാലത്തെ കുറിച്ചുള്ള ഇസ്‌ലാം പാഠങ്ങളിലൂടെയാണ്.

അമേരിക്കയിലെ ഐൻസ്റ്റീൻ ഗവേഷണശാലയിലെ മുതിർന്ന ഗവേഷകനായ ഗിൽ ഹം,

പുരുഷനുമായി **ശാരീരിക ബന്ധത്തിലേർപ്പെട്ട സ്ത്രീയുടെ ശരീരത്തിൽ നിന്നും പുരുഷബീജാണുക്കൾ പുറംതള്ളപ്പെടുന്നത് ആർത്തവത്തിലൂടെയാണെന്നും ഒന്നാം ആർത്തവത്തിലൂടെ 30-35 ശതമാനവും പുറത്തു കടക്കുന്നുവെന്നും തുടർന്നുള്ള രണ്ട് ആർത്തവത്തിലൂടെ പൂർണമായും സ്ത്രീ ശരീരം ബീജാണു മുക്തമാകുന്നുവെന്നും കണ്ടെത്തി. ഇതിനു ശേഷമല്ലാതെ മറ്റൊരു പുരുഷനുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് ചില ഗുരുതര പ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്ന് റോബർട്ട് ഗിൽഹം നിരീക്ഷിക്കുന്നു.**

## ഇസ്‌ലാമിൽ

സമയം അല്ലാഹുവിന്റെ സൃഷ്ടിയാണ്. സൂര്യനും ചന്ദ്രനും ഭൂമിയും പോലെ, അവകളുടെ ഭ്രമണ - പരിക്രമണങ്ങളിലൂടെ അല്ലാഹു സംവിധാനിച്ച അത്ഭുത സൃഷ്ടിയാണ് സമയം.

അള്ളാഹു പക്ഷേ തുടക്കമോ ഒടുക്കമോ ഇല്ലാത്ത, സമയത്തിനും സ്ഥലത്തിനും അധീതനാണ്. 'സൂര്യനും ചന്ദ്രനും കൃത്യമായ ഭ്രമണപഥങ്ങളിലൂടെ മാത്രമേ സഞ്ചരിക്കുന്നൊള്ളൂ.' (13:2) നിങ്ങൾക്ക് കൊല്ലവും കണക്കും അറിയുന്നതിന് വേണ്ടി ഋതുഭേദങ്ങളെയും രാപകലുകളുടെ വ്യതിയാനങ്ങളെയും അല്ലാഹു സംവിധാനിച്ചു.

മനുഷ്യന്റെ നിലനിൽപ്പും ആയുസ്സും സമയം എന്ന പോഷകത്തിൽ നിർണിതമാണ്. അശ്രദ്ധമാകുന്നതിലൂടെ വൻ നഷ്ടങ്ങൾ വരുത്തുന്ന സമയത്തെ കുറിച്ച് ഇസ്‌ലാം നിരന്തരം ഓർമിപ്പിക്കുന്നുണ്ട്. ആരോഗ്യത്തെ കുറിച്ചും ഒഴിവു സമയത്തെ

കുറിച്ചും പ്രവാചകൻ ഓർമപ്പെടുത്തിയത് മനുഷ്യൻ ചതിയിൽ പെടുന്ന രണ്ട് അനുഗ്രഹങ്ങൾ എന്നാണ്. (ബുഖാരി – 6412)

അന്ത്യനാളിൽ നിന്റെ ആരോഗ്യവും സമയവും എന്തിനു വേണ്ടി ഉപയോഗിച്ചു എന്ന ചോദ്യം മറികടക്കാതെ ഒരാൾക്കും വിചാരണ പൂർത്തീകരിക്കാൻ കഴിയില്ല എന്ന് മറ്റൊരു ഹദീസ് (ത്വബറാനി). സമയത്തെ സുത്യർഹമായി വിനിയോഗിച്ചവർക്ക് രക്ഷ.

കാലത്തെയും സമയത്തെയും സാക്ഷി നിർത്തിയും സത്യം ചെയ്തും ധാരാളം പരാമർശം കാണാം. 'പ്രദോഷം തന്നെ സത്യം, പ്രഭാതം തന്നെയാണ് സത്യം, പൂർവാഹ്നത്തെയാണ് ( ളുഹാ സമയം) സത്യം..'

കാലത്തെ സാക്ഷി നിർത്തി അല്ലാഹു പറയുന്നു: 'തീർച്ചയായും മനുഷ്യസമൂഹം പരാജയത്തിലാണ്.' മനുഷ്യന്റെ ജയ -പരാജയങ്ങൾക്ക് സമയവുമായുള്ള ബന്ധമാണ് പ്രസ്തുത സൂക്തം സൂചിപ്പിക്കുന്നത്. മനുഷ്യ കഴിവുകൾക്കധീതമാണ് സമയം. സമയത്തെ പിടിച്ചു വെക്കാനോ വലിച്ചു നീട്ടാനോ മനുഷ്യനു കഴിയില്ല. പക്ഷേ ലഭിക്കുന്ന സമയത്തെ ഏറ്റവും മികച്ച മാർഗത്തിൽ ഉപയോഗിക്കുന്നതിലൂടെ വിജയിക്കാനാകും.

'കാലഘട്ടം മോശമാണെന്നും സമയം ശരിയല്ലയെന്നും പലരും പറയാറുണ്ട്. യഥാർഥത്തിൽ നമ്മൾ ആ കാലത്ത് ജീവിക്കുന്നു എന്നതിനപ്പുറം കാലത്തിന് ഒരു കുറവുമില്ല. (ഇമാം ശാഫിഈ) 'സമയം അല്ലാഹുവിൽ നിന്നുള്ളതാണ്. അതിനെ ശകാരിക്കരുത്.' സ്വഹീഹ് മുസ്‌ലിമിലെ ഈ ഹദീസ് വിശ്വാസത്തിന്റെ ഭാഗമായാണ് സമയത്തെ

യും ഇസ്‌ലാം കാണുന്നത് എന്ന് സൂചിപ്പിക്കുന്നു. ഹസനുൽ ബസ്വരി (റ) പറയുന്നു: 'ഓരോ ദിവസവും പിറക്കുമ്പോൾ ആകാശത്തു നിന്ന് വിളിച്ചു പറയും ആദമിന്റെ മക്കളേ ഞാനൊരു പുതിയ സൃഷ്ടിയാണ്. സത്കർമങ്ങളിലൂടെ എന്നെ വറുതിയിലാക്കുക. പുനരുത്ഥാന നാൾ വരെ പിന്നെ ഞാൻ ഉണ്ടാവില്ല.'

നബി(സ്വ) പറയുന്നു: എന്റെ ഉമ്മത്തിന്റെ ആയുസ് അറുപതിന്റെയും എഴുപതിന്റെയും ഇടയിലാണ്(തുർമുദി-2331). ജീവിതത്തിന്റെ മൂന്നിൽ ഒന്നും നാം ഉറക്കത്തിൽ. പതിനഞ്ചു വർഷം കുട്ടിത്തം. ബാക്കിയുള്ളത് ഇരുപഞ്ച് വർഷം മാത്രം! അതിൽ തന്നെ എത്ര ഇടപാടുകൾ! എത്ര ഇടപെടലുകൾ!

അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: 'അറുപത് കൊല്ലം ആയുസ് പിന്തിച്ച് കൊടുത്തവന്റെ ഒഴികഴിവ് പറയൽ അല്ലാഹു സ്വീകരിക്കുകയില്ല'.

മുൻകാല സമൂഹങ്ങളിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ ആയുസ് മാത്രമാണ് മുഹമ്മദ് നബിയുടെ ഉമ്മത്തിന് ലഭിച്ചിട്ടുള്ളത്. എന്നാൽ മുൻഗാമികൾക്കാർക്കും നൽകാത്ത 'പവിത്രമായ സമയങ്ങളും' 'പവിത്രമായ ആരാധനകളും' നൽകി നമ്മെ അല്ലാഹു അനുഗ്രഹിച്ചു. ചില സ്ഥലങ്ങളെയും സമയങ്ങളെയും അല്ലാഹു പവിത്രമാക്കിയിട്ടുണ്ട്. സൃഷ്ടിപ്പിനർഹമായവനു മാത്രമുള്ള അവകാശമാണത് ●

# നിയ്യത്ത്; ശക്തമായ ലക്ഷ്യബോധം

**കർമങ്ങളുടെ കാതലാണ് നിയ്യത്ത്. നിർബന്ധമാണത്. വ്യത്യസ്ത മദ്ഹബുകളിലെ നിയ്യത്ത് സംബന്ധ വിവരണം.**

**ഹാറൂൻജർമെൻ**
വിവർത്തനം: യാസിർ കുറ്റിക്കടവ്

നിയ്യത്തിന്റെ ഭാഷാർഥം ഉദ്ദേശ്യം, ലക്ഷ്യം എന്നിങ്ങനെയാണ്. പ്രയോഗാർഥം നാല് മദ്ഹബുകളിലും വ്യത്യസ്തമാണ്.

**ഹനഫീ:**
ഇബ്നു അബ്ദീൻ(റ) ഇങ്ങനെ നിർവചിക്കുന്നു: 'ദൈവത്തോടുള്ള അർപ്പണബോധമാണ് നിയ്യത്ത്.'

**മാലികി:**
കൽപിക്കപ്പെട്ട കാര്യങ്ങളിൽ മുക്കല്ലഫിന്റെ (ദൈവകൽപനയുടെ സംബോധിതർ) ഉദ്ദേശ്യമാണ് നിയ്യത്ത്.

**ശാഫിഈ:**
ഒരു പ്രവർത്തനത്തിന്റെ സ്വീകാര്യതയുമായി ബന്ധപ്പെട്ടതാണ് നിയ്യത്ത്.

**ഹൻബലി:**
നിയമപരമായ അർഥത്തിൽ, ഒരു ആരാധനാ വേ

ളയിൽ അല്ലാഹുവുമായി കൂടുതൽ അടുക്കാനുള്ള ഹൃദയത്തിന്റെ താത്പര്യമാണ് നിയ്യത്ത്.

## നിയ്യത്തിന്റെ പ്രാധാന്യം

ഇമാം ഗസ്സാലി(റ) ഇഹ്‌യയിൽ പറയുന്നു: 'ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്. വിശ്വാസമാണവിടെ വിളകൊയ്യുക.' അഥവാ സൽപ്രവൃത്തികൾ ചെയ്യാനുള്ള ഇടമാണിവിടം. യഥാർഥ പ്രതിഫലം (വിളവ്) പരലോകത്താണ് നൽകപ്പെടുക. നിയ്യത്താണ് പ്രതിഫലത്തിന്റെ നിലവാരം നിർണയിക്കുന്നത്. ഖുർആനിൽ ഇങ്ങനെ കാണാം: 'പരലോകത്തിനായി കൃഷിചെയ്യാൻ ആഗ്രഹിക്കുന്നവൻ തന്റെ കൃഷിയിടത്തിൽ കൂടുതൽ വിളവെടുക്കുന്നു. ഇഹലോകത്തിനായ് കൃഷി ചെയ്യുന്നവന് പരലോകത്ത് ഒരു പങ്കും ഉണ്ടാകില്ല.'

ഖുർആനിൽ അല്ലാഹു പറയുന്നു: 'നമ്മെ കണ്ടുമുട്ടേണ്ടി വരുമെന്നാലോചിക്കാത്തവരും ഇഹലോക ജീവിതത്തിൽ സംതൃപ്തരാവുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അശ്രദ്ധനടിക്കുകയും ചെയ്യുന്നതാരോ അവരുടെ അഭയസ്ഥാനം നരകമായിരിക്കും. അവർ സമ്പാദിച്ചതത്രേ അത്.'

നബി(സ്വ) ഇസ്‌ലാമിൽ നിയ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹദീസിൽ ചൂണ്ടിക്കാണിക്കുന്നു: 'തീർച്ചയായും, പ്രവൃത്തികൾ ഉദ്ദേശ്യങ്ങൾക്കനുസൃതമാണ്, ഓരോ മനുഷ്യനും അവൻ ഉദ്ദേശിച്ചതാണ് ലഭിക്കുക. അതിനാൽ, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ഇഷ്ടത്തിനുവേണ്ടി ആരെങ്കിലും പലായനം/ഹിജ്റ ചെയ്യുന്നുവെങ്കിൽ, അവന്റെ പലായനം അല്ലാഹുവിനും അവന്റെ

റസൂലിനും വേണ്ടിയാകുന്നു. ദുൻയാവിലെ ജീവിതത്തെയോ വിവാഹമോ ലക്ഷ്യം വെച്ച് പലായനം ചെയ്യുന്നുവെങ്കിൽ അവന്റെ പലായനം അവൻ ലക്ഷ്യം വെച്ചതിനത്രേ.'

## ആരാധനകളിൽ

അഞ്ച് നേരത്തെ നിസ്കാരം, നോമ്പ്, സകാത്, ഹജ്ജ് തുടങ്ങിയ ആരാധനകൾ സ്വീകരിക്കപ്പെടണമെങ്കിൽ വിശ്വാസിയിൽ നിന്നും ശുദ്ധവും അർപ്പണബോധവുമുള്ള നിയ്യത്ത് അനിവാര്യമാണ്. ഒരാൾ അതിരാവിലെ എഴുന്നേറ്റ് പ്രഭാതകർമങ്ങൾ ചിട്ടയോടെ ചെയ്താലും അതോടൊപ്പം ആരാധന ഉദ്ദേശിക്കുന്നില്ലെങ്കിൽ അവ ആരാധനയായി കണക്കാക്കില്ല. കാരണം ആ പ്രവൃത്തികളിൽ അയാൾ അല്ലാഹുവിനോടുള്ള കടമയല്ല ലക്ഷ്യം വെച്ചത്. മറിച്ച്, കേവലം ജീവിതചര്യകൾ മാത്രമായിരുന്നു അയാളുടെ ഉദ്ദേശ്യം.

റമളാൻ മാസത്തിലെ വ്രതാനുഷ്ഠാനം, ഹജ്ജ്, സകാത് നിർവഹണം തുടങ്ങിയവയിലും നിയ്യത്ത് അത്യാവശ്യമാണ്. അഥവാ അർപ്പണബോധത്തോടെയായിരിക്കണം ഇവ ചെയ്യേണ്ടത്. ആരാധനയും സൽപ്രവൃത്തികളും അല്ലാഹു സ്വീകരിക്കണമെങ്കിൽ നമ്മുടെ ഉദ്ദേശ്യവും (നിയ്യത്ത്) ശുദ്ധമായിരിക്കണം. അതിൽ അഹംഭാവത്തിന്റെയോ സ്വാർഥതാത്പര്യത്തിന്റെയോ ലാഞ്ചന പോലും പാടില്ല. അല്ലാത്തപക്ഷം, ആരാധനകൾ സ്വീകരിക്കപ്പെടില്ല.

## ഇടപാടുകളിൽ

നിയ്യത്ത് വിശ്വാസിയുടെ ആരാധനയുടെ മുഖ്യ ഘടകം മാത്രമല്ല, മറിച്ച് അവന്റെ ദൈനംദിന ജീവിതത്തിലും പരസ്പര ഇടപെടലുകളിലും അത്യാവശ്യമായതാണ്.

വിശ്വാസ ജീവിതത്തിൽ അനുവദനീയമായ, ലളിതമായ പ്രവർത്തനങ്ങൾക്ക് പോലും അദ്ദേഹം ഇലാഹീ തൃപ്തി ലക്ഷ്യമാകണം. ഉദാഹരണത്തിന്, ഭോജന നേരം അന്നദാതാവിനെ ഓർക്കുന്നുവെങ്കിൽ  അവന്റെ ഭോജനം തന്നെ ഒരു ആരാധനയായി കണക്കാക്കും. **വിശ്വപണ്ഡിതൻ സഈദ് നൂർസി(റ)പറയുന്നു: അല്ലാഹു അവൻ ചൊരിയുന്ന ഓരോ അനുഗ്രഹങ്ങൾക്കും മൂന്ന് കാര്യങ്ങൾ നമ്മോട് ആവശ്യപ്പെടുന്നുണ്ട്: ദിക്റ്, ഫിക്റ്, ശുക്റ് (സ്മരണ, വിചിന്തനം, നന്ദിപ്രകടനം) എന്നിവയാണവ.** ഉദാഹരണമായി, ഭക്ഷണം എന്ന അനുഗ്രഹത്തിന് പകരമായി അല്ലാഹു  ദിക്റ്, ഫിക്റ്, ശുക്റ് എന്നിവ നമ്മോടാവശ്യപ്പെടുന്നു.ഇവിടെ ദിക്റ് കൊണ്ട് അർഥമാക്കുന്നത് ഭോജനം, ദൈവനാമം സ്മരിച്ച് തുടങ്ങണം എന്നാണ്. ശുക്റ് കൊണ്ടുദ്ദേശിക്കുന്നത് ഭോജന ശേഷം അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ (സ്തുതികളഖിലവും സർവലോക പരിപാലകനായ അല്ലാഹുവിനാകുന്നു) എന്ന് പറയലാണ്. ഭക്ഷണം കഴിക്കുമ്പോൾ അല്ലാഹുവിന്റെ കൃപ, കരുണ, ശക്തി എന്നിവയെ പ്രതി ചിന്തിക്കലാണ് ഫിക്റ് കൊണ്ടുദ്ദേശ്യം. ഇതുവഴി അല്ലാഹുവിന്റെ വിശേഷണങ്ങളിൽ നമുക്ക് കൂടുതൽ വിശ്വാസദാർഢ്യം കൈവരുന്നു.

ഈ ഉദാഹരണത്തിൽ, നിയ്യത്ത് സ്വാർഥതാ

ത്പര്യവുമായി ബന്ധപ്പെടുന്നില്ലെന്ന് മാത്രമല്ല, സൃഷ്ടിപ്പിലുള്ള 'സ്രഷ്ടാവിന്റെ സവിശേഷ വിശേഷണങ്ങൾ' തിരിച്ചറിയുന്നതിലൂടെ ദൈവത്തെ കൂടുതൽ അടുത്തറിയുന്നതിനും സഹായിക്കുന്നു. ഉദാഹരണത്തിന്, ഒരു ദൈവഭക്തനായ മനുഷ്യൻ അത്താഴത്തിൽ നല്ല നിയ്യത്ത് വെച്ചാൽ വിശപ്പ് അടങ്ങുന്നതിനും ദൈവിക ദാനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനും അവന് സാധിക്കുന്നു. ഇവിടെ ദൈവഭക്തനായവന്റെ നിയ്യത്ത് ഈ രണ്ട് പ്രവൃത്തികൾ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു. ഭക്ഷണം കഴിക്കുക എന്ന ഒരേ പ്രവർത്തനം രണ്ടിടങ്ങളിലും നടക്കുന്നുണ്ടെങ്കിലും നിയ്യത്തിൽ വ്യത്യാസമുണ്ട്.

ഭക്ഷിക്കുന്നതുപോലുള്ള ലളിതമായ ഒരു പ്രവൃത്തിയിൽ നിന്ന് പോലും ദൈവഭക്തന് പ്രതിഫലം ലഭിക്കുന്നു. കാരണം അവന്റെ നിയ്യത്ത് ദൈവത്തെ അറിയുക എന്ന ഉയർന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട് കിടക്കുന്നു. എന്നാൽ, ശാരീരിക വിശപ്പ് ശമിപ്പിക്കാൻ മാത്രം ആഗ്രഹിക്കുന്ന വ്യക്തിക്ക് ഉപഭോഗവും ക്ഷണികവുമായ ഭക്ഷണം മാത്രമേ 'പ്രതിഫലമായി' ലഭിക്കുകയുള്ളൂ.

ഈ സന്ദർഭത്തിൽ, ഭക്ഷണം നൽകപ്പെട്ട സ്വർഗ നിവാസികളുടെ ഒരു ചിത്രം ഖുർആൻ വിവരിക്കുന്നുണ്ട്: 'തുടർന്ന് ഭക്ഷണം കഴിച്ചശേഷം, 'ഞങ്ങൾക്ക് ഇതിനകം ഈ ഭക്ഷണങ്ങൾ ഭൂമിയിൽ ലഭിച്ചു' എന്ന് അവർ പറയുന്നതായി കാണാം. അതായത് മനുഷ്യർക്ക് ആപ്പിൾ പോലോത്ത സാധാരണ വസ്തുക്കളിൽ പോലും 'സ്വർഗം' നിരീക്ഷിക്കാനുള്ള സാധ്യതയുണ്ട്. എന്നാൽ നിയ്യത്തില്ലെങ്കിൽ ഈ ദൃഷ്ടാന്തങ്ങൾ നിരീക്ഷകന് മുന്നിൽ മറഞ്ഞിരിക്കുന്നു.

സൃഷ്ടിയിലെ ദിവ്യ ചിഹ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിലൂടെ, നമ്മുടെ ഒരു ലളിതമായ പ്രവൃത്തിപോലും ദൈവവുമായി ബന്ധപ്പെട്ട് പ്രതിഫലാർഹമാകുന്നു. ഈ സഹജവും ലളിതവുമായ പ്രവൃത്തിയിൽ മനുഷ്യന് ദൈവമെന്ന മഹത്തായ ലക്ഷ്യമുണ്ട്. ദൈവത്തെ കൂടുതൽ അടുത്തറിയുക എന്ന ലക്ഷ്യം വളരെ മഹത്വമുള്ളതാണ്. കാരണം, ദൈവം മഹോന്നതനാണ്. അതിനാൽ അവനെ മുന്നിൽ കണ്ടുള്ള സർവ പ്രവർത്തനങ്ങളും വലിയ പ്രതിഫലമർഹിക്കുന്നുണ്ട്.

ഒരു ആരാധനയുടെയും. വിശ്വാസിയുടെ ലളിതവും അനുവദനീയവുമായ പ്രവൃത്തിയുടെയും ഇടയിലുള്ള പാലം അവന്റെ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യത്തിന്റെ ഗുണപരമായ വിശുദ്ധിയാണ്. ഒരു ഹദീസിൽ പറയുന്നു: 'നിങ്ങളുടെ സഹോദരനോടുള്ള പുഞ്ചിരി സ്വദഖയാകുന്നു.' ഇത് എന്താണ് അർഥമാക്കുന്നത്? ലളിതമായ ഒരു പുഞ്ചിരിക്ക് സാമ്പത്തിക ചെലവുകളുമായി എങ്ങനെ പൊരുത്തപ്പെടാനാകും?

മുസ്‌ലിംകളെ സൽപ്രവൃത്തികളിലേക്ക് പ്രേരിപ്പിക്കുകയെന്നതാണ് ഇത്തരം ഹദീസുകളുടെ ധർമം എന്ന് കാണാം. ഒരു പുഞ്ചിരിക്ക് സ്വദഖയാവാൻ പ്രാപ്തിയുണ്ടെന്ന് വ്യക്തമാക്കുന്നതിനാണിത്. അതിനാൽ തന്നെ അതിന് അത്തരമൊരു മൂല്യം നേടാൻ കഴിയും. എന്നാൽ എല്ലാ പുഞ്ചിരിയും ഒരേ നിലവാരമുള്ളതായി കണക്കാക്കുന്നില്ല. രണ്ടു വ്യക്തികളുടെ ബാഹ്യമായ ഓരോ പ്രവൃത്തിയും നിയ്യത്തിൽ എന്നത് പോലെ, പുഞ്ചിരിയിൽ പോലും യോജിക്കണമെന്നില്ല.

ഉദാഹരണത്തിന്, ഉന്നതഉദ്യോഗസ്ഥനെ പ്രീതിപ്പെടുത്തുന്നതിനുള്ള കീഴുദ്യോഗസ്ഥന്റെ പുഞ്ചിരി വിശ്വാസിയായ സഹോദരനോടുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പേരിലുള്ള പുഞ്ചിരി പോലെ ഉയർന്നനിലവാരമുള്ളതാകില്ല. കാരണം ശമ്പള വർധനവിനും പ്രൊമോഷനും വേണ്ടി ഒരു ജീവനക്കാരന് തന്റെ മേലധികാരിയെ നോക്കി പുഞ്ചിരിക്കാൻ കഴിയും. എന്നാൽ, നല്ല നിയ്യത്തോട് കൂടി ഒരു മുസ്‌ലിം തന്റെ സഹോദരനോട് പുഞ്ചിരിക്കുമ്പോൾ അത് ഇസ്‌ലാമിക മത സാഹോദര്യത്തിലേക്കുള്ള ദൈവത്തിന്റെ കൽപനക്കനുസൃതമായ നല്ല പ്രവർത്തനമായി മാറും. വിശ്വാസികൾ പരസ്പരം സഹോദരന്മാരാണെന്നല്ലേ തിരുവരുൾ.

**ഒരു ഹദീസിൽ വിശ്വാസികളുടെ കൂട്ടുകെട്ടിന്റെ മൂന്ന് രീതികൾ പറയുന്നുണ്ട്. അതിലൊന്നാണ് മുസ്‌ലിം തന്റെ സഹോദരനെ അല്ലാഹുവിനു വേണ്ടി മാത്രം സ്നേഹിക്കുന്നു എന്നത്. അത് കാരണമായി പരലോകത്ത് അർശിന്റെ തണൽ ലഭിക്കുന്ന ഏഴ് വിഭാഗങ്ങളിൽ ഇവർപെടുന്നു. അവരുടെ നിയ്യത്താണ് അവരുടെ സൗഹൃദത്തെ അല്ലാഹുവിന്റെ അടുക്കൽ മൂല്യവത്താക്കിയത്.**

വിശ്വാസികളുടെ അനുവദനീയമായതും നിർബന്ധവുമായ പ്രവർത്തനങ്ങളിലൊക്കെയും വ്യാപിച്ച് കിടക്കുന്നതും അല്ലാഹുവിലേക്കടുപ്പിക്കുകയും ചെയ്യുന്ന ആത്മാവാണ് നിയ്യത്ത്.

ബലികർമത്തെ പറ്റി ഖുർആൻ പറയുന്നു: 'നിങ്ങൾ അറവ് നടത്തുന്നവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തിച്ചേരുകയില്ല, മറിച്ച് നിങ്ങളുടെ ഭക്തി മാത്രമാണവനിലെത്തുക.' ഇവി

ടെ, അവരുടെ ഹൃദയങ്ങളിൽ അർപ്പണബോധ മുള്ള നിയ്യത്തുണ്ട്.

നബി(സ്വ) പറയുന്നു: അല്ലാഹു വിശ്വാസികളു ടെ ബാഹ്യ ചേഷ്ടകളിലേക്കല്ല, മറിച്ച് അവരുടെ ഹൃ ദയങ്ങളിലേക്കാണ് നോക്കുന്നത്. അതായത്, അവ രുടെ ഹൃദയത്തിലെ ശുദ്ധമായ നിയ്യത്തിലേക്കാണ് അല്ലാഹു നോക്കുന്നത്.

## ശാസ്ത്രത്തിൽ

ജീവിതത്തിന്റെ എല്ലാ മേഖലകളും ഒരു മു സ്ലിമിന് തന്റെ നിയ്യത്ത് മുഖേന ആരാധനയാ ക്കിമാറ്റാനാവും. അതോടൊപ്പം തന്റെ മതേതര ജീവിതത്തെ ആരാധനയുടെ വർഷക്കാലമാക്കി മാറ്റാനും കഴിയും. ഇതുവഴി വിശ്വാസി അല്ലാഹു വിലേക്ക് കൂടുതൽ അടുക്കുന്നതോടൊപ്പം തന്നെ തന്റെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ച് ബോ ധവാനാവുകയും സ്വപ്രവൃത്തികളിലെ വിശുദ്ധി ക്കായി നിയ്യത്തിനെ പരിശോധിച്ച് സ്വയം ശിക്ഷ ണം നൽകുകയും ചെയ്യുന്നു. കാരണം, മനുഷ്യന്റെ ഏത് പ്രവൃത്തിയും ദൈവ പ്രീതിക്കോ സൃഷ്ടിപര തക്കോ ആയിരിക്കുമല്ലോ. അപ്പോൾ സ്ഥിരമായി സ്വന്തത്തെ ഗുണദോഷിക്കുക വഴി സർവവും ഇലാ ഹീ പ്രീതിക്കായി മാറ്റാൻ കഴിയും.

ജ്ഞാനാന്വേഷണ മേഖലയിൽ നിയ്യത്ത് ഒരു വിശ്വാസിയായ പഠിതാവിന് അല്ലെങ്കിൽ ശാസ്ത്ര ജ്ഞന് ഉത്തേജകമായി പ്രവർത്തിക്കുന്നു. അറിവ് സ്വായത്തമാക്കുന്നതിനുള്ള പാത സ്വീകരിക്കുന്ന വർക്ക് സ്വർഗത്തിലേക്കുള്ള മാർഗം അല്ലാഹു എളു പ്പമാക്കി കൊടുക്കുന്നുവെന്ന് ഹദീസിൽ കാണാം.

ഒരു ഗവേഷണ വിദ്യാർഥിക്ക് തന്റെ കണ്ടെത്തലിൽ തെറ്റുണ്ടെങ്കിൽ കുറഞ്ഞത് ഒരു ഹസനത്തും ശരിയാണെങ്കിൽ ഇരട്ട പ്രതിഫലവും ലഭിക്കും.

ഒരു മുസ്‌ലിം ഗവേഷകന്റെ ഗവേഷണലക്ഷ്യം മനുഷ്യരാശിയുടെ പ്രയോജനത്തിന് വേണ്ടി ഇലാഹീപ്രീതിക്കായി ഒരു പരിഹാരം കണ്ടെത്തുക എന്നതാണ്. അതുകൊണ്ട് തന്നെ അത് ദൈവ സമക്ഷം പ്രതിഫലാർഹവുമാണ്.ഈ വിശ്വാസം മുസ്‌ലിം വിദ്യാർഥികളെയും ഗവേഷകരെയും അക്കാദമിക് വിദഗ്ധരെയും കൂടുതൽ ധൈര്യപ്പെടുത്താനും ആവശ്യമായ ഗവേഷണങ്ങളിൽ കൂടുതൽ അന്വേഷണങ്ങൾ നടത്താനും പ്രേരിപ്പിക്കുന്നു. കൂടുതൽ അന്വേഷണങ്ങൾക്ക്(അത് ഒരു തെറ്റായ കണ്ടെത്തലാണെങ്കിലും) ഒരു ഗവേഷകനെ സത്യത്തിലേക്കും ഒരു പ്രശ്നത്തിനുള്ള പരിഹാരത്തിലേക്കും ഒരു ചുവട് അടുപ്പിക്കാൻ കഴിയും. അതുകൊണ്ട് തന്നെ ശാസ്ത്രത്തിലും ഗവേഷണത്തിലും മുസ്‌ലിംകളുടെ നിയ്യത്തിനെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നതായി കാണാൻ കഴിയും. ഭൗതിക കണ്ടെത്തലുകൾക്കപ്പുറം ഗവേഷകന്റെ പ്രതിബദ്ധതയെ അംഗീകരിക്കുന്നതിനും വിലമതിക്കുന്നതിനും ഇസ്‌ലാം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതിനാൽ ഈ പ്രചോദനം ഗവേഷകന്റെ ശാസ്ത്രീയ പ്രവർത്തനങ്ങളെ തുടർച്ചയായി നിലനിർത്തുന്നതിന് സഹായകമാവുന്നു ●

Contents


رمضان كريم
WORLD CLASS QUALITY
FOR STRONG AND PERFECT LIFE !!
STRONG LITE GROUP OF COMPANIES
www.strongliteglobal.com
info@stronglite.ae
/strongliteglobal
Strong Lite®
UAE +9716 5342955
SAUDI ARABIA +966 114080457
BAHRAIN +973 36238898
QATAR +974 30583000
OMAN +968 95635626
KUWAIT +965 69632565
INDIA +91 494 2585412
NEPAL +977 9809127716
BANGLADESH +880 27920812

# കുട്ടിക്കാലത്തെ ലോക്ഡൗൺ

**ഒരു പകൽ മുഴുക്കെ വാതിലടഞ്ഞ് പുറം ലോകം മറഞ്ഞ കുട്ടിക്കാലത്തെ ഒരു 'ലോക്ഡൗൺ' ഓർമ.**

സി എൻ ആരിഫ്
cnarif@gmail.com



ഏകദേശം ഇരുപത് വർഷങ്ങൾക്കു മുമ്പത്തെ ഒരു വേനലവധിക്കാലം! അന്ന് സ്കൂൾ അവധിയെന്നു കേട്ടാൽ തന്നെ വീട്ടിലെ ഉമ്മമാർക്ക് ഭയമായിരുന്നു. ഇനി രണ്ടു മാസം എങ്ങനെ സഹിക്കും

എന്ന സ്നേഹത്തോടെയുള്ള ആശങ്ക. രാവിലെ മദ്റസ കഴിഞ്ഞാൽ പിന്നെ കളി മാത്രം, മഴയില്ല, വെയിലില്ല. പോരാത്തതിന് മാങ്ങയുടെയും ചക്കയുടെയും സീസൺ കൂടി ആവുന്നതിനാൽ കാട്ടിലൂടെ ഓടിച്ചാടി നടക്കും. വീണു കിട്ടുന്ന പഴുത്ത കാട്ടു മാങ്ങയുടെ ഞെട്ട് പാറക്കല്ലിൽ ഉരച്ചു ചുണ കളഞ്ഞു തിന്നും. എത്ര സൂക്ഷിച്ചാലും മാങ്ങാ ചാർ ഇറ്റി വീണു കുപ്പായത്തിൽ കറ പിടിച്ചിരിക്കും. വേറൊരു ഭാഗത്തു പഴുത്ത ചക്കയുടെ മണം മന്ദമാരുതാനൊപ്പം പാട്ടുപാടി വരുന്നുണ്ടാവും. കൂട്ടിനു നെല്ലിക്കയും പേരറിയാത്ത നിരവധി കാട്ടു പഴങ്ങളുമുണ്ടാകും.

കാടെന്നു പറയുമ്പോൾ ഇന്നത്തെ കുട്ടികൾക്ക് പരിചയമുണ്ടോ ആവോ? വീടുകൾ കുറവായിരുന്നതിനാൽ വിശാലമായ മരങ്ങൾ ഇടതൂർന്ന ഏക്കർ കണക്കിന് സ്ഥലങ്ങൾ വെറുതെ കിടക്കുന്നുണ്ടാവും. അതായിരുന്നു കുട്ടികളുടെ കാട്. മരത്തിൽ നിന്ന് മരത്തിലേക്ക് ചാടിക്കളിച്ചിരുന്ന മനോഹര ബല്യകാലം. എത്ര സുന്ദരമായിരുന്നു! ചില ദിവസങ്ങളിൽ കളിയായിരിക്കും. രാവിലെ തുടങ്ങുന്ന കളി ചിലപ്പോൾ വൈകുന്നേരം വരെ നീളും. സമയം വൈകിയാൽ ഉപ്പയെ പേടിച്ചു പിന്നാമ്പുറത്തെ മതിൽ കെട്ട് ചാടി അടുക്കള വാതിലിലൂടെ അകത്തു കയറും. പക്ഷേ, കളി എന്തു തന്നെ ആയാലും ഇരുട്ട് ആവുന്നതിന് മുമ്പ് വീട്ടിലെത്തിയില്ലെങ്കിൽ കഥ മാറും.

പക്ഷേ, ഇന്നത്തെ ന്യൂ ജെൻ അവധിക്കാലം മിക്കവാറും വീട്ടിലെ നാല് കെട്ടിനുള്ളിൽ ഒതുങ്ങുന്നു. മാങ്ങ പറിച്ചു തിന്നാൻ മാവെവിടെ, കാടെവി

ടെ? അതൊക്കെ പെറുക്കി തിന്നാനും നോക്കാനും കുട്ടികൾക്ക് സമയവുമില്ല, സ്വാതന്ത്ര്യവുമില്ല. അവർ മിക്കപ്പോഴും മൊബൈലിലും ടാബിലും തിരയുകയായിരിക്കും. അല്ലെങ്കിൽ വീട്ടുകാർ അവരെ ഭദ്രമായി ലോക്ക് ചെയ്ത് വെച്ചിട്ടുണ്ടാവും.

സാധാരണ കളിക്കാൻ പുറത്ത് പോയില്ലെങ്കിൽ വീട്ടിൽ അനിയനുമൊത്ത് എന്തെങ്കിലും കളി തുടങ്ങും. ഞാനും അനിയനും തമ്മിൽ ഏകദേശം രണ്ടു വയസിന്റെ വ്യത്യാസമാണുള്ളത്. എന്ത് കളി തുടങ്ങിയാലും മിക്കവാറും ദിവസങ്ങളിൽ അടിപിടിയോടെ അവസാനിക്കാറാണ് പതിവ്. അന്നും എന്തോ കളി തുടങ്ങി, **പതിവ് പോലെ വഴക്കായി, അടിപിടിയായി. അവസരം കിട്ടിയപ്പോൾ ഞാൻ നല്ലൊരു വീക്ക് കൊടുത്തു, തിരിച്ചു കിട്ടാതിരിക്കാൻ ഓടി റൂമിൽ കയറി വാതിലടച്ചു. വാതിൽ ഹാൻഡ് ലോക്ക് ആയിരുന്നതിനാൽ അവൻ പുറത്തു നിന്ന് തുറക്കാനും ഞാൻ അകത്തു നിന്ന് അടക്കാനും ശ്രമിച്ചു കൊണ്ടേയിരുന്നു. നിർഭാഗ്യവശാൽ ഡോർ ലോക്ക് ആയിപ്പോയി. ഒരു നിലക്കും അടച്ച വാതിൽ തുറക്കാനേ പറ്റുന്നില്ല, ശരിക്കും ലോക്ക് ഡൗൺ.** കിണറ്റിൽ വീണ പൂച്ചയെ പോലെയായി ഞാൻ. വാതിലിനു പുറത്തു എല്ലാവരും എന്തൊക്കെയോ പറയുന്നു. ശകാരം മുഴുവൻ അവൻ കേട്ടു കാണും. ഞാൻ അകത്തായതിനാൽ വീട്ടുകാരുടെ വഴക്കിൽ നിന്നും തത്കാലം രക്ഷപ്പെട്ടു. നിമിഷ നേരം കൊണ്ട് അനിയൻ പുറത്തെ കിളിവാതിലിലൂടെ എന്നെ നോക്കി ഇളിച്ചു കാട്ടിയപ്പോൾ പരിഹാസ്യനായ എന്നിലെ ദേഷ്യവും സങ്കടവും വീണ്ടും പതച്ചു പൊങ്ങി. പക്ഷേ എന്തു ചെയ്യാൻ. സങ്കടം അടക്കി പിടിച്ചു നിലത്ത്

ഒരു മൂലയിലിരുന്നു. വീട്ടുകാരൊക്കെ പണി പതിനെട്ടും പയറ്റിയെങ്കിലും വാതിൽ തുറക്കാൻ കഴിഞ്ഞില്ല. പിന്നീട് ആശാരിയെ വിളിക്കുന്ന സംസാരമാണ് പുറത്തു നിന്ന് കേൾക്കുന്നത്.

കുറച്ചു കഴിഞ്ഞു സഹോദരി ചോറ് കൊണ്ടുവന്നു ജനലിലൂടെ വിളിച്ചപ്പോഴാണ് സമയം ഉച്ചയായി എന്നറിയുന്നത്. നല്ല വിശപ്പുണ്ടായിരുന്നതിനാൽ വാങ്ങി വെച്ചു. അവളും ഒരു ചിരി പാസാക്കിയത് തീരെ സഹിച്ചില്ല. ഭക്ഷണം കഴിച്ചു നിസഹായാനായി കട്ടിലിൽ കിടന്നു. അല്പം മയങ്ങി പോയതോ എന്തോ അറിയില്ല, കുറച്ചു നേരത്തേക്ക് പരിസരം മറന്നു.

പുറത്തു ആരൊക്കെയോ ചിരിക്കുന്ന ശബ്ദം കേട്ടാണ് പിന്നീട് ഉണർന്നത്. നോക്കുമ്പോൾ മൂത്ത സഹോദരിയുടെ വീട്ടിലെ ഏതോ ഒരു കല്യാണ കാര്യം സംസാരിക്കാൻ വന്ന രണ്ടു പേർ. അവർ കൂട്ടിലടച്ച കുട്ടിക്കുരങ്ങനെ നോക്കുന്നത് പോലെ എന്നെ നോക്കി ചിരിയോ ചിരി. വിങ്ങിപ്പൊട്ടിയാണെങ്കിലും എനിക്കും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. കണ്ണീരിൽ കുതിർന്ന ചിരി.

ഓടു മേഞ്ഞ വീടായതിനാൽ ഏണിയിലൂടെ മുകളിൽ കയറാൻ വഴിയുണ്ട്. പക്ഷേ മുറിയുടെ മുകൾ ഭാഗം പലകയടിച്ചുറപ്പിച്ചിട്ടുണ്ട്. ഒരു കമ്പിപ്പാര സംഘടിപ്പിച്ചു രണ്ടു പലകകൾ അവർ ഇളക്കി മാറ്റി. റൂമിലുണ്ടായിരുന്ന മേശപ്പുറത്ത് കയറി രണ്ടു കൈയും മുകളിലേക്ക് പൊക്കി നിന്നു. മുകളിൽ നിന്നും രണ്ടു കൈകൾ താഴേക്കും. ഒറ്റ വലിക്ക് ഞാൻ മുകളിൽ! അപ്പോഴേക്കും നേരം കുറേ കഴിഞ്ഞിരുന്നു ●

Contents

# മഹാമാരികൾ മനുഷ്യഹാനികൾ

**മനുഷ്യനെ പിടിച്ചിരുത്തിയ കോവിഡ്, കോളറ, പ്ലേഗ്, കൊറോണ തുടങ്ങിയ മഹാമാരികൾ.**

ഹാഫിള് അബൂബക്കർ സിദ്ദീഖ് ടി പി



മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്ക് പകരുകയും രണ്ടിലധികം രാജ്യങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുമ്പോഴാണ് ലോകാരാഗ്യ സംഘടന മഹാമാരിയെന്ന പ്രഖ്യാപനം നടത്തുക. ലോകത്തെ ഭീതിയുടെ മുൾമുനയിൽ നിർത്തിയ

പകർച്ചവ്യാധികളാണ് (മഹാമാരികൾ) കൊറോണ, സാർസ്, നിപ്പ, എബോള, കോംഗോ, കോളറ, പ്ലേഗ് തുടങ്ങിയവ.

## കൊറോണ

കോവിഡ് 19, ലോകത്താകമാനം പടർന്ന് പിടിക്കുന്ന സാഹചര്യത്തിലാണ് കൊറോണ വൈറസിനെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും സജീവമാകുന്നത്.

മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗമുണ്ടാക്കുന്ന ഒരുകൂട്ടം വൈറസുകളാണ് കൊറോണ വൈറസുകൾ. ഇവ പ്രധാനമായിട്ടും ശ്വാസനാളത്തെയാണ് ബാധിക്കുക. ജലദോഷം, ന്യൂമോണിയ, സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോ’ (SARS) ഇവയുമായി ബന്ധപ്പെട്ട ഈ വൈറസ് ഉദരത്തെയും ബാധിക്കാം.

നിഡോവൈർലസ് എന്ന നിരയിൽ കൊറോണവൈരിഡി കുടുംബത്തിലെ ഓർത്തോകോറോണവൈറിനി എന്ന ഉപകുടുംബത്തിലെ വൈറസുകളാണ് കൊറോണ വൈറസുകൾ. കൊറോണ വൈറസുകളുടെ ജീനോമിക് വലിപ്പം ഏകദേശം 26 മുതൽ 32 കിലോബേസ് വരെയാണ്. ഇത് ആർഎൻഎ വൈറസിനേക്കാൾ വലുതാണ്.

ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്നു 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്. സാധാരണ ജലദോഷത്തിന് 15 മുതൽ 30 ശതമാനം വരെ കാരണം ഈ വൈറസുകൾ ആണ്. കഴിഞ്ഞ 70 വർഷങ്ങളായി, കൊറോണ വൈറസ് എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ തുടങ്ങിയവകളെ ബാധിച്ചതായി ശാസ്ത്ര

ജ്ഞർ കണ്ടെത്തി. സൂണോട്ടിക് എന്നാണ് ഇവയെ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. അതായത് ഇത്തരം വൈറസുകൾ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നവയാണ് എന്നർഥം.

ലോകം കൊറോണ ഭീതിയിലാണ്. ദിനംപ്രതി വിവിധരാജ്യങ്ങളിൽനിരവധിപേരാണ്കൊറോണ ബാധിച്ച് മരണപ്പെടുന്നത്. പെട്ടെന്ന് പടർന്ന് പിടിക്കുന്ന ഈ രോഗത്തിന് കൃത്യമായ ചികിത്സയോ മരുന്നോ കണ്ടെത്തിയിട്ടില്ല.

## സാർസ്

ന്യുമോണിയപോലെയുള്ള ഈ രോഗം ശ്വസനവ്യവസ്ഥയെ ബാധിക്കുകയും ശ്വാസതടസം സൃഷ്ടിച്ച് മരണത്തിലേക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം എന്നാണ് മുഴുവൻ പേര്. ഇതുവരെ മുപ്പത്തിയേഴ് രാജ്യങ്ങളിലായി 774 പേരുടെ മരണത്തിന് ഈ രോഗം ഇടയാക്കിയിട്ടുണ്ട്. മരണമടഞ്ഞവരിൽഭൂരിപക്ഷവുംചൈനയിലുംഹോങ്കോംഗിലുമായിരുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 9.6ശതമാനം മരണ നിരക്ക് രേഖപ്പെടുത്തിയ പകർച്ചവ്യാധിയാണിത്. 2003 ഫെബ്രുവരിയിലാണ് സാർസ് ആദ്യം സ്ഥിരീകരിച്ചത്. വായുവിലൂടെയാണ് പകരുന്നത്. രോഗിയുമായി അടുത്തിടപഴകുന്നത് രോഗം എളുപ്പത്തിൽ വ്യാപിക്കുന്നതിന് ഇടയാക്കുന്നു. പ്രതിരോധ വാക്സിനോ കൃത്യമായ ചികിത്സയോ ലഭ്യമല്ല.

## നിപ്പ

കേരളത്തിലുൾപ്പെടെ മുന്നൂറോളംപേരുടെ

മരണത്തിനിടയാക്കിയ പകർച്ചവ്യാധി. വൈറസ് ബാധയുള്ള വാവലുകളിൽ നിന്നോ പന്നികളിൽ നിന്നോ മനുഷ്യനിലേക്ക് എത്തും. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും രോഗം പകരും. അസുഖ ബാധയുള്ളവരെ അശ്രദ്ധമായി പരിചരിക്കുന്നതിലൂടെയും വൈറസ് ബാധയുള്ള വാവലുകളുടെ കാഷ്ഠം കലർന്ന വെള്ളം, അവ കടിച്ച പഴങ്ങൾ കഴിക്കുന്നതിലൂടെയും രോഗം പകരാം. മലേഷ്യയിലെ കമ്പുങ് സുങായ് നിപ്പാ എന്ന പ്രദേശത്താണ് ആദ്യമായി വൈറസ് രോഗബാധ കണ്ടെത്തിയത്. അതാണ് നിപ്പ എന്ന പേരിന് കാരണം.1999 ലാണ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. അന്ന് 257 പേർക്കാണ് രോഗം ബാധിച്ചത്. ഇതിൽ 105പേരും മരിച്ചു.

## എബോള

മാരകമായ ഒരു വൈറസ് രോഗമാണ് എബോള. ശരീര കോശങ്ങളെ നശിപ്പിക്കുകയും അതുവഴി പ്രതിരോധശേഷി തടസപ്പെടുത്തുകയുമാണ് ചെയ്യുന്നത്. കോംഗോ, സുഡാൻ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ 1976ലാണ് എംബോള രോഗം ആദ്യമായി കാണുന്നത്. മുപ്പതിനായിരത്തിലധികം പേരെ ഈ മഹാമാരി കൊന്നൊടുക്കിയെന്നാണ് കണക്കുകൾ പറയുന്നത്. രോഗ ബാധിതരുടെയോ, രോഗംമൂലം മരിച്ചവരുടെയോ രക്തത്തിലൂടെയോ വിസർജ്യത്തിലൂടെയോ മറ്റ് സ്രവങ്ങളിലൂടെയോ ഒക്കെ രോഗം പകരാം. കുരങ്ങുകൾ, മാനുകൾ, മുള്ളൻ പന്നി, പന്നി തുടങ്ങിയ മൃഗങ്ങളിലും രോഗംകാണുന്നുണ്ട്. ഇവയുടെ വിസർജ്യങ്ങളിലൂടെയോ, അവയുടെ മാംസം ഭക്ഷിക്കുന്നതിലൂടെയോ രോഗം മനുഷ്യരിലേക്ക്

പടരാം. ഫലപ്രദമായ ചികിത്സ നിലവിലില്ല.

## കോംഗോ പനി


നൈറോ വൈറസ് എന്ന ആർഎൻഎ കുടുംബത്തിൽപ്പെട്ട ബുനിയവൈരിടായ് വൈറസ് മൂലം മനുഷ്യരിൽ ഉണ്ടാകുന്ന ജന്തുജന്യരോഗമാണ് കോംഗോ പനി അഥവാ ക്രിമിയൻ കോംഗോ ഹിമ്രാജിക് ഫീവർ. രോഗം മനുഷ്യനിലേക്ക് പടരുന്നത്, മൃഗങ്ങളിലും പക്ഷികളിലും സർവസാധാരണമായി കാണപ്പെടുന്ന ഏഴ് ജനുസുകളിൾപ്പെട്ട 31ഓളം ചെള്ളുകളിൽ നിന്നാണ്. എലി, പട്ടി, പൂച്ച എന്നിവയുടെ ശരീരത്തിൽ നിന്നുള്ള ചെള്ളുകളാണ് കോംഗോ പനിയുടെ രോഗാണുക്കളെ മനുഷ്യ ശരീരത്തിൽ എത്തിക്കുന്നത്. രോഗാണുക്കൾ തലച്ചോറിനെ ബാധിക്കുന്നതോടെയാണ് മരണം സംഭവിക്കുന്നത്. ഈ രോഗംമൂലം എത്രപേർ മരിച്ചുവെന്നതിന് വ്യക്തമായ കണക്ക് ലഭ്യമല്ല. ചില രാജ്യങ്ങളിൽ ചില വാക്സിനുകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഫലപ്രദമായ ചികിത്സ ലഭ്യമല്ല.

## പ്ലേഗ്

ലോകത്തെ ഏറ്റവും കൂടുതൽ പേടിപ്പിച്ച പകർച്ചവ്യാധികളിൽ ഒന്നാണ് പ്ലേഗ്. **യൂറോപ്പിനെ മുഴുവനായും ആഫ്രിക്കയുടെ പകുതി ഭാഗവും പ്ലേഗ് ബാധിച്ചിരുന്നു. 1348ലാണ് പ്ലേഗിന്റെ തുടക്കം. കറുത്ത മരണം എന്ന് അറിയപ്പെട്ട പ്ലേഗ് ലോകത്ത് ഇതുവരെ 20 കോടിയിൽ അധികം പേരെ കൊന്നൊടുക്കിയിട്ടുണ്ട് എന്നാണ് റിപ്പോർട്ടുകൾ. 1994ൽ ഇന്ത്യയെ പ്ലേഗ് പിടികൂടി. 50 പേരാണ് പ്ലേഗ് ബാധിച്ച് രാജ്യത്ത് മരണപ്പെട്ടത്.**

## കോളറ

കോളറയാണ് ലോകത്തെ ഭീതിയിൽ ആഴ്ത്തിയ മറ്റൊരു മഹാമാരി. നൂറ്റാണ്ടുകൾക്ക് മുൻപേ കോളറ ലോകത്തിന് ഭീഷണി ആയിരുന്നു. കോളറയുടെ തുടക്കം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആയിരുന്നു. 1816-1826 കാലത്താണ് കോളറ ആദ്യമായി പടർന്നത്. ബംഗാളിൽ ആയിരക്കണക്കിന് ആളുകൾ കോളറ ബാധിച്ച് മരിച്ചിരുന്നു. വിബ്രിയോ കോളറെ എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന വയറിളക്ക രോഗമാണ് കോളറ ●



# വെടിപ്പ്;
# വിധിയും വിലക്കും

**നജസ് തൊടരുത്, കർമങ്ങളെ നിശ്ഫലമാക്കുന്ന നാശിനിയാണത്. ശാഫിഈ കർമസരണിയനുസരിച്ച് ഏതാണാ നജസ്? എന്താണ് പ്രതിവിധി?**

സഅദ് ഇബ്രാഹീം അഞ്ചരക്കണ്ടി



മുസ്‌ലിം കർമജീവിതത്തിൽ വളരെയേറെ ശ്രദ്ധിക്കുന്ന ഒന്നത്രെ മലിന വസ്തുക്കൾ. നജസ് എന്നാണ് ഇവ അറിയപ്പെടുന്നത്. വെറുതെയാണെ

ങ്കിൽ നമ്മുടെ ശരീരം നജസുമായി കൂടിക്കുഴയാൻ പാടില്ല എന്നാണ് മതനിയമം. വസ്ത്രം, പാർപ്പിടം, ഉപയോഗിക്കുന്ന വസ്തുക്കൾ, ഭക്ഷണം തുടങ്ങിയവയെല്ലാം മലിനവസ്തുക്കളിൽ നിന്ന് മുക്തമാകാൻ ഒരു വിശ്വാസി ശ്രദ്ധിക്കുന്നുണ്ട്.

നജസ് അഥവാ മലിനവസ്തുവെക്കുറിച്ച് ഇസ്‌ലാമിക കർമശാസ്ത്രം വളരെ വിശദമായി പ്രതിപാദിക്കുന്നു.

കർമശാസ്ത്രത്തിന്റെ വീക്ഷണമനുസരിച്ച് ഒരു വസ്തു നജസാകാനുള്ള മാനദണ്ഡം അത് നിസ്കാരത്തിന്റെ സാധുതയെ തടയുന്നതാവുക എന്നതാണ്. അതായത് നിസ്കാരത്തിന്റെ സ്വീകാര്യതക്ക്/ സാധുതക്ക് തടസമാകുന്ന എല്ലാ മ്ലേച്ഛ വസ്തുക്കളുംനജസ് എന്നറിയപ്പെടുന്നു.നജസിൽ നിന്ന് ശുദ്ധിയാകൽ ഒരു വിശ്വാസിയുടെ കടമയാണ്. അതിനാൽ അവയെക്കുറിച്ചുള്ള പ്രാഥമിക വിവരം ഓരോ വിശ്വാസിക്കും ഉണ്ടാകേണ്ടതാണ്.

## നജസുകൾ മുഖ്യമായും ഏഴു ഇനങ്ങളാണ്.

1 ലഹരിദ്രാവകങ്ങൾ
2 മലിന ജീവികൾ
3 ജഡവസ്തുക്കൾ
4 മലമൂത്രാദികൾ
5 മനിയ്യും മദിയ്യും
6 രക്തം, ചലം, ചീഞ്ജലം
7 ഛർദിച്ചതും അയവിറക്കിയതും
8 പാമ്പ് പോലെയുള്ളവയുടെ വിഷം

ലഹരിയുണ്ടാക്കുന്ന ദ്രാവകരൂപത്തിലുള്ള എല്ലാ വസ്തുക്കളും നജസാണ്. അവ ശരീരത്തി

ലോ വസ്ത്രത്തിലോ ആകരുത്. ആയാൽ വൃത്തിയാക്കേണ്ടതാണ്. എന്നാൽ കഞ്ചാവ് പോലുള്ളവ മസ്താക്കുന്നതാണെങ്കിലും ഖരരൂപത്തിലായതിനാൽ നജസല്ല. ലഹരി പദാർഥമായതിനാൽ ലഹരിയുണ്ടാകുന്ന അത്രയും അളവ് ഉപയോഗിക്കൽ നിഷിദ്ധമാകുന്നു. ദ്രാവകരൂപത്തിലുള്ള നജസുകൾ ഖരരൂപത്തിലേക്ക് മാറ്റിയെടുത്താലും ഉപയോഗം സാധുവല്ല. അടിസ്ഥാനപരമായി അവ ദ്രാവകങ്ങളാകുന്നു എന്നതാണ് കാരണം.

ജീവനുള്ള വസ്തുക്കളിൽ നായയും പന്നിയും അതികഠിനമായ നജസ് ആകുന്നു. അവയിൽ പിറന്നവയും അങ്ങനെത്തന്നെ. **നജസായ ജീവികളിൽ നിന്ന് ഒരു മനുഷ്യ കുഞ്ഞ് പിറന്നാൽ അവയും നജസാണ്. പക്ഷേ വിട്ടുവീഴ്ചയുണ്ട് അവയുടെ കാര്യത്തിൽ. അവന് നിസ്കാരം തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ ബാധ്യസ്ഥതനാണ്. വിട്ടുവീഴ്ച ഉള്ളതിനാൽ അവനെ മറ്റുള്ളവർക്ക് തൊടാം. അവനെ നിസ്കാരത്തിൽ പിന്തുടരാം.** അവൻ മറ്റുള്ളവർക്ക് ഇമാമായി നിസ്കരിക്കാം. അവന് പള്ളിയിൽ പ്രവേശിക്കാം. ഇതെല്ലാം അനവദനീയമായ കാര്യങ്ങളത്രെ.

ജഡങ്ങളിൽ ചിലതൊഴികെ എല്ലാം നജസാണ്. മനുഷ്യൻ, വെട്ടുകിളി, മത്സ്യം എന്നിവയുടെ ജഡം നജസല്ല. ഒലിക്കുന്ന രക്തമില്ലാത്ത ജീവികളുടെ ശവങ്ങളും നജസ് തന്നെ. അത് പോലെ ശവങ്ങളുടെ രോമം, എല്ല്, കൊമ്പ് എന്നിവയും നജസാണ്. എല്ലാ ജീവികളുടെയും മലവും മൂത്രവും നജസിൽ പെടുന്നു. തിന്നപ്പെടുന്ന ജീവികളുടേതാണെങ്കിലും നജസ് തന്നെ. ഒരു മൃഗം കഴിച്ച ധാന്യം ഉറ

ച്ചരൂപത്തിൽ തന്നെ കാഷ്ഠിക്കുകയോ ഛർദിക്കുകയോ ചെയ്താൽ അത് നജസല്ല; നജസ് പുരണ്ട ഒരു വസ്തു മാത്രമാണ്. കഴുകിയെടുത്താൽ വൃത്തിയാകുന്നതാണ്. ഉറച്ചരൂപത്തിലല്ലെങ്കിൽ അത് നജസാകുന്നു. ധാന്യമല്ലാത്ത വസ്തുവാണ് കാഷ്ഠിച്ചതെങ്കിൽ ചെറിയ തോതിലുള്ള മാറ്റത്തിന് വിധേയമാകൽ കൊണ്ട് തന്നെ അത് മലിനമാകുന്നതാണ്.അഥവാ നജസാകുന്നതാണ്. മദിയ്യും വദിയ്യും നജസിൽ പെട്ടതാണ്. എന്നാൽ മനിയ്യ് നജസല്ല. കുറഞ്ഞ തോതിലുള്ള വികാരം ഉണ്ടാകുമ്പോൾ ജനനേന്ദ്രിയത്തിൽ വരുന്ന വെള്ളയോ മഞ്ഞയോ നിറമുള്ള ഒരു നേരിയ ദ്രാവകമാണ് മദിയ്യ്. വദിയ്യ് എന്നത് സാധാരണ മൂത്രമൊഴിച്ച ഉടനെയോ കനം ഉള്ള സാധനങ്ങൾ ചുമക്കുകയോ ചെയ്യുമ്പോൾ ഉണ്ടാവുന്ന ഒരു കട്ടിയുള്ള വെള്ളമാണ്. ഒരു ജീവിയിൽ നിന്നുള്ള രക്തം, ചലം, ചീഞ്ജലം എന്നിവ നജസിൽ പെടുന്നതാണ്. കരള്, പതിര്, രക്തക്കട്ട, മാംസക്കട്ട, ചുവപ്പ് നിറമുള്ള പാല്, മുട്ടയിലെ രക്തം എന്നിവ നജസിൽ പെട്ടതല്ല. അഥവാ ഇവകൾ ശുദ്ധിയുള്ളവയാണ്. ആമാശയത്തിൽ നിന്ന് തികട്ടി വരുന്നതും മൃഗങ്ങൾ അയവിക്കി തേക്കിയരച്ചതും, പാമ്പ് പോലെയുള്ള ഇഴജന്തുക്കളുടെ വിഷവും നജസ് തന്നെ.

ചില വസ്തുക്കൾ ചില സന്ദർഭങ്ങളിൽ മാത്രമേ നജസാവുകയുള്ളൂ. മനിയ്യ് ശുദ്ധിയുള്ള ജീവിയിൽ നിന്ന് വന്നാൽ അത് ശുദ്ധിയുള്ളതും ന ജസായ ജീവിയിൽ നിന്ന് വന്നാൽ അഥവാ നായയിൽ നിന്നും പന്നിയിൽ നിന്നും വന്നാൽ അത് നജസുമാണ്. തിന്നപ്പെടുന്ന ജീവിയിൽ നിന്ന് വരുന്ന പാലും മനു

ഷ്യന്റെ പാലുമല്ലാത്ത എല്ലാ പാലും നജസാണ്. ശവത്തിൽ നിന്ന് വരുന്ന പാലിൽ മനുഷ്യന്റേത് മാത്രമേ ശുദ്ധിയുള്ളൂ. ഉറങ്ങുമ്പോൾ വായയിൽ നിന്ന് വരുന്ന ദ്രാവകം ആമാശയത്തിൽ നിന്നാണ് വരുന്നത് എന്ന് ഉറപ്പുണ്ടെങ്കിൽ നജസാണ്. ഇനി മുറിവിൽ നിന്ന് വരുന്ന വെള്ളമോ മറ്റൊന്നുമായി കൂടി കലർന്നിട്ടില്ലെങ്കിൽ ശുദ്ധിയുള്ളതും കൂടി ക്കലർന്നാൽ അത് നജസുമാണ്. ആമാശയത്തിൽ നിന്ന് വരുന്ന കഫം നജസും അല്ലാത്തത് ശുദ്ധി യുള്ളതുമാണ്. മനുഷ്യൻ, മത്സ്യം പോലെയുള്ള, ശവം ശുദ്ധിയുള്ള ജീവിയിൽ നിന്ന് വിട്ട് പിരിഞ്ഞ അവയവഭാഗങ്ങൾ ശുദ്ധിയുള്ളത് തന്നെയാണ്. അവയല്ലാത്തതിൽ നിന്ന് വിട്ട് പിരിഞ്ഞത് നജസു മാണ്. **തിന്നപ്പെടുന്ന ജീവിയിൽ നിന്ന് അതിന്റെ ജീവിതത്തിലോ അതോ അറവിന്റെ ശേഷമോ വിട്ട് പിരിഞ്ഞ തൂവലും രോമവും ശുദ്ധിയുള്ള താണ്. മറ്റുള്ളതൊക്കെ മലിനമായതാമാണ്. ശുദ്ധിയുള്ള ജീവിയുടെ വിയർപ്പ് ശുദ്ധിയുള്ളത് തന്നെ. ഒരു ജീവനുള്ള ജന്തുവിൽ നിന്നും വരുന്ന മുട്ട ശുദ്ധിയുള്ളതാണ്. ശവത്തിൽ നിന്നാകട്ടെ ഉറച്ചതിന് മാത്രമേ ശുദ്ധിയുണ്ടാവുകയുള്ളു.**

ഒരു ശുദ്ധിയുള്ള ജീവിയുടെ വായയിൽ മലിന വസ്തു പുരണ്ടു, അതിൽ നിന്ന് ശുദ്ധി പ്രാപിക്കാൻ സാധ്യത ഉള്ളതിന് ശേഷം അതിന്റെ വായ ഒരു വസ്തുവിലേക്ക് ഇട്ടാൽ അത് ശുദ്ധിയുള്ളതാണ്. അങ്ങനെയല്ലങ്കിൽ അത് നജസാണ്.

ഏതൊക്കെ, എവിടൊക്കെയാണ് പ്രശ്നമില്ലാ ത്തത് എന്നു ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

ചെറിയ രൂപത്തിൽ അവയൊന്ന് നമുക്ക് പരിശോധിക്കാം.

നജസായ മുടി, തൂവൽ, പുക, പൊടി എന്നിവ വിട്ടുവീഴ്ചയുള്ള മലിന വസ്തുക്കളിൽ പെടുന്നു. ഈച്ചയുടെ കാലിൽ ഉള്ളത്, മനുഷ്യനല്ലാത്ത ജീവിയുടെ ഗുഹ്യ സ്ഥാനത്തിലുള്ള അംശം, കുട്ടി, ഭ്രാന്തൻ, തേക്കിയരക്കുന്ന മൃഗം, പക്ഷി എന്നിവയുടെ വായയിലുള്ളത്, മറ്റു ചെറിയ തോതിലുള്ള നജസ് എന്നിവയും പ്രശ്നമാക്കേണ്ടതില്ല. അതായായത് ഇവ നജസിന്റെ ഇനങ്ങളിൽ പെട്ടതാണെങ്കിലും വിട്ടുവീഴ്ചയുണ്ട് എന്നർഥം. പക്ഷേ ഈ വിട്ടുവീഴ്ച ലഭിക്കണമെങ്കിൽ ചില നിബന്ധനകമുണ്ട്. അവയുമായി ബന്ധമുണ്ടായത് അവനവന്റെ പ്രവർത്തനഫലമായിട്ടാകരുത്. അഥവാ നമ്മുടെ വസ്ത്രത്തിലോ മറ്റോ അവ ഇങ്ങോട്ട് വന്ന് വീഴണം. നാം അവയെഴുത്ത് നമ്മുടെ വസ്ത്രത്തിലോ മറ്റോ ഇട്ടാൽ ഈ വിട്ടുവീഴ്ചയില്ല. ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം,  ഇവ വെള്ളത്തിലാണ് വീണതെങ്കിൽ വെള്ളം കലരുകയോ അല്ലാത്തിടത്ത് വീണാൽ അവിടെ നനവ് ഉണ്ടാവുകയോ ചെയ്യരുത് എന്നതാണ്.

മത്സ്യം, ഞണ്ട്, പോലെയുള്ള വെള്ളത്തിൽ വളരുന്ന ജീവിയുടെ കാഷ്ഠം, വെള്ളത്തെ സംരക്ഷിക്കാൻ കഴിയാത്ത വിധത്തിലുള്ള മരങ്ങളുടെ ഇലകൾക്കിടയിൽ വളരുന്ന ജീവിയുടെ കാഷ്ഠം എന്നിവ വെള്ളത്തിൽ ഉണ്ടാകൽ കൊണ്ട് പ്രശ്നവുമില്ല. അഥവാ വെള്ളത്തിൽ മാത്രം അവക്ക് വിട്ടുവീഴ്ചയുണ്ട്. ശൗചാലയത്തിലെ ഹൗളുകളിൽ ഉണ്ടാകുന്ന എലികളുടെ കാഷ്ഠമുള്ള വെള്ളം ഉപയോഗിക്കാവുന്നതാണ്. അതിൽ നിന്ന് ഒരിക്കലും

സൂക്ഷിക്കാൻ കഴിയാത്ത വിധം എലി ശല്യം രൂക്ഷമായാൽ ആണിത്. ഒലിക്കുന്ന രക്തമില്ലാത്ത ജീവിയുടെ ശവം വെള്ളത്തിൽ ഉണ്ടാകൽ കൊണ്ടും പ്രശ്നമില്ല.

ഭക്ഷണത്തിൽ മാത്രം വിട്ടുവീഴ്ച ലഭിക്കുന്ന ചില നജസുകൾ നോക്കാം. അടുപ്പിൽ നിന്ന് പാറിയത്, എല്ല്, ഇറച്ചി എന്നിവയിൽ ശേഷിക്കുന്ന കിടക്കുന്ന രക്തം, മെതിക്കുന്ന സമയത്ത് പശുവിൽ നിന്ന്  ധാന്യത്തിലായ മൂത്രം, ആടിന്റെ അകിടിൻ മുകളിലുള്ള നജസ്, മത്സ്യത്തിന്റെ വയറ്റിലുള്ളത് എന്നിവയ്ക്ക് വിട്ടുവീഴ്ചയുണ്ട്. കൂടാതെ **ആപ്പിൾ പോലെയുള്ള പഴഭക്ഷണ പദാർഥങ്ങളിലുള്ള പുഴുവും പ്രശ്നമില്ല. അത് അതിനുള്ളിൽ വളർന്നതാണല്ലോ. നെയ്യുറുമ്പിനെ തിന്നൽ അനുവദിനീയമല്ല. കാരണം അതിന്റെ വളർച്ച നെയ്യിൽ നിന്നല്ല.**

ചില നജസുകൾക്ക് നിസ്കാരത്തിൽ മാത്രം വിട്ടുവീഴ്ച അനുവദിക്കപ്പെട്ടിട്ടുണ്ട്. ഒലിക്കുന്ന രക്തം ഇല്ലാത്ത ജീവിയിൽ നിന്ന് വന്ന രക്തം, മുഖക്കുരു, രക്തക്കുരു എന്നിവയിൽ നിന്ന് വന്ന രക്തം നിസ്കാരത്തെ ബാധിക്കില്ല. ഈ പറഞ്ഞ വിട്ടുവീഴ്ച അനുവദിക്കപ്പെടാൻ അത് ശരീരത്തിൽ ആകെ പുരളരുത് എന്ന നിബന്ധനയുണ്ട്. അതുപോലെ ആ രക്തങ്ങൾ മറ്റൊരന്യ വസ്തുവുമായി ചേർന്നതാകരുത് എന്നും സിബന്ധനയുണ്ട്. ഈ രക്തം വെള്ളവുമായി ചേർന്നാണ് ഉള്ളതെങ്കിൽ വിട്ടുവീഴ്ച കിട്ടുകയില്ല. സ്വയം പ്രവൃത്തിയാൽ ഈ രക്തം കൂടുതലായാൽ വിട്ടുവീഴ്ച അനുവദിക്കപ്പെടുന്നതല്ല. മറ്റൊരുത്തന്റെ രക്തത്തിൽ നിന്ന് അൽപം

വസ്ത്രത്തിലോ ശരീരത്തിലോ ആവുകയോ ചെയ്താലും നിസ്കാരത്തിന്റെ സ്വീകാര്യത നഷ്ടപ്പെടുന്നതല്ല. എന്നാൽ ഇത് മറ്റൊരിടത്തേക്ക് പുരളുകയോ മറ്റൊന്നിനോട് കലരുകയോ ചെയ്യരുത്. അപ്പോൾ നിസ്കാരം സ്വീകാര്യമല്ല. സഹജമായ മനുഷ്യദ്വാരങ്ങളിൽ നിന്ന് വരുന്ന നജസ് നിസ്കാരത്തിൽ പരിഗണിക്കുന്നതല്ല. കുറച്ചാണെങ്കിൽ വിടുതിയുണ്ട്. ഈച്ചയുടെ കാലിൽ ഉള്ളത്, വവ്വാലിന്റെ കാഷ്ഠവും മൂത്രവും, പക്ഷിയുടെ കാഷ്ഠം എന്നിവക്ക് നിസ്കരിക്കുന്ന സ്ഥലത്ത് മാത്രം - ശരീരത്തിലോ വസ്ത്രത്തിലോ അല്ല - വിടുതിയുണ്ട്. അവ സ്ഥലത്തു മാത്രമാണെങ്കിൽ നിസ്കാരത്തിന്റെ സ്വീകാര്യതയെ തടസ്സപ്പെടുത്തുന്നവയല്ല. എന്നാൽ ഈ പറഞ്ഞ ബുദ്ധിമുട്ട് രൂക്ഷമാകേണ്ടതും അവയുള്ളേടത്ത് വെച്ചേ നിസ്കരിക്കൂ എന്ന ശാഠ്യം ഇല്ലാതിരിക്കേണ്ടതുമാണ്. മോണയിലെ രക്തം, മൂലക്കുരുവിന്റെ നനവ് എന്നിവ ബുദ്ധിമുട്ട് ശക്തമാകുന്ന സമയത്ത് നിസ്കാരത്തെ ബാധിക്കില്ല. കല്ല് കൊണ്ട് ശൗച്യം ചെയ്ത സ്ഥലത്ത് ബാക്കിയായതിലും വിടുതിയുണ്ട്.

## മാലിന്യം എങ്ങനെ നീക്കാം?

കള്ള് സ്വയം സുർക്കയാകൽ കൊണ്ടും ശവത്തിന്റെ തോല് ഊറക്കിടൽ കൊണ്ടും നജസിൽ നിന്ന് വൃത്തിയാകുന്നതാണ്. ശവത്തിൽ നിന്ന് ഉണ്ടായ പുഴു പോലെ ജീവിയായി വളർന്നതും ശുദ്ധിയുള്ളതാണ്. ഊറക്കിട്ട തോല് നജസല്ലങ്കിലും നജസുള്ള വസ്തുവാണ്. കഴുകി വൃത്തിയാക്കൽ അനിവാര്യമാണ്. നായ, പന്നി എന്നിവ ഗൗരവമേറിയ നജസ്

ആണല്ലോ. അവകൊണ്ട് മലിനമായത്/നജസായത് ഏഴ് പ്രാവശ്യം കഴുകുകയും അതിൽ ഒരു പ്രാവശ്യം ശുദ്ധമായ മണ്ണ് കലക്കിയ വെള്ളം കൊണ്ടാവുകയും ചെയ്താൽ മാത്രമേ ശുദ്ധിയാവുകയുള്ളൂ. നജസ് നീക്കം ചെയ്യാൻ വേണ്ടി നാം എത്ര തവണ കഴുകിയാലും അത് ഒരു പ്രാവശ്യമായി മാത്രമേ കണക്കാക്കുകയുള്ളൂ. നജസിന്റെ തടി നീക്കം ചെയ്ത ശേഷം ആറു പ്രാവശ്യം കൂടി കഴുകേണ്ടതാണ്. ആദ്യം തന്നെ മണ്ണ് കലക്കിയ വെള്ളം കൊണ്ട് കഴുകലാണ് ഉത്തമം. രണ്ട് വയസ് തികയാത്ത പാല് മാത്രം കുടിക്കുന്ന ആൺകുട്ടിയുടെ മൂത്രം ലഘുവായ നജസ് എന്നറിയപ്പെടുന്നു. അതിന്റെ മേൽ വെള്ളം കുടയൽ കൊണ്ട് ശുദ്ധിയാകുന്നതാണ്. കുടയുന്ന വെള്ളം മൂത്രത്തെക്കാൾ കൂടുതൽ വേണം. മറ്റു നജസുകൾ ഇടത്തരം നജസുകൾ എന്നറിയപ്പെടുന്നു. മൂത്രം, മലം എന്നിവയെല്ലാം ഇതിൽ പെടുന്നു. ഒരു വസ്തു ഇവ കൊണ്ട് നജസായാൽ വൃത്തിയാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം എന്നു നോക്കാം.

ഇവ കൊണ്ട് ഒരു വസ്തു നജസായാൽ രണ്ടു സാധ്യതകളുണ്ട്

ഒന്ന്: നജസിന്റെ നിറം, മണം, രുചി എന്നിവയൊന്നും പ്രത്യേകിച്ച് പുറത്ത് കാണാനോ അനുഭവിക്കാനോ പറ്റാത്ത വിധം അത് ഉണങ്ങിപ്പോകുന്ന അവസ്ഥ. ഈ അവസ്ഥയിൽ വെള്ളം ആ വസ്തുവിന്റെ മേൽ ഒഴുക്കിയാൽ മതിയാകുന്നതാണ്.

ഉദാഹരണമായി ഒരു വസ്തുവിൽ കുറച്ചു മൂത്രമായി. അത് ഉണങ്ങി. അവിടെ മൂത്രത്തിന്റെ തടിയോ നിറം, മണം, രുചി എന്നീ ഗുണങ്ങളും പുറ

ത്തറിയാൻ പറ്റാത്ത വിധം ഉണങ്ങിയിട്ടുണ്ടെങ്കിൽ ആ വസ്തുവിന്റെ മേലെ ഒരു പ്രാവശ്യം വെള്ളം ഒലിപ്പിച്ചാൽ മതി.

എന്നാൽ നജസിന്റെ തടി, മണം, രുചി, നിറം എന്നിവ ബാക്കിയുണ്ടെങ്കിൽ അത് നീങ്ങുന്നത് വരെ വൃത്തിയാക്കണം. അതിന് സോപ്പുപയോഗിക്കണമെങ്കിൽ അത് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. നജസിന്റെ നിറമോ മണമോ ഏതെങ്കിലും ഒന്ന് ബാക്കിയായാൽ പ്രശ്നമില്ല. അത് രണ്ടും ബാക്കിയാവുകയോ രുചി ബാക്കിയാവുകയോ ചെയ്താൽ അത് ശുദ്ധിയാകുന്നതല്ല.

## ഏത് രൂപത്തിലാണ് ശുദ്ധിയാക്കേണ്ടത്?

അല്പം വെള്ളം കൊണ്ടാണ് ശുദ്ധിയാകുന്നതെങ്കിൽ മലിനമായ വസ്തുവിന്റെ മുകളിൽ ഒഴിച്ചുകൊണ്ടാണ് ശുദ്ധിയക്കേണ്ടത്. മലിനമായ വസ്തു വെള്ളത്തിലേക്ക് മുക്കിയാൽ വെള്ളവും മലിനമാകുന്നതാണ്. എന്നാൽ വായ, പാത്രം എന്നിവ മലിനമായാൽ വെള്ളമൊഴിച്ച് ചുഴറ്റിക്കൊണ്ട് ശുദ്ധിയാക്കണം. വായയിൽ നജസായാൽ അത് മുഴുവനായും ശുദ്ധിയാകുന്നത് വരെ കൊപ്ലിക്കണം.

രണ്ട് ഖുല്ലത്ത് ഇല്ലാത്ത വെള്ളത്തിൽ നജസ് വീണാൽ അത് രണ്ട് കുല്ലത്ത് എത്തിക്കൽ കൊണ്ടല്ലാതെ ശുദ്ധിയാവുകയില്ല. രണ്ട് കുല്ലത്തിൽ കൂടുതൽ വെള്ളമുള്ളതിൽ വീണാൽ വെള്ളത്തിന് മാറ്റം – നിറമോ രുചിയോ മണമോ മാറിയിട്ടുണ്ടെങ്കിൽ അത് നജസാണ്. പൂച്ച, എലി എന്നിവയുടെ രോമം കിണറ്റിൽ വീണാൽ വെള്ളം മലിനമാവുകയില്ല. എങ്കിലും അത് ഉപയോഗിക്കാൻ പാടില്ല. വെള്ളം

തേവി രോമം ഒഴിവാക്കണം. രോമം ഒഴിവാക്കും മുമ്പ് കോരിയെടുത്ത വെള്ളത്തിൽ രോമം ഇല്ലെന്ന് ഉറപ്പുണ്ടെങ്കിൽ അത് ഉപയോഗിക്കാവുന്നതാണ്. ദ്രാവക പദാർഥങ്ങളിൽ മലിന വസ്തുക്കൾ വീണാൽ വൃത്തിയാക്കാൻ സാധിക്കില്ല. ഉറച്ച വെണ്ണ പോലെയുള്ള വസ്തുവിലാണെങ്കിൽ അതിനെയും അതിന്റെ ചുറ്റുഭാഗവും എടുത്ത് കളഞ്ഞാൽ ബാക്കി ശുദ്ധിയുള്ളതാണ്. ഉറച്ച നജസായ വസ്തു കൊണ്ട് നിലം മലിനമായാൽ അതിനെയും അത് കൊണ്ട് നജസായ മണ്ണിനേയും നീക്കം ചെയ്തെങ്കിലേ ശുദ്ധിയാകൂ. ഇനിയും ആ സ്ഥലത്ത് നനവ് ഉണ്ടെങ്കിൽ വെള്ളം ഒഴിക്കുകയും വേണം. ഭൂമിയിൽ ദ്രാവകരൂപത്തിലുള്ള നജസാവുകയും അത് ഉണങ്ങുകയും ചെയ്താൽ അവിടെ വെള്ളം ഒഴിച്ചാൽ മതി. നജസിനെക്കാൾ കൂടുതൽ വെള്ളമൊഴിക്കണം. ഉണങ്ങിയിട്ടില്ലെങ്കിൽ ആദ്യം മണ്ണ് കളയുകയും ശേഷം വെള്ളം ഒഴിക്കുകയും വേണം. മലിനമായ വസ്തുവിനെ ശുദ്ധിയാക്കാൻ ഉപയോഗിച്ച വെള്ളത്തിന്റെ വിധിയെന്താണ്? അത് താഴെ പറയുന്ന നിബന്ധനപ്രകാരം ശുദ്ധിയുള്ളതാണ്. ആ വെള്ളം കൊണ്ട് ആ സ്ഥലം വൃത്തിയായിരിക്കണം. എന്നു മാത്രമല്ല ശുദ്ധിയാക്കാൻ ഉപയോഗിച്ച വെള്ളത്തിന്റെ നിറമോ രുചിയോ മണമോ മാറ്റത്തിന് വിധേയമാകരുത്. ഭാരം കൂടുകയും ചെയ്യാൻ പാടില്ല. അതായത് ഭാരം കൂടിയാലോ മണമോ രുചിയോ നിറമോ മാറിയാലും അതല്ലെങ്കിൽ ആ സ്ഥലം വൃത്തിയായിട്ടില്ലെങ്കിലും ആ വെള്ളം ശുദ്ധിയുള്ളതല്ല എന്നർഥം ●

Contents

# ദാഹിക്കുന്ന ജീവിതങ്ങൾ

**മനുഷ്യർക്കെന്ന പോലെ മൃഗങ്ങൾക്കും ദാഹിക്കുന്നു. വിവേകമുള്ളവർക്കിവിടെ പണികളുണ്ട്.**

ഫള്ലുറഹ്മാൻ സുറൈജി തിരുവോട്



രാവിലെ തന്നെ പതിവില്ലാതെ അയലത്തെ കുട്ടികൾ ധൃതിപ്പെട്ട് എന്തോ പണിയൊപ്പിക്കുന്നു

ണ്ട്. പാത്രങ്ങളും ചിരട്ടകളും മരച്ചില്ലകളിൽ തൂക്കി അതിലെല്ലാം വെള്ളം നിറച്ചുവെച്ചിരിക്കുന്നു. എവിടെ നിന്നോ പറന്നെത്തിയ പൂത്താംകീരി പക്ഷികൾ കൊക്കിളക്കി കൊതിയോടെ വെള്ളം കുടിച്ച് പറന്നുപോയി. അപ്പോൾ കുട്ടികളുടെ ഉള്ളിലൊരു കടൽ തിരയടിച്ചു.

മുരുക്ക് പൂവുകൾ കത്തിയെരിയുന്ന മീനച്ചൂടിൽ കുഞ്ഞുപക്ഷികളുടെ ചിറക് കരിഞ്ഞ് പോവില്ലേ? അവരുടെ ദാഹമാരു തീർക്കും? തെരുവിൽ വയറു നിറക്കുന്ന പാവം നായകൾ മഹാമാരിയുടെ അനിശ്ചിതത്വത്തിൽ ചലനമറ്റ തെരുവിൽ എവിടെ തീറ്റ തേടാനാണ്?

## നമ്മുടെ ബാധ്യത

'നാൽക്കാലികളും പറവകളും നിങ്ങളെപ്പോലെ സമൂഹമാണ്' (ഖുർആൻ 6/38) എന്ന ഓർമപ്പെടുത്തൽ സാമൂഹ്യ ജീവിതത്തിൽ നമ്മൾ പരസ്പരം പങ്കിടുന്നതിന്റെ ഒരു വിഹിതത്തിൽ ആ ജീവികളെയും പരിഗണിക്കണമെന്ന ഉറക്കെ ഒരു ധ്വനിയില്ലേ?

ഉണ്ട്, ജൈവ സന്തുലിതാവസ്ഥയെ നിലനിർത്തേണ്ട കടമ നമ്മളോരോരുത്തർക്കുമാണ്. **നമുക്ക് ചുറ്റുമുള്ളത് അലക്ഷ്യമായ സൃഷ്ടിപ്പല്ല, മറിച്ച് എല്ലാം മനുഷ്യന്റെ ജീവിതത്തിന് ഉപകരിക്കുന്നവയാണെന്ന് ഖുർആനിലെ 55/10, 2/29 തുടങ്ങിയ സൂക്തങ്ങൾ അതവതരിപ്പിക്കുന്നു. ചുറ്റുപാടുകളിലേക്കും ജൈവ വൈവിധ്യങ്ങളിലേക്കും ഇടക്കിടേ ക്ഷണിക്കുന്ന ഖുർആൻ, മനുഷ്യനെന്ന നിലക്ക് നാമോരുരുത്തരെയും ഏൽപിച്ച പണിയെ ഓർമപ്പിക്കുകയാണ്.** മറ്റൊരു സൂക്തം ശ്രദ്ധി

ക്കു, 'അന്തരീക്ഷത്തിൽ പറക്കുന്ന പക്ഷികൾക്കു നേരെ കണ്ണയക്കുന്നില്ലേ അവർ? അല്ലാഹു അല്ലാതെ ആരുമവരെ താങ്ങി നിർത്തുന്നില്ല. വിശ്വാസി വൃന്ദത്തിന് അതിൽ ദൃഷ്ടാന്തങ്ങളേറെയുണ്ട്.' ഇതു മുഴുക്കെ മനുഷ്യന്റെ സാമൂഹ്യപ്രവർത്തനങ്ങളെയും ജീവിതക്രമങ്ങളെയും പോലെ തന്നെ ഇതര ജീവിവർഗങ്ങളെയും പരിഗണിക്കണമെന്ന ദൈവികാഹ്വാനമാണ്. അതേ പോലെ ജന്തുലോകത്തോടുള്ള മതവീക്ഷണത്തിന്റെ ഗൗരവവും മഹത്വവും ബോധ്യപ്പെടുത്തുന്നു. കൂടാതെ മനുഷ്യർ പരസ്പരം പാലിച്ചുപോരുന്ന സാമൂഹിക സുരക്ഷയെയും സാമൂഹ്യ വികാരങ്ങളെയും ഒരു അളവോളം ഇതര ജീവിവർഗങ്ങളിലേക്കും പകരണമെന്ന സന്ദേശവുമാണ് പങ്കിടുന്നത്. മിണ്ടാപ്രാണികളുടെ കാര്യത്തിൽ വിചാരണ നേരിടേണ്ടി വരുമെന്ന ശക്തമായ താക്കീത് പ്രവാചക വചനങ്ങളിൽ വ്യക്തമാണ്. നമ്മുടെ ഉത്തരവാദിത്വത്തിലും ശ്രദ്ധയിലുമുള്ള ജീവികളുടെ ഭക്ഷണം നമ്മുടെ ബാധ്യതയായി നിശ്ചയിച്ചിട്ടുണ്ട്. വിശന്ന് വയറൊട്ടിയ ഒരു ഒട്ടകത്തെ നബിയുടെ(സ്വ) ശ്രദ്ധയിൽ പെട്ടപ്പോൾ 'സംസാര ശേഷിയില്ലാത്ത ഈ മൃഗങ്ങളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക' എന്ന് താക്കീത് നൽകി (അബൂദാവൂദ്). ജീവജാലങ്ങൾക്ക് ആശയ വിനിമയം സാധ്യമല്ലാത്തതിനാൽ അവയുടെ ദാഹവും വിശപ്പും പരിഹരിക്കാനുള്ള ജാഗ്രത നമ്മുടെ ബാധ്യതയായാണ് ഇസ്‌ലാമിക നിർദേശം (ഔനുൽ മഅ്ബൂദ് 7/158)

അബ്ദുല്ലാഹിബ്നു ജഅ്ഫർ പറയുന്ന ഒരു സംഭവം ഇങ്ങനെ: നബി(സ്വ) ഒരു അൻസാരിയുടെ

തോട്ടത്തിൽ പ്രവേശിക്കാൻ ഇടയായി. നബിയെ കണ്ടപാടെ അവിടെയുണ്ടായിരുന്ന ഒട്ടകം കണ്ണീരൊലിപ്പിച്ച് ഞെരങ്ങാൻ തുടങ്ങി. നബി തങ്ങൾ അതിന്റെ കണ്ണീർ തുടച്ച് സമാശ്വസിപ്പിച്ചു. എന്നിട്ട് ചോദിച്ചു: ആരാണ് ഈ ഒട്ടകത്തിന്റെ ഉടമസ്ഥൻ? അൻസാരികളിൽ പെട്ട ഒരു യുവാവ് അവിടെയെത്തി. നബിയേ, ആ ഒട്ടകം എന്റേതാണ്. ഉത്തരം കേട്ട നബി(സ്വ) അദ്ദേഹത്തിന് താക്കീത് നൽകി: താങ്കളുടെ അധീനതയിലുള്ള ഈ മൃഗത്തിന്റെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുന്നില്ലേ? താങ്കൾ അതിനെ പട്ടിണിക്കിട്ടതായി അതെന്നോട് പരാതിപ്പെട്ടിരിക്കുന്നു. മക്കാവിജയ സമയത്ത് വഴിയരികിൽ ഒരു പട്ടി അത്ര സുരക്ഷിതമല്ലാത്ത വിധം പ്രസവിച്ച് കിടക്കുന്നത് കണ്ട് അനുചരന്മാരിലൊരാളെ കാവലേൽപ്പിച്ച ചരിത്രം എത്ര പ്രോജ്വലമാണ്. അവരെല്ലാവരും ജീവികളുടെ ക്ഷേമകാര്യങ്ങളിൽ അതീവ തത്പരരും വിചാരണ ഭയന്ന് ബാധ്യത നിർവഹിക്കുന്നതിൽ അതിജാഗ്രത പുലർത്തുന്നവരുമായിരുന്നു. ജീവവായു പോലെ ഉഛ്വാസ- നിശ്വാസങ്ങളിൽ നബി പഠിപ്പിച്ച ചരിത്രമവർക്ക് തികട്ടിവരും. **ദാഹിച്ചു വലഞ്ഞ യുവാവ് അലഞ്ഞു തിരിഞ്ഞ് ഒരു ഇടിഞ്ഞു പൊളിഞ്ഞ കിണറ്റിൻകരയിലെത്തുന്നു. വെള്ളം കോരാൻ സംവിധാനങ്ങളില്ലാതെ വന്നപ്പോൾ പടവിറങ്ങി താഴെയെത്തി ദാഹം തീർക്കേണ്ടി വന്നു. ഏന്തി വലിഞ്ഞ് കയറി പോകാനൊരുങ്ങുമ്പോൾ കിതച്ച് വിറച്ച് മണലു നക്കുന്ന ഒരു നായ. ഈ വരൾച്ചയിൽ അതിനും ദാഹിക്കുന്നു.** ഞാനുമിങ്ങനെ അലഞ്ഞു തിരിഞ്ഞതല്ലേ. രണ്ടാമതൊന്ന് ചിന്തി

ക്കാതെ യുവാവ് കിണറ്റിന്റെ പടവിറങ്ങി. തന്റെ ഷൂവിൽ വെള്ളം ശേഖരിച്ച് മുകളിലെത്തി. വെള്ളം ആർത്തിയോടെ അകത്താക്കുന്ന ആ മിണ്ടാപ്രാണിയെ നോക്കി നെടുവീർപ്പിട്ടു.

ചരിത്രം പറഞ്ഞു നിർത്തിയപ്പോൾ സ്വഹാബികൾ ചോദിച്ചു,'ഇവരുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?' 'പച്ചക്കരളുള്ള എല്ലാറ്റിലും നിങ്ങൾക്ക് പ്രതിഫലമുണ്ട്'

ഇതാണ് ലോകത്തെ നബി പഠിപ്പിച്ച ഏറ്റവും വലിയ പാഠം.

തന്റെ ഭരണ പരിധിയിലെവിടെയും അന്നം കിട്ടാത്ത ഒരു ജീവിയുമുണ്ടാകരുതെന്ന ഉമറിന്റെ (റ) കരുതൽ, ഉറുമ്പുകൾക്ക് അയൽപക്ക പരിഗണനയോടെ ഭക്ഷണമൊരുക്കിയ അദിയ്യുബ്നു ഹാതിമിന്റെ ശീലം, വസ്ത്രത്തിന്റെ കൈ ഭാഗത്ത് കിടന്നുറങ്ങിയ പൂച്ചയുടെ ഉറക്കമിളക്കേണ്ടെന്നു കരുതി ആ ഭാഗം മുറിച്ച് ബാക്കി ധരിച്ച് പോയ ശൈഖ് രിഫാഇ(റ)യുടെ ചിട്ട.. ചരിത്രം തുളച്ചെത്തുന്ന എത്ര സംഭവങ്ങൾ.

## കല്ലെറിയരുതെ, ആട്ടരുതെ

തലപൊക്കുന്ന ചെടിയുടെ കഴുത്തിൽ ചൊട്ടി തെറിപ്പിക്കുന്ന വിരുത്, വളർച്ചയെത്താത്ത തളിരിനെ ഞെരടി മാറ്റുന്ന രസം, എറിഞ്ഞ കല്ല് പട്ടിയുടെ മൂട്ടിനു കൊണ്ടാൽ കിട്ടുന്ന നിർവൃതി, എച്ചിൽ നോക്കി വന്ന കാക്ക കൂട്ടത്തെ ആട്ടിപറത്തിക്കുമ്പോഴുള്ള സമാധാനം, അടയിരിക്കുന്ന പ്രാവിനെ നാടുകടത്താനുള്ള തിടുക്കം, ചേരകളെ മണ്ണെണ്ണയൊഴിച്ച് പൊള്ളിക്കുമ്പോൾ കിട്ടുന്ന ആത്മസു

ഖം, ഉറുമ്പു കൂട്ടത്തെ വിഷച്ചോക്കിന്റെ വരകളിലിട്ട് ശ്വാസം മുട്ടിച്ച് പ്രാണനെടുക്കുന്നതിലെ സുഖം, നാൽകാലികളെ പിന്നാലെ കൂടി എറിഞ്ഞ് തീർക്കുന്ന കൈ മെരുക്കം. എത്രയനിഷ്ഠുരമാണ് ഈ ക്രിയകളൊക്കെയും! കാളപ്പോരും കോഴിപ്പോരും വിനോദങ്ങളുടെ കൂട്ടത്തിലെണ്ണി ചിലർ ക്രൂരമായാഘോഷിക്കുന്നു. മുറിവേറ്റ മനസുകളെ കാണാത്ത വിധം അന്ധത ബാധിച്ചതാണ് ഇതിനൊക്കെ കാരണം.

ജാഹിലിയ്യ കാലത്ത് ആചാരത്തിന്റെയും മോക്ഷത്തിന്റെയും പേരിൽ കഠിനമായ പീഡനങ്ങൾക്കും ഉപദ്രവങ്ങൾക്കും നേർച്ച മൃഗങ്ങൾ ഇരയാക്കപ്പെടാറുണ്ടായിരുന്നു. ഖുർആൻ അതിനെ ശക്തമായി അപലപിച്ചു (സൂറ: അന്നിസാഅ 118-119) മൃഗങ്ങളിൽ നിന്ന് അല്ലാഹു മനുഷ്യർക്ക് അനുവദിച്ചിട്ടുള്ള വാഹന സൗകര്യം, ഭക്ഷണം, കൃഷിയാവശ്യങ്ങൾ, സൗന്ദര്യ കാര്യങ്ങൾ എന്നിവയൊഴികെ ഉപയോഗപ്പെടുത്തുന്നത് തെറ്റായും പ്രകൃതി തകർച്ചയായും ഇമാം ഖുർതുബി വിശദീകരിച്ചിട്ടുണ്ട്. ജീവജാലങ്ങളുടെ സംരക്ഷണവും പ്രകൃതി സുരക്ഷയും കണക്കിലെടുത്ത് ചില നിർദേശങ്ങൾ ഹദീസിലുണ്ട്.

*മരത്തിനു കല്ലെറിയരുത്, അതിന് വേദനിക്കും.

*തേനീച്ച, ഉറുമ്പ്, കുരുവി എന്നിവയെ കൊല്ലരുത്.

*ജീവനുള്ളവയുടെ അവയവങ്ങൾ ഛേദിക്കരുത്. അറവ് നിർവഹിക്കുന്ന സമയത്ത് പോലും തൊട്ടുമുമ്പായി ഇത്തരം ചെയ്തികൾ പാടില്ല.

*ജീവികളെ ചാപ്പ കുത്തി ഉപദ്രവിക്കരുത്.

*അസ്ത്ര പ്രയോഗം, വെടിവെയ്പ്പ് എന്നിവയുടെ പരിശീലനത്തിനോ അല്ലാതെയോ ഒരു ജീവിയെയും പരീക്ഷണ വസ്തുവാക്കരുത്.

* അല്ലാഹു ആദരിച്ച ഒരു ജീവിയെയും അന്യായമായി വധിക്കരുത്. 'അകാരണമായി വിനോദത്തിനോ അലക്ഷ്യമായോ കൊല്ലപ്പെട്ട ഒരു കുരുവി പരലോകത്ത് തന്റെ രക്ഷിതാവിനോട് പരാതി ബോധിപ്പിക്കും.' (ബുഖാരി)

* ജീവികളെ അംഗഭംഗം വരുത്താവതല്ല. അത്തരം പ്രവൃത്തികൾ പരലോകത്ത് നമ്മെ അംഗഭംഗം വരുത്താൻ കാരണമാകും.

* ഭാരം വഹിക്കുന്ന ജീവികൾക്ക് വഹിക്കാവുന്നതേ ഏറ്റാവൂ.

* ജീവികളെ അതിന്റെ തള്ളയിൽ നിന്ന് അകറ്റരുത്.

*വംശനാശമുണ്ടാകും വിധം ഷണ്ഡീകരിക്കുന്നതും ഇസ്ലാം എതിർത്തിട്ടുണ്ട്.

ഉമർ ബിൻ അബ്ദുൽ അസീസിന്റെ കാലത്ത് മൃഗങ്ങൾക്ക് വഹിക്കാവുന്ന ഭാരത്തിന്റെ പരിധി നിശ്ചയിച്ചു. ഉപദ്രവകരമായതും ഭാരമേറിയതുമായ ലാഡം / ജീനി ഉപയോഗിക്കുന്നതിനെ തടഞ്ഞു. മൃഗസംരക്ഷണ മേഖലകൾ സംവിധാനിച്ചു. അങ്ങനെ നീളുന്നു നമ്മെതിരുത്തുന്ന ചരിത്രം.


ചുരുക്കത്തിൽ, ജൈവവൈവിധ്യത്തെയും അതിന്റെ സന്തുലിതാവസ്ഥയെയും കാരുണ്യ മനോഭാവത്തെയും പ്രതികൂലമായ് ബാധിക്കുന്നതെന്തും അനഭിലഷണീയമാണ്. അത്തരം ജീർണ സ്വഭാവങ്ങൾ നമ്മിൽ തങ്ങിനിൽക്കേണ്ടതില്ല, അത്തരം പരുക്കൻ ശീലങ്ങളെ പടിയിറക്കുക ●

Contents

# കൊവിഡ് കാല പദാവലികൾ

**ക്വാറന്റൈൻ, ഐസൂലേഷൻ എന്നിത്യാദി പുതിയ പദാവലി കൂടി കൊവിഡ് കാലത്ത് നാം ശീലിക്കുന്നു.**

അഖുൽ അമീൻ



പകരുമെന്ന് ഭയപ്പെടുന്ന വ്യാധികൾ, രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ മനുഷ്യനെയും ജന്തുക്കളെയും വസ്തുക്കളെയും പൊതുസമ്പർക്കങ്ങളില്ലാതെ സൂക്ഷിക്കാൻ ഒറ്റപ്പെടുത്തുന്ന നടപടിയാണ് ക്വാറന്റൈൻ കൊണ്ട് അർഥമാക്കുന്നത്. 14, 15 നൂറ്റാണ്ടുകളിൽ 40 എന്നർഥം വരുന്ന quarantena എന്ന വെനീഷ്യൻ പദത്തിൽ നിന്നാണ് ഉദ്ഭവം. 1377 ലാണ് ആദ്യമായി ലോകത്ത് ക്വാറന്റൈൻ പ്രയോഗിച്ചതത്രേ. ദീർഘകാലത്തെ കപ്പൽയാത്ര കഴിഞ്ഞ് തിരിച്ചെത്തുന്നവരെയും കപ്പലും ഇങ്ങനെ ക്വാറന്റൈൻ

ചെയ്യൽ പതിവുണ്ടായിരുന്നു. അണുബാധ ഏൽക്കാതിരിക്കുന്നതിനോ മുൻകരുതലിന്റെ ഭാഗമായി രോഗം പിടിപെട്ടവരിൽ നിന്ന് മാറിത്താമസിക്കുന്നതിനോ വേണ്ടി അണുബാധ ഏൽക്കാത്തവരെയാണ് ക്വാറന്റൈൻ ചെയ്യുക. രോഗം സ്ഥിരീകരിച്ചവരെ പരിചരണത്തിന്റെയോ ചികിത്സയുടെയോ ഭാഗമായി ഒരക്ക് പാർപ്പിക്കുന്നത് ഐസലേഷൻ ആണ്.

കഴിഞ്ഞ ഒരു മാസമായി ഏറ്റവും കൂടുതൽ ഉച്ചരിക്കപ്പെടുന്ന / കേൾക്കുന്ന ശബ്ദമാണ് കൊവിഡ്. കൊറോണ വൈറസ് ഡിസീസ് എന്നതിന്റെ ചുരുക്കമാണ് കൊവിഡ്. 1937 ലാണ് ആദ്യമായി കൊറോണ വൈറസ് തിരിച്ചറിഞ്ഞത്, പക്ഷികളിൽ നിന്ന്. എന്നാൽ ജനിതകമാറ്റം വന്ന വൈറസാണ് ഇപ്പോൾ ചൈനയിലെ ഹുവാനിൽ സ്ഥിരീകരിക്കപ്പെട്ടത്. 33 രാജ്യങ്ങളിലൊഴികെ മുഴുവനും ലോകരാജ്യങ്ങളിലും കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്.

ഇതുവരെ, ലോകാടിസ്ഥാനത്തിൽ 3.43 മില്യൻ പേർക്ക് കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. അതിൽ 1.09 മില്യൻ റിക്കവറി ചെയ്തു. രണ്ടര ലക്ഷം പേർ മരണപ്പെട്ടിട്ടുണ്ട്.

ശാസ്ത്രവും ഗവേഷകവൃന്ദവും മാസങ്ങളായി കിണഞ്ഞു പണിപ്പെടുകയാണ് കൊവിഡിനെ പിടിച്ചുകെട്ടാൻ. പിടുത്തം തരാത്ത വില്ലനാണ് ഈ കൊറോണ. കൃത്യമായ ലക്ഷണങ്ങളും മുൻകരുതലും ആരോഗ്യവിദഗ്ധർ പറഞ്ഞുതരുന്നുണ്ട്.

കൊറോണ വൈറസ് ശരീരത്തിൽ പ്രവേശിച്ചാൽ 14 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കും. ഇത് ഇൻക്യുബേഷൻ പിരിയഡ് എന്നറിയപ്പെടുന്നു. വൈറസ് പ്രവർത്തിച്ചുതുടങ്ങിയാൽ രണ്ടോ നാലോ ദിവസം വരെ പനി, ജലദോഷം, തുമ്മൽ,

ചുമ, മൂക്കൊലിപ്പ്, ക്ഷീണം, തൊണ്ടവേദന എന്നിവ ഉണ്ടാകും.

കൊവിഡ് കാരണം മുൻപരിചയമില്ലാത്ത വിധം ലോകം നിശ്ചലമായിട്ട് മാസങ്ങൾ പിന്നിട്ടു. തെരുവുകൾ ജനരഹിതമായി. വ്യാപാരവും വ്യവസായവും സ്തംഭിച്ചു. ജനങ്ങൾക്കും സർക്കാറിനും വരുമാനത്തിന്റെ വായടഞ്ഞു. മരണത്തെ കാത്തും പേടിച്ചുമിരിക്കുന്ന ദൃശ്യങ്ങളാണ് ഇപ്പോഴത്തെ ആഗോള ചിത്രം.

സർക്കാരും ജനസേവകരുമാണ് കൊവിഡ് പോരാട്ടത്തിൽ മുന്നിലുള്ളത്. കറുത്ത രാഷ്ട്രീയം കലർത്തി കൊവിഡ് കാലത്തെ ഇരുട്ടിലാക്കുന്നവരുമുണ്ട്. തുല്യയില്ലാത്ത സേവനപരത കൈയേന്തിയവരും കുറവല്ല.

**ഏകത കൊവിഡിന്റെ വലിയ സന്ദേശമാണ്. സമൂഹത്തിന്റെ എല്ലാ തട്ടുകളിലും കൊവിഡ് കയറിയിറങ്ങി. വിശപ്പും ആധിയും എല്ലാവർക്കുമായി വിതരണം ചെയ്തു. മനുഷ്യൻ നിസ്വനും നിസഹായനുമാണെന്ന് കൊവിഡ് വിളിച്ചുപറഞ്ഞു. ആർത്തിയും അലങ്കാരവുമില്ലാതെ ജീവിച്ചോളാമെന്ന് മനുഷ്യർ സമ്മതിച്ചു.** ദുരന്തവും ദാരുണയും നിറഞ്ഞ എത്രയോ ചിത്രങ്ങൾ കൊവിഡ് കാണിച്ചുകൊണ്ടേയിരിക്കുന്നു.

കോറന്റൈൻ, ലോക് ഡൗൺ, കൊറോണ, പാൻഡെമിക്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയ അനേകം ശബ്ദങ്ങൾ പൊതുനിരത്തിലെ സാധാരണ വാക്കും ജീവിതവുമായി മാറി. പുതിയ ജീവിതവും രീതികളുമാണ് കൊവിഡ് കാലത്ത് നമ്മളനുഭവിക്കുന്നത്. കൊവിഡാനന്തരം എന്താണെന്ന് ആർക്കറിയാം? ●

Contents

# പൊന്നാണ്
# പൊന്നാനി

**പൊന്നാനിയെന്ന് കേൾക്കാത്ത മലയാളികൾ അപൂർവം. പൊന്നാനിയുടെ ചിത്രവും ചരിത്രവും അറിയുന്നവർ വളരെ അപൂർവം.**

എ.യു ശറഫുദ്ദീൻ പൊന്നാനി



പൊന്നാനി, വൈജ്ഞാനിക കേരളത്തിന്റെ, മത സൗഹാർദത്തിന്റെ ഭൂമിക.

കേരളത്തിന്റെ ചെറിയ മക്ക എന്നൊരു വിശേഷണം കൂടിയുണ്ട്  ഈ മണ്ണിന്. കേരളത്തിലെ ശിയാ സ്വാധീനം ആരംഭത്തിൽ തന്നെ തടഞ്ഞ് വെച്ചതിൽ പൊന്നാനിക്ക് ചെറുതല്ലാത്ത പങ്കുണ്ട്.

900 വർഷം പഴക്കമുള്ള തോട്ടുങ്കൽ പള്ളി ഉണ്ടെങ്കിലും പൊന്നാനി വലിയ പള്ളിയാണ് ഇവിടുത്തെ പള്ളികൾക്കിടയിൽ പ്രസിദ്ധം. വലുതും പ്രൗഢവുമാണ് ഈ പള്ളി. തേക്കിൻപലകകളാൽ തീർത്ത മച്ചി, മച്ചിന്മേൽ മച്ചി. ആകർഷണീയമായ ആർകിടെക്ച്ചർ.

മട്ടാഞ്ചേരി ചെമ്പിട്ടപ്പള്ളി സ്ഥാപിച്ച, അലി മഖ്ദൂമിന്റെ പുത്രൻ സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ ആണ് പൊന്നാനി വലിയപള്ളി  പണി തീർത്തത്. ഹിജ്റ വർഷം 925ൽ (എ.ഡി 1519ൽ) പൊന്നാനി വലിയപള്ളിയുടെ നിർമാണം പൂർത്തീകരിച്ച് ഇവിടെ ദർസ് സ്ഥാപിക്കുകയും ചെയ്തു. കേരളത്തിൽ മറ്റു പ്രദേശങ്ങളിലും ദർസ് സമ്പ്രദായം ഉണ്ടായിരുന്നു. വ്യവസ്ഥാപിതമായി പരിഷ്കരിച്ച സിലബസ് ആണ് പൊന്നാനിയിൽ സൈനുദ്ദീൻ മഖ്ദൂം നടപ്പിലാക്കിയത് . മഖ്ദൂം പരമ്പരയിലെ നാൽപതാം സ്ഥാനി മഖ്ദൂം മുത്തുക്കോയ തങ്ങൾ ഐദറൂസി ആണ് പള്ളി പരിപാലനത്തിന്റെ തലപ്പത്തും പൊന്നാനിയുടെ ഖാസിയും.

പള്ളിക്ക് മുന്നിൽ ചെറിയ ചുറ്റുമതിലിനുള്ളിലെ ഖബ്റ്സ്ഥാനിൽ വലിയ മഖ്ദൂം ഉൾപ്പെടെ  മഖ്ദൂം സ്ഥാനം അലങ്കരിച്ച 37 മഖ്ദൂമുമാരും മറ്റു രണ്ടു പേരും മറചെയ്യപ്പെട്ടിട്ടുണ്ട്. പള്ളി പണിത ശേഷം

ദിവ്യാദ്ഭുതം കണ്ട് ഇസ്‌ലാം പുൽകിയ ആശാരിത ങ്ങളും ഇവിടെ മറപ്പെട്ടിട്ടുണ്ട്. ഖബറുകൾ പ്രത്യേക അലങ്കാരങ്ങൾ കൂടാതെ തന്നെ കിടക്കുന്നു.

## മരക്കടവ്

മഖ്ദൂം തങ്ങൾ നാമകരണം ചെയ്ത പൊന്നാനി യിലെ കടലോര പ്രദേശമാണ്. കേരളത്തിലെ മിക്ക തീരദേശങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളും മതസം ഘർഷങ്ങളുമായി കലുഷിതമായ അന്തരീക്ഷങ്ങ ളിൽ വളരെ ശാന്തമാണ് ഈ പ്രദേശം.

**പതിറ്റാണ്ടുകൾക്ക് മുമ്പ് പൊന്നാനി ഉൾക്കൊ ള്ളുന്ന പ്രദേശം 'പൊന്നൻ' എന്ന ഒരു രാജാവ് ഭരിച്ചിരിന്നുവത്രെ. അദ്ദേഹത്തിന്റെ മകളുടെ കഠിനമായ വയറ് വേദന ആ നാട്ടിലെ മുഴുവൻ വൈദ്യൻമാരും ചികിത്സിച്ചു ശമനം കിട്ടിയില്ല. വളരെ മാനസികമായി പ്രയാസപ്പെട്ടിരിക്കുന്ന രാജാവിന്റെ അടുത്ത് ഒരു ദാസൻ ചെന്ന് പറഞ്ഞു, പ്രിയപ്പെട്ട രാജാവെ, നമ്മുടെ ചെറിയ അമ്പല ത്തിനടുത്ത് ഒരു ദിവ്യനിരിപ്പുണ്ട്.** വലിയ മഹാനാ ണന്ന് പറയപ്പെടുന്നു. ആദ്ദേഹത്തിനടുത്ത് മകളു ടെ കാര്യമൊന്ന് സൂചിപ്പിക്കാമോ?

രാജാവ് മഖ്ദൂം തങ്ങളെ തന്റെ വീട്ടിലേക്ക് വിളി പ്പിക്കുകയും മകളുടെ അസുഖത്തെ കുറിച്ച് പറയു കയും ചെയ്തു. ഒരു പാത്രത്തിൽ കുറച്ച് വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ട തങ്ങൾ മന്ത്രിച്ച് ഊ തി മകൾക്ക് കൊടുക്കുവാൻ പറഞ്ഞു. മൂന്ന് ദിവ സം കൊണ്ട് വേദന സുഖപ്പെടുകയും ചെയ്തു. സന്തോഷവാനായ രാജാവ് അതിന് പ്രത്യുപകാര മായി എന്ത് പാരിതോഷികമാണ് താങ്കൾക്ക് വേണ്ട ത് എന്ന് മഖ്ദൂമിനോട് ആവശ്യപ്പെട്ടപ്പോൾ എനി

ക്ക് ഇവിടെ ഒരു ആരാധാനാലയം നിർമിക്കാനുള്ള സൗകര്യവും താങ്കളുടെ വീട്ടിനു മുന്നിലെ ഈ വലിയ തടിമരവും വേണമെന്ന് പറഞ്ഞു. സന്തോഷത്തോടെ രാജാവ് അത് സമ്മതിച്ചു. അന്ന് രാത്രി തന്നെ അതിശക്തമായ പേമാരി വർഷിക്കുകയും ആ മരം കടപുഴകി കനാലിലേക്ക് വീഴുകയും ചെയ്തു. പുഴയിലൂടെ ഒഴുകി അത് ഒരു കരയിൽ വന്ന് അടിഞ്ഞു. അന്നത്തെ മത്സ്യതൊഴിലാളികൾ ആ മരം ചുമന്ന് ഇന്നത്തെ ബദർപള്ളി റോഡിലൂടെ കടത്തികൊണ്ട് പോയി ജുമുഅത്ത് പള്ളിയുടെ പരിസരത്ത് എത്തിച്ചു. പിന്നീട് ആ മരം പള്ളി നിർമാണത്തിന് ഉപയോഗിച്ചുവെന്നും നിർമാണത്തിൽ ജിന്നുകളുടെ സഹായം ഉണ്ടായിരുന്നുവെന്നും നാട്ടുചരിത്രമുണ്ട്.

ആ മരം കടത്തികൊണ്ട് പോയത് കൊണ്ടാണ് ഈ പ്രദേശത്തിന് മരക്കടവ് എന്ന് മഖ്ദൂം തങ്ങൾ നാമകരണം ചെയ്തുവെന്നാണ് ചരിത്രം ●





Contents

# മരണം ഹാ.! എത്ര മനോഹരം

**ആറ് വർഷത്തെ ജീവിതം കൊണ്ട് തുല്യതയില്ലാത്ത വിശ്വാസദാർഢ്യവും നബിസ്നേഹവും കൈമുതലാക്കിയ സഅദുബ്നു മുആദ്(റ) എന്ന ധീരയോദ്ധാവിനെ കുറിച്ച്.**

**മുഹമ്മദ് ഇ.കെ വിളയിൽ**



'ഓ, ബനൂ അബ്ദിൽ അശ്ഹൽ സമൂഹമേ! നിങ്ങൾ എന്നെക്കുറിച്ചെന്താണ് മനസിലാക്കിയത്?'

ഇസ്ലാമിലേക്ക് കടന്നുവന്നയുടനെ സഅദ്ബ്നു മുആദ് (റ) തന്റെ സ്വന്തം നാട്ടുകാർക്ക് നേരെ തിരിഞ്ഞ് ചോദിച്ചതാണിത്. നബി(സ്വ)യു

ടെ പ്രത്യേക നിർദേശ പ്രകാരം മദീനയിലെത്തി പ്രബോധനം നടത്തുന്ന മിസ്അബ് (റ) മുഖേനെയായിരുന്നു അദ്ദേഹം മുസ്ലിമായത്. ചോദ്യം തീർന്നയുടനെ തെല്ലും ശങ്കയില്ലാതെ മുആദ് (റ) ന്റെ ജനത പറഞ്ഞു. 'നീ ഞങ്ങളുടെ നേതാവാണ്, കാര്യ ദർശിയാണ്.'

അപ്പോൾ മുആദ് (റ) പറഞ്ഞു. 'എന്നാൽ ഒരു കാര്യം മനസിലാക്കുക, നിങ്ങളെല്ലാവരും ഇസ്ലാം പുൽകുന്നത് വരെ എനിക്ക് നിങ്ങളുമായി യാതൊരു ബന്ധവുമില്ല.'

വാക്ക് വെറുതെയായില്ല. ആ ഗോത്രമൊന്നടങ്കം ഇസ്ലാമിലേക്ക് വന്നു. അതോടെ മിസ്അബിനും സംഘത്തിനും അവർ നല്ലൊരു അഭയ കേന്ദ്രമായി മാറുകയും ചെയ്തു.

സഅദ് ബ്നു മുആദ്(റ) മുസ്ലിമായതിന് ശേഷം വളരെ ചുരുങ്ങിയ കാലം മാത്രമേ ജീവിക്കാൻ അവസരമുണ്ടായുള്ളൂ. മുപ്പത്തിയൊന്നാം വയസിൽ ഇസ്ലാമിലേക്ക് വരികയും മുപ്പത്തി ഏഴാം വയസിൽ ഖന്ദഖ് യുദ്ധത്തിലേറ്റ മുറിവ് കാരണമായി വഫാത്താവുകയും ചെയ്തു.

ഈ ആറ് വർഷങ്ങൾ സംഭവബഹുലമായിരുന്നു. ബദ്റും ഉഹ്ദും ഖന്ദഖും തുടങ്ങി ഇസ്ലാമിക ചരിത്രത്തിൽ ഒട്ടേറെ പ്രധാനപ്പെട്ട സംഭവങ്ങളിൽ പങ്കെടുത്താണ് അവിടുന്ന് വഫാത്താകുന്നത്.

നബി(സ്വ)യുടെമനസിന് കുളിരേകുന്ന സമാധാനം നൽകുന്ന ഒരുപാട് സന്ദർഭങ്ങൾ സൃഷ്ടിക്കാൻ മഹാനവർകൾക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ബദ്റ് യുദ്ധത്തിന്റെ മുന്നോടിയായി മുഹാജിറുകളും അൻസ്വാറുകളുമായ സ്വഹാബത്തിനെ

മുൻനിർത്തി തിരുനബി(സ) നിലവിലെ പ്രതിസന്ധികളവതരിപ്പിച്ചപ്പോൾ അൻസ്വാരികളുടെ പ്രതിനിധിയായി എഴുന്നേറ്റത് സഅദ്ബ്നു മുആദ് (റ) ആയിരുന്നു. അവിടുത്തെ വചനങ്ങൾ എക്കാലവും മുസ്‌ലിം ഹൃദയങ്ങൾക്ക് പ്രചോദനമാണ്.

'യാ റസൂലല്ലാഹ്! ഞങ്ങൾ നിങ്ങളെ വിശ്വസിച്ചു. സത്യമാണെന്ന് അംഗീകരിച്ചു. തങ്ങൾ പ്രബോധനം ചെയ്ത കാര്യങ്ങൾ സത്യമാണെന്നതിന് ഞങ്ങൾ സാക്ഷികളാണ്. നിങ്ങൾ ഞങ്ങളെ നയിക്കുന്നത് ആ കടലിലേക്കാണെങ്കിലും ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ടായിരിക്കും. ഞങ്ങളുടെ കൂട്ടത്തിൽ നിന്നും ഒരുത്തനും പിന്മാറുകയില്ല. നാളെ നിങ്ങൾ ഞങ്ങളെയും കൂട്ടി ശത്രുവിനെ നേരിടുന്നുവെങ്കിൽ ഞങ്ങൾക്കതിൽ യാതൊരു വൈമനസ്യവുമില്ല. ഞങ്ങൾ യുദ്ധങ്ങളിൽ ക്ഷമയോടെ അടിയുറച്ച് നിൽക്കുന്നവരാണ്. പോരാട്ടത്തിൽ ആത്മാർഥതയുള്ളവരാണ്. ഒരുപക്ഷേ അല്ലാഹു ഞങ്ങളിലൂടെ നിങ്ങൾക്ക് കൺകുളിർമയേകുന്ന പലതും കാണിച്ചു തന്നേക്കാം. അത് കൊണ്ട് അല്ലാഹുവിന്റെ ഗുണ സമൃദ്ധിയിലായി ഞങ്ങളെയും കൂട്ടി നടന്നാലും.'

ഉഹ്ദ് യുദ്ധത്തിലും മഹാനവർകൾ നബിക്ക് വലിയ ആശ്വാസം പകർന്നിട്ടുണ്ട്. യുദ്ധം കലുഷിതമായപ്പോൾ മുസ്‌ലിം പക്ഷത്ത് ചില വിഹ്വലതകൾ ഉടലെടുക്കുകയും മുസ്‌ലിംകൾ ചിതറിയോടുകയും ചെയ്തപ്പോഴും നബിക്കരികിൽ ഉറച്ച് നിന്ന് ധീരമായി പടപൊരുതുകയായിരുന്നു സഅദ്ബ്നു മുആദ്(റ).

മറ്റൊരു സന്ദർഭം ഖന്ദഖ് യുദ്ധമായിരുന്നു.

മുസ്‌ലികളുമായി സന്ധിയിൽ കഴിഞ്ഞിരുന്ന ജൂത ഗോത്രമായ ബനൂഖുറൈളയിലെ ചിലർ ഖുറൈശികളെ സമീപിച്ച് മുസ്‌ലിംകൾക്കെതിരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചു. ഖുറൈശികൾ അതിന് സമ്മതിക്കുകയും ചെയ്തു. അതിനു പുറമെ മക്കയിൽ നിന്ന് ഖുറൈശികളെ കണ്ട് മടങ്ങും വഴി വലിയ ഗോത്ര വിഭാഗമായിരുന്ന ഗത്ഫാനികളെയും ഖുറൈശികൾക്കൊപ്പം ചേരാൻ പ്രേരിപ്പിക്കുകയുണ്ടായി. തങ്ങളുമായി സമാധാന കരാറിൽ കഴിഞ്ഞു വരുന്ന ബനൂഖുറൈളക്കാരുടെ ഈയൊരു നടപടി നബിയെ വളരെ വിഷമത്തിലാക്കി. നബി(സ്വ) ഗത്ഫാനീ നേതാക്കളെ കണ്ട് ഈയൊരു ഉദ്യമത്തിൽ നിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ അവരതിന് പ്രതിഫലമായി ആവശ്യപ്പെട്ടത് വലിയൊരു തുകയായിരുന്നു. അതോടെ സ്വഹാബത്തുമായി കൂടിയാലോചിച്ച് തീരുമാനം പറയാമെന്നായി തിരുനബി.

സ്വഹാബത്തിനെ വിവരം ധരിപ്പിച്ചപ്പോൾ സഅ്ദ്ബ്നു ഉബാദ(റ) യും സഅദ് ബ്നു മുആദും(റ) ചോദിച്ചു,

'തിരുദൂതരെ, ഇത് അങ്ങയുടെ അഭിപ്രായമോ, അല്ലാഹുവിന്റെ കൽപനയോ?

നബി(സ്വ) മറുപടി നൽകി. 'ഇതെന്റെ അഭിപ്രായമാണ്. അല്ലാഹു സാക്ഷി, അറബികളെല്ലാം കൂടി സംഘടിച്ച് നിങ്ങളെ അക്രമിക്കാൻ ഒരുമ്പെടുന്നത് കണ്ടപ്പോൾ, നിങ്ങളുടെ നന്മയോർത്ത് കൊണ്ട് മാത്രമാണ് ഞാനതിനു മുതിർന്നത്. അത് അവരുടെ ശക്തി പരമാവധി തകർക്കാൻ പര്യപ്തമാവുമെന്ന് കരുതി.'

അപ്പോൾ സഅദ് (റ) പറഞ്ഞു.

'അല്ലാഹുവിന്റെ തിരുദൂതരെ ഞങ്ങളും അവരും ബഹുദൈവ വിശ്വാസത്തിലും ബിംബാരാധനയിലുമായിരുന്നു. അല്ലാഹുവിനെ ഞങ്ങൾ അറിയുകയോ ആരാധിക്കുകയോ ചെയ്തിരുന്നില്ല. ഇക്കാലത്ത് പോലും വിരുന്നും വിൽപനയുമായിട്ടല്ലാതെ ഞങ്ങളുടെ പട്ടണത്തിൽ നിന്ന് ഒരു പഴം തിന്നാമെന്ന മോഹം അവർക്കുണ്ടായിട്ടില്ല. എന്നിട്ടിപ്പോൾ അല്ലാഹു ഞങ്ങളെ ഇസ്‌ലാം കൊണ്ട് ആദരിക്കുകയും സന്മാർഗത്തിലാക്കുകയും അങ്ങയെക്കൊണ്ടും ഇസ്‌ലാം മുഖേനെയും ഞങ്ങളെ ശക്തരാക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ സ്വത്ത് അവർക്ക് കൊടുക്കുകയോ?അവരെ സ്വാധീനിക്കേണ്ട ആവശ്യം നമുക്കില്ല. അല്ലാഹുവിന്റെ വിധിപോലെ നടക്കും.'

നബി(സ്വ) ചർച്ചയിൽ നിന്നും പിന്മാറിയതായി ദൂതൻമാർ മുഖേനെ ഗത്ഫാൻ നേതാക്കൻമാരെ അറിയിച്ചു.

കുറച്ച് ദിവസങ്ങൾക്കകം തന്നെ **മദീനയെ ശത്രുക്കൾ ഉപരോധിച്ചു.എന്നാൽ ഉപരോധത്തെ പ്രതിരോധിക്കാൻ നേരത്തെ തന്നെ ആസൂത്രണം ചെയ്തത് പ്രകാരം വലിയ കിടങ്ങുകൾ കീറി യുദ്ധത്തിന് തയാറായി നിൽക്കുകയായിരുന്നു. അത് കൊണ്ട് ശത്രുക്കളുടെ ഉപരോധം വിലപോയില്ല. യുദ്ധം ആരംഭിച്ചു. 'മരണം എത്ര ആസ്വാദകരം' എന്ന് പാടിക്കൊണ്ടായിരുന്നു സഅദ് ബ്നു മുആദ്(റ) യുദ്ധഭൂമികയിലേക്ക് ചുവട് വെച്ചത്.** എന്നാൽ യുദ്ധത്തിനിടെ ശത്രുവിന്റെ അമ്പ് തറച്ച് കൈകളിൽ നിന്നും നിലക്കാതെ രക്തം പ്രവഹിക്കാൻ തുടങ്ങി. അതോടെ സഅദ്ബ്നു മു

ആദ്(റ) രണഭൂമിയിൽ നിന്നും പിൻവാങ്ങാൻ നിർബന്ധിതനായി.

തിരുനബിയുടെ പള്ളിയിൽ വിശ്രമിക്കുന്ന സഅദ് (റ) ദുആ ചെയ്തു: 'അല്ലാഹുവേ, ഖുറൈശികളുമായുള്ള യുദ്ധം ഇനിയും അവശേഷിക്കുന്നുവെങ്കിൽ എന്റെ ആയുസ് നീട്ടിത്തരണേ, കാരണം നിന്റെ ദൂതനെ മർദിക്കുകയും അവിശ്വസിക്കുകയും പുറത്താക്കുകയും ചെയ്ത ഒരു ജനതക്ക് വേണ്ടി പോരാടും പോലെ, മറ്റൊരു വർഗത്തിന് വേണ്ടിയും പോരാടാൻ എനിക്ക് താത്പര്യമില്ല. ഇനി, അവരുമായുള്ള യുദ്ധം നിലക്കുകയാണെങ്കിൽ ഇന്നെനിക്ക് പറ്റിയ പരുക്ക് കാരണമായി എന്നെ നീ രക്തസാക്ഷികളിൽ പെടുത്തണേ. ബനൂ ഖുറൈളക്കാരുടെ കാര്യത്തിൽ എന്റെ കൺകുളിർക്കുന്നത് വരെ നീ എന്നെ മരിപ്പിക്കരുതേ!

## പ്രാർഥന വെറുതെയായില്ല.

യുദ്ധത്തിനൊരുങ്ങി വന്ന ഖുറൈശികൾ മദീനയിൽ കടക്കാനാവാതെ, പരാജയഭീതിയിൽ യുദ്ധസാമഗ്രികളുമെടുത്ത് മക്കയിലേക്ക് മടങ്ങി. അതോടെ ജൂതന്മാരെ വെറുതെ വിടാൻ പാടില്ലെന്ന് നബിയുടെ നിർദേശം വരികയും ചെയ്തു. കാരണം വഞ്ചകരാണവർ. മുസ്‌ലിംകളുമായി നിലവിലുള്ള കരാറിന് വിരുദ്ധമായി അവസരം കിട്ടുമ്പോഴെല്ലാം മുസ്‌ലിംകൾക്ക് എതിരിൽ പ്രവർത്തിക്കുന്നവരായിരുന്നു അവർ.

ബനൂഖുറൈളയുടെ പതനവും കണ്ട് നിർവൃതിയോടെ സഅദ് (റ) ശഹീദായി. യുദ്ധത്തിൽ പരുക്കേറ്റതിന്റെ മുപ്പതാം നാൾ ആയിരുന്നു മഹാ

നവർകളുടെ ശഹാദത്ത്. പരുക്കേറ്റ് കിടപ്പിലായിരുന്നപ്പോഴും മഹാനവർകളെ തിരുനബി(സ്വ) ദൗത്യം ഏൽപ്പിച്ചു. കൂറ് മാറിയ ജൂതരെ മുസ്‌ലിം സൈന്യം ദീർഘമായി ഉപരോധിച്ചപ്പോൾ ഗത്യന്തരമില്ലാതെ അവർ സഅദ്ബ്നു മുആദ് (റ)വിന്റെ തീരുമാനത്തിന് വിടണമെന്ന ആവശ്യമുന്നയിച്ചു. കാരണം ഇസ്‌ലാമിനു മുമ്പ് സഅദ് (റ) മായി ജൂതർ സഖ്യത്തിലായിരുന്നു. അത് പ്രകാരം ചികിത്സയിൽ കഴിയുന്ന മഹാനവർകളെ കൊണ്ടുവരാൻ നബി(സ്വ) ആളെ അയച്ചു. രോഗകാഠിന്യത്താൽ അവശനായിരുന്ന അദ്ദേഹത്തെ ഒരു കഴുതപ്പുറത്ത് ഇരുത്തി താങ്ങിയാണ് കൊണ്ടുവന്നിരുന്നത്. നബിയോടും ഇസ്‌ലാമിനോടും വഞ്ചന പതിവാക്കിയിരുന്ന ബനൂഖുറൈളക്കാരുടെ തനിനിറം അറിയാമായിരുന്ന സഅദ്(റ) വിധിച്ചു: 'യോദ്ധാക്കളെ വധിക്കുക, സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തടവുകാരായി പിടിക്കുക, സ്വത്ത് കണ്ടുകെട്ടുക.' ഇതാണെന്റെ തീരുമാനം.

അല്ലാഹുവിന്റെ റസൂലിനെ അതിരറ്റ് സ്നേഹിക്കുകയും അവിടുന്നിന് പ്രതിസന്ധികളിൽ സമാധാനപ്പെടുത്തുകയും ചെയ്ത സഅദി(റ)ന്റെ അന്ത്യം വലിയ ബഹുമതികളോടെ ആയിരുന്നു.

വഫാത്തിനോട് അടുത്ത സമയം തിരുനബി അദ്ദേഹത്തിന്റെ തലയെടുത്ത് മടിയിൽ വെച്ച് ദുആ ഇരന്നു.' അല്ലാഹുവേ! സഅദ് നിന്റെ മാർഗത്തിൽ പോരാടി. നിന്റെ റസൂലിനെ വിശ്വസിച്ചു. ചുമതലകൾ നിറവേറ്റി. അതിനാൽ ഒരു ആത്മാവിനെ സ്വീകരിക്കുന്ന സർവ ബഹുമതികളോടെയും നീ ഇദ്ദേഹത്തിന്റെ ആത്മാവിനെ സ്വീകരിക്കണേ! ●

Contents

# കലാലയം

പ്രവാസി എഴുത്തുകൾക്കുള്ള തുറന്ന താളുകളാണ് കലാലയം.
ചെറിയ സൃഷ്ടികൾ mailtokalalayam@gmail.com
എന്ന ഇ മെയിൽ വിലാസത്തിൽ അയക്കുക.

## അൺലോക്ക്

സർവത്ര അടഞ്ഞ വാതിലുകളാണ് മുന്നിൽ. പക്ഷേ വായനയുടെ വാതിൽ പൂർവാധികം തുറക്കപ്പെട്ടിരിക്കുന്നു. കൂട്ടത്തിൽ ഡി ജി വായന പെരുകുകയാണ്. 40 മുതൽ 50 ശതമാനം വരെ വായനകൾ ഡിജി സ്പെയ്സിലേക്ക് മാറിയെന്നാണ് കണക്ക്. മൊബൈലുകളാണ് അതിന് വലിയ സഹായകമായത്. വിളിക്കപ്പുറം വിവരദാതാവായി മൊബൈൽ പലർക്കും മാറിയിട്ടുണ്ട്. വൈജ്ഞാനികലോകത്തേക്ക് തുറന്ന കിളിവാതിലാണത്.

വിവരം തരിക മാത്രമല്ല, നമ്മുടെ അടുത്തുള്ളത് വാങ്ങുക കൂടി അത് ചെയ്യുന്നുണ്ട്. അറിഞ്ഞും പറഞ്ഞും നമുക്ക് ഈ ലോക് പൊട്ടിക്കാം ●

# റമളാൻ

റസീന കെ. പി

ആത്മസമർപ്പണത്തിന്റെ
പ്രകീർത്തനങ്ങൾ
ദാഹത്തെ
പിടിച്ചു കെട്ടിയ പകലുകൾ
പാപമോചനത്തിന്റെ
സുവർണനിമിഷങ്ങൾ
മഗ്‌രിബിന്റെ മധുരനാദത്തിനായുള്ള
കാത്തിരിപ്പ്
വിശുദ്ധ ഗ്രന്ഥത്തിന്റെ
പാരായണസുഖം
തറാവീഹിന്റെ വെള്ളിവെളിച്ചം
ബദ്റിന്റെ ഓർമ പുതുക്കൽ
ലൈലത്തുൽ ഖദ്റിന്റെ
ചൈതന്യം
സ്നേഹത്തിന്റെ
ഇഫ്താർ സംഗമങ്ങൾ
പശ്ചാതാപത്തിന്റെ
കണ്ണീർകണങ്ങൾ
വരവേൽക്കാനൊരുങ്ങിയ
സ്വർഗകവാടങ്ങൾ
മാനത്ത്
ശവ്വാലിൻ  പൊൻപിറ
തക്ബീറിൻ
മന്ത്രധ്വനികൾ
പുണ്യം പൂത്തിറങ്ങിയ
വിശുദ്ധമാസമേ..
നീ മടങ്ങാതിരുന്നെങ്കിൽ ...!

•

# പോയകാലത്തെ സൗഹൃദം

റസാഖ് ചെത്ത്‌ലത്ത്

ഹൃദയച്ചൂടിൽ
വെന്തു തിളച്ച
സ്നേഹത്തിനും
ഇഷ്ടത്തിനുമാണ്
സൗഹൃദമെന്ന് പേര് വീണത്
അന്ന്,
ഉമ്മറത്തിണ്ണയിലെ
ചാരുകസേരയിൽ
ചാരിയിരുന്ന്
ഉമ്മൂമ്മ പറയുമായിരുന്നു
പോയ കാലത്തെ
ഒരുപാട്
സൗഹൃദകഥകൾ.
തളികച്ചെമ്പിലെ
ബിരിയാണിച്ചോറിന്റെ
രുചിക്കൂട്ടോർമ്മകൾ
ഇടക്കിടെ ഉമ്മൂമ്മ ഓർമപ്പെടുത്തും.
അവ സന്തോഷങ്ങളാണത്രെ,
സുകൃതത്തിന്റെ
സൗന്ദര്യം ചേർത്ത സന്തോഷം.
ശേഷം,
തറവാട്ട് മുറ്റത്തെ
ഉമ്മൂമ്മയുടെ ചാരുകസേര
ക്ലാവ് പിടിച്ച് കിടപ്പായി
ഒരുപിടി
ഓർമകൾ അയവിറക്കാൻ
പിന്നെ,

പുതിയ കാല കുസൃതിയിൽ
അവയെല്ലാം
മങ്ങിമറഞ്ഞു
ബന്ധങ്ങളെല്ലാം പറന്നകന്നു.
ഇന്ന്,
ലോക്ക് ഡൗൺ കാലം
തിരികെ തന്ന സൗഹൃദത്തെ
മുതലെടുക്കാം
ആ പോയകാല സൗഹൃദത്തിന്റെ
അടിവേരുകൾക്കായ്

•

## ഏകാന്തത

**റഷീദ് കക്കോവ്**

ഏകാന്തത ഒരു തടവറയല്ല,
ഒരു കൂട്ടുകൂടലാണ്;
കുടുംബത്തോട് പുസ്തകങ്ങളോട്
പുതിയ ചിന്തകളോട്
പഴയ ഓർമയോട്.

ഏകാന്തത ഒരു
വിട്ടുപിരിയലാണ്
ഫാസ്റ്റ്ഫുഡിനോട്
കാതടിപ്പിക്കുന്ന ശബ്ദങ്ങളോട്
പുറത്തുകൂടിയിരിക്കുന്ന
മാലിന്യത്തോട്
കണ്ടാൽ ചിരിക്കാത്ത ചങ്ങാതിയോട്.

•

# തിരക്കിലാണ്

ഹഫ്സ ആരിഫ് ദുബൈ

ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുക്കുന്ന തിരക്കിലായിരുന്നു അയാൾ. കുടുംബത്തിൽ എത്തി നോക്കിയിട്ട് നാളുകളേറെയായി. ഇടക്കിടെ ഓരോ ആവശ്യങ്ങളും വിശേഷങ്ങളും പറഞ്ഞു ഭാര്യ വിളിക്കുമായിരുന്നു. അല്പം ഈൗർഷ്യത്തോടെ അയാൾ, 'ഞാൻ തിരക്കിലാണെന്നറിഞ്ഞൂടെ? അത്യാവശ്യങ്ങളൊക്കെ തീർത്തു തരാനല്ലേ വണ്ടി വാങ്ങി ഡ്രൈവറെ കൂലിക്ക് നിർത്തിത്തന്നത്?' പിന്നെ അവളുടെ വിളി വല്ലപ്പോഴുമായി. അവളുടെ വിളി തീരെ വരാതിരുന്ന നാളിൽ തന്റെതിരക്ക്മനസിലാക്കിയഭാര്യയെ അയാൾ മനസാ പ്രശംസിച്ചു. അന്ന് ആ മീറ്റിംഗിനിടയിൽ കുഴഞ്ഞു വീണ അയാളെ പലരും ചേർന്ന് ഹോസ്പിറ്റലിൽ എത്തിച്ചു. ഡോക്ടർ പറഞ്ഞു, 'അറ്റാക്കിന്റെ തുടക്കമാണ്, പൂർണ വിശ്രമം വേണം.' സ്വപ്നങ്ങൾ ചീട്ടു കൊട്ടാരം പോലെ തകർന്നടിഞ്ഞു. കുറെ നാളുകൾക്ക് ശേഷം അയാൾ കുടുംബത്തെ ഓർത്തു. ഡ്രൈവറോട് വണ്ടി വീട്ടിലേക്ക് തിരിക്കാൻ ആവശ്യപ്പെട്ടു. നഷ്ടബോധത്താൽ അയാൾ പലതും ഓർത്തു വിങ്ങി. പതിയെ തല

ചായ്ച്ചു.ഡ്രൈവറുടെവിളികേട്ടയാൾ മയക്കത്തിൽ നിന്നുണർന്നു. തന്റെ കുടുംബത്തിലേക്ക് ഒന്നെത്തി നോക്കിയിട്ട് നാളുകളെത്രയായി ?സ്വന്തം മനഃസാക്ഷിയോട് കുറ്റബോധത്തോടെ അയാൾ ചോദിച്ചു ഏതായാലും ഇനിയുള്ള കാലം എല്ലാംമാറ്റിവെച്ചു കുടുംബത്തോടൊപ്പം കഴിയണം. പ്രത്യാശയോടെ പുതിയ തീരുമാനവുമായി ഉറച്ച കാൽവെപ്പോടെ അയാൾ കാറിൽ നിന്ന് പുറത്തിറങ്ങി. വീട് താഴിട്ടു പൂട്ടിയത് ശ്രദ്ധയിൽ പെട്ടു. 'അവളെ ഒന്ന് വിളിച്ചിട്ട് വരുന്ന വിവരം അറിയിക്കാമായിരുന്നു. അയാൾ ഫോണെടുത്തു. പിറകിൽ നിന്നൊരു ശബ്ദം, 'ആരാ?, ഞാൻ അയൽ വീട്ടിലെ പയ്യനാ. ഇവിടെ ആരുമില്ല. ഇവിടത്തെ താത്ത പോയിട്ട് മാസങ്ങളായി. വീട് പൂട്ടിയിട്ട് കുറേയായി. ആരും ഇല്ല.'

ഒരിടി മുഴക്കത്തോടെയാണ് ആ വാക്കുകൾ അയാളുടെ കാതുകളെ തുളച്ചു കയറിയത്. കണ്ണിൽ ഇരുട്ട് പടർന്നു. ഒരു പിടിവള്ളി കിട്ടാതെ ആയാൾ നിലത്തിരുന്നു. ഒരിറ്റ് കണ്ണുനീർ തൂവാതിരിക്കാൻ അയാൾ ശ്രമിച്ചു കൊണ്ടേയിരുന്നു, പാപഭാരത്താൽ തലകുനിച്ച്. ●

# നേര്

എ. അനസ് കണ്ണൂർ

എന്നും ചെവിയോർക്കുന്നത്
അകലങ്ങൾക്കപ്പുറത്തുള്ള
നിലവിളികൾക്ക് മാത്രം!

മായ്ച്ചുകളഞ്ഞ ഓർമകൾക്ക്
മറവിയുടെ സുഗന്ധം!
ചിത്രങ്ങളിൽ തെളിയുന്നത്
കുടിയൊഴിക്കപ്പെട്ട തെരുവിന്റെ
സ്വപ്നങ്ങൾ!

കപ്പൽപായകൾ മുന്നോട്ടായുന്നത്
കാറ്റുറഞ്ഞു പോയ
കാലത്തിലേക്ക് മാത്രം!
പഴമയുടെ
പഴഞ്ചൻ കണ്ണുകൾ
അപ്രത്യക്ഷമായി!

രാത്രികളെ ധ്യാനിക്കുന്നവരോടൊപ്പം
ഇരകളുടെ കഥ പറഞ്ഞ്നടന്നകലുന്നില്ല ഞാൻ
ചൂഴ്ന്നെടുത്ത കിനാവുകൾക്ക്
നിറം കൊടുത്ത്
നേരിന്റെ കൂട്ടുകാരാവാം!

●

Contents

# കോവിഡ് കൺസോൾ

കോവിഡ് കാലത്ത് മനുഷ്യനെ അലട്ടുന്ന പ്രധാന രണ്ട് പ്രശ്നങ്ങളാണ് ഭീതിയും ഒറ്റപ്പെടലും. ഇത് ഏറ്റവും കൂടുതൽ അനുഭവിക്കുന്ന വിഭാഗം പ്രവാസികളുമാണ്. ഈ അവസ്ഥയെ വ്യവസ്ഥാപിതമായും ഫലപ്രദമായും നേരിടുകയെന്നതാണ് രിസാല സ്റ്റഡി സർക്കിൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന  കോവിഡ് കൺസോൾ. വൈറസ് ബാധ പിടികൂടിയിട്ടില്ലാത്തവരെയും വർധിത തോതിൽ ബാധിച്ച അവസ്ഥയാണ് ഭീതി. ഇത് പലരീതിയിലാണ് പ്രവാസിയെ പിടികൂടിയത്. ചുറ്റുപാടും പടരുന്ന വാർത്തകളും സഹമുറിയന്മാർക്കും അടുത്തറിയുന്നവർക്കും ഫലം പോസിറ്റീവായെന്ന് കേൾക്കുമ്പോഴും ഉണ്ടായ മനസുരുക്കത്തെ വിശേഷിപ്പിക്കാൻ വാക്കുകൾക്കാവില്ല. സാഹചര്യങ്ങളോ സമ്പർക്കമോ മൂലം അണുബാധ സ്ഥിരീകരിക്കപ്പെട്ടാലുള്ള അവസ്ഥയെ കുറിച്ച് ഓർത്ത് അവർ മനസ് വെന്ത് കഴിയുന്നു. ഒപ്പം തൊഴിൽ രംഗത്ത് നേരിട്ട പ്രതിസന്ധിയും സാമ്പത്തിക ഞെരുക്കവും ഭക്ഷണ ദൗർലഭ്യവും വീടും കുടുംബവും നാടും ജീവിതവും ഭാവിയും ഓർത്തുള്ള ബേജാറുകളും പ്രവാസിയെ എല്ലാ അർഥത്തിലും തളർത്തി. രോഗം പിടിപെട്ടാലുള്ള പരിഹാരമാർഗങ്ങളായി അനുവർത്തിക്കുന്ന ക്വാറന്റൈൻ, ഐസലേഷൻ തുടങ്ങിയ മുൻരുതൽ നടപടികൾ തീർക്കുന്ന ഒറ്റ

പ്പെടൽ മനസിനേൽപ്പിച്ച ആഘാതം കടുത്തതായിരുന്നു. സഹായ സന്നദ്ധർക്ക് പോലും അടുക്കാൻ കഴിയാത്ത സ്ഥിതി കൂടുതൽ കടുത്തതാക്കി. ഇത്തരം അവസ്ഥകൾ ഏറിയും കുറഞ്ഞും ലോകത്ത് കോവിഡ് ബാധയേറ്റ സകല പ്രദേശങ്ങളിലും അനുഭവിക്കുന്നതാണെങ്കിലും പ്രവാസികളുടെത് ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. ഒരു മുറിയിൽ പത്തും പതിനഞ്ചും പേർ കഴിഞ്ഞു കൂടുന്ന ഗൾഫ് പ്രവാസികൾക്ക് വൈറസിനെതിരെ നിർദേശിക്കപ്പെട്ട മുൻകരുതൽ നടപടികളും വ്യക്തി അകലവും പോലും പാലിക്കാൻ കഴിയാതെ വന്നു. ഇത്തരം പാനിക് കണ്ടീഷനെ ഒരളവുവരെ കൂടെ നിന്ന് മറികടക്കാൻ കോവിഡ് കൺസോളിലൂടെ ആർ എസ് സി ശ്രമിച്ചു. അംഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ ആശ്രയമാകുക എന്ന വലിയ ദൗത്യം നിവഹിക്കുന്നതിന് വിളിച്ചങ്ങലയിലൂടെ ഓരോ അംഗത്തെയും വിളിച്ച് സ്ഥിതി അറിയുകയും വിവരങ്ങൾ ശേഖരിക്കുകയും ആയിരുന്നു ആദ്യം ചെയ്തത്. ഈ അന്വേഷണത്തിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങളെ കൃത്യമായി പട്ടികപ്പെടുത്തി അവയ്ക്ക് ലഭിക്കുന്ന പ്രതികരണങ്ങൾ രേഖപെടുത്തിയും പരിഹാരം കാണേണ്ടവയുടെ മുൻഗണനകൾ പരിഗണിച്ചുമാണ് ഗൾഫ് കൗൺസിൽ ഫിറ്റ്നസ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന സമിതിയുടെ നേതൃത്വത്തിൽ ഇത് നിർവഹിച്ചത്. വിവരണങ്ങൾ കൃത്യമായി ശേഖരിക്കുന്നതിന് അംഗങ്ങൾക്കിടയിൽ നടത്തിയ സർവേ കൂടുതൽ കാര്യങ്ങൾ ബോധ്യപ്പെടുത്തി. ഇത്തരം അവസ്ഥ അനുഭവിക്കുന്ന ആർക്കും പങ്കാളികാളാകാൻ കഴി

യുന്ന വിധം കോവിഡ് കൺസോൾ ഗ്രൂപ്പുകൾ രൂപീകരിക്കുകയാണ് അടുത്ത ഘട്ടം ചെയ്തത്. ഇങ്ങനെ 10 വാട്ട്സാപ്പ് ഗ്രൂപ്പുകളിലായി ആയിരത്തലധികം വരുന്ന ആളുകളുമായി നേരിട്ട് സംവദിച്ചതും വിവരങ്ങൾ ആരാഞ്ഞും ആവശ്യമായ ഇടത്ത് ഇടപെട്ടും നീങ്ങാൻ ഈ ഗ്രൂപ്പുകൾ സഹായിച്ചു. പലപ്പോഴും അംഗങ്ങളുടെ സംശയങ്ങൾക്കും ആവലാതികൾക്കും മറുപടിയും പരിഹാരനിർദേശങ്ങളും നൽകാനാകാത്ത വിധം പങ്കുവെക്കലുകളുടെ പ്രവാഹമുണ്ട്. ഇത് പരിഹരിക്കാനും ആരോഗ്യരംഗത്തെ കൂടുതൽ സംശയങ്ങളെയും ആധികളെയും ആധികാരികമായി സമീപിച്ച് സമാശ്വാസം പകരാനും ഡോക്ടർമാരുടെ സേവനം വാട്സാപ്പിൽ ലഭ്യമാക്കിയുള്ള പ്രവർത്തനത്തിന് കളമൊരുക്കുകയാണ് പിന്നീട് ചെയ്തത്. നാട്ടിലെ ഇന്റഗ്രേറ്റഡ് പ്രൊഫഷനൽ ഫോറവുമായി (ഐപിഎഫ്) സഹകരിച്ച ഇരുപത് സ്പെഷ്യലൈസ്ഡ് ഡോക്ടര്മാരെയാണ് ഇതിനായി സജ്ജമാക്കിയത്. ഇൻഫെക്ഷൻ കൺട്രോൾ, ജനറൽ മെഡിസിൻ, ഇഎൻടി, ന്യൂറോളജി, പാത്തോളജി, കാർഡിയോളജി, എന്റോക്രൈനോളജി, സൈക്കോളജി തുടങ്ങി എല്ലാ മേഖലയിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാർ ഈ സംവിധാനത്തിലൂടെ ഇടപെട്ടു. ഈ സേവനങ്ങൾ നിലവിലും തുടരുന്നു. കൂടാതെ കെയർ & ഷെയർ പദ്ധതിയുടെ ഭാഗമായി സന്നദ്ധരായ പ്രത്യേക വോളന്റിയേഴ്സിനെ തിരഞ്ഞെടുത്ത് ഗൾഫിൽ എല്ലാ രാജ്യങ്ങളിലും ഭക്ഷണത്തിനും മരുന്നിനും പ്രയാസപ്പെടുന്നവരെ കണ്ടെത്തി കൃത്യമായ ഇടപെടൽ നടത്തി. സ്ഥിരമായി മരുന്ന് കഴിക്കുന്ന നിര

വധി പേർക്കാണ് ഇങ്ങനെ മരുന്ന് എത്തിക്കാനോ വിദഗ്ധ ആരോഗ്യ സംഘത്തിന്റെ നിർദേശപ്രകാരം പകരം മരുന്ന് നൽകാനോ കഴിഞ്ഞത്. ആർ എസ് സി അംഗങ്ങളിൽ നിന്ന് ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരെ പ്രത്യേകം ഗ്രൂപ്പാക്കി ഈ സേവനം കാര്യക്ഷമമായി തുടരുന്നു. ഭക്ഷണം ലഭിക്കാതെ ബുദ്ധിമുട്ടിലായവർക്ക് അവ കൃത്യ സമയത്ത് എത്തിക്കാനും ഈ രംഗത്തെ പ്രാസ്ഥാനിക ശ്രമങ്ങളെ ഏകോപിപ്പിച്ച് സേവനം ലഭ്യമാക്കാനും ശ്രമം നടത്തി. ഭക്ഷണ കിറ്റുകൾക്കൊപ്പം മാനസിക സമ്മർദം കുറക്കുന്നതിന് വേണ്ടി പ്രത്യേകം തിരഞ്ഞെടുത്ത കൗൺസിലർമാരുടെ സേവനവും നിരന്തരം നൽകി വരുന്നു. കരുതലും പങ്കുവെപ്പും പകരുന്ന ആശ്വാസം മറ്റെല്ലാത്തിനേക്കാൾ വലുതാണെന്ന് തെളിയിക്കുന്നതായിരുന്നു കോവിഡ് കൺസോൾ പ്രവർത്തനങ്ങൾ. ഫലപ്രദമായ ഇടപെടലുകളിലൂടെ പ്രയോജനപ്പെട്ടവരുടെ കണ്ണീർ നനവുള്ള സന്തോഷങ്ങളും പ്രതികരണങ്ങളും പങ്കുവെപ്പും ഇത് തെളിയിക്കുന്നു. അതോടൊപ്പം ഈ കാലത്തെ മറ്റു പ്രവർത്തന പദ്ധതികളും വ്യക്തികളിലേക്ക് കേന്ദ്രീകരിച്ച് പരിഷ്കരിച്ചു. അത് പോലെ പ്രവാസികളുടെ ദുരിതം ശ്രദ്ധയിൽ പെടുത്തിയും നാട്ടിലേക്ക് മടങ്ങൽ അത്യാവശ്യമുള്ളവരെ തിരിച്ച് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുലർത്തുന്ന നിസംഗതയെ തിരുത്താൻ ആവശ്യപ്പെട്ടും അധികാരികൾക്ക് നിവേദനം സമർപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും പ്രചാരണങ്ങളും മറുഭാഗത്ത് നടത്തി വരുന്നു. കൃത്യ സമയത്തെ ഒരു വാക്കിനും, ഒരു ധൈര്യപ്പെടുത്ത

ലിനും, ഞങ്ങളുണ്ടെന്ന ഉറപ്പിനും ചെലുത്താനായ സ്വാധീനങ്ങൾ വലുതാണ്. അതാത് രാജ്യത്തെ സർക്കാരുകളുമായും നിയമ സംവിധാനങ്ങളുമായും ഇതര സംഘടനകളുമായും സഹകരിച്ച് മുന്നോട്ട് പോകുന്ന സമാശ്വാസ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനായിട്ടില്ല എന്നതാണ് നിലവിലെ ഗൾഫ് സ്ഥിതി പറഞ്ഞു തരുന്നത്. ഭീതിയിലും ഒറ്റപ്പെടലിലും അകപ്പെട്ട് എല്ലാം തീർന്നെന്ന നിരാശാവസ്ഥയെ കരുതലും പങ്കുവെപ്പും സമാശ്വാസവും കൊണ്ട് തിരിച്ച് കൊണ്ടുവരാൻ കഴിയുമെന്ന ഉറപ്പാണ് നമുക്കാവശ്യം. ഒപ്പം ജാഗ്രതയും ●

Contents




പ്രവാസി രിസാല
ഉള്ളടക്കത്തെക്കുറിച്ചുള്ള
അഭിപ്രായങ്ങൾ എഴുതുക
inbox@risalaonline.com
+919562383222

# Letters
# എഴുത്തുകൾ

## ഡിജിറ്റൽ മാഗസിൻ ലൈബ്രേറി

പ്രവാസി രിസാല Magzter ലൂടെ വായിക്കാൻ സാധിക്കുന്നത് കൊറോണക്കാലത്തെ സാഹചര്യത്തിലെ മികച്ച അവസരമാണ്. മറ്റു മാസികകളെ പരിചയപ്പെടാനും താരതമ്യപഠനം നടത്തുവാനും Magzter ലൂടെ സാധ്യമാകുന്നുണ്ട്. പഴയ ലക്കങ്ങളും റഫറൻസ് വായന നടത്തുന്നതിന് ഇതുപകരിക്കുന്നു. ഒരു തവണ ഡൗൺലോഡ് ചെയ്ത് ഓഫ്‌ലൈൻ ആയി പുനർവായന നടത്തുവാൻ കഴിയുന്നത് വലിയ അവസരമാണ്. Magzter ലൂടെയുള്ള വായന ഹാർഡ് കോപ്പിയായി ലഭിക്കുന്ന പ്രവാസി രിസാലയുടെ വായനാനുഭൂതിയോളം മികച്ചതാണെന്നു പൂർണമായി പറയാൻ കഴിയില്ല. നിലവിലെ കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിൽ മാത്രമല്ല തുടർന്നും ലോകത്തെവിടെ നിന്നും പ്രവാസി രിസാലയെ വായിക്കുവാൻ ഇങ്ങനെ കഴിയുന്നു എന്നുള്ളത് പ്രവാസി രിസാല സാധിച്ചെടുത്ത അനിവാര്യമായ ഡിജിറ്റൽ വിപ്ലവമാണ്.

**ദാവൂദ് - ദുബൈ**

## പ്രവാസികളോട് ഇത്രയ്ക്ക് വേണോ?

കഴിഞ്ഞ കുറേ ദിവസങ്ങളായി ടിവി ചാനലുകളിലും പത്രമാധ്യമങ്ങളിലും നിറഞ്ഞു നിന്ന പ്രവാസി സ്നേഹം കണ്ടിട്ടാണ് ഈ കുറിപ്പ്. പ്രവാസികളെ കൊണ്ടുവരേണ്ടതിനെക്കുറിച്ച്, ചർച്ച പൊടിപൊടിക്കുന്നു. തൊട്ടടുത്ത ദിവസം കേൾക്കാം, കേന്ദ്രത്തിനു വിസമ്മതം, കോടതിക്ക് ഇടപെടാനാകില്ല. ഇതെല്ലാം കേൾക്കുമ്പോൾ, ചീത്തപ്പേരുണ്ടാക്കി വീട്ടുകാരെ ധിക്കരിച്ച് ഇറങ്ങിപ്പോയ സന്തതിയെ തിരിച്ചു കൊണ്ടുവരാനുള്ള കാരണവന്മാരുടെ കാർക്കശ്യമാണെല്ലാവർക്കും. തന്നിഷ്ടത്തിനു പോയതല്ലേ! അനുഭവിക്കട്ടേ, എന്ന മട്ട്! അങ്ങനെയൊക്കെയാവട്ടെ, അവസാനം ഒരുക്കിയെന്നു പറയുന്ന സന്നാഹമോ? യുദ്ധക്കപ്പൽ! അങ്ങനെയങ്ങ് പെട്ടെന്ന് അടുപ്പിക്കാതെ, കാറ്റിലും കോളിലും അലഞ്ഞു ഉലഞ്ഞു കുറച്ച് കഴിഞ്ഞിങ്ങ് എത്തിയാൽ മതി എന്ന നിലക്കാണോ? ഇരുപത്തിയെട്ടു ദിവസത്തെ കൊറന്റൈനിൽ അഞ്ചാറു ദിവസം കടലിൽ ആകുമല്ലോ. സത്യത്തിൽ എന്താണ് നമ്മുടെ ഭരണകർത്താക്കൾ ആലോചിക്കുന്നത്? കൂട്ടിയും കിഴിച്ചും അവർ പ്രവാസിക്കിടുന്ന വിലയെന്താണ്? കോവിഡ് പരത്തുന്നവരായിട്ടാണോ പ്രവാസികളെ ഇവരൊക്കെ കാണുന്നത്?

സ്വന്തമെന്നു പറഞ്ഞു ചേർത്തുനിർത്തി 'നട്ടെല്ലാണ്, നെടുംതൂണാണ്' തുടങ്ങിയ പഞ്ചാരവാക്കുകളിൽ നിങ്ങൾ ഇനി ഇവിടെ വരണം. മത, സാമൂഹിക, സാംസ്കാരിക, കല, സാഹിത്യ, സിനിമക്കാരോടെല്ലാം കൂടിയാണിത്. ഇവിടുന്ന്

മുറതെറ്റാതെ വരുന്ന പണമാണ് നാടിന്റെ നട്ടെല്ല് അല്ലേ? അത് ഉണ്ടാക്കി അയക്കുന്ന പ്രവാസിയല്ല. പ്രവാസികളുടെ പ്രശ്നങ്ങൾ എന്ന് വിളിച്ചു കൂവി റേറ്റ് കൂട്ടാൻ പാടുപെടുന്ന മാധ്യമങ്ങൾക്കും പ്രവാസികളെ തിരിച്ചറിയാനുള്ള വിദ്യാഭ്യാസം ഉണ്ടെന്ന് കരുതുന്നില്ല. ഒരു വിമാനം ഇളകുമ്പോഴേക്കും നിങ്ങളീ പറയുന്ന ബേജാറൊന്നുമില്ലാതെ കുത്തിയൊഴുകും ഞങ്ങളെന്നാണോ നിങ്ങൾ ധരിക്കുന്നത്. ന്യായങ്ങൾ നിർത്തി ഇവിടെ നിവൃത്തിയില്ലാതെ കഴിയുന്നവരെ ഒന്ന് നാട്ടിലെത്തിക്കുക.

**ഒരു പ്രവാസി വീട്ടമ്മ**
**ഉമ്മുയാസീൻ, ഖമീസ്മുഷയ്ത്ത് -സൗദി**

---

## നിങ്ങളും നിരീക്ഷണത്തിലാണ്

സംവേദനത്തിന്റെ മാർഗങ്ങളൊന്നും നിഷേധിക്കാതിരിന്നിട്ടും കോറന്റൈൻ ജീവിതം ഇത്ര അസ്വസ്ഥത നിറഞ്ഞതാണെന്ന് അനുഭവിക്കുമ്പോൾ മാത്രമാണ് തിരിച്ചറിയുന്നത്. കോവിഡ് ഒരു വിദൂര പ്രതിഭാസമാണെന്നായിരുന്നു വിചാരം. സാമൂഹിക മാധ്യമങ്ങളിലും സുഹൃത്തുക്കളും പരസ്പരം വാർത്തകൾ പങ്കുവെച്ചപ്പോഴും ഭീകരത മനസിയായില്ല. അങ്ങനെ ദുബായിൽ ഇരുപത്തിനാല് മണിക്കൂർ കർഫ്യൂ പ്രഖ്യാപിച്ചു. അപ്പോഴും ഇമാറാത്തിൽ ആകെ കർശന നിർദേശങ്ങളുണ്ടെങ്കിലും

പകലിൽ ആവശ്യക്കാർ പുറത്തിറങ്ങുന്നുണ്ടായിരുന്നു. പിന്നെ പിന്നെ വൈകുന്നേരമാകുമ്പോഴേക്ക് സിറ്റികളും സ്ട്രീറ്റുകളെല്ലാം കാലിയാകുന്നത് നിത്യ സംഭവമായി. രാത്രിയിൽ നിരത്തുകളിൽ ഡെലിവറി ബോയ്കളുടെ ബൈക്കുകൾ മാത്രമായി ചുരുങ്ങി. ഒടുവിൽ അബുദാബി സിറ്റിയിൽ തന്നെ ചിലർക്ക് കോവിഡ് പോസ്റ്ററ്റീവ് സ്ഥിരികരിച്ചുവെന്ന് വാർത്ത വന്നു. വൈകാതെ ബാച്ചിലർ റൂമുകളിലെത്തി. ബ്ലോക്കുകളും ബിൽഡിംഗുകളും ലോക്കാക്കി. ഭക്ഷണങ്ങൾ സന്നദ്ധ സംഘടനകളുടെയും ഗവണ്മന്റിന്റെയും സഹകരണത്തിലൂടെ മാത്രം കിട്ടുമെന്നായി. പരസ്പരം കാണാനും ചിരിക്കാനും കഴിയാതെ മനുഷ്യൻ എത്ര ബലഹീനനാണെന്ന യഥാർഥ്യം ഈ കാലം നമ്മെ പഠിപ്പിക്കുന്നു. അപ്പോഴും നിങ്ങൾ നിരീക്ഷണത്തിലാണെന്നത് അവൻ മറക്കുന്നു.

**ശാക്കിർ അബുദാബി**

---

## പ്രിയപ്പെട്ട മോദിജിക്ക്...

അബുദാബിയിൽ നിന്ന് 300 കി.മീ സഞ്ചരിച്ചാൽ എത്തുന്ന ഒരു ചെറു പ്രദേശത്താണ് ഞാൻ ജോലി ചെയ്യുന്നത്. നാട്ടിലെ ഓരോ വിവരങ്ങളും സാകൂതം ശ്രവിക്കുന്നവരാണ് ഞങ്ങൾ. അവിടുന്ന് ശുഭവാർത്തകൾക്കായി ഞങ്ങൾ കാതോർത്തിരിക്കാറുണ്ട്. അങ്ങയുടെ രാജ്യത്തെ പൗരന്മാരായ ഞങ്ങൾ പ്രവാസികൾ പരിഭവങ്ങൾ അങ്ങനെ പറയുന്ന

വരല്ല. പരിഭവങ്ങൾ ചോദിച്ചറിഞ്ഞ് തീർക്കാൻ സർക്കാരുകൾ വല്ലാതെ മുതിരാറുമില്ല. അതിലും എള്ളോളം പരിഭവമില്ല ഞങ്ങൾക്ക്. പക്ഷേ കോവിഡ് എന്ന മഹാമാരിക്ക് മുന്നിൽ ലോകം വിറങ്ങലിച്ചു നിൽക്കുകയാണിപ്പോൾ. 120 കോടി ജനങ്ങളെ ഇതിൽ നിന്ന് കരകയറ്റാനുള്ള ശ്രമത്തിലാകുമല്ലോ താങ്കളും. ഞങ്ങൽ ഇനിയും അവരിൽ പെടാത്തതെന്തേ? ഇതു ഞങ്ങളുടെ ജീവൻ മരണ പോരാട്ടമാണ് സർ. ഞങ്ങളെ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കാൻ വേണ്ടത് ചെയ്യണം. എല്ലാ ബഹുമാനവും നിലനിർത്തി പറയട്ടേ, അങ്ങ് അടിക്കടി വിദേശങ്ങളിലേക്ക് പറക്കാറുണ്ടായിരുന്നല്ലോ. അത് പോലെ നാടുകാണാൻ വന്നവരല്ല ഞങ്ങൾ. പ്രാരാബ്ധം കൊണ്ടാണ്. താങ്കളുടെ കണക്കിൽ ഗൾഫുകാരനായിപ്പോയി എന്നത് കൊണ്ട് ദാരിദ്രരേഖക്ക് മുകളിലായിപ്പോയവരാണ്. ഞങ്ങൾക്ക് സുരക്ഷിതമായ തൊഴിലില്ല. വേതനമില്ല. നാട്ടിലെ സർക്കാരിന്റെ ആനുകൂല്യങ്ങൾക്കെല്ലാം പുറത്താണ്. ഇത് ഇനിയും മനസിലാക്കാതെ പോകരുത്. അങ്ങ് യുഎഇയിൽ വന്നപ്പോൾ റോഡരികിൽ തിക്കും തിരക്കും കൂട്ടിയവരാണ് ഞങ്ങൾ. ഇവിടുത്തെ ഭരണാധികാരികൾ അങ്ങയെ സ്വീകരിച്ചപ്പോൾ അഭിമാനം കൊണ്ടവരാണ് ഞങ്ങൾ. എല്ലാ രാജ്യക്കാരെയും സുരക്ഷിതമായി കൊണ്ടുപോകുന്നു. ഇന്ത്യ ഒരു പാഴ്വാക്കാകരുത്.

**ഷമീർ വട്ടോളി**
**ലിവ - അബുദാബി**

Contents

Pravasi Risala Monthly, Students' Centre
Calicut-4 RNI No : KERMAL/2010/32004

